Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
VOL.4 / ISSUE 9 / PAGES 32
28
ഓഗസ്റ്റ് 2024
ബുധനാഴ്ച
1200 ചിങ്ങം 13

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 23 Cinema | 26 Sports | 29 Technology | 30 World

## കുടുംബ ചെലവ് എങ്ങനെ ലഘൂകരിക്കാം?

# നിർണായക വിഷയത്തിൽ ഹാരീസിന്റെയും ട്രംപിന്റെയും പ്രതികരണം എങ്ങനെ?





വാഷിംഗ്ടൺ: കുട്ടികളെയും പ്രായമായവരെയും പരിപാലിക്കുന്നതിനുള്ള ഉയർന്ന ചെലവ് സ്ത്രീകളെ തൊഴിൽ ചെയ്യുന്നതിൽ നിന്ന് പിൻവലിച്ചു. സ്ത്രീകൾ തൊഴിൽരഹിതരായതോടെ കുടുംബ സാമ്പത്തികം തകർന്നു. പ്രൊഫഷണൽ കെയർടേക്കർമാർ പോലും കുറഞ്ഞ വേതനമുള്ള ജോലികളിൽ ഏർപ്പെടേണ്ടി വന്നു. ഇതെല്ലാം തന്നെ സാമ്പത്തിക വളർച്ചയെ മന്ദഗതിയിലാക്കി.കുടുംബങ്ങൾ ദുരിതമനുഭവിക്കുന്നു എന്നത് ചർച്ചയ്ക്ക് വിഷയമല്ല. ഈ പ്രസിഡൻഷ്യൽ തിരഞ്ഞെടുപ്പിൽ സമ്പദ്‌വ്യവസ്ഥ ഒരു വിഷയമായി ഉയർന്നുവരുമ്പോൾ, ഡെമോക്രാറ്റിക്, റിപ്പബ്ലിക്കൻ സ്ഥാനാർത്ഥികൾ കുടുംബത്തെക്കുറിച്ചുള്ള അവരുടെ വ്യത്യസ്ത വീക്ഷണങ്ങൾ വെളിപ്പെടുത്തുന്ന, ചെലവുകൾ ലഘൂകരിക്കുന്നതിനുള്ള ആശയങ്ങൾ രൂപപ്പെടുത്തിക്കഴിഞ്ഞു. ഈ വിഷയത്തിൽ രണ്ട് പ്രസിഡന്റ് സ്ഥാനാർത്ഥികളും അവരുടെ മത്സരാർത്ഥികളും ഒരു ഘട്ടത്തിൽ അല്ലെങ്കിൽ മറ്റൊരു ഘട്ടത്തിൽ, വിപുലീകരിച്ച ചൈൽഡ് ടാക്സ് ക്രെഡിറ്റിനെ പിന്തുണച്ചിട്ടുണ്ട്. കഴിഞ്ഞയാഴ്ച ഡെമോക്രാറ്റിക് പാർട്ടിയുടെ നാമനിർദ്ദേശം സ്വീകരിച്ച വൈസ് പ്രസിഡന്റ് കമലാ ഹാരിസ്, സ്ഥാനമൊഴിയുന്ന പ്രസിഡന്റ്

ശേഷം പേജ് 8ൽ

## മോർട്ട്ഗേജ് നിരക്കുകൾ 2023 ഏപ്രിലിന് ശേഷമുള്ള ഏറ്റവും താഴ്ന്ന നിലയിലേക്ക്



മോർട്ട്ഗേജ് നിരക്കുകൾ 2023 ഏപ്രിലിന് ശേഷമുള്ള ഏറ്റവും താഴ്ന്ന നിലയിലേക്ക് എത്തുന്നതായി റിപ്പോർട്ട്. 30 വർഷത്തെ ഫിക്സഡ് മോർട്ട്ഗേജിന്റെ ശരാശരി നിരക്ക് ഇപ്പോൾ 2023 ഏപ്രിലിന് ശേഷമുള്ള ഏറ്റവും താഴ്ന്ന നിലയിലാണ് റിപ്പോർട്ട്. സാധാരണയായി സെപ്റ്റംബർ 18 വരെ ഫെഡറൽ റിസർവ് അതിന്റെ അടുത്ത നിരക്ക് തീരുമാനം എടുക്കാറില്ല. വീട് വാങ്ങുന്നവർക്ക് വായ്പയെടുക്കൽ ചിലവിൽ ഇതിനിടെ ഒരു ഇടവേള ലഭിക്കുന്നു.അതേസമയം ഏറ്റവും സാധാരണയായി ഉപയോഗിക്കുന്ന ഭവന വായ്പയുടെ ശരാശരി നിരക്ക് ഓഗസ്റ്റ് 23 ന് അവസാനിച്ച ആഴ്ചയിൽ 6.44% ആയി കുറഞ്ഞതായി മോർട്ട്ഗേജ് ബാങ്കേഴ്സ് അസോസിയേഷൻ ബുധനാഴ്ച അറിയിച്ചു. നിരക്കുകൾ കുറയുന്നതോടെ വീട് അന്വേഷിക്കുന്ന കൂടുതൽ പേർ മോർട്ട്ഗേജുകൾക്കായി അപേക്ഷിക്കുന്നതായി എംബിഎ അറിയിച്ചു. ഉയർന്ന വായ്പാച്ചെലവ് മൂലം പലർക്കും വിലയിടിഞ്ഞതിന് ശേഷവും, ഈ വർഷം ആദ്യം മോർട്ട്ഗേജ് നിരക്കുകൾ 7% ന് മുകളിലായിരുന്നു. ഇത് കൂടാതെ ഉയർന്ന ഭവന വില കാരണം വീട് വാങ്ങാൻ വിഷമിക്കുന്നവരേയും വീണ്ടും വിപണിയിലേക്ക് ആകർ

ശേഷം പേജ് 8ൽ

വെള്ളിത്തിരയിലെ തിരയിളക്കം (സെബാസ്റ്റ്യൻ പോൾ എഴുതുന്നു) — പേജ് 05
കമലയുടെ ചിരി: വ്യത്യസ്ത ചർച്ചകൾ — പേജ് 07
എഐ പുനഃസൃഷ്ടിച്ച യേശുവിന്റെ മുഖം: തിരുക്കച്ചയിൽ കണ്ട യേശുവിന്റെ മുഖം യഥാർത്ഥമാണെന്ന് ശാസ്ത്രജ്ഞൻമാർ — പേജ് 10
'വിസിറ്റ് വയനാട്': ഭീതിയുടെ അനുപാതം തിരുത്തപ്പെടണം — പേജ് 15
ഭൂമി മലയാളത്തിലുള്ള ഏതെങ്കിലും 'അമ്മ' പറയുമോ 'കറ' നല്ലതാണെന്ന്? — പേജ് 22
ഇഡിക്ക് സുപ്രീം കോടതിയുടെ ശാസന: ഒടുവിൽ കവിതയ്ക്ക് ജയിൽ മോചനം..! — പേജ് 25

### ഉക്രയ്നെ പിന്തുണയ്ക്കുന്നത് തീക്കളി:

# മൂന്നാം ലോക മഹായുദ്ധം വിളിച്ചുവരുത്തരുതെന്ന് റഷ്യ

മോസ്കോ: യുഎസിന് കടുത്ത മുന്നറിയിപ്പുമായി റഷ്യ. ഉക്രെയ്നെ റഷ്യൻ പ്രദേശങ്ങൾക്കുള്ളിൽ ആക്രമിക്കാൻ പിന്തുണയ്ക്കുന്നത് തീക്കളിയാണെന്ന് റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവ് മോസ്കോയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. ഇത് മൂന്നാംലോക യുദ്ധം ക്ഷണിച്ചുവരുത്തുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

അങ്ങനെ സംഭവിച്ചാൽ മൂന്നാം ലോകമഹായുദ്ധം യൂറോപ്പിൽ മാത്രം ഒതുങ്ങില്ലെന്നും ലാവ്റോവ് പറഞ്ഞു. റഷ്യൻ പ്രദേശങ്ങളിൽ കൂടുതൽ ആക്രമണം നടത്താൻ പാശ്ചാത്യരാജ്യങ്ങൾ നൽകുന്ന ആയുധങ്ങൾ ഉപയോഗിക്കാൻ ഉക്രെയ്നെ അനുവദിക്കണമെന്ന ആഹ്വാനത്തിനിടയിലാണ് ലാവ്റോവിന്റെ പരാമർശം.

നിലവിൽ ഉക്രെയിനിന് അമേരിക്കയും യൂറോപ്യൻ പങ്കാളികളും നൽകുന്ന മിസൈലുകൾ പ്രതിരോധപരമായും റഷ്യയുടെ അതിർത്തി പ്രദേശങ്ങളിലും വളരെ പരിമിതമായ രീതിയിൽ ഉപയോഗിക്കാൻ അനുവാദമുണ്ട്.

ഉക്രേനിയൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി, റഷ്യ ഉക്രെയ്നിനുള്ളിലെ പ്രത്യാക്രമണം തുടരുന്നതിനാൽ റഷ്യയ്ക്കുള്ളിൽ ആഴത്തിൽ ആക്രമണം നടത്താൻ അനുമതി നൽകണമെന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടിരുന്നു.



ഉക്രൈൻ സംഘർഷം തുടരുന്നതിനിടെ ഇതാദ്യമായല്ല റഷ്യ ആണവ ഭീഷണി ഉയർത്തുന്നത്. റഷ്യ ഒരിക്കലും ആണവായുധങ്ങൾ ഉപയോഗിക്കില്ലെന്ന് കരുതുന്നത് തെറ്റാണെന്ന് ജൂൺ മാസത്തിൽ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ പറഞ്ഞിരുന്നു. പാശ്ചാത്യരുടെ സഹായത്തോടെ തങ്ങളുടെ മണ്ണിൽ നടക്കുന്ന ഏത് ആക്രമണത്തിനും മറുപടി നൽകാൻ റഷ്യ ആണവായുധങ്ങൾ വിന്യസിക്കുന്നത് പരിശീലിക്കുന്നുണ്ടെന്ന് റഷ്യയുടെ ഉന്നത നേതാവ് ദിമിത്രി മെദ്‌വദേവും പരസ്യമായി പറഞ്ഞിരുന്നു.

## American Diary 60 Years Ago

### 1964 Philadelphia race riot



The Philadelphia race riot, or Columbia Avenue Riot, took place in the predominantly black neighborhoods of North Philadelphia from August 28 to August 30, 1964. Tensions between black residents of the city and police had been escalating for several months over several well-publicized allegations of police brutality.

This riot was one of the first in the civil rights era and followed the 1964 Rochester race riot and Harlem riot of 1964 in New York City.

In 1964, North Philadelphia was the city's center of African-American culture, and home to 400,000 of the city's 600,000 black residents. The Philadelphia Police Department had tried to improve its relationship with the city's black community, assigning police to patrol black neighborhoods in teams of one black and one white officer per squad car and having a civilian review board to handle cases of police brutality.

August 28, 1964



## സ്വതന്ത്ര വോട്ടർമാർക്കിടയിൽ പിന്തുണ കൂടുതൽ മുൻ പ്രസിഡന്റ് ട്രംപിന്; സർവേ ഫലം പുറത്ത്

സ്വതന്ത്ര വോട്ടർമാർക്കിടയിൽ മുൻ പ്രസിഡന്റ് ട്രംപ് വൈസ് പ്രസിഡന്റ് കമല ഹാരിസിനെക്കാളും മുന്നിലെന്ന് പുതിയ സർവേ. 42 ശതമാനം സ്വതന്ത്ര വോട്ടർമാർ ഈ നവംബറിലെ തെരഞ്ഞെടുപ്പിൽ ട്രംപിന് വോട്ട് ചെയ്യാൻ പദ്ധതിയിടുന്നതായിആണ് ഈ സർവേഫലങ്ങൾ വ്യക്തമാക്കുന്നത്. 37 ശതമാനം പേർ ആണ് ഹാരിസിന് വേണ്ടി വോട്ട് ചെയ്യുമെന്ന് വ്യക്തമാക്കിയത് എന്നും യുഗോവ് ബുധനാഴ്ച പുറത്തിറക്കിയ സർവേ കണ്ടെത്തി.

അതേസമയം ആർക്ക് വോട്ട് ചെയ്യുമെന്ന് ഉറപ്പില്ലെന്ന് 13 ശതമാനം സ്വതന്ത്ര വോട്ടർമാർ പറയുന്നു. കമല ഹാരിസിനും ട്രംപിനും അവരവരുടെ പാർട്ടികളിൽ നിന്ന് എല്ലാ പിന്തുണയും ലഭിച്ചു. 95 ശതമാനം ഡെമോക്രാറ്റുകളും ഹാരിസിന് വോട്ട് ചെയ്യുമെന്നും 91 ശതമാനം റിപ്പബ്ലിക്കൻ വോട്ടർമാരും ട്രംപിന് വോട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നും പറഞ്ഞു. 53 ശതമാനം സ്വതന്ത്ര വോട്ടർമാരും ഹാരിസിന് വോട്ട് ചെയ്യുന്നത് പരിഗണിക്കില്ലെന്ന് പറഞ്ഞപ്പോൾ 47 ശതമാനം പേരും അവർക്കായി വോട്ട് ചെയ്യുന്നത് പരിഗണിക്കുമെന്ന് വ്യക്തമാക്കി.

സ്വതന്ത്ര വോട്ടർമാരിൽ 55 ശതമാനം പേർ ട്രംപിന് വോട്ട് ചെയ്യുന്നത് പരിഗണിക്കുമെന്ന് അഭിപ്രായപ്പെട്ടപ്പോൾ 45 ശതമാനം പേർ അദ്ദേഹത്തിന് വോട്ട് ചെയ്യുന്നത് പരിഗണിക്കില്ലെന്ന് പ്രതികരിച്ചു. അതേസമയം മറ്റ് പോളിംഗുകളിൽ ഹാരിസിന് മുൻതൂക്കം ലഭിച്ച സാഹചര്യത്തിലാണ് പുതിയ സർവേ പുറത്തു വന്നിരിക്കുന്നത്. തന്റെ പ്രചാരണം പ്രഖ്യാപിച്ച് ആഴ്ചകൾക്ക് ശേഷം, ഹാരിസ് നിരവധി പ്രധാന സംസ്ഥാനങ്ങളിൽ ആണ് ട്രംപിന്റെ ലീഡ് വെട്ടിക്കുറച്ചത്. കഴിഞ്ഞയാഴ്ച സ്വതന്ത്ര സ്ഥാനാർത്ഥി റോബർട്ട് എഫ് കെന്നഡി ജൂനിയർ തന്റെ പ്രചാരണം നിർത്തിവച്ച് ട്രംപിനെ അനുകൂലിച്ചതിന് തൊട്ടുപിന്നാലെയാണ് സർവേ നടന്നത് എന്നും ശ്രദ്ധേയമാണ്.

1,555 പേരുടെ ഇടയിൽ ഓഗസ്റ്റ് 25 മുതൽ 27 വരെ നടത്തിയ യൂഗോ സർവേയിൽ 3.2 ശതമാനം പിഴവുണ്ട് എന്നാണ് കണക്കാക്കുന്നത്.

### യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ്:

## കുറ്റവാളികൾക്ക് വോട്ടവകാശമുണ്ടോ? വിഷയം സുപ്രീംകോടതി പരിഗണയിൽ




ന്യൂയോർക്ക്: ഒരു കുറ്റകൃത്യത്തിൽ പ്രതിയായി ശിക്ഷിക്കപ്പെട്ടവരുടെ വോട്ടിംഗ് അവകാശം പുനഃസ്ഥാപിക്കുന്ന നിയമം ഭരണഘടനയെ മറികടന്ന് പ്രഖ്യാപിക്കാൻ ഒരു സംസ്ഥാനത്തിന് അധികാരമില്ലെന്ന് അമേരിക്കൻ സിവിൽ ലിബർട്ടീസ് യൂണിയന്റെ അഭിഭാഷകൻ സുപ്രീം കോടതിയെ അറിയിച്ചു.

2005 മുതൽ, മുൻകാലത്ത് കുറ്റകൃത്യങ്ങൾ ചെയ്തവർക്ക് അവരുടെ ശിക്ഷയുടെ എല്ലാ നിബന്ധനകളും പൂർത്തിയാക്കി രണ്ട് വർഷത്തിന് ശേഷം വോട്ടുചെയ്യാം.എന്നാൽ ആ രണ്ടുവർഷത്തെ കാത്തിരിപ്പ് ഇല്ലാതാക്കുന്ന പുതിയ നിയമം അടുത്തിടെ നെബ്രാസ്ക നിയമസഭ പാസാക്കിയിരുന്നു.

നിയമവിരുദ്ധവും ഭരണഘടനാവിരുദ്ധവുമായ കുറ്റാരോപിതരുടെ വോട്ടർ രജിസ്ട്രേഷൻ നിരസിക്കാൻ കൗണ്ടി തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് കഴിഞ്ഞ മാസം സ്റ്റേറ്റ് സെക്രട്ടറി ബോബ് ഇവ്നെൻ ഉത്തരവിട്ടതായി അഇഘഡ അറ്റോർണി ജെയ്ൻ സ്യൂ പറഞ്ഞു. കോടതി ഈ വർഷത്തെ തിരഞ്ഞെടുപ്പിന് മുമ്പ് നെബ്രാസ്കയിലെ വോട്ടർമാർക്ക് ആവശ്യമായ വ്യക്തത നൽകാൻ എത്രയും വേഗം ഒരു റിട്ട് പുറപ്പെടുവിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കുറ്റവാളികൾക്ക് സംസ്ഥാനം മാപ്പ് നൽകുന്നതുവരെ (state's board of pardons) കുറ്റകൃത്യം ചെയ്ത ആർക്കും നെബ്രാസ്കയിൽ വോട്ട് ചെയ്യാൻ കഴിയില്ലെന്ന് അറ്റോർണി ജനറൽ മൈക്ക് ഹിൽഗേഴ്സ് പ്രഖ്യാപിച്ചു. മാപ്പ് പ്രതീക്ഷിക്കുന്നവരുടെ പട്ടികയിൽ റിപ്പബ്ലിക്കൻ സ്റ്റേറ്റ് സെക്രട്ടറി ബോബ് എവ്നെനും ഹിൽഗേഴ്സും ഉൾപ്പെടുന്നു.

'കോടതി എന്ത് തീരുമാനമെടുത്താലും അതാണ് ഞാൻ ചെയ്യാൻ പോകുന്നത്. ഞങ്ങൾ നിയമവാഴ്ചയിൽ വിശ്വസിക്കുന്നു. കോടതിയാണ് ഈ വിഷയം തീരുമാനിക്കാൻ പോകുന്നത്, അവരുടെ തീരുമാനം എന്തായാലും ഞങ്ങൾ ആ തീരുമാനത്തിന് അനുസൃതമായി പോകും,' എവ്നെൻ പറഞ്ഞു. നവംബറിൽ നടക്കുന്ന തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താനുള്ള അവസാന തീയതിക്ക് മുമ്പ് ഹൈക്കോടതി വിധി പറയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad

Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy

**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements, advertorial & articles.

## റീ...പോളിംഗ്



*ടിവി സീരിയൽ ആർക്കും വേണ്ട... ഇപ്പം നടിമാരുടെ വെളിപ്പെടുത്തൽ അറിയാൻ ന്യൂസ് ചാനലിന് പിടിവലി..!*

# ഷിക്കാഗോ സോഷ്യൽ ക്ലബ്ബ് അന്താരാഷ്ട്ര വടംവലി മത്സരം, സെപ്തംബർ 2ന്, കേന്ദ്രമന്ത്രി സുരേഷ്ഗോപി മുഖ്യാതിഥി

ഷിക്കാഗോ: കഴിഞ്ഞ 9 വർഷങ്ങളായി ഷിക്കാഗോയിൽ തൊഴിലാളി ദിനത്തിൽ അതിഗംഭീരമായി ഷിക്കാഗോ സോഷ്യൽ ക്ലബ്ബ് നടത്തുന്ന അന്താരാഷ്ട്ര വടംവലി മത്സരം ഈ വർഷവും സെപ്തംബർ 2-ാം തീയതി സെന്റ്മേരീസ് പള്ളിമൈതാനായിൽ വച്ച് നടത്തപ്പെടുന്നു. ഈ വർഷം ഈ മത്സരത്തിന്റെ മുഖ്യാതിഥിയായ കേന്ദ്രമന്ത്രി സുരേഷ്ഗോപി രാവിലെ 10മണിക്ക് മത്സരം ഉദ്ഘാടനം ചെയ്യുന്നതും ആണ്.



ഷിക്കാഗോ സോഷ്യൽ ക്ലബ്ബ് പ്രസിഡന്റ് സിബി കദളിമറ്റം, ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ സിറിയക് കൂവക്കാട്ടിൽ, വൈസ് പ്രസിഡന്റ് ജെസ്മോൻ പുറമഠം, സെക്രട്ടറി സിബി കൈതക്കത്തൊട്ടിയിൽ, ട്രഷറർ ജോമോൻ തൊടുകയിൽ, ജോയിന്റ് സെക്രട്ടറി സാബു പടിഞ്ഞാറേൽ, ജനറൽ കൺവീനർ സ്റ്റീഫൻ കീഴക്കേക്കുറ്റ്, ഫൈനാൻ കമ്മിറ്റി ചെയർമാൻ മാനി കരിക്കുളം, പി.ആർ.ഒ ആന്റ് പബ്ലിസിറ്റി മാത്യു തട്ടാമറ്റം, ഫുഡ്ഫെസ്റ്റിവൽ ചെയർമാൻ ജോസ് മണക്കാട്ട് എന്നിവർ നേതൃത്വം നൽകുന്നു.

കഴിഞ്ഞ വർഷങ്ങളിലേതു പോലെ ഒന്നാം സമ്മാനം 11,111 ഡോളർ ക്യാഷും മാണി നേടിയകാലയിൽ മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും സ്പോൺസർ ചെയ്തിരിക്കുന്നത് ജോയി നെടിയകാലായിൽ ആണ്. രണ്ടാം സമ്മാനം 5555 ഡോളർ ക്യാഷും ജോയി മുണ്ടപ്ലാക്കൽ മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും സ്പോൺസർ ചെയ്തിരിക്കുന്നത് ഫിലിപ്പ് മുണ്ടപ്ലാക്കൽ ആണ്. മൂന്നാം സമ്മാനം 3333 ഡോളർ ക്യാഷും ചാക്കോ & മറിയം കിഴക്കേക്കുറ്റ് മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും സ്പോൺസർ ചെയ്തിരിക്കുന്നത് ഫ്രാൻസിസ് & ടോണി കിഴക്കേക്കുറ്റ് (എലൈറ്റ് ഗാമിംഗ്).

നാലാം സമ്മാനം 1111 ഡോളർ ക്യാഷും സ്പോൺസർ ചെയ്തിരിക്കുന്നത് ഷിക്കാഗോ മംഗല്യ ജുവല്ലേഴ്സാണ്. കൂടാതെ വിവിധ വ്യക്തിഗത സമ്മാനങ്ങളും നിരവധിയാളുകൾ സ്പോൺസർ ചെയ്തിട്ടുണ്ട്. ഈ വർഷം ദേശീയ ടീമുകൾക്ക് പുറമേ കാനഡയിൽ നിന്നും യു.കെ.യിൽ നിന്നും കൂടി 18 ഓളം ടീമുകളാണ് മത്സരത്തിൽ മാറ്റുരയ്ക്കുന്നത്.

മത്സരത്തോടനുബന്ധിച്ച് ജോസ് മണക്കാട്ടിന്റെ നേതൃത്വത്തിൽ സെപ്തംബർ 1ാം തീയതി ഫുഡ് ഫെസ്റ്റിവൽ & സോഷ്യൽ മേള ഷിക്കാഗോ സീറോ മലബാർ കത്തീഡ്രൽ ഹാളിൽ വൈകുന്നേരം 7 മണിമുതൽ നടക്കുന്നത്. ഷിക്കാഗോയിലെ വിവിധ കാറ്ററിംഗ് സ്ഥാപനങ്ങൾ വൈകുന്നേരം 5 മണി മുതൽ സൗജന്യമായി ആഹാരങ്ങൾ ആസ്വദിക്കുന്നതിനുള്ള അവസരവും തദവസരത്തിൽ ഒരുക്കിയിട്ടുണ്ട്. സോഷ്യൽ മേള നയിക്കുന്നത് പിഷാരടി & ടീമും ആണ്.

◗ മാത്യു തട്ടാമറ്റം, പി.ആർ.ഒ

## മിഡ്വെസ്റ്റ് മലയാളി അസോസിയേഷൻ ഓണാഘോഷം സെപ്തംബർ 13ന്

ഷിക്കാഗോ: മിഡ്വെസ്റ്റ് മലയാളി അസോസിയേഷൻ ഓഫ് അമേരിക്കയുടെ ഓണാഘോഷ പരിപാടികൾ സെപ്തംബർ 13-ാം തിയതി വെള്ളിയാഴ്ച വൈകുന്നേരം 6:30 മണി മുതൽ മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതാണ്. പ്രശസ്ത സിനിമ താരം ആൻ അഗസ്റ്റിൻ ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും. ഓണാഘോഷത്തോടൊപ്പം തന്നെ വയനാടിന്റെ വേദനയിൽ പങ്കുചേരുകയും പുനരധിവാസത്തിന് വേണ്ടിയുള്ള ധനസമാഹരണം നടത്തുമെന്ന് പ്രസിഡന്റ് റോയി നെടുംചിറ അറിയിച്ചു. സെപ്തംബർ 13-ാം തിയതി 6:30 മണിക്ക് തന്നെ ഓണസദ്യയോട് കൂടി കലാപരിപാടികൾ ആരംഭിക്കുന്നതാണ്. ഈ ഓണാഘോഷ ചടങ്ങിൽ പങ്കെടുക്കുവാൻ ഏവരെയും കുടുംബസമേതം സംഘാടകർ സ്വാഗതം ചെയ്യുന്നു. വിവരങ്ങൾക്ക് റോയി നെടുംചിറ (630-806-1270), സാബു തറത്തട്ടിൽ (847-606-9068) എന്നിവരുമായി ബന്ധപ്പെടുക.

◗ സതീശൻ നായർ

## ബെൻസൻവിൽ ഇടവകയിൽ നടുതലത്തിരുനാൾ

ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയത്തിൽ വിളവെടുപ്പ് മഹോത്സവമായി നടുതലതിരുന്നാൾ ഈ വരുന്ന സെപ്തംബർ 1 ഞായറാഴ്ച ആഘോഷിക്കുന്നു. ഇടവകയിലെ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ അനേകം പാവങ്ങൾക്ക് സഹായമേകുന്ന ഉപവിപ്രവർത്തനങ്ങൾക്ക് പിന്തുണയായാണ് നടുതലത്തിരുന്നാൾ നടത്തപ്പെടുന്നത്.

ഇടവക വിശ്വാസ സമൂഹം തങ്ങളുടെ വിളഭൂമിയിൽ വിളയിച്ചെടുത്ത വിഭവങ്ങൾ ദൈവാലയത്തിൽ കാഴ്ചയായി സമർപ്പിക്കുന്നു. തുടർന്ന് വിൻസെൻ ഡി പോളിലൂടെ ഇടവകാംഗങ്ങൾ അതു വാങ്ങി അവരുടെ ചാരിറ്റിയിലേയ്ക്ക് സംഭാവനയായി നൽകുന്നു. വിളവിന്റെ നാഥന് കൃതജ്ഞതയുടെ ഉത്സവമായാണ് നടുതലത്തിരുനാൾ ആഘോഷിക്കുന്നത്. ഇടവകയിലെ വിൻസെന്റ് ഡി പോൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ലിജു മാത്യു, ബിനോയ് കിഴക്കനടി, മാത്യു ഇടിയാലിൽ, തോമസ് തേവർമറ്റത്തിൽ, ജിമ്മി മുള്ളൻകുഴിയിൽ എന്നിവരാണ്.

◗ ലിൻസ് താന്നിച്ചുവട്ടിൽ

## നായർ അസോസിയേഷൻ ഓണാഘോഷം സെപ്തംബർ 7 ശനിയാഴ്ച

ഷിക്കഗോ: നായർ അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഷിക്കഗോയുടെ ഈ വർഷത്തെ ഓണഘോഷ പരിപാടികൾ സെപ്തംബർ 7-ാം തിയതി ശനിയാഴ് മൂന്നു മണി മുതൽ ഡസ് പ്ലെയിൻസിലുള്ള കെ.സി.എസ്. കമ്മ്യൂണിറ്റി സെന്ററിൽ വച്ച് നടത്തുന്നതാണെന്ന് പ്രസിഡന്റ് അരവിന്ദ് പിള്ള അറിയിച്ചു.

ഓണപ്പൂക്കളം, തിരുവാതിര, ചെണ്ടമേളം, താലപ്പൊലിയോടു കൂടി മഹാബലി തമ്പുരാനെ എതിരേൽപ്പ്, വിഭവസമൃദ്ധമായ സദ്യ, മറ്റ് വിവിധ നൃത്തനൃത്യങ്ങൾ, കലാപരിപാടികൾ എന്നിവ ഓണഘോഷത്തോടനുബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്.

ഈ ഓണഘോഷ പരിപാടിയിൽ പങ്കെടുക്കുവാൻ ഏവരേയും സംഘാടകർ സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് അരവിന്ദ് പിള്ള (847-769-0519), മഹേഷ് കൃഷ്ണൻ (630-664-7431), രാജഗോപാലൻ നായർ (847-942-8036) എന്നിവരുമായി ബന്ധപ്പെടുക.



## ക്നാനായ റീജിയൺ മതബോധന ലോഗോ പ്രകാശനം

ഷിക്കാഗോ: വടക്കേ അമേരിക്കയിലെ ക്നാനായ കത്തോലിക്ക റീജിയണിലെ മതബോധന വകുപ്പിന്റെ പുതിയ ലോഗോ പ്രകാശനം ചെയ്തു. അൾജീരിയയുടെയും ട്യുണീഷ്യയുടെയും വത്തിക്കാൻ സ്ഥാനപതി ആർച്ച് ബിഷപ്പ് മാർ. കുര്യൻ വയലുങ്കൽ ലോഗോ പ്രകാശനം നിർവഹിച്ചു. ക്നാനായ റീജിയണൽ ഡയറക്ടറും വികാരി ജനറാളുമായ ഫാ. തോമസ് മുളവനാൽ, റീജിയണൽ മതബോധന ഡയറക്ടർ ഫാ. ബിൻസ് ചേത്തലിൽ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

◗ സിജോയ് പറപ്പള്ളിൽ



## വിശ്വാസപരിശീലന വർഷത്തിന് ബെൻസൻവിൽ ഇടവകയിൽ തുടക്കമായി

ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയത്തിൽ 2024-2025 വർഷത്തെ വിശ്വാസപരിശീലനത്തിന് തുടക്കമായി. വി. കുർബാനയ്ക്ക് മുമ്പായി വികാരി ഫാ. തോമസ് മുളവനാൽ, അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ എന്നിവർ എല്ലാ കുട്ടികൾക്കും പൂക്കൾ നൽകിക്കൊണ്ട് സ്വീകരിച്ചു. തുടർന്ന് ഇടവക ഹാളിൽ നിന്നും ദൈവാലയത്തിലേക്ക് മാതാപിതാക്കൾ കുട്ടികളുമായി പ്രദക്ഷിണമായി വന്ന് കാഴ്ച സമർപ്പിച്ചു. അതേ തുടർന്ന് അർപ്പിച്ച വി. കുർബാനയിൽ ഫാ. ജിതിൻ വല്ലർകാട്ടിൽ മുഖ്യകാർമികത്വം വഹിച്ചു.

വേദനിയ്ക്കുന്നവരുടെ നോവറിഞ്ഞ് വി. പത്താം പീയുസ് അവർക്ക് ചെറുപ്പം മുതലേ സഹായഹസ്തം നീട്ടിയിരുന്നുവെന്നും താരതമ്യേന ചെറിയ ഒരു സമൂഹമായ ക്നാനായ മക്കൾക്ക് വ്യക്തിഗത അധികാരത്തോടെയുള്ള ഒരു വികാരിയാത്ത് അനുവദിച്ചത് ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാക്കീൽ പിതാവിന്റെ വേദനയെ ഉൾക്കൊള്ളാനായ വി. പത്താം പീയുസിന്റെ കരുതലിന്റെയും ദീർഘവീക്ഷണത്തിന്റെയും പ്രതിഫലനമായിരുന്നുവെന്നും കോട്ടയം അതിരുപതയുടെ രണ്ടാമത്തെ മദ്ധ്യസ്ഥൻ എന്ന നിലയിൽ വി. പത്താം പീയൂസിനോട്ടുള്ള ആദരവ് സമുചിതമാണെന്നും തിരുനാൾ സന്ദേശത്തിൽ ഫാ. ജിതിൻ വല്ലർകാട്ടിൽ അനുസ്മരിച്ചു.

വി.കുർബാനയെത്തുടർന്ന് ഫാ.തോമസ് മുളവനാൽ ചൊല്ലി കൊടുത്ത പ്രതിജ്ഞ വിശ്വാസ പരിശീലകരായ അദ്ധ്യാപകർ ഏറ്റുചൊല്ലിക്കൊണ്ട് തങ്ങളുടെ ദൗത്യം ആരംഭിച്ചു. തുടർന്ന് കുട്ടികുടെ വിശ്വാസ പരിശീലനം ആരംഭിച്ചു. അതിന് ശേഷം സെന്റ് അൽഫോൻസ കൂടാരയോഗത്തിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് ബാർബ്ക്യു ഭക്ഷണം ക്രമീകരിച്ചു. വിശ്വാസ പരിശീലനം സഭയിൽ ആരംഭിച്ച വി.പത്താംപീയൂസിന്റെ തീരുനാൾ ആഘോഷിച്ചുകൊണ്ട് വിശ്വാസ പരിശീലന വർഷത്തിന് തുടക്കം കുറിക്കാൻ കഴിഞ്ഞത് സവിശേഷമായ അനുഭവമായി മാറിയെന്ന് ഡി.ആർ.ഇ സക്കറിയ ചേലയ്ക്കൽ പറഞ്ഞു. ദേവാലയത്തിൽ എത്തിച്ചേർന്ന ഏവർക്കും സ്നേഹവിരുന്നും ഒരുക്കിയിരുന്നു. ജെയ്മോൻ നന്തികാട്ട് തിരുനാൾ പ്രസുദേന്തിയായി. ഇടവക എക്സിക്യൂട്ടീവ് അംഗങ്ങളായ തോമസ് നെടുവാമ്പുഴ, മത്തിയാസ് പുല്ലാപ്പള്ളിൽ, സാബു മുത്തോലം, കിഷോർ കണ്ണാല, ജെൻസൻ ഐക്കരപ്പറമ്പിൽ എന്നിവർ ഒരുക്കങ്ങൾക്ക് നേതൃത്വം നൽകി

◗ ലിൻസ് താന്നിച്ചുവട്ടിൽ

# ഷിക്കാഗോ സെന്റ് മേരീസ് ഇടവകയിലെ പരിശുദ്ധ ദൈവമാതാവിന്റെ ദർശന തിരുനാൾ ഭക്തിനിർഭരമായി ആഘോഷിച്ചു



ഷിക്കാഗോ: ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ പരിശുദ്ധ ദൈവമാതാവിന്റെ ദർശന തിരുനാൾ ഒൻപത് ദിവസങ്ങൾ നീണ്ടു നിന്ന ഭക്തിനിർഭരമായ പരിപാടിളോടെ സമാപിച്ചു. കോട്ടയം കല്ലിശ്ശേരി ഇടവക വികാരി റവ. ഫാ. റെന്നി കട്ടേൽ അർപ്പിച്ച ഭക്തിനിർഭരമായ വിശുദ്ധ കുർബ്ബാനയോടെയാണ് തിരുനാൾ കർമ്മങ്ങൾ ആരംഭിച്ചത്.

വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം നടത്തപ്പെട്ട നൊവേനക്കും ലദീഞ്ഞിനും പ്രദിക്ഷിണത്തിനും ശേഷം ഇടവക വികാരി റവ.ഫാ. സിജു മുടക്കോടിൽ തിരുനാൾ പതാക ഉയർത്തികൊണ്ട് തിരുനാളിന് ഔദ്യോഗികമായ തുടക്കം കുറിച്ചു. കൊടിയേറ്റിന് ശേഷം, തിരുനാൾ ഏറ്റെടുത്ത് നടത്തുന്ന സെന്റ് ജൂഡ് കൂടാരയോഗത്തിലെ വനിതകൾ അവതരിപ്പിച്ച ക്രിസ്ത്യൻ തിരുവാതിര ഏറെ ശ്രദ്ധ നേടി.

സ്നേഹവിരുന്നോടെയാണ് തിരുനാളിന്റെ ഒന്നാം ദിനത്തെ ആഘോഷങ്ങൾ സമാപിച്ചത്. തുടർന്നുള്ള ദിവസങ്ങളിൽ മലങ്കര റീത്തിലുള്ള കുർബ്ബാനയടക്കം എല്ലാ ദിവസവും ആഘോഷമായ തിരുക്കർമ്മങ്ങൾ നടത്തപ്പെട്ടു. യുവജനങ്ങൾക്ക് വേണ്ടി ഇംഗ്ളീഷിലുള്ള തിരുക്കർമ്മങ്ങൾക്ക് വെള്ളിയാഴ്ച്ച വൈകുന്നേരം ക്നാനായ റീജിയൻ യൂത്ത് ഡയറക്ടർ ഫാ. ബീൻസ് ചേത്തലിൽ മുഖ്യ കാർമികത്വം വഹിച്ചു.

തുടർന്ന് ഇടവകയിലെ കൂടാരയോഗങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെട്ട കലാ സന്ധ്യ വൈവിധ്യമാർന്ന പരിപാടിളോടെ ശ്രദ്ധ നേടി. ശനിയാഴ്ച്ച വൈകുന്നേരം ബെൻസൺ വിൽ സേക്രഡ് ഹാർട്ട് ക്നാനായ ഇടവകയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട തിരുക്കർമ്മങ്ങൾക്ക് ഇടവക വികാരിയും ക്നാനായ റീജിയൻ ഡയറക്ടറും കൂടിയായ മോൺസിഞ്ഞോർ തോമസ് മുളവനാൽ മുഖ്യ കാർമികത്വം വഹിച്ചു.

ദർശന സമൂഹത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദേന്തി വാഴ്ചയും പ്ലോൻ വാഴ്ച്ചയും തിരുക്കർമ്മങ്ങളുടെ ഭാഗമായി നടത്തപ്പെട്ടു. തുടർന്ന് നടത്തപ്പെട്ട കലാ സന്ധ്യക്ക് മുൻപായി കോട്ടയം അതിരൂപതാംഗവും അൾജീരിയയുടെയും ട്യുണീഷ്യയുടെയും വത്തിക്കാൻ സ്ഥാനപതിയായി സേവനം അനുഷ്ഠിക്കുന്ന ആർച്ച് ബിഷപ്പ് കുര്യൻ വയലുങ്കൽ പിതാവിന് ഇടവകയുടെ ഔദ്യോഗികമായ സ്വീകരണം നൽകുകയും അദ്ദേഹം കലാ സന്ധ്യ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കലാ സന്ധ്യക്ക് തിരുനാൾ പ്രസുദേന്തിമാരായ സെന്റ് കൂടാരയോഗത്തിലെ അംഗങ്ങളും ഇടവകയിലെ വിവിധ മിനിസ്ട്രികളും നേതൃത്വം നൽകി.

തിരുനാളിന്റെ പ്രധാന ദിവസമായ ആഗസ്റ്റ് 18 ന് നടത്തപ്പെട്ട ആഘോഷമായ റാസാ കുർബ്ബാനയ്ക്ക് മുഖ്യ കാർമികത്വം വഹിച്ചത് ആർച്ച് ബിഷപ്പ് കുര്യൻ വയലുങ്കൽ പിതാവാണ്. ആയിരക്കണക്കിന് ആളുകൾ പങ്കുചേർന്ന റാസാ കുർബ്ബാനക്ക് ഫാ. ബോബൻ വട്ടംപുറത്ത്, ഫാ. സിജു മുടക്കോടിൽ, ഫാ. പോൾ മുത്തൂറ്റ്, ഫാ. ജിതിൻ വല്ലാർക്കാട്ടിൽ, ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ സഹകാർമികരായിരുന്നു. ആർച്ച് ബിഷപ്പ് മാർ കുര്യൻ വയലുങ്കൽ തിരുനാൾ സന്ദേശം നൽകി. റാസാ കുർബ്ബാനയ്ക്ക് ശേഷം ദൈവാലയം ചുറ്റിയുള്ള പ്രദിക്ഷണവും സ്നേഹവിരുന്നും നടത്തപ്പെട്ടു.

ക്നാനായ റീജിയൻ ഡയറക്ടർ റവ. മോൺ. തോമസ് മുളവനാൽ, റവ. റെനി ട്ടേൽ (സെന്റ്. തെരേസാസ് ക്നാനായ ചർച്ച് വികാരി, റാന്നി), റവ. ഫാ. ജിതിൻ വല്ലാർകാട്ടിൽ, റവ. ഫാ. ജെറി മാത്യു (സെന്റ് മേരീസ് മലങ്കര ഇടവക, ഷിക്കാഗോ), റവ. ഫാ. ലിജോ കൊച്ചുപറമ്പിൽ (ക്രൈസ്റ്റ് ദ കിങ് ക്നാനായ ഇടവക, ന്യൂജേഴ്സി), റവ. ഫാ. ബീബി തറയിൽ (സെന്റ് മേരീസ് ക്നാനായ ഇടവക റോക്ക് ലാൻഡ്, ന്യൂയോർക്ക്), റവ. മോൺ. തോമസ് കടുകപ്പള്ളിൽ (കത്തീഡ്രൽ ഇടവക ഷിക്കാഗോ), റവ. ഫാ. ബിൻസ് ചേത്തലിൽ (സേക്രഡ് ഹാർട്ട് ക്നാനായ ഇടവക, ഷിക്കാഗോ), റവ. ഫാ. ബോബൻ വട്ടംപുറത്ത് (സെന്റ് ആന്റണീസ് ക്നാനായ ഇടവക, സാൻ അന്റാണിയോ), റവ. ഫാ. ജോഷി വലിയവീട്ടിൽ (സെന്റ് മേരീസ് ക്നാനായ ഇടവക, ഹൂസ്റ്റൺ) എന്നിവർ വിവിധ ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

ജോജോ ഇടക്കരയുടെ നേതൃത്വത്തിലുള്ള തിരുനാൾ കമ്മറ്റിയാണ് സിസ്റ്റർ സിൽവേരിയസ്, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ ജോർജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ടിൽ, അക്കൗണ്ടന്റ് ജെയിംസ് മന്നാകുളത്തിൽ, സെക്രട്ടറി സണ്ണി മേലേടം പിആർഒ അനിൽ മറ്റത്തിക്കുന്നേൽ എന്നിവരോടൊപ്പം തിരുനാളിന് നേതൃത്വം നൽകിയത്. കലാസന്ധ്യകൾക്ക് സിബി കൈതക്കത്തൊട്ടിയിൽ, പ്രതിഭാ തച്ചേട്ട്, മന്നു തിരുനെല്ലിപ്പറമ്പിൽ, ആൻസി കുപ്ലിക്കാട്ട് എന്നിവർ നേതൃത്വം നൽകി.

◗ *അനിൽ മറ്റത്തിക്കുന്നേൽ*

## പ്രൊഫ. എൻ. ശിവശങ്കരൻ നായരുടെ നിര്യാണത്തിൽ എസ്ബി അസംപ്ഷൻ കോളേജ് അലുമ്നി അനുശോചിച്ചു



ഷിക്കാഗോ: പ്രഗത്ഭനും പ്രതിഭാ സമ്പന്നനുമായിരുന്ന പ്രൊഫ. ശിവശങ്കരൻ നായരുടെ നിര്യാണത്തിൽ എസ്ബി ആൻഡ് അസംപ്ഷൻ അലുമ്നി അസോസിയേഷൻ ഷിക്കാഗോ ചാപ്റ്റർ ദുഃഖവും അനുശോചനവും അറിയിച്ചു. എസ്ബി കോളേജ് വിദ്യാർഥികൾക്ക് ഹൃദ്യവും അവിസ്മരണീയവുമായ ഗുരുശിഷ്യ ബന്ധത്തിന്റെ ഓർമ്മകൾ സമ്മാനിച്ച പ്രൊഫ. ശിവശങ്കരൻ നായരുടെ വേർപാട് ഷിക്കാഗോയിലെ അദ്ദേഹത്തിന്റെ ശിഷ്യർക്കും സഹപ്രവർത്തകർക്കും ദുഃഖകരമായ വാർത്തയാണെന്ന് പ്രസിഡന്റ് ഡോ. മനോജ് നേര്യംപറമ്പിൽ പറഞ്ഞു.

വിദ്യാർഥികൾക്ക് മാതൃകാധ്യാപകനായിരുന്നുകൊണ്ട് പൊതുവിദ്യാഭാസ രംഗത്തും എസ്ബി കോളേജിനും അദ്ദേഹം നൽകിയ സംഭാവനകൾ എക്കാലവും അനുസ്മരിക്കപ്പെടുമെന്നു അദ്ദേഹത്തിന്റെ ശിഷ്യരാകാൻ ഭാഗ്യം ലഭിച്ച പൂർവ്വ വിദ്യാർഥികളായ പ്രൊഫ. ജെയിംസ് ഓലിക്കര, ജോസുകുട്ടി നടക്കപ്പാടം, ടോം വെട്ടിക്കാട്, ജിജി മാടപ്പാട്, ജോൺ നടക്കപ്പാടം, ഷാജി ജോസഫ് കൈലാത്ത്, എം.പി. വാസുദേവൻ പിള്ള, മാത്യു ഡാനിയേൽ എന്നിവർ സന്ദേശത്തിൽ പറഞ്ഞു.

◗ *തോമസ് ഡിക്രൂസ്*




## ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് സ്വാതന്ത്രദിനം ആഘോഷിച്ചു

ഷിക്കഗോ: ഭാരതത്തിന്റെ എഴുപത്തി എട്ടാമത് സ്വാതന്ത്രദിനം ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ഷിക്കഗോ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ നടന്നു. ചാപ്റ്റർ പ്രസിഡന്റ് സന്തോഷ് നായർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കേരളാ ചാപ്റ്റർ ചെയർമാൻ തോമസ് മാത്യു ഉദ്ഘാടനം നിർവ്വഹിച്ചു. കേരളാ ചാപ്റ്റർ പ്രസിഡന്റ് സതീശൻ നായർ മുഖ്യപ്രഭാഷണം നടത്തി.

കൂടാതെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് നമുക്ക് സ്വാതന്ത്ര്യം നേടിത്തന്ന ഏവരേയും പ്രത്യേകം അനുസ്മരിച്ചു. മതേതരത്വവും ജനാധിപത്യവും ഒന്നുപോലെ കാത്തുസൂക്ഷിക്കുന്ന ഒരേയൊരു രാജ്യമാണ് ഇന്ത്യയെന്നുള്ളതിൽ നമുക്കേവർക്കും അഭിമാനിക്കാമെന്നും പ്രത്യേകം എടുത്തുപറഞ്ഞു. സ്വാതന്ത്ര്യദിന ചടങ്ങിൽ ആന്റോ കവലയ്ക്കൽ ഏവരേയും സ്വാഗതം ചെയ്തു. കൂടാതെ ജോർജ് മാത്യു, ബിജു തോമസ്, ജോൺസൺ കണ്ണൂക്കാടൻ, എബി റാന്നി, ബോബി വർഗീസ്, അഖിൽ മോഹൻ, നിതിൻ മുങ്ങിയിൽ തുടങ്ങിയവരും സ്വാതന്ത്ര്യദിനാശംസകൾ നൽകി. ജനറൽ സെക്രട്ടറി ടോബിൻ തോമസ് ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

◗ *സതീശൻ നായർ*






പലരും പലതും 4

# വെള്ളിത്തിരയിലെ തിരയിളക്കം


ഡോ. സെബാസ്റ്റ്യൻ പോൾ

ഹോളിവുഡ്ഡിന്റെ മാതൃകയിൽ മോളിവുഡ്ഡ് എന്ന് വിളിപ്പേരുള്ള മലയാള സിനിമ ഹോളിവുഡ്ഡിൽ ഹാർവി വീൻസ്റ്റീൻ എന്ന അതികായനെതിരെ ഉയർന്ന ലൈംഗികാതിക്രമ ആരോപണത്തിന് സമാനമായ അവസ്ഥയിലൂടെ കടന്നുപോവുകയാണ്. കാസ്റ്റിങ് കൗച് എന്നറിയപ്പെടുന്ന അത്യാചാരത്തെക്കുറിച്ച് ഒന്നിനു പിന്നാലെ ഒന്നായി വെളിപ്പെടുത്തലുണ്ടായപ്പോൾ അത് മി ടൂ എന്ന പേരിൽ ഒരു പ്രസ്ഥാനമായി മാറി. കൂടെക്കിടന്നാൽ സിനിമയിൽ കാസ്റ്റ് ചെയ്യപ്പെടും എന്ന അവസ്ഥയാണ് കാസ്റ്റിങ് കൗച്. മലയാളത്തിന്റെ മി ടൂ (ഞാനും) കാലമാണ് ജസ്റ്റിസ് ഹേമ കമ്മിറ്റിയുടെ റിപ്പോർട്ട് പരസ്യപ്പെടുത്തിയതിനുശേഷം സംജാതമായിരിക്കുന്നത്.

നടികളോട് മലയാളസിനിമ എന്നും ഇങ്ങനെയായിരുന്നു. ആദ്യനടിയെ ആക്രമിച്ച് നാടു കടത്തിയ ചരിത്രമുള്ള മലയാള സിനിമ ശതാബ്ദിയിലെത്തുമ്പോഴും നടിമാരെ കൈകാര്യം ചെയ്യുന്നത് അങ്ങനെതന്നെയാണെന്ന വസ്തുതയുടെ സ്ഥിരീകരണമാണ് ഹേമ കമ്മിറ്റി റിപ്പോർട്ട്. റോസി വിസ്മൃതിയിലേക്ക് ഓടി മറഞ്ഞത് ജാതിഭ്രാന്തന്മാരിൽനിന്ന് രക്ഷപ്പെടുന്നതിന് വേണ്ടിയായിരുന്നെങ്കിൽ ഇന്ന് കാമഭ്രാന്തന്മാരിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടിയാണ് നടിമാർ ഉഴറുന്നത്. പേരുകൾ അറിയുന്നതിനുള്ള ക്ഷുദ്രതാത്പര്യത്തെ തൃപ്തിപ്പെടുത്തുന്നതിനു വേണ്ടിയാണ് മാധ്യമങ്ങളും പൊതുസമൂഹവും റിപ്പോർട്ടിന്റെ പൂർണരൂപം ആവശ്യപ്പെടുന്നതെന്ന് ആക്ഷേപിക്കാമെങ്കിലും പരസ്യപ്പെടുത്തലും അതുവഴിയുള്ള നാണംകെടുത്തലും ചിലപ്പോൾ ചില കാര്യങ്ങൾക്ക് പ്രതിവിധിയാകും.

ചെറ്റ പൊക്കുന്ന ചെറ്റത്തരം പണ്ട് തമ്പുരാക്കന്മാരുടെ വിനോദമായിരുന്നു. കതകിലെ തട്ടും മുട്ടുമായി ആ വിനോദം സിനിമയിൽ നിലനിൽക്കുന്നുവെന്നാണ് ഹേമ കമ്മിറ്റി കണ്ടെത്തിയിരിക്കുന്നത്. കളിത്തോഴൻ കിളിവാതിലിൽ മുട്ടുമ്പോൾ കിളിയോ കാറ്റോ എന്ന് സന്ദേഹിക്കുന്ന തരളചിത്തയായ കന്യകയല്ല സിനിമാരംഗത്ത് പ്രവർത്തിക്കുന്ന പ്രൊഫഷണൽ നടിമാർ. മുട്ടിയാലുടൻ തുറക്കപ്പെടുന്ന വാതിലല്ല അവരുടേത്. പക്ഷേ തുറക്കാത്ത വാതിൽ അവരെ തള്ളിവിടുന്നത് പെരുവഴിയിലേക്കാണ്. ഒരു വഴി അടയുമ്പോൾ പല വഴി തുറക്കപ്പെടുന്നത് എല്ലാവർക്കും ലഭിക്കുന്ന സൗഭാഗ്യമല്ല. റോസിയെപ്പോലെ തിരിച്ചുവരവില്ലാതെ വിപ്രവാസത്തിലും വിസ്മൃതിയിലും മറയുന്നവർ നിരവധിയാണ്. ഹേമ കമ്മിറ്റിയുടെ മുമ്പാകെ മൊഴി നൽകിയവരിൽ എത്ര പേർ ഇന്ന് സിനിമയിലുണ്ടെന്ന കാര്യവും കൗതുകത്തിനുവേണ്ടി അന്വേഷിക്കാവുന്നതാണ്.

രക്തസാക്ഷികൾ പലരെ സൃഷ്ടിച്ചിട്ടുള്ള അഭിശപ്തമായ ഈ പാരമ്പര്യത്തിൽനിന്നും പൈതൃകത്തിൽനിന്നും മലയാളസിനിമയെ വിമുക്തമാക്കുന്നതിനുള്ള പരിശ്രമങ്ങൾ പലപ്പോഴായി നടന്നിട്ടുണ്ട്. ലേഖയുടെ മരണം ഒരു ഫ്ലാഷ്ബാക്ക്, നായിക എന്നിങ്ങനെ സ്വയം വിമർശനപരമായ സിനിമകൾതന്നെ ഇറങ്ങിയിട്ടുണ്ട്. ആത്മപരിശോധനയ്ക്ക് സഹായകമാകുന്ന സോദ്ദേശ്യപരമായ ശ്രമമായി അവയെ കണ്ടാൽത്തന്നെ തിരുത്തൽ സംഭവിക്കുന്നില്ല എന്നതിന് തെളിവാണ് നടിയുടെ നേർക്കുണ്ടായ ആക്രമണവും അതിനെത്തുടർന്ന് രൂപീകൃതമായ ഹേമ കമ്മിറ്റിയുടെ അന്വേഷണത്തിൽ വെളിപ്പെട്ട കാര്യങ്ങളും.



കമ്മിറ്റിയായാലും കമ്മീഷനായാലും താത്കാലികശമനത്തിനുവേണ്ടി നടത്തപ്പെടുന്ന അന്വേഷണങ്ങൾ പ്രശ്നപരിഹാരത്തിന് സഹായകമാകുന്നില്ല. അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിൽ കൊച്ചിയിലുണ്ടായ സംഘർഷത്തെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റിസ് പി.എ മുഹമ്മദ് കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന് എന്തു സംഭവിച്ചു എന്നറിയില്ല. നാലു വർഷവും 2.73 കോടി രൂപയും ചെലവഴിച്ചാണ് കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയത്. മംഗളം ടെലിവിഷന്റെ ഉദ്ഘാടനക്കണി മന്ത്രിക്ക് കെണിയായപ്പോൾ നിയോഗിക്കപ്പെട്ട ആന്റണി കമ്മീഷന്റെ അവസ്ഥയും ഇതുതന്നെ. നാല് വർഷത്തെ പൊടി തട്ടി ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തെടുത്തത് വിവരാവകാശ കമ്മീഷൻ മുതൽ ഹൈക്കോടതി വരെയുള്ള സ്ഥാപനങ്ങളുടെ ഇടപെടലും മാധ്യമങ്ങളുടെ ജാഗ്രതയും വിഷയത്തിന്റെ സെൻസേഷണൽ സ്വഭാവവും നിമിത്തമാണ്. എന്നിട്ടും പേരുകൾ മറച്ചുവയ്ക്കുന്നതിനുള്ള ശ്രമവും പരസ്യമാക്കപ്പെടുന്ന പേരുകളെ സംരക്ഷിക്കുന്നതിനുള്ള ശ്രമവും നമ്മെ വിസ്മയപ്പെടുത്തുന്നു.

സ്ത്രീയില്ലാതെ സിനിമയില്ല. അമ്മയായും അമ്മായിഅമ്മയായും ഭാര്യയായും കാമുകിയായും സ്ത്രീ പുരുഷനോടൊപ്പം ചേർന്നു നിൽക്കണം. പക്ഷേ ആത്മാഭിമാനത്തോടെ സുരക്ഷിതമായി സ്ത്രീക്ക് പ്രവർത്തിക്കാൻ കഴിയാത്ത ഇടമായി സിനിമയുടെ അണിയറ മാറിയിരിക്കുന്നു. ഏതു സമയത്തും ഒരു ട്രാജിക് ടിസ്റ്റ് സംഭവിക്കാം. ഞാൻ വിദ്യാർത്ഥിയായിരുന്ന കാലത്താണ് മർലിൻ മൺറോയുടെ മരണം സംഭവിച്ചത്. ലോകത്തെ മുഴുവൻ ദുഃഖത്തിലും ആശങ്കയിലും ആഴ്ത്തിയ ദാരുണസംഭവമായിരുന്നു അത്. മലയാളത്തിന്റെ മർലിൻ മൺറോ എന്നറിയപ്പെട്ടിരുന്ന വിജയശ്രീയുടെ മരണം സമാനമായ ആഘാതമാണ് കേരളത്തിൽ സൃഷ്ടിച്ചത്. 1974ൽ സംഭവിച്ച വിജയശ്രീയുടെ മരണം ആത്മഹത്യയോ കൊലപാതകമോ എന്ന് ഇനിയും വ്യക്തമായിട്ടില്ല. ശോഭ, സ്മിത തുടങ്ങിയവരുടെ മരണങ്ങളിലെ ദുരൂഹതയും മാറിയിട്ടില്ല. ഇവരെല്ലാം സൂപ്പർ സ്റ്റാർ പദവിയുള്ള നടിമാരായിരുന്നു.

സിനിമയുടെ ഗ്ലാമർ സ്ത്രീകളിലാണെങ്കിലും തീർത്തും പുരുഷകേന്ദ്രീകൃതവും പുരുഷാധിപത്യം നിലനിൽക്കുന്നതുമായ മേഖലയാണ് സിനിമ. ക്യാമറയിൽ പതിയുന്നതെല്ലാം സിനിമക്കാരുടെ ഭാഷയിൽ പ്രോപർട്ടിയാണ്. ഷൂട്ടിങ് കഴിയുന്നതുവരെ പ്രോപർട്ടി അവരുടെ അധീനതയിലായിരിക്കും. സ്ത്രീകളെ കേവലം പ്രോപർട്ടി മാത്രമായി കാണുന്ന പ്രാകൃതമായ സാമൂഹികചിന്തയിൽനിന്ന് സിനിമാലോകം ഇനിയും മുക്തമായിട്ടില്ല. സിനിമയുടെ നിയന്ത്രണം സ്ത്രീകൾ ഏറ്റെടുക്കുന്ന ഒരു കാലം ഉണ്ടാകുകയെന്നതാണ് ഒരു പ്രതിവിധി. ഇന്ത്യയിലെ ചലച്ചിത്രസംവിധായകരിൽ ഒൻപത് ശതമാനം മാത്രമാണ് സ്ത്രീകൾ. സിനിമയ്ക്കുവേണ്ടി എഴുതുന്നവരിൽ 12 ശതമാനമാണ് സ്ത്രീകൾ. നിർമാതാക്കളുടെ കണക്കെടുത്താൽ 15 ശതമാനമാണ് സ്ത്രീകൾ. തീരുമാനങ്ങളെടുക്കുന്ന സംവിധാനത്തിൽ സ്ത്രീസാന്നിധ്യം പരിതാപകരമായ രീതിയിൽ പരിമിതമാണ്. മാഫിയ സംഘമെന്നോ പവർ ഗ്രൂപ്പെന്നോ ഒക്കെ വിശേഷിപ്പിക്കപ്പെടുന്ന ക്രിമിനൽ സംഘത്തെ നിയന്ത്രിക്കുന്നതിന് ശതമാനക്കണക്കിലെ വർദ്ധന മതിയാകുമോ എന്നത് മറ്റൊരു കാര്യം.

2017ൽ നടി ലൈംഗികമായി ആക്രമിക്കപ്പെട്ട സംഭവത്തിനുശേഷം രൂപീകൃതമായ വിമൻ ഇൻ സിനിമ കലക്ടീവിന്റെ ആവശ്യപ്രകാരമാണ് ജസ്റ്റിസ് കെ ഹേമ അധ്യക്ഷയും ശാരദയും കെ.ബി വത്സലകുമാരിയും അംഗങ്ങളുമായി കമ്മിറ്റി രൂപീകൃതമായത്. 2019 ഡിസംബർ 31ന് നൽകപ്പെട്ട റിപ്പോർട്ട് അഞ്ചു വർഷം വൈകി പുറത്തുവന്നതിനുശേഷവും കമ്മിറ്റിയും കമ്മീഷനും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചുള്ള ചർച്ചയിൽ വ്യാപരിച്ച കേരളസമൂഹത്തിന്റെ മനോനില പരിശോധിക്കപ്പെടേണ്ടിയിരിക്കുന്നു. എഫ്.ഐ.ആറും ഇൻവെസ്റ്റിഗേഷനും പ്രോസിക്യൂഷനും ഒക്കെ വരട്ടെ. പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യം ഉൾപ്പെടെ ഫിലിം സെറ്റുകളിൽ അവശ്യം വേണ്ടതായ കാര്യങ്ങളെക്കുറിച്ചുള്ള ശിപാർശകൾപോലും നടപ്പാക്കാൻ സർക്കാരിനു കഴിഞ്ഞില്ല. പ്രണയരംഗങ്ങളിൽ ആടിപ്പാടി അഭിനയിക്കുന്ന നമ്മുടെ പ്രിയനടിമാർ തലേന്നു രാത്രി പേടിസ്വപ്നമായി മാറിയ നടനൊപ്പമോ സംവിധായകനൊപ്പമോ പ്രാഥമികാവശ്യങ്ങൾപോലും നിറവേറ്റാതെയാണ് അഭിനയിക്കുന്നതെന്നറിയുമ്പോൾ അവരുടെ സമർപ്പിതമായ ജീവിതത്തിനു മുന്നിൽ നമിക്കാതിരിക്കാനാവില്ല.

നിരവധി പേജുകളും ഒട്ടേറെ ഖണ്ഡികകളും മറച്ചുവച്ചുകൊണ്ടാണ് റിപ്പോർട്ടിന്റെ വൈകിയ പ്രകാശനം നടന്നത്. തെളിവ് നൽകിയവരുടെ ഐഡന്റിറ്റിയും ബന്ധപ്പെട്ടവരുടെ സ്വകാര്യതയും സംരക്ഷിക്കണമെന്ന വാദമുണ്ട്. ഇതെല്ലാം സംരക്ഷിച്ചുകൊണ്ടാണ് നമ്മുടെ നിയമവ്യവസ്ഥ പ്രവർത്തിക്കുന്നത്. വിവേചനവും ചൂഷണവും അനുവദിക്കാത്തതും വ്യക്തിയുടെ അന്തസ്സിന് പരമപ്രാധാന്യം നൽകുന്നതുമായ ഭരണഘടനയാണ് നമുക്കുള്ളത്. ഭരണഘടനയിലെ അക്ഷരത്തിനും ഭരണഘടനയുടെ ആത്മാവിനും ക്ഷതമേൽക്കുന്ന കാര്യങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ഇനി തുറന്നു പറച്ചിലുകളുടെയും വെളിപ്പെടുത്തലുകളുടെയും കാലമാണ്. ശുദ്ധീകരണത്തിന്റെയും നവീകരണത്തിന്റെയും കാലം. മലയാളത്തിന്റെ മി ടൂ ഘട്ടം. ശുദ്ധീകരണം അൽപകാലത്തെ സ്തംഭനത്തിന് കാരണമായേക്കാം. സിനിമ കൂടുതൽ ഊർജിതമായി അതിനെ അതിജീവിക്കും. സർവശക്തനായ ഹാർവി വീൻസ്റ്റീനിനെതിരെ തുടങ്ങി പിന്നീട് ഹോളിവുഡ്ഡിൽ കത്തിപ്പടർന്ന മി ടൂ ഹോളിവുഡ്ഡിനെ ചാമ്പലാക്കുകയല്ല, പുതുനാമ്പുകൾ നൽകി ശക്തിപ്പെടുത്തുകയാണ് ചെയ്തത്. വീഴ്ച തുടങ്ങിയാൽ വീഴ്ചയുടെ പരമ്പരയായിരിക്കും. അതാണ് ഡൊമിനോ ഇഫക്ട്. വീഴേണ്ടവർ വീഴുകയോ വീഴ്ത്തപ്പെടുകയോ വേണം.






# ‘പോകുന്നത് മൂന്നാം ലോക മഹായുദ്ധത്തിലേക്ക്’; കാഹളംമുഴക്കി ട്രംപ്

അമേരിക്കയിൽ പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടക്കാനിരിക്കെ ബൈഡൻ സർക്കാരിന്റെ നയങ്ങളെ രൂക്ഷമായി വിമർശിച്ചാണ് ഏതവസരത്തിലും മുൻ പ്രസിഡന്റും റിപ്പബ്ലിക്കൻ പാർട്ടി സ്ഥാനാർത്ഥിയുമായ ഡൊണാൾഡ് ട്രംപ് രംഗത്തെത്തുന്നത്. മിഡിൽ ഈസ്റ്റിൽ വർധിച്ചുവരുന്ന സംഘർഷ സാഹചര്യങ്ങൾ ചൂണ്ടിക്കാട്ടിയാണ് ട്രംപ് ബൈഡൻ ഭരണകൂടത്തെ ലക്ഷ്യമിട്ടിരിക്കുന്നത്. മൂന്നാം ലോക മഹായുദ്ധത്തിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നതെന്ന മുന്നറിയിപ്പും അദ്ദേഹം നൽകുന്നു.

മിഡിൽ ഈസ്റ്റിൽ യുഎസിന് വേണ്ടി ആരാണ് ചർച്ചകൾ നടത്തുന്നതെന്നായിരുന്നു ട്രംപിന്റെ ചോദ്യം. സർക്കാരിന്റെ പ്രവർത്തനം ചോദ്യം ചെയ്ത അദ്ദേഹം, പ്രസിഡന്റ് ജോ ബൈഡൻ കാലിഫോർണിയയിലെ ബീച്ചിൽ ഉറങ്ങുകയാണെന്നും, വൈസ് പ്രസിഡന്റ് കമലാ ഹാരിസ് ആവട്ടെ മിനസോട്ട ഗവർണറും വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിയുമായ ടിം വാൾസിനൊപ്പം തിരഞ്ഞെടുപ്പ് ക്യാമ്പയിനിന്റെ ഭാഗമായി ബസ് ടൂർ നടത്തുകയാണെന്നുമായിരുന്നു ആരോപണം.

ഇത്തവണ എക്സിലൂടെ ആയിരുന്നു ട്രംപിന്റെ പ്രതികരണം. മിഡിൽ ഈസ്റ്റിൽ ഹിസ്ബുള്ളയും ഇസ്രയേലും തമ്മിലുള്ള സംഘർഷം മുറുകുന്ന വേളയിലാണ് ട്രംപിന്റെ അഭിപ്രായ പ്രകടനം എന്നത് ശ്രദ്ധേയമാണ്.



‘ആരാണ് മിഡിൽ ഈസ്റ്റിൽ നമുക്ക് വേണ്ടി ചർച്ചകൾ നടത്തുന്നത്?

ബോംബുകൾ എല്ലായിടത്തും വീഴുന്നു. ജോ ബൈഡൻ കാലിഫോർണിയയിലെ ബീച്ചിൽ ഉറങ്ങുകയാണ്. എന്നാൽ കമല ടിമ്മിനൊപ്പം ഒരു ബസ് ടൂർ നടത്തുന്നു. മൂന്നാം ലോക മഹായുദ്ധം ഒഴിവാക്കണം, കാരണം അതിലേക്കാണ് നാം നീങ്ങുന്നത്’ ട്രംപ് ആവർച്ചിച്ച് വ്യക്തമാക്കുന്നു.

ഹിസ്ബുള്ള ആക്രമണം മുൻകൂട്ടി കണ്ടുവെന്ന് അവകാശപ്പെട്ട് ഇസ്രായേൽ നടത്തിയ ആക്രമണത്തിന് ശേഷം മേഖലയിൽ സംഘർഷ സാധ്യത കാര്യമായി ഉയർന്നിരുന്നു. ഇതിന് ഹിസ്ബുള്ള തിരിച്ചടിച്ചതോടെ ലബനനിലേക്ക് ഞായറാഴ്ച പുലർച്ചെ 40 തവണ മിസൈൽ ആക്രമണം നടത്തി ഇസ്രായേൽ പോർവിളി നടത്തിയിരുന്നു. ഇതിനിടയിലാണ് ട്രംപിന്റെ മുന്നറിയിപ്പ് കൂടി വന്നിരിക്കുന്നത്.

ലെബനനുമായുള്ള സംഘർഷം രൂക്ഷമായ സാഹചര്യത്തിൽ ഇസ്രായേൽ അടുത്ത 48 മണിക്കൂർ നേരത്തേക്ക് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇസ്രായേൽ പ്രതിരോധ മന്ത്രി യോവ് ഗാലന്റ് ആണ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. മേഖലയിൽ സംഘർഷം രൂക്ഷമാകുന്നു എന്നതിന്റെ കൃത്യമായ സൂചന കൂടിയാണിത്.

നേരത്തെ ഡെമോക്രാറ്റിക് നാഷണൽ കൺവെൻഷനിലെ പ്രസംഗത്തിൽ കമല ഹാരിസ് ഗാസയിലെ യുദ്ധത്തെക്കുറിച്ച് സംസാരിച്ചിരുന്നു. സ്വയം പ്രതിരോധത്തിനുള്ള ഇസ്രായേലിന്റെ അവകാശത്തെ എന്നും മാനിക്കുന്നു എന്നായിരുന്നു കമലയുടെ നിലപാട്. എങ്കിലും പാലസ്തീൻ ജനത അനുഭവിക്കുന്ന ദുരിതങ്ങൾ അവർ എടുത്തു പറയുകയും ചെയ്തിരുന്നു. ഇതിന് ശേഷം ട്രംപ് സോഷ്യൽ മീഡിയ ഹാൻഡിലുകൾ മുഖേന പല തവണയായി ഇതിനെ വിമർശിക്കുകയാണ് ചെയ്തത്.

പ്രസിഡന്റ് ബൈഡൻ മൂന്നാം ലോകമഹായുദ്ധത്തിലേയ്ക്ക് നയിക്കുന്നു എന്ന ആരോപണം മുമ്പും ട്രംപ് ഉന്നയിച്ചിട്ടുണ്ട്. ആ വാർത്ത വാചകം ഉൾപ്പെടെയുള്ള മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. അന്ന് ട്രംപ് പറഞ്ഞത് ഇങ്ങനെയായിരുന്നു.

ബൈഡൻ ‘ലോകത്തെ നേരിട്ട് മൂന്നാം ലോക മഹായുദ്ധത്തിലേക്ക് നയിക്കുന്നു’ ഗാസയിലെ ഹമാസിന്റെ അവസാനത്തെ പ്രധാന ശക്തികേന്ദ്രമായ റാഫയെ ആക്രമിക്കാൻ ഇസ്രായേലിന് യുഎസ് ആയുധം നൽകില്ലെന്ന ബൈഡന്റെ പ്രഖ്യാപനത്തിന്റെ പശ്ചാത്തലത്തിലായിരുന്നു ട്രംപിന്റെ രൂക്ഷമായ വിമർശനം.

‘‘വക്രബുദ്ധിക്കാരനായ ജോ ബൈഡൻ, അറിഞ്ഞോ അറിയാതെയോ, ഗാസയിലെ ഹമാസ് ഭീകരരെ ഉന്മൂലനം ചെയ്യാൻ പോരാടുന്ന ഇസ്രായേലിന് ആയുധങ്ങൾ നൽകുന്നത് തടയുമെന്ന് പറഞ്ഞു. കുഞ്ഞുങ്ങൾ ഉൾപ്പെടെ ആയിരക്കണക്കിന് നിരപരാധികളായ സാധാരണക്കാരെ ഹമാസ് കൊലപ്പെടുത്തി. അമേരിക്കക്കാരെയടക്കം അവർ ബന്ദികളാക്കിയിരിക്കുന്നു, അഥവാ ബന്ദികൾ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെങ്കിൽ,’’ ബൈഡന്റെ നിലപാടിനെ വിമർശിച്ചുകൊണ്ട് ട്രംപ് തന്റെ സോഷ്യൽമീഡിയ പ്ലാറ്റ്ഫോമായ ട്രൂത്തിൽ എഴുതി.

എന്നിട്ടും വക്രബുദ്ധിയായ ജോ ബൈഡൻ ഈ തീവ്രവാദികളുടെ പക്ഷം പിടിക്കുന്നു. നമ്മുടെ കോളജ് കാമ്പസുകൾ പിടിച്ചെടുക്കുന്ന റാഡിക്കൽ ആൾക്കൂട്ടത്തിന്റെ പക്ഷം ചേർന്നതുപോലെ. അദ്ദേഹത്തിന്റെ ഫണ്ടർമാർ അവർക്ക് ധനസഹായം നൽകുന്നു. ബൈഡൻ ദുർബലനും അഴിമതിക്കാരനും ലോകത്തെ മൂന്നാം ലോകമഹായുദ്ധത്തിലേക്ക് നേരിട്ട് നയിക്കുന്നയാളുമാണെന്ന് ട്രംപ് കൂട്ടിച്ചേർത്തു.

ഉക്രെയ്നിലെ യുദ്ധം പോലെ ഇസ്രായേലിലെ ഈ യുദ്ധം, താൻ വൈറ്റ് ഹൗസിലുണ്ടായിരുന്നെങ്കിൽ ഒരിക്കലും ആരംഭിക്കില്ലായിരുന്നെന്നും ട്രംപ് അവകാശപ്പെട്ടത്. വളരെ വേഗം താൻ മടങ്ങിയെത്തുമെന്നും ഒരിക്കൽ കൂടി ശക്തിയിലൂടെ സമാധാനം കൈവരിക്കുമെന്നുമായിരുന്നു അന്നത്തെ ആഹ്വാനം.

# ട്രംപിനെതിരെ പുതിയ കുറ്റപത്രം; പ്രസിഡന്റ് പരിരക്ഷകൾ ഇല്ലാതായേക്കും



ന്യൂയോർക്ക്: തിരഞ്ഞെടുപ്പിന് ആഴ്ചകൾ ശേഷിക്കെ അമേരിക്കൻ മുൻ പ്രസിഡന്റും റിപ്പബ്ലിക്കൻ സ്ഥാനാർഥിയുമായ ഡോണൾഡ് ട്രംപിനെതിരായ കേസിൽ പുതിയ കുറ്റപത്രം. 2020ൽ ജോ ബൈഡൻ ജയിച്ച പ്രസിഡന്റ് തിരഞ്ഞെടുപ്പിലെ ഫലം അട്ടിമറിക്കാൻ ശ്രമിച്ചുവെന്ന കേസിലാണ് അമേരിക്കൻ നീതിന്യായ വകുപ്പ് പുതിയ കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. യുഎസ് സുപ്രീംകോടതി ജൂലൈയിൽ പുറപ്പെടുവിച്ച ട്രംപിന് അനുകൂലമായ വിധിയെ മറികടക്കുന്നതാണ് പുതിയ കുറ്റപത്രം.

മുൻ പ്രസിഡന്റുമാർ അവരുടെ ഔദ്യോഗിക പദവിയിലിരിക്കെ ചെയ്യുന്ന പ്രവൃത്തികളുടെ പേരിൽ അവരെ വിചാരണ ചെയ്യാൻ കഴിയില്ലെന്നായിരുന്നു യുഎസ് സുപ്രീംകോടതി ജൂലൈയിൽ വിധിച്ചത്. ഇതോടെ പല ക്രിമിനൽ കേസുകളിലും ട്രംപിന് വിചാരണ നേരിടേണ്ട എന്ന അവസ്ഥയുണ്ടായി.

എന്നാൽ 2020 ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ശ്രമിച്ചുവെന്ന കേസിൽ ട്രംപ്, ഒരു പൗരനെന്ന നിലയിലാണ് ഇടപെടൽ നടത്തിയതെന്നാണ് പുതിയ കുറ്റപത്രം. തിരഞ്ഞെടുപ്പിനെ സ്വാധീനിക്കാൻ ട്രംപ് പദ്ധതിയിട്ടത് പ്രസിഡന്റ് ആയിട്ടല്ലെന്നാണ് പുതിയ കുറ്റപത്രം വാദിക്കുന്നത്.

നേരത്തെ 45 പേജുകളുണ്ടായിരുന്ന കുറ്റപത്രം 36 ആയി വെട്ടിച്ചുരുക്കിയാണ് പുതിയ കുറ്റപത്രം തയാറാക്കിയിരിക്കുന്നത്. ട്രംപിനെതിരായ ആരോപണങ്ങളുടെ ഭാഷ പുനക്രമീകരിക്കുകയും പ്രസിഡൻഷ്യൽ പരിരക്ഷ സംബന്ധിച്ച സുപ്രീംകോടതിയുടെ വിധിയുടെ പരിധിയിൽ നിന്ന് അദ്ദേഹത്തെ മാറ്റി നിർത്തുകയും ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന് തന്റെ തിരഞ്ഞെടുപ്പ് പരാജയം മാറ്റിമറിക്കാനുള്ള പ്രവൃത്തികൾക്കായി നീതിന്യായ വകുപ്പ് ഉദ്യോഗസ്ഥരെ സമ്മർദ്ദത്തിലാക്കാൻ ട്രംപ് ശ്രമിച്ചുവെന്ന ആരോപണം പുതിയ കുറ്റപത്രം ഒഴിവാക്കുന്നു. നീതിന്യായ ഉദ്യോഗസ്ഥർക്ക് ട്രംപ് നൽകിയ നിർദേശം നിയമവിരുദ്ധമല്ലെന്ന സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിലാണിത്.

നവംബറിൽ നടക്കുന്ന തിരഞ്ഞെടുപ്പിന് മുൻപ് കേസിൽ വിചാരണ ആരംഭിക്കില്ലെങ്കിലും പുതിയ കുറ്റപത്രം വോട്ടർമാർക്കിടയിൽ ട്രംപിന് പ്രതികൂലമാകാൻ സാധ്യതയുണ്ട്. കുറ്റപത്രം ഉടൻ തന്നെ നിരസിക്കണമെന്നാണ് ട്രംപിന്റെ പ്രതികരണം. സമൂഹമാധ്യമായ ട്രൂത്ത് സോഷ്യലിലൂടെ നടത്തിയ പ്രതികരണത്തിൽ തനിക്കെതിരെ നിയമങ്ങളെ ആയുധവത്കരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. പ്രസിഡൻഷ്യൽ ഇമ്മ്യൂണിറ്റി ഉള്ളതിനാൽ കേസ് തള്ളിക്കളയണമെന്നാണ് ട്രംപിന്റെ ആവശ്യം.

തനിക്കെതിരായ ക്രിമിനൽ കേസുകളുടെ വിചാരണയിൽ കാലതാമസം വരുത്തുന്നതിൽ ട്രംപ് വിജയിച്ചിരുന്നു. പ്രസിഡന്റ് തിരഞ്ഞെടുപ്പ് തനിക്കനുകൂലമാകുമെന്ന് കണക്കുകൂട്ടുന്ന ട്രംപ്, ജയിച്ചാൽ വിശ്വസ്തനായ അറ്റോർണി ജനറലിനെ നിയമിക്കുക വഴി നിലവിലെ കേസിൽ നിന്ന് തലയൂരാമെന്നായിരുന്നു വിചാരം.



# കമലയുടെ ചിരി: വ്യത്യസ്ത ചർച്ചകൾ





യുഎസിലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ സ്ഥാനാർഥിയായ ഡൊണാൾഡ് ട്രംപിനേക്കാളും അൽപ്പം മുന്നിലാണ് ഡെമോക്രാറ്റിക് സ്ഥാനാർഥി കമല ഹാരിസിന്റെ തെരഞ്ഞെടുപ്പ് പ്രചാരണം. വിവിധ പ്രീ-പോൾ സർവേകളിലും കമല ഹാരിസിനാണ് മുൻതൂക്കം. എന്നാൽ സൈബർ ഇടങ്ങളിലെ ചർച്ച കമല ഹാരിസിന്റെ ചിരിയാണ്. കമലഹാരിസ് ഇത്രയധികം ചിരിക്കേണ്ടതുണ്ടോയെന്ന വിചിത്രമായ ചർച്ചയാണ് നടക്കുന്നത്. അധികമാളുകളും ചിരിയെ വിമർശിക്കുകയാണ്. ചിരിക്ക് അതിന്റേതായ ചരിത്രം ഉണ്ടെന്നാണ് ഒരു വിഭാഗത്തിന്റെ ചർച്ചയ്ക്ക് അടിസ്ഥാനം.

### ചിരിയും രാഷ്ട്രീയവും

ചിരിക്ക് അതിന്റേതായ രാഷ്ട്രീയമുണ്ട്. ഇതിന് മുമ്പും ചിരിയുടെ പേരിൽ പേരുകേട്ട അമേരിക്കൻ പ്രസിഡന്റുമാരുണ്ടെന്നുള്ളതാണ് വാസ്തവം. എബ്രഹാം ലിങ്കന്റേത് പ്രത്യേക ചിരിയാണെന്നാണ് ചിലർ പറയുന്നത്. ജീവ ചരിത്രകാരൻ ആൻഡ്രൂ ജാക്സൺ എഴുതിയത് അദ്ദേഹത്തിന്റെ ചിരി മുറിയിലുടനീളം മുഴങ്ങി കേൾക്കുന്നതരത്തിലായിരുന്നുവെന്നാണ്. അമേരിക്കയുടെ നാൽപ്പതാമത് പ്രസിഡന്റായ റൊണാൾഡ് റീഗൻ എപ്പോഴും തമാശകൾ നിറഞ്ഞരീതിയിലായിരുന്നു വേദിയിൽ പ്രസംഗിച്ചിരുന്നത്. എപ്പോഴും ചിരിച്ചമുഖത്തോടെസ്വതസിദ്ധമായ ശൈലിയിൽ അദ്ദേഹം പറയുന്ന തമാശകൾകേട്ട് സദസ്സ് കുലുങ്ങിച്ചിരിക്കുമായിരുന്നു.

### കമലയുടെ ചിരിയിൽ ഉയരുന്ന ചോദ്യങ്ങൾ

എന്നാൽ ഒരാൾ ചിരിക്കുന്ന രീതി അയാളെ ഉന്നത പദവിയ്ക്ക് വിഘാതം നിൽക്കുന്നുണ്ടോയെന്ന ചോദ്യവും ഉയരുന്നുണ്ട്. പൊതുസ്ഥലങ്ങളിൽ ഉറക്കെ ചിരിക്കുന്നതിൽ ലിംഗ ഭേദമുണ്ടോയെന്ന ചോദ്യവും ചർച്ചകളിൽ സ ജീവമായി ഉയരുന്നുണ്ട്. നമ്മൾ ചിരിക്കുമ്പോൾ ലോകംനമ്മോടൊപ്പം ചിരിക്കുന്നുവെന്നാണ് പറയാറുള്ളത്.

### ഡൊണാൾഡ് ട്രംപും ചിരിയും

മുൻ പ്രസിഡന്റും റിപ്പബ്ലിക്കൻ സ്ഥാനാർഥിയുമായ ഡൊണാൾഡ് ട്രംപാണ് കമല ഹാരിസിന്റെ എതിർ സ്ഥാനാർഥി. ചിരിയെക്കുറിച്ച് അമ്മാവൻ ട്രംപിന്റെ കാഴ്ചപ്പാടിനെക്കുറിച്ച് മരുമകൾ പറയുന്നതിങ്ങനെ, ചിരിക്കുന്നത് സ്വയം ദുർബലനാവുമ്പോഴാണ്. നിങ്ങളിലുള്ള നിയന്ത്രണം സ്വയം നഷ്ടപ്പെടുമ്പോഴാണ് ചിരി പുറത്തേക്ക് വരുന്നത്. ട്രംപിന് അത്തരത്തിലൊരാവസ്ഥ സംഭവിക്കില്ലെന്നും അവർ കൂട്ടിച്ചേർത്തു.

എന്നാൽ കമല ഹാരിസിന്റെ ചിരി വിചിത്രവും അധികവുമാണെന്നാണ് ഡൊണാൾഡ് ട്രംപ് പറയുന്നത്. ഞാൻ അവളെ ചിരിക്കുന്ന കമല എന്ന് വിളിക്കുന്നു. നിങ്ങൾ എപ്പോഴെങ്കിലും അവളുടെ ചിരി കണ്ടിട്ടുണ്ടോ? അവൾക്ക് ഭ്രാന്താണ്. ഒരു ചിരിയിലൂടെ പലതും പറയാൻ കഴിയും. അവൾ പരിഭ്രാന്തി പിടിച്ച അവസ്ഥയിലാണ്. തുടങ്ങി നിരവധി വ്യക്തി അധിക്ഷേപമാണ് ട്രംപ് കമലയ്ക്കെതിരെ ഉന്നയിച്ചിരിക്കുന്നത്. യുഎസിലെ തീവ്ര വലതുപക്ഷവും സമാനമായ അഭിപ്രായമുള്ളവരാണെന്നാണ് റിപ്പോർട്ടുകൾ.



### കമല ഹാരിസിന്റെ ചിരി അജണ്ടയോ?

നർമബോധത്തിൽ ആളുകളോട് സംസാരിക്കണോ, ചിരിച്ചുകൊണ്ട് ആളുകളിലേയ്ക്ക് ഇറങ്ങണോ എന്ന് കമല ഹാരിസ് ഉപദേശകരോട് ചോദിച്ചിരുന്നതായി ന്യൂയോർക്ക് ടൈംസും റിപ്പോർട്ട് ചെയ്യുന്നു. സ്വതസിദ്ധമായ രീതിയിലുള്ള ചിരി അമേരിക്കക്കാരുമായി എളുപ്പത്തിൽ സംവദിക്കാൻ സഹായകമാകുമെന്ന് ഉപദേശം കിട്ടിയെന്നുമാണ് റിപ്പോർട്ടുകൾ. എന്നാൽ ഗർഭഛിദ്രം, വിദേശ നയം എന്നിവയിൽ ഗൗരവമായ ചർച്ചയും കമല ഹാരിസ് നടത്തിയതും ഏവരും ശ്രദ്ധിക്കുന്നുണ്ട്.

### ഉറക്കെ ചിരിക്കുന്ന സ്ത്രീ

തീവ്ര വലതുപക്ഷ കമന്റേറ്റർ ടീന മക്വീൻ ഏത് മയക്കുമരുന്നാണ് കമല ഹാരിസ് ഉപയോഗിക്കുന്നതെന്ന് അറിയില്ലെന്നാണ് ആരോപിച്ചിരിക്കുന്നത്. നടിയും കോമഡി ഷോയുടെ വിധികർത്താവുമായ അർച്ചന പുരൺ സിങ് ഇതു സംബന്ധിച്ച് മാധ്യമങ്ങളോട് പ്രതികരിച്ചതിങ്ങനെ, ഉറക്കെ ചിരിക്കുന്ന സ്ത്രീകളെക്കുറിച്ച് മാത്രം സംസാരിക്കുന്നത് സെക്സിസമാണെന്നാണ് അവർ അഭിപ്രായപ്പെട്ടത്. ഉറക്കെ ചിരിക്കുന്ന പുരുഷൻമാരുമുണ്ട്. എന്നാൽ അത് ആശങ്കയക്ക് കാരണമായിട്ടില്ലെന്നും അവർ അഭിപ്രായപ്പെട്ടു. ഉറക്കെ ചിരിക്കുന്ന സ്ത്രീ ഏതെങ്കിലും പദവികളിൽ ഇരിക്കാൻ യോഗ്യതയുണ്ടോ എന്ന ചർച്ച അടിസ്ഥാന രഹിതമാണെന്നും അഭിപ്രായം പറയുന്നു ചിലർ.

*ആതിര അഗസ്റ്റിൻ*






# ഹാരീസിന്റെയും ട്രംപിന്റെയും പ്രതികരണം എങ്ങനെ?

(ഒന്നാം പേജ് തുടർച്ച)

ജോ ബൈഡന്റെ ഭരണത്തിന്റെ ഭരണനയങ്ങൾ ഉയർത്തിപ്പിടിക്കാൻ പദ്ധതിയിടുന്നതായി സൂചന നൽകി. എന്നാൽ അവർ ആ പദ്ധതികളൊന്നും ഒരു ഔപചാരിക നയ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ മാസം ആദ്യം നടത്തിയ ഒരു പ്രസംഗത്തിൽ, തന്റെ കാഴ്ചപ്പാടിൽ ചൈൽഡ് ടാക്സ് ക്രെഡിറ്റ് ഉയർത്തുന്നത് ഉൾപ്പെടുന്നുവെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്, റിപ്പബ്ലിക്കൻ ശിശു സംരക്ഷണം എങ്ങനെ താങ്ങാനാവുന്നതാക്കി മാറ്റുമെന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ വിസമ്മതിച്ചു.

ഇത് സ്വന്തം ഭരണകാലത്ത് അദ്ദേഹം കൈകാര്യം ചെയ്ത ഒരു പ്രശ്നമാണെങ്കിലും ഒരു അഭിപ്രായം പറയാൻ അദ്ദേഹം മുതിർന്നില്ല. അതേസമയം അദ്ദേഹത്തിന്റെ റണ്ണിംഗ് മേറ്റ് ജെഡി വാൻസിന്, അമേരിക്കക്കാരുടെ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങൾ മുന്നോട്ട് വച്ചതിന്റെ നീണ്ട ചരിത്രമുണ്ട്. ഉദാഹരണത്തിന് ചൈൽഡ് ടാക്സ് ക്രെഡിറ്റും രക്ഷാകർതൃ അവധി നയവും ഉൾപ്പെടെയുള്ള ശിശു സംരക്ഷണ സംരംഭങ്ങളെ അദ്ദേഹം പിന്തുണച്ചിരുന്നു. ഈ മാസം തന്നെ ചൈൽഡ് ടാക്സ് ക്രെഡിറ്റ് 5,000 ഡോളറായി ഉയർത്താൻ ആഗ്രഹിക്കുന്നുവെന്ന് വാൻസ് പറഞ്ഞിരുന്നു. എന്നാൽ വാൻസ് ശിശു സംരക്ഷണത്തിനായി സർക്കാർ പണം ചെലവഴിക്കുന്നതിനെ എതിർത്തു.

ഹാരിസ് ഡെമോക്രാറ്റിക് നാഷണൽ കൺവെൻഷനെ അഭിസംബോധന ചെയ്പ്പോൾ, ശിശു സംരക്ഷണവുമായി ബന്ധപ്പെട്ട തന്റെ സ്വന്തം അനുഭവത്തെക്കുറിച്ചാണ് ആദ്യം സംസാരിച്ചത്. സ്തനാർബുദ ഗവേഷകയായി ദീർഘകാലം ജോലി ചെയ്തിരുന്ന ശ്യാമള ഗോപാലൻ എന്ന സ്ത്രീയാണ് അവളെ കൂടുതലും വളർത്തിയത്. അവളുടെ കുടുംബത്തിന് പിന്തുണ നൽകിയ ആളുകളിൽ ശ്യാമള ഗോപാലൻ വലിയ പങ്കുവഹിച്ചിരുന്നുവെന്ന് അവർ ഓർമ്മിച്ചു. ഡോക്ടർ ആയിരുന്ന അവർ ഡേ കെയറും നടത്തിയിരുന്നു. അവർ അങ്ങനെ ഹാരിസിന് രണ്ടാമത്തെ അമ്മയായി മാറി.

വൈസ് പ്രസിഡന്റെന്ന നിലയിൽ, ശമ്പളത്തോടെയുള്ള കുടുംബ അവധി സ്ഥാപിക്കാനും പ്രീകിന്റർഗാർട്ടൻ സാർവത്രികമാക്കാനും ശതകോടികൾ ശിശു സംരക്ഷണത്തിൽ നിക്ഷേപിക്കാനും ബൈഡന്റെ നിർദ്ദേശങ്ങളിൽ ഹാരിസ് കോൺഗ്രസിൽ ശക്തമായി പ്രവർത്തിച്ചു. ഫെഡറൽ ചൈൽഡ് കെയർ വൗച്ചറുകൾ ഉപയോഗിക്കുന്ന കുടുംബങ്ങൾക്ക് കോപ്പെ കുറയ്ക്കുന്നതിനും മെഡികെയ്ഡ് ഫണ്ട് ചെയ്യുന്ന ഹോം ഹെൽത്ത് എയ്ഡുകളുടെ വേതനം വർദ്ധിപ്പിക്കുന്നതിനുമുള്ള ഭരണകൂടത്തിന്റെ നടപടികളും അവർ പ്രഖ്യാപിച്ചു.

അതിനുമുമ്പ്, ഒരു സെനറ്റർ എന്ന നിലയിലുള്ള അവരുടെ ട്രാക്ക് റെക്കോർഡിൽ, ചൂഷണത്തിന് ഇരയാകാൻ സാധ്യതയുള്ള നാനിമാരും ഗാർഹിക ആരോഗ്യ സഹായികളും ഉൾപ്പെടെ ഗാർഹിക തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ അവകാശങ്ങൾക്കായി സമ്മർദ്ദം ചെലുത്തിയിരുന്നു. അതേസമയം സ്ഥാനാർത്ഥികളുടെ കുടുംബ പരിചരണ അജണ്ടകൾ സ്വിംഗ് സ്റ്റേറ്റുകളിലെ സബർബൻ സ്ത്രീകളോടുള്ള അവരുടെ വോട്ടിങ് അഭ്യർത്ഥനയിൽ പ്രധാനമായി ഇടംപിടിക്കും. നവംബറിലെ വിജയത്തിന്റെ താക്കോലായി കണക്കാക്കപ്പെടുന്ന ഒരു ജനസംഖ്യാശാസ്ത്രമാണിത്.

പ്രതിവർഷം ഒരു ട്രില്യൺ ഡോളർ മൂല്യമുള്ള, ശമ്പളമില്ലാത്ത പരിചരണ ജോലിയുടെ മൂന്നിൽ രണ്ട് ഭാഗവും സ്ത്രീകൾ നൽകുന്നു. കൂടാതെ കുടുംബങ്ങൾക്ക് അവരുടെ കുട്ടികൾക്കോ പ്രായമായ മാതാപിതാക്കൾക്കോ താങ്ങാനാവുന്ന തരത്തിലുള്ള പരിചരണം കണ്ടെത്താൻ കഴിയാതെ വരുമ്പോൾ അതും ആനുപാതികമായി ബാധിക്കപ്പെടുന്നു. പരിചരണച്ചെലവ് ഒരു അടിയന്തിര പ്രശ്നമാണ്. മാത്രമല്ല ശിശു സംരക്ഷണ ചെലവുകൾ പണപ്പെരുപ്പത്തേക്കാൾ വേഗത്തിൽ ഉയരുകയാണ്.

# മോർട്ട്ഗേജ് നിരക്കുകൾ 2023 ഏപ്രിലിന് ശേഷമുള്ള ഏറ്റവും താഴ്ന്ന നിലയിലേക്ക്

(ഒന്നാം പേജ് തുടർച്ച)

ഷിക്കാൻ ചിലവ് കുറഞ്ഞ വായ്പാ നിരക്കുകൾക്ക് സാധിക്കും. ഫെഡറേഷന്റെ അടുത്ത നിരക്ക് തീരുമാനം ഇനിയും ആഴ്ചകൾക്കുള്ളിലാണെങ്കിലും, ഭവനവായ്പകൾ തൊഴിൽ വിപണിയുടെ ശക്തി പോലുള്ള സാമ്പത്തിക ഘടകങ്ങളാൽ ഭാഗികമായി സ്വാധീനിക്കപ്പെടുന്നതിനാൽ മോർട്ട്ഗേജ് നിരക്കുകൾ ഇതിനകം തന്നെ കുറഞ്ഞുവരികയാണ് എന്നാണ് റിപ്പോർട്ടുകൾ. എന്നാൽ 23 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന ഫെഡറൽ ഫണ്ട് നിരക്കിന്റെ സമ്മർദ്ദത്തിൽ യുഎസ് സമ്പദ്വ്യവസ്ഥ വിള്ളലുകൾ കാണിക്കുന്നു എന്ന ആശങ്ക ഉയർന്ന ജൂലൈയിലെ തൊഴിൽ റിപ്പോർട്ട് ഉൾപ്പെടെയുള്ള സമീപകാല ദുർബലമായ സാമ്പത്തിക ഡാറ്റ ആശങ്ക ഉയർത്തിയിട്ടുണ്ട്.

“നിരക്കുകൾ ഇപ്പോൾ ഒരു വർഷം മുമ്പുള്ളതിനേക്കാൾ 80 ബേസിസ് പോയിന്റിൽ കൂടുതൽ കുറഞ്ഞു,” എന്ന് എംബിഎയുടെ ഡെപ്യൂട്ടി ചീഫ് ഇക്കണോമിസ്റ്റ് ജോയൽ കാൻ പറഞ്ഞു. എന്നാൽ കുറഞ്ഞ നിരക്കുകളും ഉയർന്ന വായ്പാ അപേക്ഷകളും ഉണ്ടായിരുന്നിട്ടും പർച്ചേസ് അപേക്ഷകളിൽ വലിയ മാറ്റമൊന്നും ഉണ്ടായിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. “നിരക്കുകൾ കുറയുകയും വിൽപ്പനയ്ക്കുള്ള ഇൻവെന്ററി വർധിക്കാൻ തുടങ്ങുകയും ചെയ്യുമെന്ന പ്രതീക്ഷയിൽ വീടു വാങ്ങാൻ സാധ്യതയുള്ളവർ ഇപ്പോൾ ക്ഷമയോടെ കാത്തിരിക്കുകയാണ് ’ എന്നും കാൻ പറഞ്ഞു. സെൻട്രൽ ബാങ്ക് നിരക്കുകൾ 0.25 ശതമാനമോ 0.5 ശതമാനമോ കുറയ്ക്കുമോ എന്ന കാര്യത്തിൽ ഭിന്നതയുണ്ടെങ്കിലും, സെപ്തംബർ 18 ലെ മീറ്റിംഗിൽ ഫെഡറൽ അതിന്റെ ബെഞ്ച്മാർക്ക് നിരക്ക് കുറയ്ക്കാൻ സാധ്യതയുണ്ടെന്ന് സാമ്പത്തിക വിദഗ്ധർ പ്രവചിക്കുന്നു.

എന്തുതന്നെയായാലും, മോർട്ട്ഗേജ് നിരക്കുകൾ ഇനിയും കുറയ്ക്കാൻ സഹായിക്കുന്നതിലൂടെ ഭവന വ്യവസായത്തെ പുനരുജ്ജീവിപ്പിക്കാൻ നിരക്ക് കുറയ്ക്കൽ സഹായിക്കുമെന്ന് മൂഡീസ് അനലിറ്റിക്സ് സാമ്പത്തിക വിദഗ്ധൻ മാർക്ക് സാണ്ടി പറയുന്നു. “ഫെഡ് പലിശ നിരക്ക് കുറച്ചതിനാൽ വരും മാസങ്ങളിൽ നിരക്കുകൾ 6 ശതമാനത്തിൽ താഴെയാകുമെന്ന് തോന്നുന്നു” എന്നാണ് സാണ്ടി വ്യക്തമാക്കുന്നത്.



# സച്ചിൻ മുതൽ ചോപ്ര വരെ...

ഇന്ത്യൻ സേന കായിക താരങ്ങളെ എന്നും ആദരിച്ചിട്ടുണ്ട്. കഴിവുള്ളവരെ എന്നും ഉയർത്തി കൊണ്ടുവരികയും, കഴിവ് തെളിയിച്ചവരെ കൂടെ നിർത്താനും ഇന്ത്യൻ സേനയ്ക്ക് സാധിച്ചിട്ടുണ്ട്.

എം.എസ്. ധോണി, സച്ചിൻ ടെണ്ടുൽക്കർ തുടങ്ങിയ ക്രിക്കറ്റ് ഇതിഹാസങ്ങൾ മുതൽ അഭിനവ് ബിന്ദ്ര, നീരജ് ചോപ്ര തുടങ്ങിയ ഒളിമ്പിക് ചാമ്പ്യന്മാർ വരെ ഇന്ത്യൻ സേനയുടെ ഭാഗമാണെന്ന കാര്യം നിങ്ങൾക്ക് അറിയാമോ?

## എം.എസ്. ധോണി

മഹേന്ദ്ര സിംഗ് ധോണി എന്നാൽ ഇന്ത്യൻ ക്രിക്കറ്റിന്റെ രോമാഞ്ചമാണ്. എല്ലാ ക്രിക്കറ്റ് ഫോർമാറ്റ് ലോകകപ്പും ഇന്തയിൽ എത്തിക്കാൻ അദ്ദേഹത്തിനു സാധിച്ചു. ഇന്ത്യൻ ടെറിട്ടോറിയൽ ആർമിയിൽ ലെഫ്റ്റനന്റ് കേണൽ പദവിയാണ് ഇദ്ദേഹത്തിനുള്ളത്. 2015ൽ പാരച്യൂട്ട് റെജിമെന്റിൽ പരിശീലനം നേടിയ അദ്ദേഹം വിവിധ സൈനിക പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു.

## സച്ചിൻ ടെണ്ടുൽക്കർ

മാസ്റ്റർ ബ്ലാസ്റ്റർ ഇന്ത്യയുടെ അഭിമാനമാണ്. ആഗോളതലത്തിൽ ഇത്രയധികം വാഴത്തപ്പെട്ട് മറ്റൊരു ക്രിക്കറ്റർ ഉണ്ടാകില്ല. ക്രിക്കറ്റ് മതമാകുമ്പോൾ സച്ചിൻ അവിടെ ദൈവമാകുന്നു. ക്രിക്കറ്റിലെ അദ്ദേഹത്തിന്റെ നേട്ടങ്ങൾക്കും, ഇന്ത്യൻ കായികരംഗത്തെ സംഭാവനകൾക്കും അംഗീകാരമായി ഇന്ത്യൻ എയർഫോഴ്സ് ഗ്രൂപ്പ് ക്യാപ്ടൻ എന്ന ഓണററി റാങ്ക് നൽകി ആദരിച്ചു.

## രാജ്യവർദ്ധൻ സിംഗ് റാത്തോഡ്

പ്രഗത്ഭനായ ഇന്ത്യൻ ഷൂട്ടർ. ഒളിമ്പിക് വെള്ളി മെഡൽ ജേതാവ്. രാഷ്ട്രീയത്തിലേക്ക് മാറുന്നതിന് മുമ്പ് ഇന്ത്യൻ ആർമിയിൽ കമ്മീഷൻഡ് ഓഫീസറായി സേവനമനുഷ്ഠിച്ചിരുന്നു. അച്ചടക്കം, ശ്രദ്ധ, നേതൃത്വപാടവം എന്നിവ കൊണ്ട് പ്രശംസ പിടിച്ചുപറ്റിയ വ്യക്തി.

## കപിൽ ദേവ്

ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ മുൻ ക്യാപ്ടൻ. ഇന്ത്യയ്ക്ക് ആദ്യ ലോകകപ്പ് സമ്മാനിച്ച വ്യക്തി. ഓൾറൗണ്ടറാണ്. 2008 ൽ ടെറിട്ടോറിയൽ ആർമിയിൽ ചേരുകയും പിന്നീട് സൈന്യം ലെഫ്റ്റനന്റ് കേണൽ പദവി നൽകുകയും ചെയ്തു. പിതാവ് രാംലാൽ നിഖഞ്ചും ഇന്ത്യൻ സേനയുടെ ഭാഗമായിരുന്നു.

## മിൽഖാ സിംഗ്

പറക്കും സിഖ് എന്ന വിളിപ്പേര് നേടിയെടുത്ത് അത്‌ലറ്റ്. വേഗം കൊണ്ട് ഇന്ത്യയുടെ പേര് വാനോളം ഉയർത്തിയ വ്യക്തി. മിൽഖാ സിംഗ് ഇന്ത്യൻ ആർമിയിൽ ഓണററി ക്യാപ്ടൻ പദവി വഹിച്ചിരുന്നു. സിങ്ങിന്റെ സൈനിക സേവനം അദ്ദേഹത്തിന്റെ കായിക ജീവിതത്തെ സ്വാധീനിച്ചു. കഠിനാധ്വാനം, ദൃഢനിശ്ചയം, സ്ഥിരോത്സാഹം എന്നിവയാൽ നയിക്കപ്പെട്ടു.

## അഭിനവ് ബിന്ദ്ര

ഷൂട്ടിംഗ് താരം. ഇന്ത്യയുടെ ആദ്യ വ്യക്തിഗത ഒളിമ്പിക് സ്വർണ്ണ മെഡൽ ജേതാവ്. ഇന്ത്യൻ സൈന്യത്തിലെ ലെഫ്റ്റനന്റ് കേണലാണ്. സിഖ് റെജിമെന്റിന്റെ ടിഎ ബറ്റാലിയന്റെ ഭാഗം. സായുധ സേനയിലെ കുടുംബ പശ്ചാത്തലമുണ്ട്. പിതാവ് എ.എസ്. ബിന്ദ്ര ഇന്ത്യൻ ആർമിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## നീരജ് ചോപ്ര

ഇന്ത്യൻ ജാവലിൻ ത്രോ താരം. ഒളിമ്പിക് സ്വർണ്ണ മെഡൽ, വെള്ളി മെഡൽ ജേതാവ്. നീരജ് ചോപ്ര രാജ്പുത്താന റൈഫിൾസിൽ നായിബ് സുബേദാർ റാങ്ക് വഹിക്കുന്നു. അദ്ദേഹത്തിന്റെ പിതാവ് സതീഷ് കുമാർ ഇന്ത്യൻ ആർമിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.








## SEEKING BRIDE

**Parents are seeking** proposal for their son 48 years, US Citizen, working with a MNC in Texas, having two children in first marriage (14 year boy & 12 year daughter (Joint custody), Height 182cm, weight 168.

**Ph: 281-631-5103**
**longwood81@yahoo.com**

#082124

**Seeking proposal for** the son 28 years old Living in Dubai working a pvt. LL C company as an engineer at planning section. His education qualification is BE. Mechanic Engineeringfrom Herroitwatt college Dubai campus. Native place Changanacherry. Born and brought up in Dubai. Father passed away. 2 elder sisters married and settled. Mother is working and staying in Dubai with Orville. Seekingan alliancefrom Romancatholic girl. Now mother and son here in Chicago.

**Contact 00971502811046**
**Mail to: susanpadiyath@gmail.com**

#082124

## SEEKING BRIDEGROOM

**Roman Catholic parents** invite propsals for their daughter 26years, Height 5'7, Weight 68kg, BSc Nursing, working as a Registered Nurse (St. Georges NHS Trust, Tooting) in London, UK from the parents of professionally qualified christian matches. Interesting parents may contact with details.

**Contact: 708-304-2116**
**Mail: sibymathayi@icloud.com**

#082124

## BURIAL LOT FOR SALE

**Two burial lots** are for Sale for the original price paid 13 years back at Ridgewood Memorial Park, 9900 N. Milwaukee avenue, Des Plaines, Illinois 60016 "Section 19A, Lot 918 Space 3 and 4. For details call

**708-655-5896**

#072424

## CARETAKER WANTED

**ഒരു വൃദ്ധന്റെ കാര്യങ്ങൾ** നോക്കാൻ പാചകം അറിയുന്ന ആരോഗ്യമുള്ള ഒരു സ്ത്രീയെ സ്ഥിരമായി വേണം. താമസ സൗകര്യങ്ങൾ ഉണ്ട്.

**താല്പര്യമുണ്ടെങ്കിൽ ഈ നമ്പറിൽ**
**224–382–3669**

ബന്ധപ്പെടുകയോ മെസ്സേജ് വിടുകയോ ചെയ്യുക

#082124

## BABYSITTER WANTED

**ഫിലാഡൽഫിയയിൽ താമസിക്കുന്ന യുവ** ദമ്പതികൾക്ക് 2 വയസ്സുള്ള കുട്ടിയെ നോക്കാൻ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്. താൽപ്പര്യമുള്ളവർ വിളിക്കുക

**ഷീബ (516–209–8800),**
**സിറിയക് (718–869–4626)**

#082124




## നൊവേന

### സെന്റ് ആന്റണീസ് നൊവേന



ഓ ധന്യനായ വിശുദ്ധ അന്തോനീസേ നന്മയുടെ നിറകുടവും എളിമയുടെ ദർപ്പണവുമായ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങേ മദ്ധ്യസ്ഥതയാൽ രോഗവും മരണവും അബദ്ധവും അനർത്ഥങ്ങളും തിന്മകളും നഷ്ടങ്ങളും ഇല്ലാതാകുന്നുവെന്നു ഞങ്ങൾ അറിയുന്നു. നഷ്ടപ്പെട്ട വസ്തുക്കൾ വീണ്ടെടുക്കുന്നതിനും ദുഃഖിതർക്ക് ആശ്വാസവും പാപികൾക്ക് അനുതാപവും നൽകുന്നതിനും കഴിവുള്ള അങ്ങേയ്ക്ക് അസാദ്ധ്യമായി ഒന്നുമില്ല. ഉണ്ണീശോയുടെ വിശ്വസ്ത സ്നേഹിതനായ വിശുദ്ധ അന്തോനീസേ അങ്ങ് ഞങ്ങൾക്ക് എന്നും തുണയും മദ്ധ്യസ്ഥനും ഉപകാരിയും ആയിരിക്കേണമേ. ഞങ്ങളുടെ ആത്മീകവും ഭൗതീകവുമായ സകല ആവശ്യങ്ങളും പ്രത്യേകിച്ച് ഇപ്പോൾ ഞങ്ങൾ അപേക്ഷിക്കുന്ന നന്മകൾ പരമപിതാവായ ദൈവത്തിന്റെ പക്കൽ നിന്നും അങ്ങേ മാദ്ധ്യസ്ഥം വഴി ഞങ്ങൾക്ക് നേടിത്തരണമേ. ശാന്തനും സ്നേഹസമ്പൂർണനുമായ വിശുദ്ധ അന്തോണീസ് അങ്ങയുടെ അനുഗ്രഹങ്ങളെ ഞങ്ങൾ എന്നും കൃതജ്ഞതയോടെ പ്രകീർത്തിക്കും. ഞങ്ങളുടെ ആത്മ ആത്മശരീരങ്ങളും ഞങ്ങൾക്കുള്ള സകലതും അങ്ങേയ്ക്ക് സമർപ്പി ക്കുന്നു. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത വിശുദ്ധ അന്തോനീസേ എല്ലാവിധ വിപത്തുകളിൽ നിന്നും ഞങ്ങളെ കാത്തു രക്ഷിക്കണമേ. ജീവിത ക്ലേശങ്ങളെ പ്രശാന്തതയോടെ നേരിടുവാനും പാപത്തിൽ അകപ്പെടാതെ നല്ല ജീവിതം നയിക്കാനും അങ്ങു ഞങ്ങളെ സഹായിക്കണമേ. പ്രലോഭനങ്ങൾ ഞങ്ങളെ ദുർബലരാക്കുന്ന നിമിഷങ്ങളിൽ ഞങ്ങൾക്ക് അങ്ങ് ശക്തമായ തുണയായിരികണം. ഉദാരതയും സ്നേഹവുമുള്ള ഹൃദയം ഞങ്ങൾക്കു നൽകണമേ. ഞങ്ങൾക്ക് ലഭിക്കുന്ന എല്ലാ നന്മകളും ദുഃഖിതരും പാവങ്ങളുമായ ഞങ്ങളുടെ സഹോദരങ്ങളുമായി പങ്കുവയ്ക്കുവാനുള്ള സന്നദ്ധതയും ഞങ്ങൾക്ക് നൽകണമെന്ന് അങ്ങയോട് ഞാൻ അപേഷിക്കുന്നു.

ആമേൻ

**സാറ തോമസ്**

#082824

### ഉദ്ധിഷ്ട കാര്യത്തിന് ഉപകാരസ്മരണ



മിശിഹായുടെ സ്നേഹിതനും, വിശ്വസ്ത ദാസനുമായ വി.യുദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായേ അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

(ദിവസം 9 പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനക്കു നിവൃത്തിയുണ്ടാകും. ഒൻപുത ദിവസം ചൊല്ലുക അത് ഒരുകാലത്തും സഫലമാകാതിരിക്കില്ല.

**മറിയാമ്മ**

#082824


Newspaper for Malayalees Worldwide ◆Estd.2020
വാചകം
VACHAKAM

ബന്ധപ്പെടുക:
773–888–2242,
773–842–9149
vachakamonline@gmail.com
news@vachakam.com

Vachakam.com

For E-Paper reading visit Vachakam.com


## ടെക്സാസിൽ വാൻ മറിഞ്ഞ് നാല് പേർ മരിച്ചു; 10 പേർക്ക് പരിക്ക്

ടെക്സാസ്: വടക്കുകിഴക്കൻ ടെക്സാസിൽ ബുധനാഴ്ച രാവിലെ 14 പേരുമായി പോയ വാൻ മറിഞ്ഞ് 4 പേർ മരിച്ചു. പത്ത് പേർക്ക് പരക്കേറ്റു. രാവിലെ 8 മണിയോടെയാണ് അപകടം നടന്നത്. ഷെവർലെ എക്സ്പ്രസ് വാനിലെ എല്ലാ യാത്രക്കാരും മുതിർന്നവരാണ്, വൈസ് കൗണ്ടിയിലെ അൽവോർഡിന് സമീപം റോഡിന്റെ ഇടതുവശത്ത് നിന്ന് വാൻ വടക്കോട്ട് പോകുകയായിരുന്നു. ഫോർട്ട്‌വർത്തിൽ നിന്ന് ഏകദേശം 70 മൈൽ വടക്കുപടിഞ്ഞാറായാണ് അൽവോർഡ് സ്ഥിതി ചെയ്യുന്നത്. വാൻ റോഡിൽ നിന്ന് തെന്നിമാറിയപ്പോൾ ഡ്രൈവർ കൺട്രോൾ ചെയ്യാൻ ശ്രമിച്ചെങ്കിലും അപകടത്തിൽപ്പെടുകയായിരുന്നു. ഡ്രൈവർ സംഭവസ്ഥലത്തുവച്ചു തന്നെ മരിച്ചതായി സ്ഥിരീകരിച്ചു. സംഭവസ്ഥലത്തുവച്ച് മരിച്ച മൂന്നുപേരിൽ ഡ്രൈവറും ഉൾപ്പെട്ടതായി ട്രൂപ്പർമാർ പറഞ്ഞു. മറ്റൊരാൾ പിന്നീട് പ്രാദേശിക ആശുപത്രിയിൽവച്ചാണ് മരിച്ചത്. 14 യാത്രക്കാരിൽ ഒരാൾ മാത്രമാണ് സീറ്റ് ബെൽറ്റ് ധരിച്ചിരുന്നതെന്നും സീറ്റ് ബെൽറ്റ് ധരിച്ചയാൾ അപകടനില തരണം ചെയ്തുവെന്നും പറഞ്ഞു. മൂന്ന് യാത്രക്കാരെ എയർ ലിഫ്റ്റ് ചെയ്തു. അപകടത്തിൽപ്പെട്ടവരെ ആരെയും തിരിച്ചറിഞ്ഞിട്ടില്ല.

# ബൈഡന്റെ വിദ്യാർത്ഥി വായ്പ ഇളവ്; പദ്ധതി തൽക്കാലം സുപ്രീംകോടതി പുനസ്ഥാപിക്കില്ല

വാഷിംഗ്ടൺ: ദശലക്ഷക്കണക്കിന് വിദ്യാർത്ഥി വായ്പ റദ്ദാക്കാനുള്ള ബൈഡൻ ഭരണകൂടത്തിന്റെ ഏറ്റവും പുതിയ പദ്ധതി പുനസ്ഥാപിക്കാനുള്ള അപ്പീൽ തള്ളി സുപ്രീം കോടതി. സേവ് പ്ലാൻ എന്നറിയപ്പെടുന്ന പ്രോഗ്രാം തടഞ്ഞുകൊണ്ടുള്ള അപ്പീൽ കോടതി ഉത്തരവ് പിൻവലിക്കാനുള്ള നീതിന്യായ വകുപ്പിന്റെ അപേക്ഷ ജസ്റ്റിസുമാർ ബുധനാഴ്ച നിരസിക്കുകയായിരുന്നു. സമീപ മാസങ്ങളിൽ ഒരു ഡസനിലധികം ജിഒപിയുടെ നേതൃത്വത്തിലുള്ള സംസ്ഥാനങ്ങളിൽ നിന്നുള്ള നിയമപരമായ വെല്ലുവിളികൾ നേരിട്ട പദ്ധതിയാണ് സേവ് പ്ലാൻ.

'അപ്പീൽ കോടതി ഉചിതമായ തീരുമാനം നൽകുമെന്ന് പ്രതീക്ഷിക്കുന്നു' എന്ന് ഒപ്പിടാത്ത ഉത്തരവിൽ കോടതി പറഞ്ഞു. ഇക്കാര്യത്തിൽ അധികം വിയോജിപ്പുകൾ ഉണ്ടായിരുന്നില്ല. ഉത്തരവിൽ 8-ാം സർക്യൂട്ടിനുള്ള യുഎസ് അപ്പീൽ കോടതിയിൽ നിന്നുള്ള ഇൻജക്ഷൻ ഓർഡറും റദ്ദാക്കി.

അതേസമയം നിയമനടപടികൾ നടക്കുന്നതിനാൽ ഈ മാസം ആദ്യം പ്രോഗ്രാമിൽ എന്റോൾ ചെയ്ത വായ്പ



ക്കാർക്കുള്ള വായ്പാ പേയ്മെന്റുകൾ വിദ്യാഭ്യാസ വകുപ്പ് താൽക്കാലികമായി നിർത്തിവച്ചു.

ദശലക്ഷക്കണക്കിന് അമേരിക്കക്കാർക്ക് ആശ്വാസം നൽകാനുള്ള മിസ്റ്റർ ബൈഡന്റെ ശ്രമങ്ങൾക്ക് സുപ്രീംകോടതി തടയിടുകയായിരുന്നു. കഴിഞ്ഞ വർഷം 40 ദശലക്ഷത്തിലധികം അമേരിക്കക്കാർക്ക് പ്രയോജനം ലഭിക്കുകയും ഏകദേശം അര ട്രില്യൺ ഡോളർ വായ്പകൾ ഇളവ് നൽകുകയും ചെയ്ത മുൻ പദ്ധതിയാണ് കോടതി ഇടപെട്ട് റദ്ദാക്കിയത്.

### ബൈഡന്റെ വിദ്യാർത്ഥി വായ്പ ഇളവ് പദ്ധതി

ഏറ്റവും പുതിയ പ്രോഗ്രാം, വരുമാനം അടിസ്ഥാനമാക്കിയുള്ള തിരിച്ചടവ് പദ്ധതിയാണ്. അതിൽ വായ്പയുടെ പ്രതിമാസ പേയ്മെന്റുകൾ വായ്പക്കാരന്റെ വരുമാനത്തെ അടിസ്ഥാനമാക്കി ഉള്ളതാണ്. 2023 ജൂലൈയിൽ ബൈഡൻ ഭരണകൂടം പുറത്തിറക്കിയ സേവ് പ്ലാൻ പ്രതിമാസ ബിരുദ വായ്പ പേയ്മെന്റുകൾ ഫെഡറൽ ദാരിദ്ര്യരേഖയുടെ 225% ന് മുകളിലുള്ള വായ്പക്കാരന്റെ വിവേചനാധികാര വരുമാനത്തിന്റെ 5% ആയി കുറയ്ക്കുന്നു.

കൂടാതെ ചെറിയ തിരിച്ചടവ് കാലയളവുകളും മുമ്പത്തെ വായ്പയും നൽകുന്നു. ചെറിയ ആരംഭ ബാലൻസുകളുള്ള വായ്പക്കാർക്ക് വായ്പ ഇളവും നൽകുന്നു. ഉദാഹരണത്തിന് 12,000 ഡോളറോ അതിൽ താഴെയോ കടം വാങ്ങുന്നയാൾ, 10 വർഷത്തെ പേയ്മെന്റുകൾ നടത്തിയതിന് ശേഷമുള്ള അവരുടെ കുടിശ്ശികയുള്ള കടം ഇല്ലാതാക്കും.

ഉന്നത വിദ്യാഭ്യാസ നിയമത്തിന് കീഴിൽ ഈ മാറ്റങ്ങൾ വരുത്താൻ തങ്ങൾക്ക് അധികാരമുണ്ടെന്ന് അഡ്മിനിസ്ട്രേഷൻ പറഞ്ഞു. സേവ് പ്ലാനിൽ എന്റോൾ ചെയ്ത 8 ദശലക്ഷം വായ്പക്കാരിൽ 4.5 ദശലക്ഷം പേർക്ക് പ്രതിമാസം 0 ഡോളർ പേയ്മെന്റുകൾ ഉണ്ടെന്നും കണക്കാക്കുന്നു. പദ്ധതിയുടെ ചില വ്യവസ്ഥകൾ 2023 ജൂലൈ അവസാനം മുതൽ പ്രാബല്യത്തിൽ വന്നിരുന്നു. മറ്റുള്ളവ ജനുവരിയിൽ നടപ്പിലാക്കി. മറ്റുള്ളവ ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരേണ്ടതാണ്.

ഒരു ദശാബ്ദത്തിൽ സേവ് പദ്ധതിക്ക് ഏകദേശം 156 ബില്യൺ ഡോളർ ചിലവാകും എന്ന് വിദ്യാഭ്യാസ വകുപ്പ് കണക്കാക്കുന്നു. എന്നാൽ യഥാർത്ഥ ചെലവ് 475 ബില്യൺ ഡോളറാണെന്ന് വിമർശകർ വാദിക്കുന്നു.

കാരണം ഭരണകൂടം അതിന്റെ വിശകലനത്തിൽ നിന്ന് 430 ബില്യൺ ഡോളർ കടം പ്രസിഡന്റിന്റെ മുമ്പത്തെ വിശാലമായ വായ്പാ മാപ്പ് നിർദ്ദേശം ക്ഷമിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ 2003 ലെ ഹീറോസ് ആക്ടിനെ ആശ്രയിച്ചുള്ള ആ പദ്ധതി കഴിഞ്ഞ വർഷം സുപ്രീം കോടതി അസാധുവാക്കിയിരുന്നു.

### എഐ പുനഃസൃഷ്ടിച്ച യേശുവിന്റെ മുഖം

# തിരുക്കച്ചയിൽ കണ്ട യേശുവിന്റെ മുഖം യഥാർത്ഥമാണെന്ന് ശാസ്ത്രജ്ഞൻമാർ

ഏകദേശം 2,000 വർഷങ്ങൾക്ക് മുമ്പ് യേശുവിന്റെ ജീവിതകാലത്തുള്ളതാണ് ടൂറിൻ ആവരണം (തുണിക്കച്ച) എന്നാണ് ചരിത്രകാരൻമാർ അവകാശപ്പെടുന്നത്. ഇപ്പോൾ ഇറ്റലിയിലെ ശാസ്ത്രജ്ഞർ ഇതുമായി ബന്ധപ്പെട്ട ഒരു സുപ്രധാന റിപ്പോർട്ട് പുറത്തുവിട്ടിരിക്കുകയാണ്. യേശുവിന്റെ മുഖം പതിച്ചെന്ന് പറയപ്പെടുന്ന അമൂല്യമായ തിരുശേഷിപ്പിനെ അടിസ്ഥാനമാക്കി ദൈവപുത്രൻ യഥാർത്ഥത്തിൽ എങ്ങനെയിരിക്കുമെന്ന് എഐയുടെ സഹായത്തോടെ പുനർവിചിന്തനം ചെയ്തിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട വളരെ ആധികാരികവും നിർണായകവുമായ വെളിപ്പെടുത്തലാണ് ശാസ്ത്രജ്ഞൻമാർ നടത്തിയിരിക്കുന്നത്. ക്രൈസ്തവ വിശ്വാസികൾക്ക് മാത്രമല്ല സഭയ്ക്ക് തന്നെ ചരിത്രത്താളുകളിൽ രേഖപ്പെടുത്താവുന്ന ഏറ്റവും നിർണായകമായ കണ്ടുപിടുത്തമാണ് പുറത്തുവന്നിരിക്കുന്നത്.



മെയിൽ ഓൺലൈൻ എഐ ടൂൾ ആയ മെർലിനോട് ചോദിച്ച ചോദ്യം ഇതാണ്: 'ഷ്രൂഡ് ഓഫ് ടൂറിനിലെ മുഖത്തെ അടിസ്ഥാനമാക്കി നിങ്ങൾക്ക് യേശുക്രിസ്തുവിന്റെ ഒരു യഥാർത്ഥ ചിത്രം സൃഷ്ടിക്കാനാകുമോ?' അതിന് ഇപ്പോൾ ഉത്തരം ലഭിച്ചിരിക്കുന്നു.

വലിയ നീലക്കണ്ണുകളും ട്രിം ചെയ്ത കുറ്റി താടിയും ഉള്ള ക്രിസ്തു വെളുത്ത നിറമുള്ളവനായിരുന്നുവെന്ന് എഐ സൃഷ്ടിച്ച രൂപം സൂചിപ്പിക്കുന്നു. ട്യൂറിൻ മൂടുപടത്തെ ആസ്പദമാക്കി കുഴിഞ്ഞ കണ്ണുകളുള്ള ഒരു മനുഷ്യന്റെ ചിത്രമായിരുന്നു എഐ അവതരിപ്പിച്ചത്. അതേപ്പറ്റി വിദഗ്ധർ വിശദമായി പഠിച്ചു. പരീക്ഷണങ്ങളും നടത്തി.

1354ൽ ഫ്രാൻസിലാണ് കച്ച ആദ്യമായി കണ്ടെത്തിയത്. ഇത് വ്യാജമാണെന്ന് ആദ്യം പ്രസ്താവിച്ച കത്തോലിക്കാ സഭ ഇപ്പോൾ അത് യഥാർത്ഥമാണെന്ന് സ്വീകരിച്ചിരിക്കുന്നു. ഇത് വിശ്വാസി സമൂഹത്തിന് കൂടുതൽ പ്രത്യാശ നൽകുന്ന വാർത്തയാണ്. എന്നാൽ യേശുവിന്റെ മരണശേഷം ശരീരം പൊതിഞ്ഞ തുണിയാണെന്ന് പലരും വിശ്വസിക്കുന്ന ടൂറിൻ ആവരണം യഥാർത്ഥമാണെന്ന് എല്ലാവർക്കും ബോധ്യപ്പെട്ടിട്ടില്ല. 5 അടി 7 മുതൽ 6 അടി വരെ ഉയരമുള്ള, കുഴിഞ്ഞ കണ്ണുകളുള്ള ഒരു ധീരനായ മനുഷ്യനെ ചിത്രീകരിക്കുന്ന, മുന്നിലും പിന്നിലും മങ്ങിയതും തവിട്ടുനിറത്തിലുള്ളതുമായ ചിത്രങ്ങളാണ് ഈ തുണിക്കച്ചയിൽ കാണപ്പെടുന്നത്.

ടൂറിൻ ആവരണം എന്നാൽ യേശുക്രിസ്തുവിന്റെ ശവസംസ്കാര സമയത്ത് പൊതിഞ്ഞിരുന്ന തുണിയാണ്. ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ മങ്ങിയ ചിത്രമുള്ള 14 അടി നീളമുള്ള ലിനൻ തുണിയാണ് ടൂറിൻ ആവരണം. അതിലെ ചിത്രം യേശുവിന്റെ കുരിശു മരണത്തിന്റെ കഥയെ പ്രതിഫലിപ്പിക്കുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു. അതേസമയം ആവരണത്തിന്റെ ആധികാരികത വർഷങ്ങളായി ചോദ്യം ചെയ്യപ്പെടുന്നുണ്ട്. എന്നാൽ അതിന്റെ ഉത്ഭവം സാധൂകരിക്കാൻ അവകാശപ്പെടുന്ന നിരവധി പഠനങ്ങളും ഉണ്ട്.

ചരിത്രത്തിലെ ഏറ്റവും തീവ്രമായി പഠിക്കപ്പെട്ട മനുഷ്യ പുരാവസ്തുക്കളിൽ ഒന്നായി ഇത് കണക്കാക്കപ്പെടുന്നു. 1354ൽ ഇത് ആദ്യമായി ഉയർന്നുവന്നത് മുതൽ, വത്തിക്കാൻ അധികാരികൾ അതിനെ യഥാർത്ഥ ശവസംസ്കാര ആവരണമായി കണക്കാക്കണോ എന്നതിനെക്കുറിച്ച് ആവർത്തിച്ച് പഠനങ്ങളും നിരീക്ഷണങ്ങളും ചർച്ചകളും നടത്തിയിട്ടുണ്ട്. കഫൻ ഇപ്പോൾ ടൂറിനിലെ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് കത്തീഡ്രലിൽ സൂക്ഷിച്ചിരിക്കുകയാണ്. പ്രത്യേക അവസരങ്ങളിൽ മാത്രമേ ഇത് പരസ്യമായി പ്രദർശിപ്പിക്കൂ. ഇറ്റാലിയൻ നഗരത്തിന്റെ മധ്യഭാഗത്തുള്ള ചാപ്പലിലെ ടൂറിൻ ഷ്രോഡ് ക്രിസ്തുമതത്തിന്റെ തന്നെ ഏറ്റവും വിശുദ്ധമായ തിരുശേഷിപ്പുകളിൽ ഒന്നാണ്.

ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ ശവകുടീരത്തിൽ വെച്ചപ്പോൾ പൊതിഞ്ഞ തുണികൊണ്ടുള്ള ആവരണമാണ് കഫൻ എന്ന് അവകാശപ്പെടുന്നത്. പുതിയ പഠനത്തിൽ ഉൾപ്പെടാത്ത ജോർജിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഗവേഷണ ശാസ്ത്രജ്ഞൻ ടിം ആൻഡേഴ്സൺ പറഞ്ഞു. ഇത് എങ്ങനെ കെട്ടിച്ചമച്ചതോ പ്രകൃതിദത്ത പ്രക്രിയകളാൽ സൃഷ്ടിക്കപ്പെട്ടതോ ആയതിന് ശാസ്ത്രീയമായ വിശദീകരണമൊന്നുമില്ല.

1350 കളിലാണ് ഇത് ആദ്യമായി പ്രദർശിപ്പിച്ചത്. ട്യൂറിൻ ആവരണം ക്രിസ്തു ക്രൂശിക്കപ്പെട്ടതിന് ശേഷം ശരീരം പൊതിയാൻ ഉപയോഗിച്ച യഥാർത്ഥ കച്ചയായി കണക്കാക്കപ്പെടുന്നു. വിശുദ്ധ ആവരണം എന്നും അറിയപ്പെടുന്ന ഇത് ഒരു താടിയുള്ള മനുഷ്യന്റെ മുന്നിലും പിന്നിലും ഉള്ള ഒരു മങ്ങിയ ചിത്രം ഉൾപ്പെടുന്നതാണ്. പല വിശ്വാസികളും അത് തുണിയിൽ അത്ഭുതകരമായി പതിഞ്ഞിരിക്കുന്ന യേശുവിന്റെ ശരീരമാണ് വിശ്വസിക്കുന്നു.

1980 കളിലെ ഗവേഷണം, ക്രിസ്തുവിന്റെ മരണത്തിന് നൂറുകണക്ക് വർഷങ്ങൾക്ക് ശേഷമുള്ള മധ്യകാലഘട്ടത്തിലേതാണ് ചൂണ്ടിക്കാട്ടി ആ നിഗമനത്തെ പൊളിച്ചെഴുതി. എന്നാൽ ഇറ്റാലിയൻ അക്കാദമിക് വിദഗ്ധർ എക്സ്രേ ഉൾപ്പെടെയുള്ള ഒരു പുതിയ സാങ്കേതികത വിദ്യ ഉപയോഗിച്ച്, മെറ്റീരിയൽ ഏകദേശം 2,000 വർഷങ്ങൾക്ക് മുമ്പ് യേശുവിന്റെ കാലത്താണ് നിർമ്മിച്ചതെന്ന് സ്ഥിരീകരിക്കുകയായിരുന്നു. അതിലെ വിസ്മയകരമായ കണ്ടെത്തൽ യേശുവിന്റെ മൃതശരീരത്തിന്റെ ചിത്രം തന്നെയാണ് അതിൽ പതിഞ്ഞിരിക്കുന്നതെന്നാണ്. പിന്നിൽ കൈകൾ മടക്കിവെച്ച ഒരു മനുഷ്യന്റെ മങ്ങിയതും രക്തം പുരണ്ടതുമായ മങ്ങിയ ചിത്രം ആ ആശയത്തിന് കൂടുതൽ വിശ്വാസ്യത നൽകുന്നുവെന്ന് ശാസ്ത്രജ്ഞർ വ്യക്തമാക്കുന്നു. വിശുദ്ധ ആവരണം പഠനവിധേയമാക്കി വിശകലനം ചെയ്ത ശേഷമാണ് ശാസ്ത്രജ്ഞർ ഞെട്ടിക്കുന്ന കണ്ടെത്തൽ നടത്തിയത്.

ശരീരത്തിലെ അടയാളങ്ങൾ ബൈബിളിൽ പരാമർശിച്ചിരിക്കുന്ന യേശുവിന്റെ ക്രൂശീകരണ മുറിവുകളുമായി പൊരുത്തപ്പെടുന്നതാണ്. തലയിലെ മുള്ളുകൾ, പുറകിലെ മുറിവുകൾ, തോളിലെ ചതവുകൾ എന്നിവ എല്ലാം തന്നെ ഇതിൽ ഉൾപ്പെടുന്നു. ക്രിസ്തു വഹിച്ചിരുന്ന കുരിശിന് ഏകദേശം 300 പൗണ്ട് ഭാരമുണ്ടെന്നും അത് ചതവുകൾ അവശേഷിപ്പിക്കുമായിരുന്നുവെന്നും ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. യേശുവിനെ റോമാക്കാർ ചമ്മട്ടികൊണ്ട് അടിച്ചതായി ബൈബിൾ പ്രസ്താവിക്കുന്നു. മാത്രമല്ല ആവരണത്തിലെ രക്തക്കറകൾ പരിക്കേറ്റ ഒരാളെ പൊതിയാൻ തുണി ഉപയോഗിച്ചു എന്നതിന്റെ വ്യക്തമായ തെളിവാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

അരിമത്തിയയിലെ ജോസഫ്, യേശുവിന്റെ ശരീരം ഒരു ലിനൻ തുണിയിൽ പൊതിഞ്ഞ് ഒരു പുതിയ കല്ലറയിൽ സ്ഥാപിച്ചതായി ബൈബിളിൽ പറയുന്നുണ്ട്. അന്താരാഷ്ട്ര ഗവേഷകരുടെ ഒരു സംഘം കാർബൺ ഡേറ്റിംഗ് ഉപയോഗിച്ച് ആവരണത്തിന്റെ ഒരു ചെറിയ ഭാഗം വിശകലനം ചെയ്യുകയും 1260 നും 1390 നും ഇടയിൽ മധ്യകാലഘട്ടത്തിൽ നിർമ്മിച്ച തുണിയാണെന്ന് നിർണ്ണയിക്കുകയും ചെയ്തിരുന്നു. എന്നിരുന്നാലും, പുതിയ പഠനത്തിന്റെ രചയിതാക്കൾ അവകാശപ്പെടുന്നത് കാർബൺ ഡേറ്റിംഗ് വിശ്വസനീയമായിരിക്കില്ല, കാരണം തുണികളിൽ നീക്കം ചെയ്യാൻ കഴിയാത്തവിധം കാലങ്ങളായി മാലിനീകരണത്തിന് വിധേയമായിട്ടുണ്ട്.

എന്തിനധികം, ആൻഡേഴ്സൺ ചൂണ്ടിക്കാണിച്ചതുപോലെ മധ്യകാല സാങ്കേതികവിദ്യ ഉപയോഗിച്ച് ഇത് എങ്ങനെ കെട്ടിച്ചമച്ചുവെന്ന് വിശദീകരിക്കാൻ ഒരു മാർഗവുമില്ല. ആധികാരികത സ്ഥാപിക്കാൻ കഴിയില്ലെങ്കിലും, ഇത് ഒരു മധ്യകാലത്തിലെ വ്യാജ സൃഷ്ടിയാണോ എന്ന് നിർണ്ണയിക്കാൻ വളരെ എളുപ്പമാണെന്ന് ആൻഡേഴ്സൺ പറഞ്ഞിരുന്നു. എന്നിട്ടും പതിറ്റാണ്ടുകളായി അതിനെക്കുറിച്ചുള്ള ശാസ്ത്രീയ പരിശോധനകളും അവലോകന ലേഖനങ്ങളും ഉണ്ടായിരുന്നിട്ടും ആ നിഗമനം ഒരിക്കലും തെളിയിക്കപ്പെട്ടില്ല.

# 'അതിർത്തിയിൽ മതിൽ പണിയും'; ഉറച്ച നിലപാടുകളുമായി വീണ്ടും കമലാ ഹാരിസ്

വാഷിംഗ്ടൺ: കമലാ ഹാരിസ് അതിർത്തിയിൽ മതിൽ പണിയാൻ ആഗ്രഹിക്കുന്നു. ഇത് തമാശയില്ല. മുൻ നിലപാടുകളിൽ നിന്ന് കമല ഹാരിസിന്റെ പിന്മാറ്റത്തിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് മതിൽ എന്ന ആശയം.

സർവേകൾ ഹാരിസിനെ പിന്തുണയ്ക്കുന്നതുപോലെ അവളുടെ ബോധ്യങ്ങളും ആഴത്തിലുള്ളതായി മാറുന്നു എന്നുവേണം കരുതാൻ.

വൈസ് പ്രസിഡന്റ് കമലാ ഹാരിസ് ഇപ്പോൾ അതിർത്തി മതിൽ പണിയാൻ ആഗ്രഹിക്കുന്നുവെന്ന് ചൊവ്വാഴ്ച പറയുകയുണ്ടായി. പക്ഷേ അത് ഒരു ആക്ഷേപഹാസ്യമായിരുന്നില്ല.

പകരം, മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ സിഗ്നേച്ചർ ആശയങ്ങളിൽ ഒന്നിനെയും പുരോഗമനവാദികൾ പുച്ഛിക്കുന്നതിനെയും പിന്തുണയ്ക്കാൻ ഡെമോക്രാറ്റിക് പ്രസിഡന്റ് നോമിനി തീരുമാനിച്ചു എന്നതിന് തെളിവാണ്.



മതിൽ പണിയാനുള്ള ഹാരിസിന്റെ പുതിയ ആഗ്രഹത്തെ ഇടതുപക്ഷ ചായ്വുള്ള ആക്സിയോസ് വിവരിച്ചത് ഇങ്ങനെയാണ്:

'എല്ലാവരും മെഡികെയറിനെ പിന്തുണയ്ക്കുക, ഫ്രാക്കിംഗ് നിരോധിക്കുക എന്നിങ്ങനെയുള്ള അവരുടെ മുൻകാല ലിബറൽ നിലപാടുകളിൽ നിന്ന് ഹാരിസ് വ്യതിചലിച്ചു എന്നതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണിത്.'

JAIBU MATHEW KULANGARA, EA
TAX SERVICES FOR PERSONAL & BUSINESS
Enrolled to Practice Before IRS | Free Electronic Filing



Office: 773 792 2117
Home: 847 298 0786
Cell: 312 718 6337
7215 W Touhy, Suite 6
Chicago, Illinois 60631



# കടുപ്പിച്ച് കാനഡ: താത്കാലിക വിസയിലെത്തുന്നവർക്ക് നിയന്ത്രണം



കാനഡയിലേക്ക് ജോലിക്കായി എത്തുന്ന വിദേശികളുടെ എണ്ണം നിയന്ത്രിക്കാനുള്ള നടപടികൾ ആരംഭിച്ചു. താത്കാലിക തൊഴിൽ വിസയിൽ രാജ്യത്ത് എത്തുന്നവർക്ക് നിയന്ത്രണമേർപ്പെടുത്താനാണ് നീക്കം. നിലവിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് ജോലിക്കായി കാനഡയിലെത്തുവർക്കായി മാറ്റങ്ങൾ നടപ്പിലാക്കുമെന്ന് തൊഴിൽ മന്ത്രി റാണ്ടി ബൊയ്സോണാൾട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. സെപ്തംബർ 26ന് ഇത് പ്രാബല്യത്തിൽ വരും.

കനേഡിയൻ പൗരന്മാർക്ക് ജോലി സാധ്യതകൾ കുറയുകയും വിദേശത്ത് നിന്ന് എത്തുന്നവർക്ക് ജോലി ലഭിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് നീക്കം. ഇന്ത്യ ഉൾപ്പെടെ വിവിധ രാജ്യങ്ങളിലെ യുവാക്കൾക്ക് ഈ തീരുമാനം തിരിച്ചടിയാകുമെന്നാണ് വിലയിരുത്തൽ.

കാനഡയിലെ തൊഴിലില്ലായ്മ നിരക്ക് വർദ്ധിച്ചതും ഇതിന് കാരണമായിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ നിന്നും എത്തുന്നവർക്ക് കാനഡയിൽ കുറഞ്ഞ കാലത്തേക്ക് ജോലി ചെയ്യാൻ അവസരം നൽകുന്നതായിരുന്നു കാനഡയുടെ ടെമ്പററി ഫോറിൻ വർക്കേഴ്സ് പ്രോഗ്രാം.

കോവിഡിന് ശേഷം തൊഴിലാളികളെ ലഭിക്കുന്നതിന് ക്ഷാമം വന്നതോടെയാണ് വിവിധ മേഖലകളിലുള്ള തൊഴിൽ ദാതാക്കളുടെ ആവശ്യം പരിഗണിച്ച് സർക്കാർ ഇത്തരമൊരു നീക്കം നടത്തിയത്. കുറഞ്ഞ വേതനത്തിലാണ് വിദേശ തൊഴിലാളികൾക്ക് ഇത്തരം ഇടങ്ങളിൽ താത്കാലിക അവസരങ്ങൾ ലഭിച്ചിരുന്നത്. 20 ശതമാനത്തോളം വിദേശത്ത് നിന്നെത്തുന്ന തൊഴിലാളികൾക്കായി നീക്കിവച്ചിരുന്നു. ഇത് 10 ശതമാനമായി കുറയ്ക്കാനാണ് ഇപ്പോൾ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള തൊഴിലാളികളുടെ തൊഴിൽ കാലയളവ് ഒരു വർഷമായി കുറയ്ക്കും. നേരത്തെ ഇത് രണ്ട് വർഷമായിരുന്നു.

കഴിഞ്ഞ ഏതാനും വർഷത്തിനിടെ ഉണ്ടായ ഏറ്റവും വലിയ തൊഴിലില്ലായ്മ പ്രശ്നമാണ് കാനഡ അഭിമുഖീകരിക്കുന്നതെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. 6.4 ശതമാനമാണ് രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക്. യുവാക്കൾക്കിടയിൽ 14.2 ശതമാനമാണ് തൊഴിലില്ലായ്മ നിരക്കെന്നും എംപ്ലോയ്മെന്റ് മന്ത്രാലയത്തിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. സമ്പദ്‌വ്യവസ്ഥ താഴേക്ക് പോയതും കാനഡയ്ക്ക് തിരിച്ചടിയായി. താത്കാലിക തൊഴിൽ വിസയിൽ കഴിഞ്ഞ വർഷം മാത്രം 2.4 ലക്ഷം പേർക്കാണ് ജോലി ലഭിച്ചത്. റെസ്റ്റോറന്റുകൾ, റീട്ടെയ്ൽ മേഖലകളിലാണ് ഇത്തരം ജോലി ഒഴിവുകൾ കൂടുതലായി ഉള്ളത്.

വേതനം കുറച്ച് കൊടുത്താൽ മതി എന്നതിനാൽ തൊഴിലുടമകളും ഇതിന് പിന്തുണ നൽകിയിരുന്നു. കാനഡയുടെ താത്കാലിക തൊഴിൽ വിസ സേവനം ഏറ്റവും അധികം പ്രയോജനപ്പെടുത്തുന്നത് മെക്സിക്കോയിലുള്ളവരാണ്. 45,500ലധികം പേരാണ് ഈ വിസ സേവനം ഉപയോഗിച്ചത്. രണ്ടാം സ്ഥാനത്ത് ഇന്ത്യയാണ്. 26,495 പേർക്ക് താത്കാലിക തൊഴിൽ വിസയുണ്ട്.

20,635 പേരുമായി ഫിലിപ്പീൻസാണ് പട്ടികയിൽ മൂന്നാം സ്ഥാനത്ത്. ട്രക്ക് ഡ്രൈവർമാർ, റെസ്റ്റോറന്റ്, കൃഷി, പ്രായമായവരുടെ പരിചരണം എന്നീ മേഖലകളിലാണ് ഇന്ത്യയിൽ നിന്നുള്ള ആളുകൾ ഇത്തരം വിസ ഉപയോഗിച്ച് ജോലി കൂടുതലായും ചെയ്ത് വന്നിരുന്നത്. ഇതിൽ ഭൂരിഭാഗം മേഖലകൾക്കും പുതിയ നിയന്ത്രണം ബാധകമായിരിക്കും.

# കാനഡയുടെ പുതിയ നയം ഇന്ത്യക്കാരെ എങ്ങനെ ബാധിക്കും?

കാനഡ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ തിങ്കളാഴ്ച (ആഗസ്റ്റ് 26) രാജ്യത്ത് കുറഞ്ഞ വേതനവും താൽക്കാലിക ജോലിയും ചെയ്യുന്ന വിദേശ തൊഴിലാളികളുടെ എണ്ണം കുറയ്ക്കുന്നു എന്ന് പ്രഖ്യാപിച്ചു.

ഈ തീരുമാനം സമീപകാല നയമാറ്റത്തെ ആണ് പ്രതിഫലിപ്പിക്കുന്നത്.

2023ലെ 6.2 ശതമാനത്തിൽ നിന്ന് അടുത്ത മൂന്ന് വർഷത്തിനുള്ളിൽ കാനഡയിലെ അത്തരം തൊഴിലാളികളുടെ എണ്ണം ജനസംഖ്യയുടെ 5 ശതമാനമായി കുറയ്ക്കാൻ പദ്ധതിയിടുന്നതായി കനേഡിയൻ സർക്കാർ മുമ്പ് സൂചിപ്പിച്ചിരുന്നു.

**അതേസമയം ഈ നീക്കം ആരെയാണ് ബാധിക്കാൻ സാധ്യത? അതിന്റെ വലിയ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണ്?**

കാനഡയിലെ ഈ 'താത്കാലിക തൊഴിലാളികൾ' ആരാണ്? കൂടുതൽ അറിയാം

ഈ വിഭാഗത്തിലെ ആദ്യത്തേത് താൽക്കാലിക തൊഴിൽ വിസയിലുള്ളവരാണ്. അത്തരം വ്യക്തികൾ ഒരു നിശ്ചിത കാലയളവിലേക്കാണ് കാനഡയിലെത്തുന്നത്, അതായത് രണ്ട് വർഷത്തേക്ക്, സാധാരണയായി മണിക്കൂറിന് CAD 13-19 (മണിക്കൂറിന് ഏകദേശം 800–1,200 രൂപ) നൽകുന്ന ജോലികളിൽ പ്രവർത്തിക്കുന്നവരാണ് ഇവർ.

ഈ വിഭാഗത്തിലെ രണ്ടാമത്തേത് അന്താരാഷ്ട്ര വിദ്യാർത്ഥികളാണ്. പഠനം പൂർത്തിയാക്കിയ ശേഷം, നിരവധി വിദ്യാർത്ഥികൾ കാനഡയിൽ ഒന്ന് മുതൽ മൂന്ന് വർഷം വരെ തൊഴിൽ വിസയിൽ തുടരുന്നു, ഈ സമയത്ത് അവർ സ്ഥിര താമസത്തിന് (പിആർ) അപേക്ഷിക്കുന്നു.

വിദ്യാർത്ഥികൾ അവരുടെ പഠനസമയത്ത് (ഇതു സംബന്ധിച്ച് നിയന്ത്രണങ്ങൾ ഉണ്ടെങ്കിലും) ഇത്തരം ജോലി ചെയ്യുന്നു.

മൂന്നാമത്തേത് സ്പൗസ് ഓപ്പൺ വർക്ക് പെർമിറ്റുള്ളവരാണ്.

ഈ പെർമിറ്റിന് കീഴിൽ കുറഞ്ഞ വേതനത്തിൽ ജോലി ചെയ്യുന്ന പല അന്തർദേശീയ വിദ്യാർത്ഥികളും അവരുടെ പങ്കാളികളെ കാനഡയിലേക്ക് കൊണ്ടുവരുന്നു.

നാലാമത്തേത് ലേബർ മാർക്കറ്റ് ഇംപാക്റ്റ് അസസ്മെന്റ് അല്ലെങ്കിൽ എൽഎംഐഎ കരാറുകൾക്ക് കീഴിലുള്ള തൊഴിലാളികൾ ആണ്. ഓപ്പണിംഗുകൾ പൂരിപ്പിക്കുന്നതിന് കനേഡിയൻമാരെ കണ്ടെത്താനാകാത്തപ്പോൾ വിദേശ തൊഴിലാളികളെ നിയമിക്കാൻ LMIA തൊഴിലുടമകളെ അനുവദിക്കുന്നു.

CUAET (അടിയന്തര യാത്രയ്ക്കുള്ള കാനഡ–ഉക്രെയ്ൻ ഓതറൈസേഷൻ), അഭയം തേടുന്നവർ, മറ്റ് രാജ്യങ്ങളിൽ ജോലി ചെയ്യാൻ കനേഡിയൻമാരെ അനുവദിക്കുന്ന പരസ്പരമുള്ള യുവജന പരിപാടികളിൽ പങ്കെടുക്കുന്നവർ എന്നിവരെയും താൽക്കാലിക തൊഴിലാളികളായി കണക്കാക്കുന്നു.

**കാനഡയുടെ ഈ പുതിയ നയം ഇന്ത്യക്കാരെ എങ്ങനെ ബാധിക്കും എന്ന് നോക്കാം**

കഴിഞ്ഞ വർഷം വരെ കാനഡയിലെ അന്താരാഷ്ട്ര വിദ്യാർത്ഥി ജനസംഖ്യയുടെ 40 ശതമാനത്തോളം വരുന്ന ഇന്ത്യക്കാരിൽ ഈ നയ മാറ്റം കാര്യമായ സ്വാധീനം ചെലുത്തിയേക്കാം. ഇത് പ്രത്യേകിച്ച് പഞ്ചാബിൽ നിന്നുള്ളവരെ ബാധിക്കും എന്നാണ് കണക്കുകൂട്ടൽ. കാനഡയിൽ എത്തുന്ന ഇന്ത്യക്കാരിൽ 50 ശതമാനത്തിലേറെയും വിദ്യാർത്ഥികൾ, അവരുടെ പങ്കാളികൾ, മറ്റ് കുറഞ്ഞ വേതന തൊഴിലാളികൾ എന്നിവരുൾപ്പെടെ ഉള്ളവർ പഞ്ചാബിൽ നിന്നുള്ളവരാണ്. താൽക്കാലിക തൊഴിലാളികൾക്കുള്ള നിയന്ത്രണങ്ങൾ ഈ വ്യക്തികളുടെ അവസരങ്ങളെ പരിമിതപ്പെടുത്തും, ഇത് അവരുടെ വരുമാനത്തെയും ഭാവി സാധ്യതകളെയും ബാധിക്കും.

വാസ്തവത്തിൽ, കഴിഞ്ഞ വർഷം വരെ, കാനഡ പ്രവേശിപ്പിക്കുന്ന അന്തർദ്ദേശീയ വിദ്യാർത്ഥികളുടെ എണ്ണത്തിനോ തുറന്ന SOPWകൾ നൽകുന്നതിനോ പരിധികളൊന്നും ഉണ്ടായിരുന്നില്ല. ട്രൂഡോയുടെ ഏറ്റവും പുതിയ പരാമർശങ്ങൾ, കാനഡയെ ഒരു കുടിയേറ്റ സ്ഥലമായി നോക്കുന്ന ഇന്ത്യക്കാരെ പ്രതികൂലമായി ബാധിക്കുന്ന നയപരമായ മാറ്റത്തിന് വീണ്ടും ഊന്നൽ നൽകുന്നു.

സമീപ വർഷങ്ങളിൽ കാനഡയിലേക്ക് പ്രവേശിക്കുന്ന താൽക്കാലിക താമസക്കാരുടെ എണ്ണത്തിൽ 'കുത്തനെ വർദ്ധനവ്' ഉണ്ടായിട്ടുണ്ട് എന്ന് മന്ത്രി മാർക്ക് മില്ലർ പറഞ്ഞു. നിർമ്മാണം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളിൽ താൽക്കാലിക തൊഴിലാളികൾ നിർണായക പങ്ക് വഹിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു.

പിആറിലേക്കുള്ള പാത ഉറപ്പാക്കി സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകതയിലും അദ്ദേഹം ഊന്നിപ്പറഞ്ഞു.





ടി.എം. ചുമ്മാർ ഭാഷമിത്ര പുരസ്കാരം ബഹുമുഖ പ്രതിഭയായ ജോഷി ജോർജിന് ഡോ. സെബാസ്റ്റ്യൻ പോൾ സമർപ്പിക്കുന്നു. വി.ജെ. തോമസ്, മാത്യു ജോസഫ്, പ്രൊഫ. എം.കെ. സാനു, പ്രൊഫ. എം. തോമസ് മാത്യു, സിപ്പി പള്ളിപ്പുറം, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ, എന്നിവർ സമീപം

# ജീവിതത്തെ വളരെ നിസ്സംഗമായി കണ്ട വ്യക്തിത്വമായിരുന്നു ടി.എം ചുമ്മാറിന്റേതെന്ന് പ്രൊഫ. എം.കെ സാനു

കൊച്ചി: ജീവിതത്തെ വളരെ നിസംഗമായി കാണുന്ന വ്യക്തിത്വമായിരുന്നു ടി.എം. ചുമ്മാർ. ഈ നിസംഗത അദ്ദേഹത്തിന്റെ എല്ലാ രചനകളിലും കാണുവാൻ സാധിക്കും. തന്റെ ആഹ്ലാദമോ പരിതാപമോ ഒന്നും കടന്നു വരാതെ വളരെ നിസ്സംഗമായ ഗദ്യമാണ് അദ്ദേഹം എഴുതുന്നതെന്ന് പ്രൊഫ. എം.കെ. സാനു അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്ററും ടി.എം ചുമ്മാർ മെമ്മോറിയൽ ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിച്ചു ടി.എം. ചുമ്മാർ നൂറ്റി ഇരുപത്തഞ്ചാം വാർഷികം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫൗണ്ടേഷൻ പ്രസിഡന്റ് മാത്യു ജോസഫ് അധ്യക്ഷത വഹിച്ചു. ടി.എം. ചുമ്മാർ ഭാഷാമിത്ര പുരസ്കാരം, ബഹുമുഖ പ്രതിഭയായ വാചകം എഡിറ്റർ ജോഷി ജോർജിന് മുൻ എം.പി. ഡോ. സെബാസ്റ്റ്യൻ പോൾ സമർപ്പിച്ചു.

പ്രൊഫ. എം. തോമസ് മാത്യു, സിപ്പി പള്ളിപ്പുറം ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ., ജോഷി ജോർജ്, വി.ജെ. തോമസ് എന്നിവർ പ്രസംഗിച്ചു.

# ചെന്നിത്തലയുടെ പ്രവർത്തനം മാതൃകാപരം: ഗവർണർ

ആലപ്പുഴ: ഭിന്നശേഷി വിദ്യാർത്ഥികൾക്ക് തണലൊരുക്കാൻ സബർമതി സ്പെഷ്യൽ സ്കൂൾ വഴി രമേശ് ചെന്നിത്തല നടത്തുന്നത് മാതൃകാ പ്രവർത്തനങ്ങളാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു. ഹരിപ്പാട് സബർമതി സ്പെഷ്യൽ സ്കൂളിന്റെ ഏഴാം വാർഷികാഘോഷവും സബർമതി എക്സലൻസ് അവാർഡ് വിതരണവും സ്കൂൾ അങ്കണത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഹരിപ്പാടിന് വേണ്ടി അശ്രാന്തപരിശ്രമം നടത്തുന്ന രമേശ് ചെന്നിത്തലയെ ഹരിപ്പാടിന്റെ ആജീവനാന്ത എം.എൽ.എ എന്നാണ് താൻ വിശേഷിപ്പിക്കുന്നതെന്ന് ചടങ്ങിൽ മുഖ്യാതിഥിയായ പ്രമുഖ വ്യവസായി എം.എ. യൂസഫലി പറഞ്ഞു. സബർമതിയിലെ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിന് ഒരു കോടി രൂപ അദ്ദേഹം ചടങ്ങിൽ വാഗ്ദാനം ചെയ്തു. യൂസഫലിക്ക് രമേശ് ചെന്നിത്തല സമ്മാനിച്ച ഓണക്കോടി ഗവർണർ കൈമാറി.



# ബി. ഉണ്ണിക്കൃഷ്ണനെതിരെ ആഷിക് അബുവും വിനയനും

കൊച്ചി: താരങ്ങളുടെ സംഘടനയായ അമ്മയുടെ ഭരണസമിതി രാജിവച്ചതിനു പിന്നാലെ സംവിധായകർ അടക്കമുള്ളവരുടെ സംഘടനയായ 'ഫെഫ്ക'യിലും അസ്വാരസ്യം. ഫെഫ്ക ജനറൽ സെക്രട്ടറി ബി. ഉണ്ണിക്കൃഷ്ണനെ സിനിമാ നയരൂപീകരണ സമിതിയിൽ നിന്ന് ഒഴിവാക്കണമെന്ന് സംവിധായകൻ ആഷിഖ് അബുവും വിമതപക്ഷത്തുള്ള വിനയനും ആവശ്യപ്പെട്ടു. വിനയൻ മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയും ചെയ്തു.

ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നതിനു പിന്നാലെ ചില സംവിധായകർക്കെതിരെ ഇരകൾ തുറന്നടിച്ചിരുന്നു. എന്നിട്ടും മൗനം പാലിച്ച ഫെഫ്ക പത്താംദിവസമായ ഇന്നലെയാണ് നിലപാട് വ്യക്തമാക്കി റിലീസ് ഇറക്കിയത്. തൊട്ടുപിന്നാലെ, റിലീസിൽ പറയുന്നത് ജനറൽ സെക്രട്ടറി ബി. ഉണ്ണിക്കൃഷ്ണന്റെ പ്രഖ്യാപനങ്ങളാണെന്നും സംഘടനയുടേതല്ലെന്നും അംഗമായ ആഷിക് അബു തുറന്നടിച്ചു.

ഫെഫ്ക എന്നാൽ ഉണ്ണിക്കൃഷ്ണൻ അല്ലെന്നും ഇടതുപക്ഷക്കാരനെന്ന വ്യാജ പരിവേഷം അണിഞ്ഞ് സർക്കാരിനെ തെറ്റിദ്ധരിപ്പിക്കാൻ സാധിച്ചയാളാണെന്നും കുറ്റപ്പെടുത്തി. ഒളിച്ചിരുന്ന് പ്രതിലോമ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചെന്നും നട്ടെല്ലുണ്ടെങ്കിൽ പൊതുമദ്ധ്യത്തിൽ പ്രതികരിക്കട്ടെയെന്നും ആഷിഖ് അബു പറഞ്ഞു.

### തൊഴിൽ നിഷേധത്തിന് ശിക്ഷ കിട്ടിയ സംവിധായകൻ

സിനിമയിലെ തൊഴിൽ നിഷേധത്തിനും രഹസ്യവിലക്കിനുമെതിരെ 2014ൽ താൻ നൽകിയ ഹർജിയിൽ കോംപറ്റീഷൻ കമ്മിഷൻ ഒഫ് ഇന്ത്യ ശിക്ഷിച്ച വ്യക്തിയാണ് ഉണ്ണിക്കൃഷ്ണനെന്ന് മുഖ്യമന്ത്രിക്ക് നൽകിയ കത്തിൽ വിനയൻ ചൂണ്ടിക്കാട്ടി. അമ്മയ്ക്ക് 4,00,065 രൂപയും ഫെഫ്കയ്ക്ക് 85,594 രൂപയും പിഴയാണ് അന്ന് വിധിച്ചത്.

സുപ്രീംകോടതിയും ഇതു ശരിവച്ചിരുന്നു. ഇപ്പോഴത്തെ നടപടികൾക്ക് കാരണമായ ഹേമ കമ്മിറ്റി റിപ്പോർട്ടിലും ഇക്കാര്യം പരാമർശിക്കുന്നുണ്ട്. ഈ സാഹചര്യത്തിലാണ് സിനിമാ നയരൂപീകരണ സമിതിയിൽ നിന്ന് ഉണ്ണിക്കൃഷ്ണനെ ഒഴിവാക്കാൻ ആവശ്യപ്പെടുന്നതെന്ന് വിനയൻ കത്തിൽ വ്യക്തമാക്കി.

തൊഴിലാളി സംഘടനയെ ഫ്യൂഡൽ തൊഴുത്തിൽ കെട്ടിയ ഉണ്ണിക്കൃഷ്ണൻ തൊഴിൽ നിഷേധത്തിന് കൂട്ടുനിന്നെന്ന് ആഷിക് അബുവും ആരോപിച്ചു.









# മുകേഷ്, സിദ്ദിഖ്, ജയസൂര്യ, ഇടവേള ബാബു, അഡ്വ. വി.എസ്. ചന്ദ്രശേഖർ എന്നിവർക്കെതിരെ കേസെടുത്തു



കൊച്ചി: നടിയോട് ലൈംഗീകാതിക്രമം കാണിച്ചെന്ന പരാതിയിൽ നടനും എം.എൽ.എയുമായ മുകേഷിനെതിരെ പോലീസ് കേസെടുത്തു. കൊച്ചി മരട് പോലീസാണ് കേസെടുത്തത്. ജാമ്യമില്ലാ വകുപ്പ് പ്രകാരമാണ് കേസെടുത്തിരിക്കുന്നത്.

അതേസമയം ഇടവേള ബാബു, മണിയൻ പിള്ള രാജു എന്നിവരടക്കമുള്ളവക്കെതിരെയും പോലീസ് കേസെടുത്തേക്കും. ഇവർക്കെതിരെ പരാതി ഉന്നയിച്ച നടിയുടെ മൊഴി പ്രത്യേക അന്വേഷണ സംഘം രേഖപ്പെടുത്തിയിട്ടുണ്ട്. മൊഴിയെടുത്ത ശേഷമാണ് കേസെടുക്കാൻ നീക്കം നടക്കുന്നത്.

നടൻ സിദ്ദിഖിനെതിരെ യുവനടിയുടെ പരാതിയിൽ ബലാത്സംഗത്തിന് കേസെടുത്ത് പോലീസ്. യുവനടിയിൽ മൊഴി രേഖപ്പെടുത്തിയ പ്രത്യേക അന്വേഷണ സംഘം കോടതി വഴി രഹസ്യമൊഴിയുമെടുക്കും എന്നാണ് പുറത്തു വരുന്ന വിവരം.

പ്ലസ്ടുക്കാലത്ത് സമൂഹമാദ്ധ്യമം വഴി പരിചയപ്പെട്ട സിദ്ദിഖ്, 2016ൽ 'സുഖമായിരിക്കട്ടെ' എന്ന ചിത്രത്തിന്റെ നിളാ തിയേറ്ററിലെ പ്രിവ്യൂഷോ കഴിഞ്ഞ് സിനിമാ ചർച്ചയ്ക്കായി മാസ്കോട്ട് ഹോട്ടലിലേക്ക് ക്ഷണിച്ചെന്ന് യുവനടി പോലീസിന് മൊഴിനൽകി. ഈ സമയം മാതാപിതാക്കൾഒപ്പമുണ്ടായിരുന്നു.പിന്നീട്ഹോട്ടലിലെത്തിയ തന്നെ മുറിയിൽ പൂട്ടിയിട്ട് പീഡിപ്പിച്ചു. അവിടെ നിന്ന് ഒരുവിധത്തിൽ രക്ഷപെടുകയായിരുന്നു. 21വയസുള്ളപ്പോഴാണ് ഈ സംഭവം നടി വെളിപ്പെടുത്തി. വഞ്ചിയൂർ സഖി വിമൻസ് റിസോഴ്സ് സെന്ററിൽ വച്ച് മൂന്നരമണിക്കൂറെടുത്താണ് മ്യൂസിയം എസ്.ഐ ആശാചന്ദ്രൻ മൊഴിയെടുത്തത്.

2018ൽ സമൂഹമാദ്ധ്യമത്തിലിട്ട കുറിപ്പും 2021ൽ ഓൺലൈൻ മാദ്ധ്യമത്തിൽ ഇതേക്കുറിച്ചുള്ള വാർത്തയും തെളിവായി കൈമാറി. സിദ്ദിഖിനെതിരേ തടഞ്ഞുവയ്ക്കൽ, ഭീഷണിപ്പെടുത്തൽ വകുപ്പുകളുംചുമത്തി. പരാതിക്കു പിന്നിൽ ഗൂഢാലോചനയുണ്ടെന്ന് സിദ്ദിഖ് ഡി.ജി.പിയോട് പരാതിപ്പെട്ടിരുന്നു.

അതേസമയം പരാതിക്കാരിയെ തിരുവനന്തപുരത്ത് വെച്ച് കണ്ടിരുന്നതായി സിദ്ദിഖ് തന്നെ സമ്മതിച്ചിട്ടുണ്ട്. മൊഴിയുടെ അടിസ്ഥാനത്തിൽ ഇനി കൂടുതൽ തെളിവുകളും സാക്ഷി മൊഴികളും പോലീസ് ശേഖരിക്കും എന്നാണ് അടുത്ത വൃത്തങ്ങളിൽ നിന്നും ലഭിക്കുന്ന വിവരം.

നടൻ സിദ്ദിഖിനെതിരായ പരാതിയിൽ പരാതിക്കാരി പറയുന്ന തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിലെ രേഖകൾ പോലീസ് ആവശ്യപ്പെട്ടിട്ടുണ്ട്. സിദ്ദിഖ് താമസിച്ച രേഖകളാണ് പോലീസ് ആവശ്യപ്പെട്ടിരി ക്കുന്നത്. ഈ രേഖകൾ കേസിൽ ഏറെ നിർണായകമാണ്. സിദ്ദിഖിനെതിരായ പരാതികളിൽ നടിയുടെ രഹസ്യ മൊഴിയെടുക്കാനുള്ള പോലിസിന്റെ അപേക്ഷകൾ കോടതി പരിഗണിക്കും. പരാതിക്കാരിയുടെ രഹസ്യ മൊഴിക്കായി പോലിസ് തിരുവനന്തപുരം സിജെഎം കോടതിയിലാണ് അപേക്ഷ നൽകിയിരിക്കുന്നത്. നടൻ സിദ്ദിഖിനെതിരെ തിരുവനന്തപുരം മ്യൂസിയം പൊലിസ് ബലാത്സംഗ കേസെടുത്തിരുന്നു.

നടിയോട് ലൈംഗികാതിക്രമം കാട്ടിയെന്ന പരാതിയിൽ നടൻ ജയസൂര്യക്കെതിരെ പോലീസ് കേസെടുത്തു. നടിയുടെ മൊഴി അന്വേഷണസംഘം രേഖപ്പെടുത്തിയതിനു പിന്നാലെയാണു കേസ് റജിസ്റ്റർ ചെയ്തിരിക്കുന്നത്.

സെക്രട്ടേറിയറ്റിലെ സിനിമ ചിത്രീകരണത്തിനിടെ ശുചിമുറിയുടെ സമീപത്തുവച്ച് കടന്നുപിടിച്ച് ലൈംഗികമായി അതിക്രമം നടത്തിയതിന് ഐപിസി 354, 354 A, 509 എന്നീ വകുപ്പുകൾ ചുമത്തിയാണ് കേസെടുത്തിരിക്കുന്നത്.

തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് ജാമ്യമില്ലാ വകുപ്പുകൾ പ്രകാരമാണ് ജയസൂര്യക്ക് എതിരെ കേസെടുത്തത്. ലൈംഗികാതിക്രമം, സ്ത്രീത്വത്തെ അപമാനിക്കൽ തുടങ്ങിയ വകുപ്പുകൾക്കൊപ്പമാണ് ജാമ്യമില്ലാ വകുപ്പും ചുമത്തിയിരിക്കുന്നത്. കൊച്ചി സ്വദേശിയായ നടിയുടെ 7 പരാതികളിൽ രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ കേസാണ് ഇത്. നടിയുടെ ആലുവയിലെ വീട്ടിലെത്തിയാണ് പ്രത്യേകാന്വേഷണ സംഘത്തിൽ ഉൾപ്പെട്ട ഡിഐജി അജിതാ ബീഗവും ജി പൂങ്കുഴലിയുമടക്കമുള്ളവരുടെ നേതൃത്വത്തിൽ മൊഴിയെടുത്തത്.

അമ്മയിൽ അംഗത്വം വാഗ്ദാനം ചെയ്തു പീഡിപ്പിച്ചു എന്ന പരാതിയിൽ നടൻ ഇടവേള ബാബുവിനെതിരെ എറണാകുളം നോർത്ത് പോലീസ് കേസ് എടുത്തു. ജാമ്യമില്ല വകുപ്പ് പ്രകാരമാണ് കേസ്. ആലുവ സ്വദേശി നടിയുടെ മൊഴി പ്രകാരമാണ് കേസ് എടുത്തിരിക്കുന്നത്. 376 വകുപ്പ് പ്രകാരമാണ് കേസ് എടുത്തിരിക്കുന്നത്.

നടിയുടെ പരാതിയിൽ കോൺഗ്രസ് നേതാവിനെതിരെ പോലീസ് കേസെടുത്തു. ലോയേഴ്സ് കോൺഗ്രസ് നേതാവ് അഡ്വ. വി.എസ്. ചന്ദ്രശേഖരനെതിരെയാണ് കേസെടുത്തത്. സിനിമാ ലൊക്കേഷൻ കാണിക്കാനെന്ന വ്യാജേനെ കൊണ്ടുപോയി പീഡനത്തിനിരയാക്കിയെന്നാണ് പരാതി. ഇയാൾക്കെതിരെ ബലാത്സംഗ വകുപ്പ് ചുമത്തിയാണ് കൊച്ചി സെൻട്രൽ പോലീസ് കേസ് എടുത്തത്. ലോയേഴ്സ് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ആയിരുന്നു ചന്ദ്രശേഖരൻ നടിയുടെ പരാതിക്ക് പിന്നാലെ ഇന്നലെ സ്ഥാനമൊഴിഞ്ഞിരുന്നു.

## 'ബ്രോ ഡാഡി' സിനിമയിൽ അഭിനയിക്കാനെത്തിയ ജൂനിയർ ആർട്ടിസ്റ്റിനെ പീഡിപ്പിച്ച് നഗ്നദൃശ്യങ്ങൾ പകർത്തിയെന്ന് പരാതി

മലയാള സിനിമാ രംഗത്തെ കുരുക്കിലാക്കി വീണ്ടുമൊരു പീഡന വാർത്തയാണ് പുറത്തുവരുന്നത്. 'ബ്രോ ഡാഡി' സിനിമയിൽ അഭിനയിക്കാനെത്തിയ ജൂനിയർ ആർട്ടിസ്റ്റിനെ സിനിമയുടെ അസിസ്റ്റന്റ് ഡയറക്ടർമാരിലൊരാൾ പീഡിപ്പിച്ചു നഗ്നദൃശ്യങ്ങൾ പകർത്തിയെന്നാണ് പരാതി. 2021 ഓഗസ്റ്റ് 8ന് ഹൈദരാബാദിൽ സിനിമയുടെ ഷൂട്ടിങ് നടക്കുമ്പോഴാണു സംഭവം. ഈ പരാതിയിൽ ഹൈദരാബാദ് പോലീസ് കേസെടുത്തിരുന്നു എങ്കിലും പ്രതിയെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞില്ല. പ്രത്യേക അന്വേഷണസംഘത്തിന് ഇന്നു പരാതി നൽകുമെന്ന് അവർ അറിയിച്ചു. മലയാളി അസോസിയേഷനുമായി ബന്ധപ്പെട്ടാണ് അഭിനയിക്കാൻ ആളെ തേടിയത്. അസോസിയേഷന്റെ നിർദേശ പ്രകാരമാണ് പരാതിക്കാരി അഭിനയിക്കാനെത്തിയത്. വീണ്ടും സീനിൽ അവസരം തരാമെന്നു പറഞ്ഞ് അസിസ്റ്റന്റ് ഡയറക്ടർ മൻസൂർ റഷീദ് വരാൻ ആവശ്യപ്പെട്ടു. സ്വന്തം നിലയിൽ, ഷൂട്ടിങ് സംഘം താമസിക്കുന്നിടത്തുതന്നെ മുറിയെടുത്തു. മൻസൂർ റഷീദ് മുറിയിലെത്തി കുടിക്കാൻ കോള കൊടുത്തു വെന്നും ഇതിനു ശേഷം തനിക്കു ബോധം നഷ്ടപ്പെട്ടുവെന്നും ബോധം വന്നപ്പോൾ താൻ പീഡിപ്പിക്കപ്പെട്ടുവെന്നു ബോധ്യമായി എന്നുമായിരുന്നു പരാതി.










# വി.വി.എ ഷുക്കൂർ നിര്യാതനായി



വൈക്കം മുഹമ്മദ് ബഷീർ മലയാള പഠന കേന്ദ്രം ട്രസ്റ്റിന്റെ സ്ഥാപക ജനറൽ സെക്രട്ടറി ആശയം ബുക്സിന്റെ ഡയറക്ടർ വിദ്യാഭ്യാസ സാമൂഹിക പ്രവർത്തകനും പ്രമുഖ വിവർത്തക സാഹിത്യകാരനും മാധ്യമ പ്രവർത്തകനും സാംസ്കാരിക മേഖലയിലെ പ്രമുഖ വ്യക്തിത്വവുമായ വി.വി.എ ഷുക്കൂർ (62) നിര്യാതനായി.

ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം. ആഗസ്റ്റ് 28 (ബുധൻ) കോട്ടക്കൽ ആശുപത്രിയിൽ വച്ചാണ് മരണപ്പെട്ടത്.

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി സ്വദേശിയാണ്.

ഖബറടക്കം ആഗസ്റ്റ് 29 വ്യാഴാഴ്ച രാവിലെ പത്തിന് കൊടുവള്ളി പറമ്പത്ത് കാവ് ജുമാമസ്ജിദ് ഖബറിസ്ഥാനിൽ.

ഭാര്യ: മറിയ ടീച്ചർ (കരുവാരകുണ്ട്).

മക്കൾ: ശബ്ന, ഷഹനാസ്, ഡോ. ഷിഫ (ബംഗളൂരു), ഷദ (മെഡിക്കൽ വിദ്യാർഥിനി, കോഴിക്കോട് മെഡിക്കൽ കോളജ്), ആബിദ് അമീൻ (വിദ്യാർഥി, അസ്ഹറുൽ ഉലൂം, ആലുവ).

മരുമക്കൾ: ജിയാദ് (ദുബായ്), റൈനിഷ് (എൻജിനീയർ ബംഗ്ലൂരു).

ഷുക്കൂറിന്റെ നിര്യാണത്തിൽ വൈക്കം മുഹമ്മദ് ബഷീർ മലയാള പഠന കേന്ദ്രത്തിന്റെ ചെയർമാൻ പ്രൊഫ.എം.കെ. സാനു മാഷ്, വൈസ് ചെയർമാൻ ജസ്റ്റിസ് പി.കെ. ഷംസുദ്ദീൻ, ഭാരവാഹികളായ വൈക്കം മുഹമ്മദ് ബഷീറിന്റെ മകൻ അനീസ് ബഷീർ, പ്രൊഫ.തോമസ് മാത്യു, റഫത്തുള്ള, തൃശ്ശൂർ, ഡോ.കെ. വനജ, ജോഷി ജോർജ്, കെ.എം. നാസർ, മുൻ സോളിസിറ്റർ ജനറൽ അഡ്വക്കേറ്റ് ടി.പി.എം.ഇബ്രാഹിംഖാൻ തുടങ്ങി സമൂഹത്തിലെ വിവിധ തുറകളിൽ ഉള്ളവർ അനുശോചിച്ചു.

ബഷീർ വർത്തമാനത്തിന്റെ ഭാവി തുടങ്ങി നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയും വിവിധ ഭാഷകളിൽ നിന്ന് മലയാളത്തലേക്ക് വിവർത്തനം ചെയ്യുകയും ചെയ്ത പ്രമുഖ എഴുത്തുകാരനും സാംസ്കാരിക പ്രവർത്തകനുമായ വി.വി.എ ഷുക്കൂറിന്റെ നിര്യാണം കനത്ത നഷ്ടമാണെന്ന് ജസ്റ്റിസ് പി.കെ. ശംസുദ്ദീൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

തന്റെ ആത്മകഥയായ ഓർമ്മയിലെ വസന്തങ്ങൾ എന്ന ഗ്രന്ഥം പുറത്തിറക്കുന്നത് മുഖ്യപങ്കു വഹിച്ച വി.വി.എ ശുക്കൂർ സാഹിത്യലോകത്തും മാധ്യമ ലോകത്തും വ്യക്തിമുദ്ര പതിപ്പിച്ച എഴുത്തുകാരനായിരുന്നു.

വളർന്നുവരുന്ന എഴുത്തുകാരെയും വിദ്യാർത്ഥികളെയും പ്രോത്സാഹിപ്പിക്കുന്നതിന് വിദ്യാഭ്യാസ സാഹിത്യ രംഗത്ത് വൈക്കം മുഹമ്മദ് ബഷീർ മലയാള പഠനകേന്ദ്രം നടപ്പിലാക്കുന്ന പദ്ധതികളുടെ മുഖ്യ കാര്യദർശി വി.വി.എ ഷുക്കൂർ ആയിരുന്നു എന്നും പ്രൊഫ. എം.കെ. സാനു മാഷ് അനുസ്മരിച്ചു.

ലളിതമായ ഭാഷകളിലൂടെ സമൂഹത്തിന്റെ വിവിധങ്ങളായ സന്ദേശം പുതുതലമുറയിൽ പെട്ട വായനക്കാരിൽ എത്തിക്കുവാൻ ഷുക്കൂറിന്റെ രചനകളും പ്രവർത്തനങ്ങളും മുതൽക്കൂട്ടായിരുന്നു എന്നും പ്രൊഫസർ എം.കെ. സാനു മാഷ് അനുസ്മരിച്ചു.

വി.വി.എ ഷുക്കൂറിന്റെ നിര്യാണത്തിൽ നിര്യാണത്തിൽ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ഫൗണ്ടേഷൻ അനുശോചിച്ചു.

# മുല്ലപ്പെരിയാറിൽ പുതിയ ഡാം അനിവാര്യമല്ലെന്ന് മെട്രോമാൻ ഇ. ശ്രീധരൻ



കൊച്ചി: പുതിയ ഡാം മുല്ലപ്പെരിയാറിൽ അനിവാര്യമല്ലെന്ന് മെട്രോമാൻ ഇ. ശ്രീധരൻ. വയനാട് ഉരുൾപൊട്ടലിന് പിന്നാലെ മുല്ലപ്പെരിയാറിന്റെ സുരക്ഷ സംബന്ധിച്ച് വ്യാപക ചർച്ചകൾ നടക്കുകയും ഡാം ഡികമ്മിഷൻ ചെയ്യണമെന്ന ആവശ്യം ശക്തമായി ഉയരുകയും ചെയ്തിരുന്നു. ഇതിന് പിന്നാലെയാണ് ശ്രീധരൻ അഭിപ്രായം വ്യക്തമാക്കിയത്.

മുല്ലപ്പെരിയാർ റിസർവോയറിൽനിന്ന് തമിഴ്നാട്ടിലേക്ക് തുരങ്കം നിർമിക്കണമെന്നാണ് ഇ. ശ്രീധരന്റെ അഭിപ്രായം. തമിഴ്നാട്ടിൽ വെള്ളം ശേഖരിക്കാനായി ചെറിയ ഡാമുകൾ നിർമിക്കണമെന്നും ശ്രീധരൻ നിർദേശിച്ചു.

തുരങ്കം നിർമിച്ചാൽ മുല്ലപ്പെരിയാറിനു ഭീഷണിയുണ്ടാവില്ലെന്നും ബലപ്പെടുത്തിയാൽ 50 വർഷത്തേക്ക് ഭീഷണിയില്ലെന്നും അദ്ദേഹം പറഞ്ഞു. നാലു കിലോമീറ്റർ നീളത്തിലും ആറു മീറ്റർ വിസ്താരത്തിലും തമിഴിനാട്ടിലേക്ക് തുരങ്കം നിർമിക്കാമെന്ന് ശ്രീധരൻ പറഞ്ഞു.












# ‘വിസിറ്റ് വയനാട്’: ഭീതിയുടെ അനുപാതം തിരുത്തപ്പെടണം


ബാബു കദളിക്കാട്

വയനാട് ജില്ലയിൽ വൻദുരന്തത്തിനിടയായ മുണ്ടക്കൈ ചൂരൽമല നിവാസികൾക്കായി മനം നൊന്തു തേങ്ങി കരുണയുടെ കടലായി മാറി ലോകമെങ്ങുമുള്ള മലയാളി സമൂഹം. സംസ്ഥാന, രാജ്യ അതിരുകൾക്കിപ്പുറത്തേക്ക് ഭീതിയുടെയും അനുകമ്പയുടെയും അലകളൊഴുകി. ദുരിതബാധിതരുടെ പൂർണ സജ്ജമായ പുനരധിവാസമാണ് ഇനി സർക്കാരിന്റെ മുമ്പിലുള്ള മഹാദൗത്യം. അതേസമയം, ദുരന്തം വന്നതോടെ കനത്ത പ്രതിസന്ധിയിലായ വയനാടിന്റെ ടൂറിസം മേഖലയുടെ രക്ഷയ്ക്ക് കാര്യക്ഷമമായ നടപടികൾ അനിവാര്യം.

ദശാബ്ദങ്ങളായി കൃഷിയെ പിന്നിലാക്കി ടൂറിസം മേഖല വയനാടിന്റെ മുഖ്യ വരുമാന മാർഗമായിരുന്നു. ജില്ലയുടെ വരുമാനത്തിന്റെ 55 ശതമാനത്തോളം ടൂറിസത്തിൽ നിന്നാണ്. പക്ഷേ, ദുരന്തത്തിന് പിന്നാലെ വയനാട് സുരക്ഷിതമല്ലെന്ന ഭയത്താൽ ടൂറിസ്റ്റുകൾ ഇവിടേക്ക് വരാൻ മടിക്കുന്നു. ദുരന്താനന്തരം മൂന്നാഴ്ച കൊണ്ട് വിനോദ സഞ്ചാര, അനുബന്ധ മേഖലകൾക്ക് 22 കോടിയുടെ നഷ്ടം സംഭവിച്ചതായാണ് ഏകദേശ കണക്ക്. റിസോർട്ടുകളും ഹോംസ്റ്റേകളുമടക്കം സന്ദർശകർക്കുള്ള നാലായിരത്തോളം താമസകേന്ദ്രങ്ങൾ ഈ പ്രദേശങ്ങളിലുണ്ടെന്നാണ് കണക്ക്. ആഴ്ചകളായി ഇവയിൽ ബഹുഭാഗവും ഒഴിഞ്ഞുകിടക്കുന്നു. മഴക്കാലമായിട്ടും റിസോർട്ടുകളിലും ഹോംസ്റ്റേകളിലും ഈ വർഷം 40 ശതമാനം വരെ ബുക്കിംഗുണ്ടായിരുന്നു. വിനോദ സഞ്ചാരികളുടെ ഇഷ്ടകേന്ദ്രമായിരുന്നു വയനാട്. എന്നാൽ, ദുരന്തത്തിനു ശേഷം മിക്കയിടത്തും ബുക്കിംഗുകൾ വൻ തോതിൽ റദ്ദാക്കപ്പെട്ടു.

വന്യമൃഗാക്രമണവും ഇക്കോ ടൂറിസ്റ്റ് കേന്ദ്രങ്ങൾ അടച്ചിട്ടതും കാരണം ആറ് മാസത്തോളമായി മന്ദീഭാവം നേരിട്ടിരുന്നു ടൂറിസം മേഖലയിൽ. വനസംരക്ഷണ ജീവനക്കാരനായിരുന്ന പുൽപ്പള്ളി പാക്കം വെള്ളച്ചാലിൽ പോൾ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടതിനെ തുടർന്ന് ഫെബ്രുവരി 19നാണ് കുറുവ ദ്വീപ്, ബ്രഹ്മഗിരി ട്രക്കിംഗ് കേന്ദ്രം, തോൽപെട്ടി വന്യജീവി സങ്കേതം, മുത്തങ്ങ വന്യജീവി സങ്കേതം, സൂചിപ്പാറ വെള്ളച്ചാട്ടം, മീൻമുട്ടി വെള്ളച്ചാട്ടം, ചെമ്പ്ര പീക്ക് തുടങ്ങിയ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ അടച്ചത്. വന്യമൃഗാക്രമണ വർധനയെ തുടർന്ന് ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്ന ഹൈക്കോടതി ഉത്തരവിനെ തുടർന്നായിരുന്നു ഈ നടപടി. അതിനിടെ വയനാട്ടിലെ മുഴുവൻ ടൂറിസ്റ്റ് കേന്ദ്രങ്ങളും അടച്ചിട്ടതായി തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽ കുപ്രചാരണവും അരങ്ങേറി. ഇതുമൂലം ഏപ്രിൽ, മെയ് മാസങ്ങളിൽ പോലും ജില്ലയിൽ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിരുന്നു.

ഉരുൾ പൊട്ടൽ ദുരന്ത ബാധിതർക്കായുള്ള പുനരധിവാസ പരിപാടി സന്നദ്ധ സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും ഉദാരമതികളായ വ്യവസായ പ്രമുഖരുടെയും സഹകരണത്തോടെ നടപ്പാക്കാനുള്ള ശ്രമത്തിനാണ് സർക്കാർ നിലവിൽ മുഖ്യശ്രദ്ധ ചെലുത്തുന്നത്. ലോകോത്തര നിലവാരമുള്ള പുനരധിവാസമാണ് ലക്ഷ്യമിടുന്നതെന്നും സമയബന്ധിതമായി അത് പൂർത്തിയാക്കുമെന്നുമാണ് മുഖ്യമന്ത്രി പ്രസ്താവിച്ചത്. ദുരന്ത മേഖലയിലെ 729 കുടുംബങ്ങൾക്ക് മികച്ച തോതിലുള്ള പുനരധിവാസം നടപ്പാക്കുകയെന്നത് ഭാരിച്ച പദ്ധതിയാണ്. പുനരധിവാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, പ്രകൃതി ദുരന്ത അതിജീവന മേഖലയിലെ വിദഗ്ധരുമായും വയനാട്ടിലെ ജനപ്രതിനിധികളുമായും ചർച്ച ചെയ്ത് അഭിപ്രായ ശേഖരണം നടത്താൻ സംസ്ഥാന ചീഫ് സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുമുണ്ട്. ദുരന്തമേഖലയിലെ തൊഴിലന്വേഷകർക്ക് അനുയോജ്യമായ തൊഴിൽ ഉറപ്പാക്കുകയെന്നതും അടിയന്തര പ്രാ





ധാന്യമർഹിക്കുന്ന പ്രശ്നം തന്നെ. ഇതുമായി ബന്ധപ്പെട്ട് പ്രദേശത്തെ യുവജനങ്ങൾക്കായി ‘ഞങ്ങളുമുണ്ട് കൂടെ’ എന്ന ബാനറിൽ തൊഴിൽമേള നടന്നുവരുന്നു. പുനരവധിവാസ പദ്ധതിയിൽ ടൂറിസം മേഖലക്ക് വന്ന മന്ദീഭാവത്തിന് പരിഹാരം കാണാനുള്ള പരിപാടികളും ഉൾക്കൊള്ളിക്കേണ്ടത് അനിവാര്യം.

ദുരന്തത്തിന് ഇരകളായവർ മാത്രമല്ല, ഉരുൾപൊട്ടൽ സാധ്യതാ മേഖലകളിലെ താമസക്കാർ കൂടി ഉൾപ്പെടുന്നുണ്ട് പുനരധിവാസ പാക്കേജിൽ. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുവാനുള്ളതാണ് ആദ്യ നടപടി. പത്തോളം പ്രദേശങ്ങളാണ് പരിഗണനയിലുള്ളത്. സാധ്യതാ പ്രദേശങ്ങൾ അന്വേഷിച്ചു കണ്ടെത്താൻ സർക്കാർ നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പരിഗണനാർഹമായ പ്രദേശങ്ങളുടെ ഭൂമിശാസ്ത്ര പഠനം കൂടി നടത്തിയ ശേഷമായിരിക്കും അന്തിമമായുള്ള സ്ഥല നിർണയം. വീടുകൾ നിർമിച്ചുനൽകാമെന്ന് പലരും വാഗ്ദാനം ചെയ്ത് കഴിഞ്ഞു. എത്ര വീടുകളാണ് സന്നദ്ധ സംഘടനകളുടെയും വ്യക്തികളുടെയും ചാരിറ്റി പ്രവർത്തനത്തിന്റെ ഭാഗമായി ലഭ്യമാകുകയെന്ന് വ്യക്തമായ ശേഷം ബാക്കിവരുന്ന കുടുംബങ്ങളുടെ പുനരധിവാസത്തിന് ടൗൺഷിപ്പ് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതത്രേ.

അതേസമയം, ദുരിതബാധിതരെ പുനരധിവസിപ്പിച്ചത് കൊണ്ട് മാത്രം തീരുന്നതല്ല ദുരന്തം സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ. ജില്ലയെ മൊത്തത്തിൽ പിടിച്ചുകുലുക്കിയിട്ടുണ്ട് ഉരുൾപൊട്ടൽ മൂലമുണ്ടായ പലവിധ പ്രശ്നങ്ങൾ. ടൂറിസം മേഖല ദുരന്തത്തോടെ കനത്ത പ്രതിസന്ധിയിലായതാണ് അതിൽ പ്രധാനം. ടൂറിസ്റ്റ് കേന്ദ്രങ്ങൾക്ക് സമീപത്തെ ചെറിയ വ്യാപാര സ്ഥാപനങ്ങളിലും കുടുംബശ്രീ സ്റ്റാളുകളിലും കച്ചവടം മുടങ്ങി. ടാക്സികൾക്ക് ഓട്ടമില്ലാതായി. കരകൗശല ഉത്പന്ന വിൽപ്പന സ്റ്റാളുകളിലും സന്ദർശകർ നാമമാത്രം. ഹോട്ടൽ കച്ചവടത്തിൽ കനത്ത ഇടിവ് സംഭവിച്ചു. ഊട്ടിയുടെ ഗതിവരുമോ വയനാടിനെന്നാണ് ജില്ലയിൽ ടൂറിസവുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരുടെ ആശങ്ക. ജനത്തിരക്കും ഗതാഗതക്കുരുക്കും സന്ദർശകർക്ക് ഭീഷണിയായ സാഹചര്യത്തിൽ ഇപാസ്സ് ഏർപ്പെടുത്തിയതിനെ തുടർന്ന് ഊട്ടിയിൽ സന്ദർശകരുടെ എണ്ണം ഗണ്യമായി കുറഞ്ഞിരുന്നു.

വയനാട് സുരക്ഷിതമാണെന്ന് വിദേശ, ആഭ്യന്തര സഞ്ചാരികളെ ബോധ്യപ്പെടുത്താനുള്ള ക്യാമ്പയിനും പ്രചാരണങ്ങളുമാണ് തകർച്ചയിൽ നിന്ന് വിനോദ സഞ്ചാര മേഖലയെ രക്ഷിക്കാനുള്ള മാർഗം. ‘വിസിറ്റ് വയനാട്’ എന്ന പേരിൽ സാമൂഹിക മാധ്യമങ്ങൾ വഴിയുള്ള ക്യാമ്പയിനുകൾക്ക് അധികൃതർ തുടക്കം കുറിച്ചിട്ടുണ്ട്. ഇത് കൂടുതൽ ശക്തവും കാര്യക്ഷമവുമാക്കേണ്ടതുണ്ട്. വയനാട് ജില്ലയുടെ ചെറിയൊരു ഭാഗത്തെ മാത്രമാണ് ദുരന്തം ഗ്രസിച്ചതെങ്കിലും ഈ മേഖലയാകെ പ്രശ്നബാധിതമാണെന്ന പ്രതീതി പരന്നതാണ് ഏറ്റവും വലിയ പ്രതിസന്ധിയായി മാറിയതെന്ന് നാട്ടുകാർ പറയുന്നു. ഈ അബദ്ധ ധാരണ മാറ്റാനുള്ള വലിയ ശ്രമമാണ് ആദ്യമുണ്ടാകേണ്ടത്.

## കണ്ണീർ കാഴ്ചയല്ല ഇനി

“വയനാട് അത് പ്രകൃതി സൗന്ദര്യത്തിന്റെ പറുദീസയാണ് കണ്ണിനും മനസ്സിനും കുളിരേകുന്ന ഹരിത മനോഹരമായ മലകളും അരുവികളും വെള്ള ചാട്ടങ്ങളും ഡാമുകളും പാർക്കുകളും എല്ലാം അടങ്ങിയ ഈ മണ്ണിലെ ദൃശ്യ വിസ്മയങ്ങളുടെ ഈ കലവറയെ ഒരു ദുരന്തത്തിന്റെ പേരിൽ എഴുതി തള്ളരുത്. അനേകായിരങ്ങളുടെ ജീവിത മാർഗമാണ് വയനാട് ടൂറിസം, അത് കൊണ്ട് തന്നെ ഈ മേഖല പൂർണ തിളക്കത്തോടെ തിരിച്ച് വരേണ്ടതുണ്ട്.ദുരന്തങ്ങൾവേട്ടയാടിയവരോടൊപ്പംഅവരുടെദുഖത്തിൽപങ്ക്ചേരുകയും മറ്റുള്ളവരുടെ അതിജീവനത്തിനായി നമുക്ക് കൈകൾ കോർക്കുകയും ചെയ്യാം. ഒരുപാട് പാവങ്ങൾ പട്ടിണിയിൽ ആണ്, അവരെ നമുക്ക് കൈപിടിച്ച് ഉയർത്തണം...” വയനാട് സ്വദേശി യാസർ അലി ഇവിടേക്കുള്ള യാത്രയിൽ കണ്ട കാര്യങ്ങളെക്കുറിച്ച് സമൂഹമാധ്യമങ്ങളിൽ പങ്കുവച്ച കുറിപ്പ് ഇപ്രകാരം.

‘നിങ്ങളെല്ലാം ഇനിയും ഈ നാട് കാണാൻ വരണം. ഉരുൾപൊട്ടലുണ്ടായ ദുരന്ത ഭൂമിയിലെ കണ്ണീർ കാഴ്ചകൾ കാണാനല്ല. മഞ്ഞും മഴയും പെയ്തിറങ്ങി പച്ചപ്പ് നിറഞ്ഞേ നിൽക്കുന്ന അതിമനോഹരമായ ഭൂമിക കാണാൻ. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിങ്ങളുടെ കുടുംബങ്ങളോടൊപ്പം ഒഴിവു സമയങ്ങൾ ആസ്വദിക്കാൻ. വയനാടൻ തനിമയുള്ള വിഭവങ്ങൾ കൈമാറ്റം ചെയ്യപ്പെടാൻ... അപേക്ഷാ സ്വരത്തിൽ ഇക്കാര്യം പറയാൻ കാരണമുണ്ട്. കുടുംബസമേതം കോഴിക്കോട് താമസമാക്കിയ ശേഷം വയനാട്ടിൽ പോയി വരുമ്പോഴെല്ലാം ലക്കിടി മുതലങ്ങോട്ടുള്ള ദേശീയ പാതയോരം ആയിരക്കണക്കിന് മനുഷ്യരെ കൊണ്ട് സജീവമായൊരു പ്രദേശമായേ ഇതു വരെ കണ്ടിട്ടുള്ളു. ചങ്ങലമരവും പലവിധ പാർക്കുകളും റോപ് വേകളും ചെറുകിട കച്ചവടക്കാരും വലിയ ഭക്ഷണശാലകളുമൊക്കെയായി ശബ്ദമുഖരിതമായൊരു അന്തരീക്ഷം..

ഈയൊരു കാഴ്ചകൾ തന്നെയാണ് വിനോദ സഞ്ചാരികളെത്തുന്ന വയനാട്ടിലെ മറ്റു പ്രദേശങ്ങളിലെല്ലാം ഉണ്ടായിരുന്നത്. എന്നാൽ നാടിന്റെ നെഞ്ചു തകർത്ത ഉരുൾപൊട്ടലിന് ശേഷം രണ്ടാഴ്ച മുൻപ് ചുരം കയറിയപ്പോൾ കണ്ടത് വല്ലാത്ത സങ്കടക്കാഴ്ച തന്നെയായിരുന്നു. മരണ വീട്ടിലേക്ക് കയറിയ പോലെ ലക്കിടി മുതൽ എന്റെ വീട് വരെ.. ആളും ആരവങ്ങളുമില്ലാത്തൊരു വീഥി. പല വ്യാപാര സ്ഥാപനങ്ങളും അടഞ്ഞു കിടക്കുന്നു. പൂക്കോടും വൈത്തിരിയും കൽപ്പറ്റയുമെല്ലാം ഹർത്താൽ പ്രതീതിയിൽ ജീവനറ്റ അങ്ങാടികളായി പരിണമിച്ചു. അന്വേഷിച്ചപ്പോൾ വയനാട് ജില്ല മൊത്തത്തിൽ ഈയൊരു മൂകത തന്നെയാണെന്നറിഞ്ഞു. നാളുകൾ കുറെ കഴിഞ്ഞെങ്കിലും ഇപ്പോഴും ആ നാടുകളിലും വഴിയോരങ്ങളിലും ആളുകളില്ല. ആരവങ്ങളുമില്ല.. !

സ്വത്തും സമ്പാദ്യവും രക്തബന്ധങ്ങളും നഷ്ടമായി ദുരന്തഭൂമിയിൽ അവശേഷിച്ച മനുഷ്യരെ ചേർത്ത് പിടിക്കാൻ സർക്കാരും സന്നദ്ധ സംഘടനകളും പലവിധ പദ്ധതികളുമായി മുന്നിട്ടിറങ്ങിയത് സന്തോഷം തന്നെ. എന്നാൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കാർഷിക, പ്രവാസ, ഉദ്യോഗ മേഖലകളേക്കാളും കൂടുതൽ വയനാടിന്റെ സാമ്പത്തിക രംഗത്തിന് ഏറ്റവും ഉണർവ്വ് കിട്ടിക്കൊണ്ടിരുന്നത് വിനോദ സഞ്ചാര മേഖലയിൽ നിന്നാണെന്ന് മനസ്സിലാക്കുന്നു. റോഡരികത്ത് ഉപ്പിലിട്ടത് വിൽക്കുന്ന ഉന്തുവണ്ടി കച്ചവടക്കാരൻ മുതൽ സ്റ്റാർ ഫെസിലിറ്റിയുള്ള ഹോട്ടലുകൾ വരെ ജീവിച്ചിരുന്നത് എന്റെ നാട് കാണാൻ വന്നിരുന്ന സഞ്ചാരികളെ ആശ്രയിച്ചാണെന്ന് വ്യാപാരികളുടെ സംഘടന കണക്കുകൾ നിരത്തി പറയുന്നു.

വയനാടിനെ അടയാളപ്പെടുത്തുന്ന കാർഷികമേഖല മുതൽ നാടിന്റെ നാനാവിധ മേഖലകളിലെ ക്രയവിക്രയങ്ങളെല്ലാം സഞ്ചാരികളെ ആശ്രയിച്ചായി മാറിയിട്ട് അൽപ കാലമായി. ഏകദേശം 15000ൽ പരം വ്യാപാര സ്ഥാപനങ്ങൾ മാത്രം വയനാട്ടിലുണ്ട്. അതിന്റെ 75% ഉപഭോക്താക്കളും മറുനാട്ടിലെ മനുഷ്യരായിരുന്നു. അവർ നടത്തിയ വ്യവഹാരങ്ങളാണ് ആ സ്ഥാപനങ്ങളെയും ജീവനക്കാരെയും അതിന്റെ ആശ്രിതരേയും ഈ നാട്ടിൽ ജീവിക്കാൻ പ്രേരിപ്പിച്ചത്.

എന്റെ ജന്മനാടായ കാക്കവയലിന്റെ തൊട്ടടുത്തുള്ള കാരാപ്പുഴ ഡാം കാണാനും അവിടുത്തെ റൈഡുകളാസ്വദിക്കാനും ദിനംപ്രതി 1000 1500നിടയിൽ ആളുകൾ വന്നിരുന്നു. ദുരന്തത്തിന് ശേഷം ഇപ്പോളവിടെ ശരാശരി 100ൽ താഴെ ടിക്കറ്റുകൾ മാത്രമാണ് ദിവസവും മുറിക്കുന്നത്. ഇപ്പോൾ തുറന്നു പ്രവർത്തിക്കുന്ന മറ്റു ടൂറിസ്റ്റ് സ്പോട്ടുകളുടേയുമെല്ലാം അവസ്ഥ ഇതൊക്കെ തന്നെയാണെന്ന് ആ മേഖലയിൽ സജീവമായവർ സാക്ഷ്യപ്പെടുത്തുന്നു.

പ്രിയപ്പെട്ടവരേ.... അതി ഭീകരമാണ് വയനാടിന്റെ ഇപ്പോഴത്തെ നേർക്കാഴ്ച. മുൻപത്തെ പോലെ സഞ്ചാരികൾ കൂട്ടമായി വന്ന് നാടിന്റെ നാഡീ ഞരമ്പുകളിൽ കൂടി തലങ്ങും വിലങ്ങും യാത്ര ചെയ്ത് മാനസികമായി തളർന്നു പോയ, സാമ്പത്തികമായി തകർന്നു പോകുന്നൊരു ജനതയെ കൈ പിടിച്ചുയർത്തണം. ഞങ്ങൾക്കിനി വേണ്ടത് സഹതാപമല്ല.......സഹകരണമാണ്.! സന്തോഷങ്ങളാണ്.. നിങ്ങളുടെ വിനോദസമയങ്ങൾ ചെലവഴിക്കുന്ന സ്വർഗഭൂമികയാണ്.....!വയനാടിന്റെ വിവിധ മേഖലകളിൽ ചിലവഴിക്കുന്ന നിങ്ങളുടെ സമ്പത്തും സമയവുമെല്ലാം ഒരുകണക്കിന് പല ദുരിതാശ്വാസ നിധികളിലേക്കുള്ള സംഭാവന പോലെ തന്നെയായിരിക്കും. ടൂറിസം മേഖലയെ ആശ്രയിച്ച് പല ബിസിനസുകൾ ചെയ്യുന്ന പതിനായിരക്കണക്കിന് മനുഷ്യരുടേയും അവരുടെ കുടുംബത്തിന്റേയും ജീവിതചുറ്റുപാടുകളെല്ലാം മാറണം.

ഒരു മരണ വീട്ടിലെ പരേതന്റെ ആശ്രിതരെ ഒരുപാട് നാളുകൾക്ക് ശേഷം പോയി കാണുന്ന സ്വന്തക്കാരെ പോലെ നിങ്ങളിനിയും ഈ മണ്ണിൽ വരണം. ഇവിടുന്ന് ഉടുക്കണം, ഉണ്ണണം, ഉറങ്ങണം...ഇവിടുത്തെ സാമ്പത്തിക സ്രോതസ്സുകളെ പുനഃജീവിപ്പിക്കണം.. എന്നാലെ ദുരന്തം വിതച്ച മാനസിക/ശാരീരിക ആഘാതത്തിൽ നിന്നും വയനാടൻ ജനത പൂർണ്ണമായും രക്ഷപ്പെടുകയുള്ളു.. സഞ്ചാരികളെ കാത്ത് അണിഞ്ഞൊരുങ്ങി തന്നെയാണ് ഈ ഹരിതാഭ ഭൂമി ഇപ്പോഴുമുള്ളത്. ഇനിയുള്ള നാളുകളിൽ ഓരോ വിരുന്നിനു ശേഷവും ചുരമിറങ്ങുന്ന നിങ്ങളുടെയും കുടുംബങ്ങളുടെയും മനസ്സ് കുളിർക്കുന്ന അനുഭവങ്ങൾ മാത്രമായിരിക്കട്ടെ......!

അൻപതോളം വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഇക്കോ ടൂറിസം മേഖലയിൽപെട്ട കുറുവ ദ്വീപ്, എടക്കൽ ഗുഹ, ചെമ്പ്ര പീക്, എൻ ഊര്, മുത്തങ്ങ / തോൽപ്പെട്ടി കേന്ദ്രങ്ങളൊന്നും ഇത് വരെ തുറന്നിട്ടില്ല. പരിസ്ഥിതി സ്നേഹികൾ നൽകിയ പരാതിയിന്മേൽ കോടതി ഉത്തരവ് കാത്തിരിക്കുകയാണ് ഇവിടങ്ങൾ. ചുരം വ്യൂ പോയിന്റുകൾ, കാരാപ്പുഴ/ബാണാസുര ഡാമുകൾ, പൂക്കോട് തടാകം, ഹെറിറ്റേജ് മ്യൂസിയം തുടങ്ങിയ കേന്ദ്രങ്ങളും സ്വകാര്യ മേഖലയിലെ ചെറുതും വലുതുമായ നൂറിൽപരം വാട്ടർ തീം/അഡ്വഞ്ചർ പാർക്കുകളും റിസോർട്ടുകളും സഞ്ചാരികളെ കാത്തിരിക്കുന്നു. നിങ്ങൾക്ക് പരിചയമുള്ള ഇതര സംസ്ഥാന/രാജ്യങ്ങളിലെ മനുഷ്യരോടും കൂടെ ഇവിടം സന്ദർശിക്കാൻ പറയണം. അവരൊക്കെ എന്തോ വലിയ പ്രശ്നബാധിത പ്രദേശമായാണ് വയനാടിനെ മൊത്തത്തിൽ ഇപ്പോൾ കാണുന്നത്. ആ കാഴ്ചപ്പാടുകൾ മാറണമെങ്കിൽ ഈ നാടുണരണം.! നിങ്ങളുണർത്തണം ....!’



വാചകം 2024 ആഗസ്റ്റ് 28 ◆ ബുധൻ 17

Chicago Social Club

# ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ

2024 SEPT. 2 MONDAY 10.00 a.m.



10-ാമത് ഇന്റർനാഷണൽ LB-1310

## വടംവലി മത്സരം

Powered by PARENT PETROLEUM, OP OFFEN PETROLEUM

**ST. MARY'S KNANAYA CATHOLIC CHURCH,**
**7800 W Lyons St. Morton Grove IL 60053**

ഫുഡ് ഫെസ്റ്റിവൽ & സോഷ്യൽ മേള SEPT. 1 SUNDAY 5.00 P.M.
Mar Thoma Sleeha Cathedral Parish Hall
(5000 St. Charles Rd, Bellwood, IL-60104)

Chief Guest



**Shri. SURESH GOPI**
Hon. National Minister & Cine Artist

പ്രിയ സുഹൃത്തേ,

പോരാട്ട വീര്യത്തിന്റെ കനലാട്ടങ്ങളുമായി കായിക പ്രേമികളെ അമ്പരപ്പിക്കാൻ ഇതാ വീണ്ടും ചിക്കാഗോയുടെ മണ്ണിൽ നിങ്ങളിതുവരെ കാണാത്ത കമ്പക്കളിയുടെ കളിയാരവങ്ങൾക്ക് കളമൊരുങ്ങുന്നു. ഇനിയാണ് യുദ്ധം... നിലനിൽപ്പിന് വേണ്ടിയുള്ള യുദ്ധം...

ഇന്നിലൂടെ നാളത്തെ തലമുറക്ക് പകർന്ന് നൽകാൻ ചിക്കാഗോ സോഷ്യൽ ക്ലബ് ആഥിത്യമരുളുന്ന പേരന്റ് പെട്രോളിയം 10-ാമത് ഇന്റർനാഷണൽ വടംവലി മത്സരത്തിന് 2024 സെപ്റ്റംബർ 2 ന് ചിക്കാഗോ സെന്റ് മേരീസ് ക്നാനായ ചർച്ച് ഗ്രൗണ്ടിൽ തിരി കൊളുത്തുകയാണ്. എല്ലാ വടംവലി പ്രേമികളെയും ചിക്കാഗോയിൽ നടക്കുന്ന വടംവലി മത്സരത്തിലേക്കും അതോടനുബന്ധിച്ച് നടക്കുന്ന ഫുഡ് ഫെസ്റ്റിവലിലേക്കും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

**1st Prize $11111** — MANI NEDIYAKALAYIL MEMORIAL EVERROLLING TROPHY
Spon. by : Mr. Joy Nediyakalayil

**2nd Prize $5555** — JOY MUNDAPLACKAL MEMORIAL EVERROLLING TROPHY
Spon. by : Mr. Philip Mundaplackal

**3rd Prize $3333** — CHACKO & MARIYAM KIZHAKKEKUTTU MEMORIAL EVERROLLING TROPHY
Spon. by : Elite Gaming, Francis & Tony Kizhakkekuttu

**4th Prize $1111** — Spon. by :
Chicago Mangalya Jewellery,
Shybu Kizhakkekuttu, Maneev Chittalakattu,
Mithun Mammoottil

## PARTICIPATING MENS TEAMS

1. HOUSTON BROTHERS
2. HOUSTON GARUDANS
3. HOUSTON KOMBANS
4. DALLAS AHA
5. DALLAS KOMBANS
6. TORONTO TEAM GARUDANS
7. K.B.C. CANADA
8. TEAM GLADIATORS
9. GLADIATORS LONDON
10. HAWKZ CANADA
11. TAMPA TUSKERS
12. AREEKKARA ACHAYANS - A
13. AREEKKARA ACHAYANS - B
14. NEWYORK KINGS
15. TEAM KUWAIT SEVEN'S
16. IRELAND AHA SEVEN'S
17. TEAM THODUKANS U.K.
18. HOUSTON ROYALS

## PARTICIPATING WOMENS TEAMS

1. DALLAS AHA DARLINGS
2. HOUSTON WARRIORS
3. DALLAS QUEENS
4. CHICAGO STARS

## INDIVIDUAL CASH AWARDS & TROPHY

1. M.V.P.
2. Best Front
6. Best Back
4. Best 2nd
5. Best 3rd
6. Best 4th
7. Best 5th
8. Best 6th
9. Most improved Team
10. Best team in procession
11. Best coach
12. Best male fan
13. Best female fan

## EXECUTIVE



| | | | | |
|---|---|---|---|---|
| സിബി കദളിമറ്റം | ജെസ്സ്മോൻ പുറമഠം | സിബി കൈതക്കത്തൊട്ടിയിൽ | ജോമോൻ തൊടുകയിൽ | സാബു പടിഞ്ഞാറേൽ |
| പ്രസിഡന്റ് | വൈസ് പ്രസിഡന്റ് | സെക്രട്ടറി | ട്രഷറർ | ജോയിന്റ് സെക്രട്ടറി |
| 847 338 8265 | 224 766 9695 | 773 620 1202 | 312 719 3517 | 708 299 3208 |

## TOURNAMENT COMMITTEE



| | | | | |
|---|---|---|---|---|
| സിറിയക് കൂവക്കാട്ടിൽ | സ്റ്റീഫൻ കിഴക്കേക്കുറ്റ് | മാനി കരികുളം | മാത്യു തട്ടാമറ്റം | ജോസ് മണക്കാട്ട് |
| ടൂർണമെന്റ് ചെയർമാൻ | ജനറൽ കൺവീനർ | ഫിനാൻസ് കമ്മിറ്റി ചെയർമാൻ | പി.ആർ.ഒ. & പബ്ലിസിറ്റി | ഫുഡ് ഫെസ്റ്റിവൽ ചെയർമാൻ |
| 630 673 3382 | 773 671 9864 | 312 719 8188 | 773 317 3444 | 847 830 4128 |

LIVE Telecast on KVTV kvtv.com

## FOR MORE INFORMATION

SIBI KADALIMATTOM 847 338 8265
CYRIAC KOOVAKATTIL 630 673 3382




# കോൺഗ്രസിലെ ചേരിപ്പോരും രണ്ട് കാർ അപകടങ്ങളും

**ഞാറക്കൽ ഉപതെരഞ്ഞെടുപ്പ് പ്രചരണം കഴിഞ്ഞ് രാത്രി ആലുവയിൽ നിന്ന് മുഖ്യമന്ത്രി കരുണാകരൻ തിരുവനന്തപുത്തേക്ക് യാത്ര തിരിച്ചു. ആ കാർ പള്ളിപ്പുറം സി.ആർ.പി.എഫ് ക്യാബിനടുത്ത് അപകടത്തിൽപ്പെട്ടു. മുഖ്യമന്ത്രി ഇരുന്നത് പിൻസീറ്റിൽ ആയിരുന്നു. കാറിന്റെ ഡോർ തുറക്കാൻ പറ്റുന്നില്ല. ഡിക്കി ഉയർത്തി പിൻസീറ്റ് അഴിച്ചു മാറ്റിയ ശേഷമാണ് മുഖ്യമന്ത്രിയെ പുറത്തെടുത്തത്.**


ജോഷി ജോർജ്

ഉപതിരഞ്ഞെടുപ്പ് കൊടുമ്പിരി കൊണ്ടു നിൽക്കുന്ന സമയം. ഞാറക്കൽ തെരഞ്ഞെടുപ്പ് പ്രചരണം കഴിഞ്ഞ് രാത്രി ആലുവയിൽ നിന്ന് മുഖ്യമന്ത്രി കരുണാകരൻ തിരുവനന്തപുത്തേക്ക് യാത്ര തിരിച്ചു. ഡ്രൈവർ ഭാസ്കരനെ കൂടാതെ ഗൺമാൻ രാമചന്ദ്രൻ നായരും കാറിലുണ്ട്. അന്നൊരു ബുധനാഴ്ചയായിരുന്നു. രാത്രി ഏറെ വൈകി കരുണാകരൻ സഞ്ചരിച്ച കാർ പള്ളിപ്പുറം സി.ആർ.പി.എഫ് ക്യാബിനടുത്ത് അപകടത്തിൽപ്പെട്ടു. കരുണാകരന് കാര്യമായ പരുക്കുണ്ട്. മുഖ്യമന്ത്രിയുടെ കാർ വെളുപ്പിന് രണ്ടേ അഞ്ചിന് കടന്നുപോയതായി മംഗലാപുരം പോലീസ് സ്റ്റേഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നു.

തുടർന്ന് കഷ്ടിച്ച് ഏഴു മിനിറ്റ് കഴിഞ്ഞപ്പോഴാണ് അപകടം. മുഖ്യമന്ത്രി ഇരുന്നത് പിൻസീറ്റിൽ ആയിരുന്നു. കാറിന്റെ ഡോർ തുറക്കാൻ പറ്റുന്നില്ല. ഡിക്കി ഉയർത്തി പിൻസീറ്റ് അഴിച്ചു മാറ്റിയ ശേഷമാണ് മുഖ്യമന്ത്രിയെ പുറത്തെടുത്തത്. ഈ സമയത്ത് എല്ലാം അദ്ദേഹത്തിന് ബോധം ഉണ്ടായിരുന്നു. സ്വതസിദ്ധമായ ആത്മധൈര്യം അപ്പോഴും പ്രകടിപ്പിച്ചു. സ്വന്തം കാര്യത്തെക്കുറിച്ച് ആയിരുന്നില്ല സംസാരിച്ചത്..! രാമചന്ദ്രൻ നായർക്കും ഡ്രൈവർക്കും എന്തെങ്കിലും സംഭവിച്ചോ എന്നായിരുന്നു ചോദിച്ചുകൊണ്ടിരുന്നത്. സഞ്ചരിച്ചിരുന്ന കാറിൽ നിന്ന് പുറത്തെടുത്ത മുഖ്യമന്ത്രിയെ ഉടൻതന്നെ മെഡിക്കൽ കോളേജിൽ എത്തിച്ചു. തലയ്ക്ക് പിന്നിലാണ് പരിക്ക്. അപ്പോഴേക്കും വയലാർ രവി, പി.പി. ജോർജ്, പന്തളം സുധാകരൻ, ഉമ്മൻചാണ്ടി എന്നിവരെല്ലാം ഓടി എത്തിയിരുന്നു. മെഡിക്കൽ കോളേജ് സർജൻ ഡോക്ടർ തോമസ് മുറിവ് തുന്നി കെട്ടി. പിന്നെ

സ്കാനിങ്ങിനായി ശ്രീ ചിത്തിരയിലേക്ക് മാറ്റി. അവിടെ മറ്റാർക്കും പ്രവേശനമില്ല. അപ്പോഴേക്കും കരുണാകരന് നേരിയതോതിൽ ന്യൂമോഡിയ ബാധിച്ചു. ഇത് എല്ലാവരിലും ആശങ്ക ഉളവാക്കി. ശസ്ത്രക്രിയ വഴി നെഞ്ചിലെ കഫക്കെട്ട് നീക്കിയതോടെ കരുണാകരൻ ഉന്മേഷവാനായി. അദ്ദേഹത്തെ ജൂൺ പത്തിന് മുറിയിലേക്ക് മാറ്റി.

രണ്ടാഴ്ചത്തെ വിശ്രമത്തിനുശേഷം കരുണാകരനെ ക്ലിഫ് ഹൗസിലേക്ക് മാറ്റി. അതിനിടെ ഞാറക്കൽ ഫലം വന്നു. 4214 വോട്ടിന്റെ വ്യത്യാസത്തിൽ ആയിരുന്നു അനന്തകുമാറിന്റെ പരാജയം. ഭരണ മുന്നണിക്കും കോൺഗ്രസിനും കനത്ത തിരിച്ചടിയായിരുന്നു ആ തെരഞ്ഞെടുപ്പ് ഫലം. സത്യത്തിൽ സർക്കാർ ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്തിരുന്നു. ജനത്തിന് കൊടുത്ത വാഗ്ദാനങ്ങൾ മിക്കവാറും നടപ്പിൽ വരുത്തി. എന്നാൽ കോൺഗ്രസിലെ തമ്മിലടിയും കുതികാൽ വെട്ടും ജനം വെറുത്തു. കടകകക്ഷികൾക്ക് അസ്വസ്ഥതയായി. അക്ഷരാർത്ഥത്തിൽ ഉപതെരഞ്ഞെടുപ്പ് പ്രചരണങ്ങളും അമ്പേ പാളിപ്പോയിരുന്നു. ഞാറക്കൽ തോൽവിയെ കുറിച്ച് ചർച്ച ചെയ്യാൻ കെ.പി.സി.സി പ്രസിഡന്റ് വയലാർ രവി ഓരോരുത്തരെയായി വിളിച്ചു. ഉമ്മൻ ചാണ്ടിയെ വിളിച്ച് സംസാരിച്ചു തുടങ്ങിയപ്പോൾ വിഷയം സാമ്പത്തിക പ്രതിസന്ധിയായി.

എങ്ങിനെയും ധനസ്ഥിതി മെച്ചപ്പെടുത്തിയെ പറ്റു, അതിനുള്ള ചില നിർദ്ദേശങ്ങൾ വേണം. രവി ഉമ്മൻചാണ്ടിയോട് അതാണ് ആവശ്യപ്പെട്ടത്. ഒന്നുകൂടി ഓർമിപ്പിച്ചു. കെ.പി.സി.സി നിർവ്വാഹ സമിതിയിൽ ചർച്ചയ്ക്ക് വെക്കാൻ വേണ്ടിയാണ് എന്നുകൂടി രവി ഓർമ്മപ്പെടുത്തി. ഉമ്മൻചാണ്ടി അതിന് അനുകൂലമായ ഒരു നിലപാടല്ല എടുത്തത്. നിയമപരമായ തീരുമാനത്തിലേക്ക് നയിക്കാവുന്ന നിർദ്ദേശങ്ങൾ മുഖ്യമന്ത്രിയുടെ അനുമതിയും അംഗീകാരവും ഇല്ലാതെ തനിക്ക് എങ്ങിനെ മുന്നോട്ടുവയ്ക്കാനാവും..? അത് ശരിയാകുമെന്ന് തോന്നുന്നില്ല. മാത്രമല്ല മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ അല്ലാതെ നിർവ്വാഹസമിതി അത്തരം ചർച്ച നടത്തിയിട്ട് എന്ത് പ്രയോജനം..?

നിങ്ങൾക്ക് വേണമെങ്കിൽ പറയാം ധനസ്ഥിതി ചർച്ച ചെയ്യാനുള്ള യോഗത്തിൽ പോലും ധനമന്ത്രി ഉമ്മൻചാണ്ടി പങ്കെടുത്തില്ല എന്ന് അങ്ങനെ ആയിക്കോട്ടെ. അല്പം കടുപ്പിച്ചു തന്നെയാണ് ഉമ്മൻചാണ്ടി ഇങ്ങനെ പറഞ്ഞത്.

ഇതിനിടെ മറ്റൊരു ദുരന്തം കൂടി സംഭവിച്ചു. വഞ്ചിയൂർ കോടതി വളപ്പിൽ പത്രപ്രവർത്തകർക്കും അഭിഭാഷകർക്കും നേരെ പോലീസ് അതിക്രമം ഉണ്ടായത് വലിയ ഒച്ചപ്പാടിന് വഴിവെച്ചു. സംസ്കൃത കോളേജിലെ രാത്രി കാവൽക്കാരനായിരുന്ന വ്യക്തി കൊല്ലപ്പെട്ടു. ഈ സംഭവത്തിലെ പ്രതികൾ പോലീസുകാരായിരുന്നു. അവരെ കോടതിയിൽ ഹാജരാക്കേണ്ടതുണ്ട്. ആ അവസരത്തിൽ സംഘർഷത്തിന് ഏറെ സാധ്യതയുണ്ടെന്ന് ഇന്റലിജൻസി വിഭാഗം മുൻകൂട്ടി അറിയിച്ചു. എന്നാൽ സർക്കിൾ ഇൻസ്പെക്ടറുടെ മുകളിലുള്ള ആരും തന്നെ സ്ഥലത്തുണ്ടായിരുന്നില്ല. പോലീസ് അസോസിയേഷന്റെ യോഗം നേരത്തെ ചേർന്ന് വ്യക്തമായ ആസൂത്രണത്തോടെയാണ് അവർ വന്നത്. 200ഓളം പോലീസുകാർ എത്തി എന്നും ഡ്യൂട്ടിയിൽ ഇല്ലാതിരുന്ന അവർക്ക് എ.ആർ ക്യാമ്പിൽ നിന്ന് വാഹനം ഏർപ്പാടാക്കിയത് ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാരാണെന്നും പിന്നീട് ആരോപണം ഉയർന്നു. പ്രസ്സ് ഫോട്ടോഗ്രാഫർമാർ പ്രതികളുടെ ഫോട്ടോ എടുക്കാൻ



ശ്രമിച്ചപ്പോൾ ഉണ്ടായ സംഘർഷം അതിരൂക്ഷമായി. പത്രക്കാർക്ക് വക്കീലന്മാരുടെ പിന്തുണയും ലഭിച്ചു.

അതിനു കാരണം റിപ്പോർട്ടേഴ്സിനും വക്കീലന്മാർക്കും പൊതുവെ തല്ലു കിട്ടി എന്നുള്ളതാണ്. വിശ്രമത്തിൽ ആയിരുന്ന കരുണാകരൻ എന്തായാലും ജൂൺ 24ന് ബുധനാഴ്ച മന്ത്രിസഭായോഗം വിളിച്ചുകൂട്ടി. ക്ലിഫ് ഹൗസിലെ ഒരു മുറി അതിനായി സജ്ജമാക്കി. വഞ്ചിയൂർ കോടതിയിൽ അങ്ങേറിയ സംഭവത്തിൽ കർശനമായ നടപടിയെടുക്കാൻ തന്നെ തീരുമാനമുണ്ടായി. തുടർന്ന് 25 പോലീസുകാരെ അറസ്റ്റ് ചെയ്തു. 1992 ജൂൺ 30ന് നിയമസഭ ചേരുകയാണ്. മുഖ്യമന്ത്രിയും സഭാനേതാവുമായ കരുണാകരൻ യോഗത്തിൽ പങ്കെടുക്കുന്നില്ല.

ആരോഗ്യം അതിന് അനുവദിക്കുന്നില്ല എന്നതാണ് കാരണം. ഇനിയെന്താണ് വഴി യു.ഡി.എഫ് യോഗം ചേർന്ന് ആലോചന തുടങ്ങി. ഒടുവിൽ കുഞ്ഞാലിക്കുട്ടി കരുണാകരനുമായി സംസാരിച്ചു. ഈ സമയത്ത് ഉമ്മൻചാണ്ടി തിരുവനന്തപുരത്ത് ഇല്ലായിരുന്നു. സഭാനേതാവിന്റെ ചുമതലകൾ ഉമ്മൻചാണ്ടി വഹിക്കട്ടെ എന്നായിരുന്നു തീരുമാനം. കോൺഗ്രസ് പാർലമെന്ററി പാർട്ടിയിലും യു.ഡി.എഫ് പാർലമെന്ററി പാർട്ടിയിലും അധ്യക്ഷത വഹിക്കണം.

എന്നാൽ മുഖ്യമന്ത്രി കൈകാര്യം ചെയ്തിരുന്ന വകുപ്പുകൾ ഉമ്മൻചാണ്ടിക്കും പി.പി. ജോർജിനും പകുത്തു നൽകി. അഖിലേന്ത്യ സർവീസ്, പ്ലാനിങ്, സയൻസ് ആൻഡ് ടെക്നോളജി എന്നിവയായിരുന്നു ഉമ്മൻചാണ്ടിക്ക് ലഭിച്ചത്. ആഭ്യന്തരവും പോലീസും ജയിലും പത്മരാജനും പൊതുഭരണം, ടൂറിസം, പബ്ലിക് റിലേഷൻസ് ആൻഡ് ഇൻഫർമേഷൻ, അന്തർ സംസ്ഥാന നദി ജല തർക്കങ്ങൾ എന്നിവ പി.പി. ജോർജ് കൈകാര്യം ചെയ്യട്ടെ എന്നും തീരുമാനമായി.

ഇതിനിടെ ഉമ്മൻ ചാണ്ടിയുടെ കാറും വലിയൊരു അപകടത്തിൽപെട്ടു. തലനാരിഴ വ്യത്യാസത്തിനുമാത്രമാണ് ജീവൻ തിരികെ കിട്ടിയത്. നിയമസഭ കഴിഞ്ഞ് ഒരു വെള്ളിയാഴ്ച ഉമ്മൻ ചാണ്ടി പുതുപ്പള്ളിയിലേക്ക് പോകവെയാണ് ഉച്ചയ്ക്ക് കുളനടയിൽ വച്ച് എതിരെ ചീറിപ്പാഞ്ഞുവന്ന വാൻ ഉമ്മൻ ചാണ്ടിയുടെ 23-ാം നമ്പർ സ്റ്റേറ്റ് കാറിലിടിക്കുന്നത്. പിൻസീറ്റിൽ ഇടത്തേ അറ്റത്തിരുന്ന ഉമ്മൻചാണ്ടിയുടെ ഇടതുകൈക്ക് ഗുരുതരമായ ഒടിവ് പറ്റി.

കാറിന്റെ മുൻ വശം പൂർണ്ണമായും തകർന്നു. പേഴ്സണൽ സ്റ്റാഫിലുള്ളവർക്ക് ചെറിയ പരിക്കുകളേ ഉണ്ടായിരുന്നുള്ളു. എന്നാൽ കോട്ടയം മുൻ ഡി.സി.സി മെമ്പർ ഉമ്മൻ മാത്യുവിന്റെ വലതുകൈ ഒടിഞ്ഞിരുന്നു.

എല്ലാവരേയും ഉടൻ പന്തളം എൻ.എസ്.എസ് ആശുപത്രിയിലെത്തിച്ചു. കൈ പ്ലാസ്റ്റർ ഇട്ട ശേഷം ഉമ്മൻ ചാണ്ടിയെ തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി.

(തുടരും)



# മാനഭംഗക്കേസ് പ്രതികൾക്ക് വധശിക്ഷ; ബിൽ പാസാക്കുമെന്ന് മമത



കൊൽക്കത്ത: ആർ.ജി കർ മെഡിക്കൽ കോളേജിൽ വനിതാ ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തെത്തുടർന്ന് മാനഭംഗക്കേസിലെ പ്രതികൾക്ക് വധശിക്ഷ വ്യവസ്ഥ ചെയ്യുന്ന ബിൽ പാസാക്കുമെന്ന് ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി. ഡോക്ടറുടെ കൊലപാതകത്തിൽ പ്രതിഷേധിച്ചവർക്കുനേരെ നടന്ന ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ബി.ജെ.പി ആഹ്വാനം ചെയ്ത ബന്ദ് നടക്കുന്നതിനിടെയായിരുന്നു പ്രഖ്യാപനം. തൂക്കുകയർ മാത്രമാണ് മതിയായ ശിക്ഷ. അടുത്തയാഴ്ച നിയമസഭാ സമ്മേളനം വിളിച്ച് പത്ത് ദിവസത്തിനുള്ളിൽ ബിൽ പാസാക്കും.

നിയമസഭയിൽ ബിൽ പാസാക്കിയ ശേഷം ഗവർണർ സി.വി ആനന്ദ ബോസിന്റെ അംഗീകാരത്തിനായി അയയ്ക്കും. എന്നാൽ ബിൽ പാസാക്കുമോയെന്നതിൽ സംശയമുണ്ട്. അല്ലാത്തപക്ഷം രാജ്ഭവന് പുറത്ത് പ്രതിഷേധിക്കുമെന്നും അദ്ദേഹത്തിന് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല. ബി.ജെ.പി അന്വേഷണം വഴിതിരിച്ചു വിടാൻ ശ്രമിക്കുകയാണെന്നും മമത പറഞ്ഞു.

ഡോക്ടറുടെ കൊലപാതകത്തിൽ നീതി എവിടെയാണെന്ന് മമത സി.ബി.ഐയോട് ചോദിച്ചു. തൃണമൂൽ വിദ്യാർത്ഥി വിഭാഗത്തിന്റെ പരിപാടിയിൽ സംസാരിക്കുകയായിരുന്നു മമത. ഡോക്ടർ കൊല്ലപ്പെട്ട് രണ്ട് ദിവസത്തിനുശേഷം ഞാൻ അവരുടെ മാതാപിതാക്കളെ കണ്ടു. കേസ് സി.ബി.ഐ ഏറ്റെടുത്തിട്ട് 16 ദിവസം കഴിഞ്ഞു. അഞ്ച് ദിവസത്തെ സമയമാണ് ഞാൻ ചോദിച്ചത്. എന്നിട്ട് നീതി എവിടെ. കലാപം നടത്താനുള്ള ബി.ജെ.പി ഗൂഢാലോചനയാണ് കഴിഞ്ഞ ദിവസം നടന്ന പ്രതിഷേധമെന്നും മമത ആരോപിച്ചു.

കലാപം സൃഷ്ടിക്കാൻ ബി.ജെ.പിയും എ.ബി.വി.പിയും ഗൂഢാലോചന നടത്തുന്നു. കൊൽക്കത്ത പൊലീസിനെ അഭിനന്ദിക്കുന്നു. ഇത്രയേറെ ആക്രമണങ്ങളുണ്ടായിട്ടും അവർ ആവലയിൽ വീഴാതെയും മരണങ്ങളുണ്ടാകാതെയും കാത്തു. ബി.ജെ.പിക്ക് വേണ്ടത് മൃതദേഹങ്ങളാണ്. അതിനുവേണ്ടിയാണ് അവർ ബന്ദ് നടത്തുന്നത്. ഞങ്ങൾക്കു വേണ്ടത് നീതിയും പ്രതിക്ക് ലഭിക്കേണ്ടത് തൂക്കുകയറുമാണെന്നും മമത പറഞ്ഞു.

# കൊൽക്കത്തയിലെ ക്രൂര കൊലപാതകം, സ്ത്രീകൾക്കെതിരായ അക്രമം വച്ചുപൊറുപ്പിക്കില്ല: രാഷ്ട്രപതി

ന്യൂഡൽഹി: രാജ്യത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ അസ്വസ്ഥത പ്രകടിപ്പിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. ഇനിയുമിത് വച്ചുപൊറുപ്പിക്കാൻ കഴിയില്ല. സഹിക്കാവുന്നതിന്റെ പരമാവധിയാണിത്. രാജ്യം ഉണരേണ്ട സമയമാണ്.

സ്ത്രീയെ അശക്തയായി കാണുന്ന മനഃസ്ഥിതിയെ തുറന്നെതിർക്കണമെന്നും രാഷ്ട്രപതി ആഹ്വാനം ചെയ്തു. കൊൽക്കത്തയിൽപി.ജിട്രെയിനിഡോക്ടർ മാനഭംഗത്തിനിരയായി കൊല്ലപ്പെട്ടത് ഉൾപ്പെടെയുള്ള സംഭവങ്ങളുടെ പശ്ചാത്തലത്തിൽ,വാർത്താ ഏജൻസിക്ക് നൽകിയ ലേഖനത്തിലാണ് രാഷ്ട്രപതി ഇക്കാര്യം വ്യക്തമാക്കിയത്.

കൊൽക്കത്തയിലെ അതിക്രമം അറിഞ്ഞപ്പോൾ താൻ സ്തബ്ധയായി. പെൺമക്കളെയും സഹോദരിമാരെയും ഇത്തരം ക്രൂരതകൾക്ക് വിധേയരാക്കുന്നത് പരിഷ്കൃതസമൂഹത്തിന് അനുവദിച്ചു കൊടുക്കാൻ കഴിയില്ല. പ്രതികരിക്കാനുള്ള ഉത്തരവാദിത്വം രാജ്യത്തിനുണ്ട്, തനിക്കുമുണ്ട്. ഭയത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്ക് സ്ത്രീകളെ ഉയർത്തുന്നതിന് അവരുടെ പാതയിലെ തടസങ്ങൾ നീക്കാൻ രാജ്യത്തിന് ഉത്തരവാദിത്വമുണ്ടെന്നും രാഷ്ട്രപതി വ്യക്തമാക്കി.

### സമൂഹം കൂട്ടമറവിയെ ആശ്രയിക്കുന്നു

2012ലെ നിർഭയ സംഭവം മുതൽ 12 വർഷം രാജ്യത്ത് നിരവധി മാനഭംഗങ്ങൾ നടന്നു. എന്നാൽ സമൂഹം പാഠമുൾക്കൊണ്ടോ? പ്രതിഷേധങ്ങൾ അവസാനിക്കുന്നതോടെ ആഴത്തിലുള്ള മറവിയിലേക്ക് ഇവ മറയും.



മറ്റൊരു ക്രൂരകൃത്യം നടക്കുമ്പോൾ മാത്രം വീണ്ടും ഓർമ്മിക്കും. ചരിത്രത്തെ അഭിമുഖീകരിക്കാൻ ഭയപ്പെടുന്ന സമൂഹം കൂട്ടമറവിയെ ആശ്രയിക്കുകയാണ്.

സത്യസന്ധമായും നിഷ്പക്ഷമായും സമൂഹം ആത്മപരിശോധന നടത്തണം. ബുദ്ധിമുട്ടേറിയ ചോദ്യങ്ങൾ സ്വയം ചോദിക്കണം. സ്ത്രീയെ കുറഞ്ഞതരം മനുഷ്യജീവിയായി, അശക്തയായി, കഴിവില്ലാത്തവളായി,ബുദ്ധിശക്തിയില്ലെന്ന നിലയിൽ കാണുന്ന നിന്ദ്യമായ മാനസികാവസ്ഥ വച്ചുപുലർത്തുന്നു. അതും കടന്ന് വെറും വസ്തുവായും കണക്കാക്കുന്നു.

ചരിത്രത്തെ സമൂഹം അഭിമുഖീകരിക്കുക തന്നെ വേണം. ഇത്തരം വൃത്തികേടുകളെ സമഗ്രമായ രീതിയിൽ നമുക്ക് കൈകാര്യം ചെയ്യാം. ഭാവിയിൽ നിർഭയ പോലുള്ള സംഭവങ്ങൾ ആവർത്തിക്കില്ലെന്ന് ഉറപ്പുനൽകാൻ കഴിയുമോയെന്ന് രക്ഷാബന്ധൻ ആഘോഷത്തിനെത്തിയ പെൺകുട്ടികൾ തന്നോട് നിഷ്കളങ്കമായി ചോദിച്ചെന്നും ദ്രൗപദി മുർമു ലേഖനത്തിൽ പറയുന്നു.

### വിമർശിച്ച് തൃണമൂൽ

കൊൽക്കത്ത സംഭവത്തിൽ മാത്രം പ്രതികരിക്കുന്ന രാഷ്ട്രപതി, സമാനമായ മറ്റു സംഭവങ്ങളിൽ നിശബ്ദത പാലിച്ചത് എന്തിനെന്ന് തൃണമൂൽ കോൺഗ്രസ്. ഉന്നാവ്,ഹാഥ്രസ്,ബിൽക്കിസ് ബാനു, മണിപ്പൂർ സംഭവങ്ങൾ ഹൃദയത്തെ ഉലച്ചില്ലേയെന്ന് പാർട്ടി വക്താവ് കുനാൽ ഘോഷ് ചോദിച്ചു. കായികതാരം സാക്ഷി മാലിക് തുടങ്ങിയവർ പ്രതിഷേധമുയർത്തിയ സമയത്ത് നിശബ്ദയായത് എന്തുകൊണ്ട്? ബി.ജെ.പിക്കെതിരെ സംസാരിക്കാൻ ബുദ്ധിമുട്ടാണോയെന്നും കൂട്ടിച്ചേർത്തു.










# 'ഇത്രയേയുള്ളൂ, പാഡ് വച്ചിട്ട് വാ' എന്നൊക്കെ പറഞ്ഞവർ ഉണ്ട്'



ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്ത് വന്നതോട് സോഷ്യൽ മീഡിയിൽ നിരവധി ചർച്ചകളാണ് ഉയരുന്നത്, ജൂനിയർ ആർട്ടിസ്റ്റുകൾ മുതൽ പല അഭിനേത്രികളും സിനിമയിലെ പ്രമുഖ നടന്മാരിൽ നിന്നും നേരിട്ട കാര്യങ്ങളൊക്കെ വെളിപ്പെടുത്തി രംഗത്ത് വന്നിട്ടുണ്ട്. അങ്ങനൊരു ആരോപണവുമായി എത്തുകയാണ് നടി പാർവതി തിരുവോത്ത്.'തങ്കലാൻ' സിനിമയുടെ പ്രമോഷനുമായി ബന്ധപ്പെട്ട് നൽകിയ അഭിമുഖത്തിലാണ് നടി ഈ കാര്യം വെളിപ്പെടുത്തുന്നത്. സിനിമാ മേഖലയിൽ ലൈംഗിക താത്പര്യത്തോടെ പെരുമാറുന്ന ആളുകൾ ഉണ്ട്, തുടക്ക കാലത്ത് താനും അത്തരം അനുഭവങ്ങളിലൂടെ കടന്നു പോയിട്ടുണ്ടു നടി പറയുന്നു.പതിനെട്ട് വയസ്സിൽ ഈ മേഖലയിലേക്ക് വന്നപ്പോൾ നേരിട്ടത് അത്ര സുഖകരമായ കാര്യങ്ങൾ അല്ലായിരുന്നു. ശരീരം നോക്കി, ഇത്രയേയുള്ളൂ, പാഡ് വച്ചിട്ട് വാ എന്നൊക്കെ അമ്മയുടെ മുന്നിലിരുന്ന് പറഞ്ഞവരുണ്ട് , പാഡ് ഉപയോഗിച്ചാൽ ഇപ്പോഴൊരു പെണ്ണായി എന്നാണ് ഇവർ പറയുന്നത് . ഒരു 16- 17 വയസുള്ള പെൺകുട്ടിക്ക് താങ്ങാവുന്നതിലും വലിയ വേദനകളായിരുന്നു ഇത്തരം സംസാരങ്ങളിലൂടെ താൻ നേരിട്ടത്.ഇതെല്ലാം തമാശയാണെന്ന് അവർ പറയും. എന്നാൽ നമുക്ക് അത് ഇഷ്ടമാവുന്നുണ്ടോ, ബുദ്ധിമുട്ടിക്കുന്നുണ്ടോ എന്ന് ആരും ചിന്തിക്കില്ല, ഈ പറഞ്ഞ താരങ്ങളുടെയെല്ലാം സിനിമ കണ്ടാണ് നമ്മൾ ഇതിലേക്ക് വന്നത്. പക്ഷെ അടുത്ത് സംസാരിക്കുമ്പോഴും വർക്ക് ചെയ്യുമ്പോഴുമാണ് ഇതെല്ലാം മനസിലാവുന്നത്- പാർവതി പറയുന്നു.

# ബെൻ അഫ്ലെക്കിന്റെ പുതിയ കാമുകി കിക്ക് കെന്നഡിയോ?





ജെന്നിഫർ ലോപ്പസിൽ നിന്നുള്ള വിവാഹ മോചനത്തിനിടയിൽ റോബർട്ട് എഫ്. കെന്നഡി ജൂനിയറിന്റെ മകൾ കിക്ക് കെന്നഡിക്കൊപ്പം ബെൻ അഫ്ലെക്ക് സമയം ചെലവഴിക്കുന്നതായി റിപ്പോർട്ട്. 36 വയസ്സുള്ള കിക്ക് കെന്നഡിക്കൊപ്പം ബെൻ അഫ്ലെക്കിനെ വിവിധയിടങ്ങളിൽ കണ്ടു എന്നാണ് പാപ്പരാസികൾ വ്യക്തമാക്കുന്നത്.ബെവർലി ഹിൽസ് ഹോട്ടലിലെ പോളോ ലോഞ്ചിലും മറ്റ് ഹോട്ട്സ്പോട്ടുകളിലും അവരെ കണ്ടതായി ഒരു ഹോളിവുഡ് ഇൻസൈഡർ വ്യക്തമാക്കി. ദൃശ്യങ്ങളിൽ അവരുടെ ബന്ധത്തിന്റെ സ്വഭാവം അവ്യക്തമാണ് എന്നാണ് റിപ്പോർട്ടുകളിൽ പറയുന്നത്. അതേസമയം ഈ വാർത്തയിൽ കിക്ക് പ്രതികരിച്ചില്ല. ബെൻ അഫ്ലെക്ക്സും ഇതുവരെ പ്രതികരിക്കാൻ തയാറായിട്ടില്ല.അതേസമയം മാസങ്ങളായുള്ള വേർപിരിയൽ അഭ്യൂഹങ്ങൾക്ക് പിന്നാലെയാണ് 55 കാരിയായ ജെന്നിഫർ ലോപ്പസ്, 52 കാരനായ അഫ്ലെക്കിൽ നിന്ന് വിവാഹമോചനത്തിന് അപേക്ഷ നൽകിയത്.അഭിപ്രായവ്യത്യാസങ്ങളാണ് തങ്ങളുടെ വേർപിരിയലിന് കാരണമെന്ന് ദമ്പതികൾ പ്രതികരിച്ചിരുന്നു.

# വിജയ്യുടെ പാർട്ടിപ്പതാകയെച്ചൊല്ലി തിരഞ്ഞെടുപ്പ് സമിതിക്ക് പരാതി



വിജയ് രാഷ്ട്രീയത്തിൽ അരങ്ങേയറ്റം കുറിച്ചത് മുതൽ വിവിധ വിവാദങ്ങൾ ആണ് പുറത്തു വന്നു കൊണ്ട് ഇരിക്കുന്നത്. ഇപ്പോൾ നടൻ വിജയ് പുതുതായി സ്ഥാപിച്ച തമിഴക വെട്രി കഴകം (ടിവികെ) പാർട്ടിക്കെതിരെ ബഹുജൻ സമാജ് പാർട്ടിയുടെ (ബിഎസ്പി) തമിഴ്നാട് ഘടകം സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർക്ക് പരാതി നൽകി എന്ന വിവരമാണ് പുറത്തു വരുന്നത്.വിജയ്യുടെ പാർട്ടി പതാക അടുത്തിടെ പുറത്തിറക്കിയിരുന്നു. ഈ പതാകയിൽ ആനകളെ ഉപയോഗിച്ചതിനാണ് പരാതി നൽകിയിരിക്കുന്നത്. തിരഞ്ഞെടുപ്പ് കമ്മീഷൻ ചട്ടപ്രകാരം സിക്കിമും അസമും ഒഴികെയുള്ള ഒരു സംസ്ഥാനത്തിനും ആനയെ ചിഹ്നമായി ഉപയോഗിക്കാനാവില്ല. അതിനാൽ ഇത് നീക്കം ചെയ്യണമെന്ന് ആണ് പരാതിയിലെ ആവശ്യം.പരാതി നൽകിയ ബിഎസ്പി പ്രതിനിധി, ബിഎസ്പിയും ആന ചിഹ്നവും തമ്മിലുള്ള ദീർഘകാല ബന്ധത്തിനെ കുറിച്ചും പരാതിയിൽ വ്യക്തമാക്കുന്നുണ്ട്. 'ഞങ്ങൾ ഞങ്ങളുടെ തിരഞ്ഞെടുപ്പ് ചിഹ്നമായ ആനയെ ഞങ്ങളുടെ കൊടികളിലും ചിഹ്നമായും രാജ്യമെമ്പാടും ഉപയോഗിക്കുന്നു. നീല പതാകയും ആനയും ബിഎസ്പിയുടെ ദേശീയ സ്വത്വമാണ്,' എന്നാണ് പരാതിയിൽ അദ്ദേഹം വ്യക്തമാക്കുന്നത്.അതുകൊണ്ട് തന്നെ സമാനമായ ചിത്രങ്ങൾ ഉപയോഗിക്കുന്നത് വോട്ടർമാർക്കിടയിൽ ആശയക്കുഴപ്പത്തിന് ഇടയാക്കുമെന്നും ബിഎസ്പി ആശങ്കപ്പെടുന്നു. ചിഹ്നത്തിനെതിരെ എതിർപ്പ് ഉന്നയിച്ചിട്ടും പ്രശ്നം പരിഹരിക്കാൻ നടപടിയുണ്ടായില്ലെന്നും ബിഎസ്പി ആരോപിച്ചു.

# ആദ്യ കുഞ്ഞിന്റെ വരവറിയിച്ച് മാർഗോട്ടും അക്കർലിയും



തങ്ങളുടെ കുഞ്ഞിന്റെ വരവറിയിച്ചു മാർഗോട്ട് റോബിയും ഭർത്താവ് ടോം അക്കർലിയും. തങ്ങളുടെ ആദ്യ കുഞ്ഞിനായി ആകാംക്ഷയോടെ കാത്തിരിക്കുകയാണ് താരങ്ങൾ.ഓഗസ്റ്റ് 26 തിങ്കളാഴ്ച ദമ്പതികൾ നിറവയറുമായി നിൽക്കുന്ന ജീവിതത്തിന്റെ മനോഹര അദ്ധ്യായം കാണിക്കുന്ന ചിത്രം ആരാധകർക്കായി പങ്കുവച്ചു. ചിത്രത്തിൽ നിറവയറുമായി സാർഡിനിയയിൽ ഒഴിവ് സമയം ആസ്വദിക്കുന്ന മാർഗോട്ടിനെ ആണ് കാണാനാകുന്നത്. ചിക്, റിലാക്സ്ഡ് ലുക്കിലാണ് താരത്തെ ചിത്രത്തിൽ കാണാനാകുന്നത്. കറുത്ത ഒഴുകി കിടക്കുന്ന ഒരു പാന്റ്സും വെളുത്ത നിറത്തിലുള്ള ടോപ്പും ആണ് താരം ധരിച്ചത്. താഴത്തെ ബട്ടൺ ഒഴിവാക്കിയതോടെ താരത്തിന്റെ നിറവയർ ചിത്രങ്ങളിൽ വ്യക്തമായിരുന്നു. വസ്ത്രത്തിനൊപ്പം മനോഹരമായ ഒരു ബക്കറ്റ് തൊപ്പി, സൺഗ്ലാസുകൾ, ഷോൾഡർ ബാഗ് എന്നിവയും താരം സ്റ്റൈൽ ചെയ്തിരുന്നു.ജൂലൈ 12 ന്, ലണ്ടനിൽ നടന്ന വിംബിൾഡൺ പുരുഷ സെമിഫൈനലിൽ പങ്കെടുത്തതിന് ശേഷം ആണ് ഗർഭധാരണ വാർത്ത പുറത്തുവന്നത്. ഇതിന് ശേഷം ദമ്പതികൾ ആദ്യമായി ആണ് പരസ്യമായി പൊതു സദസിൽ പ്രത്യക്ഷപ്പെട്ടത്. റോബിയും അക്കർലിയും ആദ്യമായി കണ്ടുമുട്ടുന്നത് 2013-ൽ രണ്ടാം ലോകമഹായുദ്ധ നാടകമായ സ്യൂട്ട് ഫ്രാൻസെസിന്റെ സെറ്റിൽ വച്ചാണ്, അവിടെ അദ്ദേഹം ഒരു അസിസ്റ്റന്റ് ഡയറക്ടറായി പ്രവർത്തിക്കുകയായിരുന്നു. 2016 ഡിസംബറിൽ ഓസ്ട്രേലിയയിലെ ബൈറോൺ ബേയിൽ നടന്ന ഒരു സ്വകാര്യ ചടങ്ങിലാണ് ഇരുവരും വിവാഹിതരായത്.





## 'അമ്മയുടെ അംഗത്വം എടുക്കേണ്ടതായി തോന്നിയിട്ടില്ല;' ഐശ്വര്യ ലക്ഷ്മി

ഹേമ കമ്മിറ്റി റിപ്പോർട്ടിനും പിന്നാലെയുള്ള അമ്മയിലെ കൂട്ട രാജിയിലും പ്രതികരണവുമായി ഐശ്വര്യ ലക്ഷ്മി. മലയാള സിനിമയിലെ ലൈംഗികാതിക്രമ പരാതികളിൽ മാതൃകാപരമായ ശിക്ഷയുണ്ടാകണമെന്നാണ് നടി ഐശ്വര്യലക്ഷ്മി പ്രതികരിച്ചത്. സിനിമാ മേഖല മെച്ചപ്പെടണമെന്ന പ്രതിബദ്ധതയുള്ളവർ നേതൃത്വത്തിൽ എത്തണമെന്നും തീരുമാനം എടുക്കാനാകുന്ന പദവികളിൽ സ്ത്രീകൾ ഉണ്ടാകണമെന്നും ഐശ്വര്യലക്ഷ്മി പ്രതികരിച്ചു.ഐശ്വര്യ ലക്ഷ്മിയുടെ വാക്കുകൾ:സ്ത്രീകളോട് ബഹുമാനത്തോടെ സംസാരിക്കുന്ന തൊഴിലിടമാകണം. അംഗത്വം എടുക്കേണ്ട സംഘടനയാണ് അമ്മയെന്ന് തോന്നിയിട്ടില്ല. വലിയൊരു മാറ്റത്തിലേക്കുള്ള കാൽവയ്പ്പാണിത്. പണ്ടേ നടക്കേണ്ട കാര്യമായിരുന്നു. ഡബ്ല്യുസിസിയും സർക്കാരും മുൻകൈ എടുത്ത് നടപ്പിലാക്കുന്നു. എന്തുകൊണ്ട് നേരത്തെ എടുത്തില്ലെന്നാണ് ചോദിക്കുന്നത്.കാസ്റ്റിംഗ് കൗച്ചിനെതിരെ നിയമപരമായി മുന്നോട്ട് പോകണം. എന്റെ മൂന്നാമത്തെ സിനിമയുടെ ചിത്രീകരണം നടക്കുന്നതിനിടെയാണ് നടി ആക്രമിക്കപ്പെട്ടതും



തുടർന്നുള്ള സംഭവങ്ങൾ ഉണ്ടാവുന്നതും. അന്ന് മുതൽ ഇതെല്ലാം നിരീക്ഷിക്കുകയായിരുന്നു. ആ സ്ത്രീ സ്വന്തം കാര്യം എഴുന്നേറ്റ് നിന്ന് പറഞ്ഞത് മുതലാണ് ഇത്രയും വലിയ മാറ്റം ഉണ്ടായത്. അതെന്നെ പ്രചോദിപ്പിച്ചു.അമ്മയിൽ അംഗത്വം എടുത്തതു കൊണ്ട് എനിക്കെന്തെങ്കിലും പ്രശ്നം വന്നാൽ അവർ ഇടപെടുമെന്ന് അവരുടെ പ്രവർത്തനം കൊണ്ട് തോന്നിയില്ല. ആർക്കാണ് കമ്മിറ്റ്മെന്റ് ഉള്ളത് അവരാണ് സംഘടനയുടെ തലപ്പത്ത് വരേണ്ടത്.

# നടി തമന്നയും രംഭയും തമ്മിലുള്ള പ്രശ്നമെന്ത്?

ഇന്ത്യൻ സിനിമയെ പിടിച്ചുകുലുക്കിയ താരസുന്ദരികളിലൊരാളായിരുന്നു രംഭ. നിരവധി സിനിമകളിൽ താരം അഭിനയിച്ചിട്ടുണ്ട്. തെന്നിന്ത്യൻ ഭാഷകളിൽ മാത്രമല്ല ബോളിവുഡിലും രംഭ അഭിനയിച്ചിട്ടുണ്ട്. ഗ്ലാമർ വേഷങ്ങളിൽ തിളങ്ങിയപ്പോഴും രംഭയ്ക്ക് മലയാളത്തിലും തമിഴിലും ക്യാരക്ടർ റോളുകൾ വാഗ്ദാനം ചെയ്തിരുന്നു. അതെല്ലാം വമ്പൻ ഹിറ്റായിരുന്നു. യുകെയിൽ സെറ്റിൽ ചെയ്ത ബിസിനസുകാരൻ ഇന്ദ്രകുമാർ പത്മനാഥൻ എന്ന ശ്രീലങ്കൻ തമിഴനെയാണ് രംഭ വിവാഹം ചെയ്തത്. വിവാഹത്തോടെ താരം ഭർത്താവിനൊപ്പം വിദേശത്തേക്ക പോയി. ഇരുവർക്കും മൂന്ന് മക്കളാണ് ഉള്ളത്. അഭിനയം പൂർണമായും ഉപേക്ഷിച്ചെങ്കിലും രംഭ ഇടക്ക് ടിവി റിയാലിറ്റി ഷോകളിൽ ജഡ്ജായി എത്തിയിരുന്നു. ഇപ്പോഴും വർഷത്തിൽ രണ്ട് തവണ രംഭ കുടുംബത്തോടെ നാട്ടിൽ എത്താറുണ്ട്. ഈയിടെ കലാ മാസ്റ്ററുടെ മകന്റെ വിവാഹത്തിനായി താരം കേരളത്തിൽ എത്തിയിരുന്നു. താൻ സിനിമ പൂർണമായും ഉപേക്ഷിച്ചതും ഭർത്താവിന്റെ ബിസിനസിൽ ശ്രദ്ധ കൊടുത്തതും ഈ കാരണം കൊണ്ടാണെന്ന് താരം പറയുന്നു. ഇവരുടെ ദാമ്പത്യ ജീവിതത്തിൽ തമന്ന ഉണ്ടാക്കിയ പ്രശ്നമാണ് ഏറ്റവും ഗുരുതരം. രംഭ സിനിമയിൽ പ്രവർത്തിക്കുന്ന സമയത്ത് തമന്ന ഇല്ല. എന്നിട്ടും ഇവരുടെ ജീവിത്തിൽ തമന്ന ഉണ്ടാക്കിയ പ്രശ്നം മുൻപൊരിക്കൽ രംഭ തന്നെയാണ് വെളിപ്പെടുത്തിയത്. ഭർത്താവിന്റെ കാര്യത്തിൽ രംഭ വളരെ പൊസസീവാണ്. ഇന്ദ്രകുമാർ ആദ്യമായി ഇൻസ്റ്റഗ്രാം എടുത്തപ്പോൾ തന്നെ ഫോളോ ചെയ്യുമെന്നായിരുന്നു രംഭ കരുതിയത്. എന്നാൽ അദ്ദേഹം തമന്നയെ ഫോളോ ചെയ്തു. ഇത് രംഭക്ക് ഇഷ്ടമായില്ല. ഉടനെ തന്നെ ഇന്ദ്രകുമാറിനെ രംഭ അൺഫോളോ ചെയ്തു. ഇന്നും അത് അങ്ങനെ തന്നെ നിലനിൽക്കുന്നുണ്ടെന്ന് രംഭ വ്യക്തമാക്കി.

# ധൂമിലെ ബിക്കിനി സീൻ; മാതാപിതാക്കളെ സമ്മതിപ്പിച്ചതിനെക്കുറിച്ച് ഇഷ

ബോളിവുഡിലെ എക്കാലത്തെയും ഏറ്റവും വലിയ ബ്ലോക്ക്ബസ്റ്ററുകളിലൊന്നായിരുന്നു ധൂം. ചിത്രം അതിന്റെ 20-ാം വാർഷികം ഈകഴിഞ്ഞ ചൊവ്വാഴ്ചയാണ് ആഘോഷിച്ചത്. ജോൺ എബ്രഹാം, അഭിഷേക് ബച്ചൻ, ഉദയ് ചോപ്ര, ഇഷാ ഡിയോൾ, റിമി സെൻ എന്നിവർ അഭിനയിച്ച 2004-ലെ ചിത്രം മികച്ച ആക്ഷൻ സീക്വൻസുകളും അവിസ്മരണീയമായ രംഗങ്ങളും കൊണ്ട് ബോളിവുഡിൽ ഒരു സുപ്രധാന നാഴികക്കല്ല് സൃഷ്ടിച്ചിരുന്നു.ചിത്രത്തിൽ ഷീനയായി വേഷമിട്ട ഇഷ ഡിയോൾ തന്റെ ബോൾഡ് ബിക്കിനി സീനിലൂടെ ഒറ്റരാത്രികൊണ്ട് ശ്രദ്ധേയയായിരുന്നു. ഈ വേഷം അക്കാലത്ത് ഒരു തരംഗം തന്നെ സൃഷ്ടിച്ചിരുന്നു.അതേസമയം അടുത്തിടെ ബോളിവുഡ് ഹംഗാമയ്ക്ക്നൽകിയ അഭിമുഖത്തിൽ, താൻ ഒരിക്കലും ഈ ചിത്രത്തിനായി ഓഡിഷൻ ചെയ്തിട്ടില്ലെന്നും പകരം ഒരു ലുക്ക് ടെസ്റ്റിന് വിധേയനായെന്നും ആണ് ഇഷ വ്യക്തമാക്കിയത്. വേഷത്തിന് യോജിച്ച രീതിയിൽ ശരീരം രൂപാന്തരപ്പെടുത്താൻ അണിയറ പ്രവർത്തകർ ആറ് മാസത്തെ സമയം അനുവദിച്ചു. ഇതിനായി ഞാൻ ഒരുപാട് വർക്ക് ഔട്ട് ചെയ്തു എന്നും ഇഷ പറഞ്ഞു. തന്റെ കരിയറിലെ നിർണായകമായി മാറിയ ഏറെ ചർച്ച ചെയ്യപ്പെട്ട ബിക്കിനി രംഗത്തെയും ഇഷ പ്രതികരിച്ചു. ഈ രംഗത്തിനായി മാതാപിതാക്കളിൽ നിന്ന് അനുവാദം തേടിയോ എന്ന ചോദ്യത്തിന് അമ്മ ഹേമമാലിനിയോട് അനുമതി തേടി എന്നും തന്റെ പിതാവും മുതിർന്ന നടനുമായ ധർമേന്ദ്രയോട് ചോദിക്കേണ്ട ആവശ്യമില്ലെന്നും ഇഷ വ്യക്തമാക്കി. ‘‘അമ്മയിൽ നിന്ന് അനുവാദം വാങ്ങുന്നത് എന്റെ അച്ഛനിൽ നിന്ന് അനുവാദം വാങ്ങുന്നത് പോലെ തന്നെയാണ് എന്നാണ് ഇഷ വ്യക്തമാക്കിയത്.എന്നാൽ നേരത്തെ ബോളിവുഡ് ബബിളിന് നൽകിയ അഭിമുഖത്തിൽ, അമ്മയോട് അനുവാദം ചോദിക്കുന്നതിൽ താൻ എത്രമാത്രം അസ്വസ്ഥയായിരുന്നു എന്ന് ഇഷ വിവരിച്ചിരുന്നു. ‘ഞാൻ ഏറെ ഭയപ്പെട്ടിരുന്നു,എന്നാണ് അമ്മ ഹേമമാലിനിയുടെ പ്രതികരണം തന്നെ ആശ്ചര്യപ്പെടുത്തി, ഈ രംഗവുമായി മുന്നോട്ട് പോകാൻ അമ്മ തന്നെ പ്രോത്സാഹിപ്പിച്ചു എന്നും താരം പറയുന്നു. നീ സുഹൃത്തുക്കളുമൊത്ത് പോകുമ്പോഴും അവധി ദിവസങ്ങളിലും ഇത് ധരിക്കുന്നു, അതിനാൽ ഇത് സിനിമയിൽ ധരിക്കുന്നത് കൊണ്ട് കുഴപ്പമില്ല. എന്നാൽ അത് ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുക എന്നാണ് അമ്മ പറഞ്ഞത് എന്നും ഇഷ വ്യക്തമാക്കി.



## സെലീന ഗോമസിന്റെ മെഴുക് പ്രതിമ മാഡം തുസാഡ്സ് മ്യൂസിയത്തിൽ



ദുബായിലെ മാഡം തുസാഡ്സ് മ്യൂസിയത്തിൽ നടിയും ഗായികയുമായ സെലീന ഗോമസിന്റെ മെഴുക് രൂപം അനാച്ഛാദനം ചെയ്തു. ന്യൂയോർക്ക് സിറ്റി വാക്സ് മ്യൂസിയം ഇൻസ്റ്റാഗ്രാമിൽ വീഡിയോ പങ്കിട്ടുണ്ട്. ഒറ്റ നോട്ടത്തിൽ ശരിക്കും സെലീനയെന്ന് തോന്നിക്കുന്നതാണ് പ്രതിമ.സെലീനയെ അച്ചിലിട്ട് വാർത്തപോലെ നിർമിച്ച മെഴുക് രൂപത്തെ സോഷ്യൽ മീഡിയ അഭിനന്ദിച്ചു. കറുപ്പും വെളുപ്പും ചെക്കർ ചെയ്ത ടു പീസ് വസ്ത്രമാണ് രൂപത്തിൽ നൽകിയിരിക്കുന്നത്. വർക്ക് ഫ്രണ്ടിലേക്ക് വരുമ്പോൾ ഈ വർഷം താരത്തിന് തിരക്കേറിയ വർഷമാണ്. വിസാർഡ്സ് ഓഫ് വേവർലി പ്ലേസ് സീക്വൽ സീരീസിൽ അഭിനയിച്ചുകൊണ്ട് സെലീന ഡിസ്നി ചാനലിലേക്ക് മടങ്ങിയെത്തി, ഒൺലി മർഡേഴ്സ് ഇൻ ദി ബിൽഡിംഗിന് എമ്മി അവാർഡിന് നാമനിർദ്ദേശം ചെയ്യപ്പെട്ടു. തന്റെ സംഗീത ജീവിതത്തിലേക്ക് വരുമ്പോൾ, 2016 മുതൽ സെലീന പര്യടനം നടത്തിയിട്ടില്ല.

# 'ഭൂമി മലയാള്'ത്തിലുള്ള ഏതെങ്കിലും 'അമ്മ' പറയുമോ 'കറ' നല്ലതാണെന്ന്?









ആന്റണി ചടയംമുറി

ചാനലുകളിലും പത്രങ്ങളിലും ബലാൽ സംഗവീരന്മാരുടെ പടങ്ങൾ നിറയുന്നുണ്ട്. ഓരോ ദിവസവും പട്ടികയിൽ പേരുകൾ വർധിക്കുകയാണ്. താരത്തിളക്കത്തിന്റെ 'ഹോൾസെയിൽ അവകാശം' കുത്തകയായുള്ള 'അമ്മ' സംഘടനയാകട്ടെ, അംഗങ്ങളെ വേണ്ട സമയത്ത് തിരുത്താതെ പോയോ എന്ന ദുഃഖത്തിലാണ്. ''എന്റെ ചേട്ടനില്ലെങ്കിൽ, ഞാനും കളിക്കാനില്ല'' എന്ന മട്ടിൽ അമ്മയുടെ ഭരണസമിതി അധികാരമൊഴിഞ്ഞ് 'കാവൽ സമിതി' യായി. റേപ്പുകൾ, പീഡനങ്ങൾ, അതിക്രമങ്ങൾ എന്നിവയ്ക്കെതിരെ 'അമ്മ'യ്ക്കു നൽകിയ പരാതികൾ 'യഥാസമയം' പോലീസിന് കൈമാറാതിരുന്നതാണ് സംഗതി ഇത്രയും വഷളാക്കിയത്. അമ്മയിലെ അംഗത്വമെന്നത് ഒന്നരലക്ഷം രൂപ അംഗത്വ ഫീസായി അടയ്ക്കേണ്ട ഒന്നൊന്നര ഇടപാടാണ്.

പ്രവേശന ഫീസ് ഒപ്പിക്കാൻ തന്നെ ചില 'കലാപരിപാടികൾ' നടത്തി പണമുണ്ടാക്കിയാലോ എന്ന് ചിലർ ചിന്തിക്കാമെന്ന് വരെ സംസാരമുണ്ട്. ഏതായാലും കറ നല്ലതാണെന്ന പരസ്യം ഓകെ. പക്ഷെ 'കറ' പറ്റിയവരെ അമ്മമാർ ചേർത്തുപിടിച്ച ചരിത്രമില്ലോ. മക്കളെ നേർവഴി നടത്തുന്നതിൽ തോറ്റുപോയെന്ന സങ്കടത്തിലാണോ ലാലും കൂട്ടരും രാജിവച്ചത്? അതല്ലെങ്കിൽ, 'പവർ ഗ്രൂപ്പ് കളി' അമ്മയ്ക്ക് പുറത്തിറങ്ങിയാലും തടസ്സമില്ലാതെ തുടരാമെന്ന് ചിലരെങ്കിലും കരുതിയോ? പെണ്ണു പിടിക്കുന്നതും പടം പിടിക്കുന്നതുമെല്ലാം ഒരു തരം അശ്ളീലച്ചുവയോടെ പണ്ടു മുതലേ കണ്ടവരുണ്ട്. 'അമ്മ' വന്നതോടെ എല്ലാം മാറുമെന്ന് കരുതിയവർ മണ്ടന്മാർ. രാജിവച്ച ഇതേ 'ഭരണസമിതി 'ഓണത്തിനുശേഷം അംഗങ്ങളുടെ സമ്മർദ്ദത്തെ തുടർന്ന് വീണ്ടും ചുമതലയേറ്റാലോ? ഈ ക്ലൈമാക്സ് ഇപ്പോഴേ കുറിച്ചിട്ടോളൂ. കാരണം, 'ഇതല്ല ഇതിനപ്പുറവും കണ്ടവനാണീ കെ.കെ. ജോസഫ് ' എന്ന ഇന്നസെന്റ് ഡയലോഗ് നാം എല്ലാവരും കണ്ടും കേട്ടും ചിരിച്ചതല്ലേ? സലീം കുമാർ ചോദിച്ചതുപോലെ ''നമ്മളാരാ മോൻ? ''!

### ഓണം റിലീസ് സിനിമകൾ കുറഞ്ഞേക്കാം

ഓണം റിലീസ് തിയതിയായി നിശ്ചയിച്ചിട്ടുള്ളത് സെപ്തംബർ 12 ആണ്. മോഹൻലാലിന്റെ ബറോസും മമ്മൂട്ടിയുടെ ബസൂക്കയുമാണ് ഈ ഓണത്തിന് ഏറ്റുമുട്ടുമെന്ന് കരുതുന്ന ചിത്രങ്ങൾ. ഏറെ വർഷങ്ങൾക്കുശേഷമാണ് സൂപ്പർസ്റ്റാറായ ലാലിന്റെയും മെഗാസ്റ്റാറായ മമ്മൂട്ടിയുടെയും ചിത്രങ്ങൾ ഒരേ തിയതിയിൽ, ഓണം റിലീസായി വരുന്നത്. എന്നാൽ, ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ ജനം ഓണം സിനിമകളോട് എങ്ങനെ പ്രതികരിക്കുമെന്ന വേവലാതി നിർമ്മാതാക്കൾക്കും വിതരണക്കാർക്കുമുണ്ട്. ത്രീഡി സിനിമയാണ് ലാലിന്റെ ബറോസ്. ലാൽ തന്നെയാണ് സംവിധാനവും. സംവിധായകനെന്ന നിലയിലുള്ള ലാലിന്റെ ആദ്യ സംരംഭം തിയറ്റർ തൊടും മുമ്പേ, ഇത്തരമൊരു 'കലാപം' സിനിമാ മേഖലയിൽ ആരും പ്രതീക്ഷിച്ചിരുന്നില്ല. ഗൗതം മേനോന്റെ കാൾഷീറ്റ് കുഴപ്പത്തിൽ കുടുങ്ങിയ ബസൂക്ക, മമ്മൂട്ടിയുടെ ആക്ഷൻ ത്രില്ലറാണ്. പഴയ ഹിറ്റ് തിരക്കഥാകൃത്ത് കലൂർ ഡെന്നിസിന്റെ മകനായ ഡീനോ ഡെന്നിസാണ് ബസൂക്കയുടെ സംവിധായകൻ. അടിപൊളി ഗെറ്റപ്പിലുള്ള മമ്മൂട്ടിയുടെ പ്രൊമോ പോസ്റ്ററുകൾ ഇതിനകം തന്നെ സോഷ്യൽ മീഡിയയിൽ വൈറലാണ്.

### എല്ലാം ശരിയാകും, ഇല്ലെങ്കിൽ ശരിയാക്കും

എല്ലാം ശരിയാകുമെന്ന ടാഗ്ലൈനായിരുന്നു ഇടതുമുന്നണിയുടെ ആദ്യ മന്ത്രിസഭയുടെ തുറുപ്പു ചീട്ട്. രണ്ടാം പിണറായി മന്ത്രിസഭയ്ക്ക് വഴിയൊരുക്കിയതാകട്ടെ എല്ലാം ഉറപ്പെന്ന വാഗ്ദാനമായിരുന്നു. പിന്നീട് അധികാരമേറിയ ഇടതു മന്ത്രിസഭകൾ അത്യപൂർവമായ ദുരന്തങ്ങളെ നേരിട്ടു. പ്രളയം 'ഡാം മാനേജ്മെന്റി'ൽ വന്ന വീഴ്ചയാണെന്ന് ഹൈക്കോടതി നിയമിച്ച കമ്മിറ്റി കണ്ടെത്തിയിരുന്നു. കോവിഡ് കാലത്തെ 'കണക്കും കുണുക്കുമില്ലാതെ ധനവിനിയോഗം, പർച്ചേസിംഗ് എന്നിവയെക്കുറിച്ചെല്ലാം പിൽക്കാലത്ത് പരാതിയുയർന്നിരുന്നു. എല്ലാ ആരോപണങ്ങളെയും അതിജീവിച്ച് ഇടതുപക്ഷം പിടിച്ചു നിന്നുവെങ്കിലും, ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒന്നും ശരിയാക്കാത്തതിനും, 'ഉറപ്പുകൾ' പാലിക്കാത്തതിനും ജനം 'പൊളപ്പൻ' തിരിച്ചടി നൽകി. അന്വേഷണക്കമ്മീഷനുകളെല്ലാം ഭരണത്തിന്റെ ശൈലി മാറ്റണമെന്ന് പറഞ്ഞിട്ടും, അതൊക്കെ ഏതോ മലവെള്ളപ്പാച്ചിലിൽ ഒഴുകിപ്പോകുകയായിരുന്നു.

ഇപ്പോൾ എല്ലാവരും ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിൽ സർക്കാർ കർശനമായ നടപടിയെടുക്കുമെന്ന ചിന്തയിലാണ്. പക്ഷെ ഒന്നും സംഭവിക്കില്ല. ആഗോളവത്ക്കരണത്തെ തുടർന്ന്, ഭരണരംഗത്തെ വീഴ്ചകളെ 'നേരിടാനാണ്' ഇവന്റുകൾ കണ്ടുപിടിച്ചത്. പച്ച മലയാളത്തിൽ പറഞ്ഞാൽ 'വീണിടം വിദ്യയാക്കുന്ന' തരികിട പരിപാടിയായി ഇവന്റുകളെ അവതരിപ്പിച്ചതുവഴി ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തമസ്കരിക്കാൻ 'ഇവന്റ് നടത്തിപ്പ്' അവസരമൊരുക്കുന്നു. ഉദാഹരണം പറയാം: പാലക്കാട് ജില്ലയിൽ മാത്രം കഴിഞ്ഞ ഒരു മാസത്തിനിടെ ആത്മഹത്യ ചെയ്തത് മൂന്ന് കർഷകരാണ്. കയറിൽ തൂങ്ങിയും വിഷം കഴിച്ചും മരിച്ച ഈ കർഷകരുടെ വസതികളിലേക്ക് ആരും കടന്നു ചെന്നില്ല. ഹതഭാഗ്യരായ ഈ കർഷകരുടെ കണ്ണീർ വീണ കുടുംബങ്ങളെ കാണാത്ത മട്ടിൽ സംസ്ഥാന സർക്കാർ കർഷക ദിനം ആഘോഷിച്ചു. കാരണം ഇവന്റ് നടത്തിപ്പിനുള്ള ചില തൽപ്പര കക്ഷികൾ, സെക്രട്ടറിയേറ്റിന് മൂക്കിനു താഴെ പ്രവർത്തിക്കുന്നുണ്ട്.ഓരോഇവന്റ്നടത്തിപ്പിനും ക്വട്ടേഷൻ നൽകുന്നതിനു മുമ്പ്, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള 'ചില്ലറ' അവർ പറഞ്ഞുറപ്പിച്ചിട്ടുണ്ടാകും.

### സിനിമാ കോൺക്ലേവും ഇവന്റ് തന്നെ

സിനിമാ മന്ത്രി സജി ചെറിയാൻ സിനിമാ കോൺക്ലേവ് കൊച്ചിയിൽ സംഘടിപ്പിക്കുമെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. ഇതിനായി ഒരു കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഹേമ കമ്മിറ്റി റിപ്പോർട്ട് മാത്രമല്ല, സിനിമാ നിർമ്മാണത്തിന്റെ സമസ്ത മേഖലകളിലുമുള്ള നയരൂപീകരണമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ ഷാജി എൻ. കരുൺ മാധ്യമങ്ങളോട് കഴിഞ്ഞ ദിവസം പ്രതികരിക്കുകയുണ്ടായി. എന്നാൽ, ഇത്തരമൊരു ആഘോഷമായ കൂടിവരവിൽ തികച്ചും 'ഗൗരവമായ' തീരുമാനങ്ങൾ നിർദ്ദേശിക്കാൻ സർക്കാർ രൂപീകരിച്ച നയരൂപീകരണ സമിതിക്ക് കഴിയുമോ?

സിനിമയിലെ ലൈംഗികാതിക്രമങ്ങൾ അന്വേഷിക്കാനുള്ള പ്രത്യേക സംഘ രൂപീകരണം പോലും ഒരു 'തടിതപ്പൽ നടപടി'യാണെന്ന് ആരോപണമുയരുന്നുണ്ട്. പോലീസ് ആക്ട് പ്രകാരമല്ലാതെ പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചത് തന്നെ തൽക്കാലത്തേയ്ക്കുള്ള 'മുഖം രക്ഷിക്കൽ' നീക്കമായി കരുതണം. സിനിമയിലെ ആദ്യത്തെ ലൈംഗികാതിക്രമക്കേസിന്റെ (2011) പരിണാമമെന്തായിരുന്നു? മൂന്ന് നടന്മാരുടെ പേരുകൾ ആദ്യത്തെ മൊഴിയിൽ പെൺകുട്ടി നൽകിയിരുന്നുവെങ്കിലും അന്വേഷണോദ്യോഗസ്ഥന്റെ ഇടപെടൽ മൂലം പെൺകുട്ടി കോടതിയിൽ മൊഴി മാറ്റിയത് ചരിത്രമാണ്. പേരുകൾ മൊഴിയിൽ നിന്ന് ഒഴിവാക്കിയ പോലീസ് ഇൻസ്പെക്ടർക്കെതിരെ സസ്പെൻഷൻ നടപടിയുണ്ടായി. പക്ഷെ പിന്നീട് 'പുകയടങ്ങിയപ്പോൾ' തിരിച്ചെടുക്കുകയും ചെയ്തു.

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ എഫ്.ഐ.ആർ. ഇട്ട് കേസെടുക്കാനാവില്ലെന്ന് അന്ന് സിനിമാ മന്ത്രിയായിരുന്ന എ.കെ. ബാലൻ എന്ന വക്കീൽ പറഞ്ഞു കഴിഞ്ഞു. ഒരു നടിയെ വാഹനത്തിൽ വച്ച് പീഡിപ്പിച്ചുവെന്ന കേസിനെ തുടർന്നാണ് ഹേമ കമ്മീഷനെ സർക്കാർ നിയോഗിച്ചത്. കമ്മിറ്റി രൂപീകരിച്ചതിന്റെ പശ്ചാത്തല കാരണം സർക്കാർ പതിയെ വിഴുങ്ങുകയാണിപ്പോൾ. എല്ലാ മേഖലകളിലും സ്ത്രീകൾ ദുരുപയോഗം ചെയ്യപ്പെടുമ്പോൾ, സിനിമയിലും അതെല്ലാം സംഭവിക്കില്ലേയെന്ന് ചോദിക്കുന്നവരുണ്ട്.

എന്നാൽ, നാലരവർഷക്കാലം ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് പൂഴ്ത്തിവച്ചത് റിപ്പോർട്ടിൽ പ്രതിസ്ഥാനത്തുള്ളവരെ പിഴിയാൻ അനൗദ്യോഗികമായി ആരെങ്കിലും ദുരുപയോഗം ചെയ്തിട്ടുണ്ടാകുമോ? പിരിവിന്റെ കാര്യത്തിൽ, ജഗജില്ലന്മാരാണ് ചില നേതാക്കളെന്നത് ഒരു രഹസ്യമേയല്ലോ?

### 'നിങ്ങളെ' കൊല്ലാക്കൊല ചെയ്യാതെ ഞങ്ങൾക്ക് എന്ത് ആഘോഷം ?

പ്രവാസികൾ അവധിക്ക് വരുന്ന നാളുകളാണിത്. കേരളത്തിന് പുറത്തുള്ളവരും തീവണ്ടി, ബസ് വഴിയെല്ലാം ഓണമുണ്ണാനെത്തും. പല കുടുംബങ്ങളും 'സ്നേഹപൂർവം' ഒത്തുചേരുന്ന ഈ ഓണക്കാലത്ത്, എല്ലാ രീതിയിലും സർക്കാരും വിമാനക്കമ്പനികളും ടൂറിസ്റ്റ് ബസ്സുടമകളുമെല്ലാം ഇന്ത്യയ്ക്ക് പുറത്ത് നിന്നും അകത്ത്നിന്നും യാത്ര ചെയ്യുന്ന മലയാളികളെ 'കൊല്ലാക്കൊല' ചെയ്യുകയാണ്.

ഗർഫ് വിമാന നിരക്ക് അഞ്ചും ആറും ഇരട്ടിയാക്കി വർധിപ്പിച്ചതായി പരാതികളുയർന്നിരുന്നു. ഓഗസ്റ്റ് 10ന് ശേഷം ഗൾഫിൽ നിന്നും കേരളത്തിലേക്കുള്ള വിമാന ടിക്കറ്റ് കിട്ടാത്ത അവസ്ഥയുണ്ടായിരുന്നു. ഇനി പ്രവാസികൾ തിരിച്ചുപോകേണ്ട മാസങ്ങളിൽ മടക്കയാത്രയ്ക്കുള്ള വിമാന ടിക്കറ്റ് നിരക്കും കുത്തനെ ഉയർത്തിക്കഴിഞ്ഞിട്ടുണ്ട്. നാലു പേരുള്ള ഒരു കുടുംബം കേരളത്തിൽ അവരുടെ ഉറ്റവരെ കാണാനെത്താനും മടങ്ങിപ്പോകാനും 4 ലക്ഷം രൂപയെങ്കിലും ചെലവഴിക്കേണ്ടി വരുന്ന ദുരവസ്ഥയാണ് ഇന്നുള്ളത്.

ഏറ്റവും രസകരമായ കാര്യം മലയാളികൾ മാത്രമേ ഈ അമിത നിരക്കിന്റെ ദുരിതമനുഭവിക്കുന്നുള്ളു എന്നതാണ്. ബംഗ്ളൂരു, ഡെൽഹി, മുംബൈ തുടങ്ങിയ നഗരങ്ങളിലേക്കുള്ള വിമാന യാത്രാ നിരക്കിൽ ഓണക്കാലത്തും മാറ്റമൊന്നുമില്ല. വിമാനയാത്രാ നിരക്ക് നിശ്ചയിക്കുന്നത് സ്വകാര്യ വിമാനക്കമ്പനികളുടെ കൺസോർഷ്യമായ ഇന്റർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷൻ (അയാട്ട) ആണ്. വിമാനയാത്രാ നിരക്കിലെ അപാകതകൾ പരിശോധിക്കാൻ കേന്ദ്രസർക്കാർ ഒരു സമിതിയെ നിയോഗിക്കുമെന്ന് വാർത്തകളുണ്ടായിരുന്നു. ആ വാർത്തയുടെ മുകളിലൂടെയാണ് ഓണക്കാലത്തെ ടിക്കറ്റ് നിരക്ക് കുത്തനെ കൂട്ടി 'അയാട്ട' പുലികളി നടത്തി മലയാളികളെ പിഴിയുന്നത് .

അവധിയ്ക്കെത്തുന്ന പ്രവാസികളെ ലക്ഷ്യമിട്ട് തുണി, ആഭരണക്കടകളെല്ലാം 'ഫെസ്റ്റ്' നടത്തുന്നുണ്ട്. മിക്കവാറും പഴഞ്ചൻ തുണികളും മറ്റും വിറ്റുതീർക്കാൻ ഈ 'ഫെസ്റ്റ്' ദുരുപയോഗം ചെയ്യുന്നു. മറ്റൊരു ചൂഷണ കഥ കൂടി: പ്രവാസികൾ കേരളത്തിലെത്തുമ്പോൾ കൃത്യമായി നടത്തിയിരിക്കേണ്ട ഭൂമി ഇടപാടുകൾ, വാടകക്കരാറുകൾ, പണമിടപാടുകൾ എന്നിവയ്ക്കെല്ലാം മുദ്രപ്പത്രം വേണം. 500 രൂപയുടെ വരെയുള്ള മുദ്രപ്പത്രങ്ങൾക്ക് പകരം ഇപ്പോൾ സ്റ്റോക്കുള്ളത് 2000 രൂപയ്ക്ക് മുകളിലുള്ള മുദ്രപ്പത്രങ്ങളാണ്. അവിടെയും സർക്കാരിന് ലോട്ടറിയാണ്. കാരണം നിശ്ചിത തിയതിക്ക് തിരിച്ചു പോകേണ്ട പ്രവാസി കൂടുതൽ തുകയ്ക്കുള്ള മുദ്രപ്പത്രം വാങ്ങി ഇടപാട് നടത്തുമ്പോൾ 500 രൂപയ്ക്ക് പകരം എത്രയോ ഇരട്ടി തുകയാണ് ചെലവഴിക്കേണ്ടി വരുന്നത് !പ്രവാസികളുടെ 'വിദേശ കറൻസി' രാജ്യത്തിന് മുതൽ കൂട്ടാണെന്നെല്ലാം പറയാറുണ്ട്. പക്ഷെ അവരെ 'ഉഴിഞ്ഞും പിഴിഞ്ഞും' ചോരയൂറ്റിയെടുക്കുകയാണ് പല സംവിധാനങ്ങളുമെന്ന കാര്യം മറക്കല്ലേ !

◗ ആന്റണിചടയംമുറി






# ആടു ജീവിതത്തിൽ അഭിനയിച്ചതിന് സൗദി ജനതയോട് മാപ്പ് അപേക്ഷിച്ച് ജോർദാനി നടൻ



ജെറുസലേം: 'ആട് ജീവിതത്തി' ൽ അഭിനയിച്ചതിന് സൗദി ജനതയോടെ മാപ്പ് അപേക്ഷിച്ച് ജോർദാനി നടൻ ആകിഫ് നജം. കഥയിലെ നായകൻ മരുഭൂമിയിൽ വഴിതെറ്റുന്നതും ഒരു ധീരനായ സൗദി പൗരൻ നായകനെ രക്ഷിക്കുന്നതുമാണ് ചിത്രം പറയുന്നതെന്ന് കരുതിയാണ് അഭിനയിച്ചത്. തിരക്കഥ പൂർണമായും വായിച്ചിരുന്നില്ല. സിനിമ കണ്ടപ്പോഴാണ് അത് സൗദി വിരുദ്ധമാണെന്ന് മനസിലായതെന്നും നടൻ പ്രസ്താവനയിൽ പറഞ്ഞു. തിരക്കഥയുടെ വിശദാംശങ്ങൾ പൂർണമായി മനസിലാക്കിയിരുന്നുവെങ്കിൽ ചിത്രത്തിന്റെ ഭാഗമാകുമായിരുന്നില്ല. ജോർദാൻ ജനതക്ക് സൗദി ഭരണാധികാരികളുമായും ജനങ്ങളുമായും സാഹോദര്യ, കുടുംബ ബന്ധങ്ങളുമുണ്ട്. ആട് ജീവിതത്തത്തിൽ അഭിനയിച്ചതിന് താൻ സൗദി ജനതയോട് ക്ഷമാപണം നടത്തുന്നതായും നടൻ പ്രസ്താവനയിൽ പറഞ്ഞു.അതേസമയം സിനിമയുടെ കഥ വളച്ചൊടിച്ചതാണെന്ന് സൗദി നോവലിസ്റ്റ് അബ്ദുറഹ്മാൻ അൽദുവൈലജ് തുറന്നടിച്ചു. 30 മുതൽ 40 ശതമാനം വരെ യോജിക്കുന്നു. എന്നാൽ ബാക്കി കഥ എഴുത്തുകാരൻ വളച്ചൊടിച്ചിരിക്കുകയെന്നും അദ്ദേഹം പറഞ്ഞു.



# ഹിന്ദിയിൽ തങ്കലാൻ റിലീസ് വൈകുന്നത് എന്തുകൊണ്ട് ? പ്രതികരിച്ച് വിക്രം

സൂപ്പർ താരം ചിയാൻ വിക്രത്തിനെ നായകനാക്കി പാ.രഞ്ജിത് സംവിധാനം ചെയ്ത ബ്രഹ്മാണ്ഡ ചിത്രം തങ്കലാൻ തീയേറ്ററുകളിൽ വിജയ കുതിപ്പ് തുടരുകയാണ്. ചിത്രം ഹിന്ദിയിൽ ഓഗസ്റ്റ് 30-ന് റിലീസ് ചെയ്യാൻ ഒരുങ്ങുകയാണ്. ഓഗസ്റ്റ് 15 ന് റിലീസ് ചെയ്ത ചിത്രം ദക്ഷിണേന്ത്യയിൽ ഇതിനകം മികച്ച പ്രകടനം കാഴ്ച്ചവെക്കുന്നുണ്ട്. എന്നാൽ ഹിന്ദിയിൽ റിലീസ് വൈകിയിരുന്നു.ഇപ്പോഴിതാ റിലീസ് വൈകുന്നതിന്റെ കാരണം വെളിപ്പെടുത്തിയിരിക്കുകയാണ് നടൻ വിക്രം. ''തങ്കലൻ ഒരു വ്യത്യസ്തമായ ചിത്രമാണ്, അതിന് പ്രേക്ഷകരിൽ നിന്ന് പതിവുള്ള അത്ര പ്രതികരണമോ ഓപ്പണിംഗോ ഉണ്ടാകില്ല, അതിനാൽ റിലീസ് പ്ലാൻ ചെയ്യുന്നതാണ് നല്ലത്. ഋഷബ് ഷെട്ടിയുടെ കാന്താര പോലും ഹിന്ദി മാർക്കറ്റുകളിൽ റിലീസ് ചെയ്ത് രണ്ടാഴ്ച കഴിഞ്ഞാണ് വന്നതെന്നും വിക്രം കൂട്ടിച്ചേർത്തു.നിങ്ങൾ ഒരുപാട് മാനദണ്ഡങ്ങൾ കണക്കിലെടുക്കണം.നമ്മൾ നിരവധി ക്രോസ് കൾച്ചറുകളുള്ള ഒരു രാജ്യമാണ്, ഞങ്ങൾ നിരവധി രുചികളുള്ള ഒരു പാത്രമാണ്, ഇതാണ് ഇന്ത്യ ആസ്വദിക്കാനുള്ള ഏറ്റവും നല്ല മാർഗം.ഞാൻ ആന്ധ്രാപ്രദേശിൽ പോകുമ്പോൾ, നിങ്ങൾ എപ്പോഴാണ് ഒരു സ്ട്രെയ്റ്റ് തെലുങ്ക് സിനിമ ചെയ്യുന്നതെന്ന് എന്നോട് ചോദിക്കും, അല്ലെങ്കിൽ ഒരു മലയാളം സിനിമ ചെയ്യുന്നതിനെക്കുറിച്ച് എന്നോട് ചോദിക്കുന്നു. പ്രണയത്തിന് ഭാഷയില്ലാത്തതുപോലെ സിനിമയ്ക്കും ഭാഷയില്ല- വിക്രം കൂട്ടിച്ചേർത്തു.

# ആക്ഷൻ ത്രില്ലർ യുധ്രയിലെ മാളവികയുടെ പോസ്റ്റർ പുറത്ത്




ബോളിവുഡിലെ വരാനിരിക്കുന്ന ആക്ഷൻ ത്രില്ലർ യുധ്ര പ്രഖ്യാപിച്ചത് മുതൽ തന്നെ വാർത്തകളിൽ ഇടം നേടിയിരിക്കുകയാണ്. ഇപ്പോഴിതാ ആവേശം പുതിയ ഉയരങ്ങളിൽ എത്തുകയാണ്. ചിത്രത്തിലെ നിഖത് എന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്ന നടി മാളവിക മോഹനന്റെ പുതിയ പോസ്റ്റർ പുറത്ത് വിട്ടു.സിനിമയിൽ പ്രധാന വേഷത്തിൽ അഭിനയിക്കുന്ന നടൻ സിദ്ധാന്ത് ചതുർവേദി അടുത്തിടെ പുറത്തിറക്കിയിരുന്നു. പോസ്റ്ററിനൊപ്പം, ആഗസ്ത് 29 ന് ഔദ്യോഗിക ട്രെയിലറിന്റെ റിലീസ് തീയതിയും സിദ്ധാന്ത് വെളിപ്പെടുത്തി.യുധ്രയിലെ തന്റെ ആക്ഷൻ-പാക്ക് റോളിനായി തയ്യാറെടുക്കാൻ, സിദ്ധാന്ത് ചതുർവേദി മിക്സഡ് ആയോധന കലകൾ (എംഎംഎ), കിക്ക്ബോക്സിംഗ്, ജിയു-ജിറ്റ്സു എന്നിവ പരിശീലിച്ചിരുന്നു. ഹിന്ദി സിനിമയിൽ അരങ്ങേറ്റം കുറിക്കുന്ന മാളവിക മോഹനന്റെ സുപ്രധാന നാഴികക്കല്ല് കൂടിയാണ് ഈ ചിത്രം.രവി ഉദ്യാവർ സംവിധാനം ചെയ്ത യുധ്ര ഒരു റൊമാന്റിക്-ആക്ഷൻ ത്രില്ലറാണ്, എക്സൽ എന്റർടെയ്ൻമെന്റിന്റെ ബാനറിൽ റിതേഷ് സിദ്ധാനിയും ഫർഹാൻ അക്തറും ചേർന്നാണ് ഇത് നിർമ്മിക്കുന്നത്. 2024 സെപ്തംബർ 20 ന് ചിത്രം റിലീസ് ചെയ്യും.

# രജനികാന്തിന്റെ ലാൽ സലാം; ഒടിടി റിലീസ് പ്രഖ്യാപിച്ചു



ഐശ്വര്യ രജനികാന്തിന്റെ സംവിധാനത്തിൽ തിയേറ്ററുകളിലെത്തിയ ചിത്രമായിരുന്നു ലാൽ സലാം. പ്രതീക്ഷ വാനോളം ആയിരുന്നെങ്കിലും ചിത്രത്തിന് കാര്യമായ ഉയർച്ച നേടാനായില്ല. സിനിമ മാർച്ച് എട്ടിന് നെറ്റ്ഫ്ലിക്സിലൂടെ റിലീസ് ചെയ്യുമെന്ന് അറിയിച്ചിരുന്നെങ്കിലും അത് മാറ്റിവെച്ചു. പിന്നീട് മാർച്ച് 21, 29 എന്നീ തീയതികളിൽ സിനിമയുടെ ഡിജിറ്റൽ റിലീസ് പ്രഖ്യാപിച്ചെങ്കിലും അതും ഉണ്ടായില്ല.ഇപ്പോഴിതാ ചിത്രത്തിന്റെ ഡിജിറ്റൽ റിലീസ് നിർമ്മാതാക്കൾ ഔദ്യോഗികമായി പ്രഖ്യാപിച്ചു. 'ലാൽ സലാം' സെപ്റ്റംബർ 20 മുതൽ ടൗി ചതറയിൽ ലഭ്യമാകും, കൂടാതെ സിനിമ ഒന്നിലധികം ഭാഷകളിൽ ലഭ്യമാകും.രജനികാന്ത് മൊയ്തീൻ ഭായ് എന്ന കഥാപാത്രമായിട്ടാണ് ലാൽ സലാമിൽ വേഷിട്ടത്. ലാൽ സലാം ലൈക്ക പ്രൊഡക്ഷൻസിന്റെ ബാനറിൽ നിർമിച്ച ലാൽ സലാമിൽ ഒരു അതിഥി വേഷത്തിൽ ഇന്ത്യൻ ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റൻ കപിൽ ദേവും ഉണ്ട്. ഛായാഗ്രാഹണം വിഷ്ണു രംഗസ്വാമിയാണ്. സംഗീതം എ ആർ റഹ്മാനും.

# 'മങ്കാത്ത 2' അണിയറയിൽ




വെങ്കട്ട് പ്രഭു സംവിധാനം ചെയ്ത അജിത്തിന്റെ സൂപ്പർഹിറ്റ് ചിത്രമായ 'മങ്കാത്ത'യുടെ രണ്ടാം ഭാഗത്തിനായി ആരാധകർ കാത്തിരിക്കുകയാണ്. ഇപ്പോഴിതാ ആരാധകരുമായി നടത്തിയ ഒരു മീറ്റിംഗിൽ സംവിധായകൻ വെങ്കട്ട് പ്രഭു, 'മങ്കാത്ത 2' നായി അജിത്തിനൊപ്പം പ്രവർത്തിക്കാൻ കാത്തിരിക്കുകയാണെന്ന് വെളിപ്പെടുത്തിയിരിക്കുകയാണ്.'മങ്കാത്ത 2' അജിത് കുമാറിനെ വച്ച് മാത്രമേ ചെയ്യാനാകൂ, അത് മറ്റാരെയും കൊണ്ട് ചെയ്യാനാകില്ലെന്നും 'സംവിധായകൻ വ്യക്തമാക്കിയിട്ടുണ്ട്. അജിത്തിനൊപ്പം ഒരിക്കൽ കൂടി സഹകരിക്കാൻ താൻ ആവേശഭരിതനാണെന്നും, ശരിയായ സമയമാകുമ്പോൾ, അത് സൃഷ്ടിക്കാൻ തങ്ങൾ വീണ്ടും ഒന്നിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.അതേസമയം അജിത്തിനെയും വിജയെയും ഒരുമിച്ച് ഒരു സിനിമയിൽ കൊണ്ടുവരാൻ താൻ ആഗ്രഹിക്കുന്നുവെന്നും ആ മാജിക് സംഭവിക്കുന്നതിനായി താൻ കാത്തിരിക്കുകയാണെന്നും അദ്ദേഹം വെളിപ്പെടുത്തി. അജിത്തിന്റെ എക്കാലത്തെയും ഒരു വിജയ ചിത്രമായിട്ടാണ് മങ്കാത്തയെ കണക്കാക്കുന്നത് എന്നാണ് വിലയിരുത്തൽ.




# 'നോബഡി'യുമായി പൃഥ്വിരാജ് പ്രൊഡക്ഷൻസ്

ഇ4 എന്റർടൈൻമെൻറ്സും പൃഥ്വിരാജ് പ്രൊഡക്ഷൻസും ചേർന്ന് നിർമിക്കുന്ന ഏറ്റവും പുതിയ ചിത്രത്തിന്റെ പ്രഖ്യാപനവുമായി പൃഥ്വിരാജ്. 'നോബഡി' എന്നാണ് ചിത്രത്തിന് പേര് നൽകിയിരിക്കുന്നത്. ഗുരുവായൂരമ്പലനടയിൽ എന്ന ചിത്രത്തിന്റെ വിജയാഘോഷത്തിൽ വെച്ചാണ് ചിത്രത്തിന്റെ ടൈറ്റിൽ ഔദ്യോഗികമായി പ്രഖ്യാപിച്ചത്. സുപ്രിയ മേനോനും മുകേഷ് ആർ മേത്തയും സി വി സാരഥിയും ചേർന്നാണ് ചിത്രം നിർമിക്കുന്നത്. സമീർ അബ്ദുൽ തിരക്കഥയിൽ നിസാം ബഷീറാണ് ചിത്രത്തിന്റെ സംവിധാനം. സോഷ്യൽ മീഡിയയിലൂടെ പൃഥ്വിരാജാണ് പോസ്റ്റ് പങ്കുവെച്ച് ഇക്കാര്യം ഔദ്യോഗികമായി അറിയിച്ചിരിക്കുന്നത്. ഗുരുവായൂരമ്പലനട'യിലാണ് പൃഥ്വിരാജ് പ്രൊഡക്ഷൻസിന്റെ ഒടുവിൽ തിയേറ്ററിൽ എത്തിയ ചിത്രം. എട്ടു സിനിമകളോളം പൃഥ്വിരാജ് പ്രൊഡക്ഷൻസിന്റെ ബാനറിൽ നിർമിച്ചിട്ടുണ്ട്. മമ്മൂട്ടി കമ്പനിയുടെ ബാനറിൽ മമ്മൂട്ടി നായകനായ റോഷാക് എന്ന ചിത്രത്തിന്റെ സംവിധായകനാണ് നിസാം ബഷീർ. ആസിഫ് അലി നായകനായ കെട്ട്യോളാണ് എന്റെ മാലാഖ എന്ന ചിത്രമായിരുന്നു നിസാം ബഷീറിന്റെ ആദ്യ സംവിധാനം. ഇബിലീസ്, റോഷാക്, അഡ്വെൻജേഴ്സ് ഓഫ് ഓമനക്കുട്ടൻ എന്നീ സിനിമകൾക്ക് തിരക്കഥയൊരുക്കിയ സമീർ അബ്ദുളാണ് 'നോബഡി' എന്ന ചിത്രത്തിന്റെയും കഥ. മറ്റു താരങ്ങളുടെ വിവരങ്ങളോ അണിയറ പ്രവർത്തകരെക്കുറിച്ചുള്ള വിവരങ്ങളോ പുറത്തുവിട്ടിട്ടില്ല.



## രാമനെ ആക്ഷൻ പഠിപ്പിക്കാൻ അവഞ്ചേഴ്സ് സ്റ്റണ്ട് മാസ്റ്റർ

അവഞ്ചേഴ്സ്, അവതാർ തുടങ്ങിയ ബ്ലോക്ക്ബസ്റ്റർ ചിത്രങ്ങളിലൂടെ പ്രശസ്തനായ സ്റ്റണ്ട് കോ-ഓർഡിനേറ്ററും നടനുമായ ടെറി നോട്ടറി നിതേഷ് തിവാരിയുടെ രാമായണത്തിൽ ജോയിൻ ചെയ്തു. ഇതോടെ ചിത്രത്തിലെ യുദ്ധത്തിന്റെയും ആക്ഷൻ സീനുകളുടെയും ചുമതല ടെറി നോട്ടറിക്കായിരിക്കും. മോഷൻ ക്യാപ്ചറിലും സ്റ്റണ്ട് കോ-ഓർഡിനേഷനിലുമുള്ള നോട്ടറിയുടെ വൈദഗ്ദ്ധ്യമാണ് ഹോളിവുഡിലെ അവഞ്ചേഴ്സ് അടക്കമുള്ള ചിത്രത്തെ മികവുറ്റതാക്കിയത്. നോട്ടറിയുടെ മികവ് രാമായണത്തിലെ ആക്ഷൻ രംഗങ്ങളെ റിയലിസത്തിന്റെയും തീവ്രതയുടെയും ഒരു പുതിയ തലത്തിലേക്ക് ഉയർത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.അവതാർ, ദി പ്ലാനറ്റ് ഓഫ് ദ ഏപ്സ് റീബൂട്ട് ട്രൈലോജി, ദി അഡ്വഞ്ചേഴ്സ് ഓഫ് ടിന്റിൻ: ദി സീക്രട്ട് ഓഫ് ദി യൂണികോൺ, അവഞ്ചേഴ്സ്: ഇൻഫിനിറ്റി വാർ, അവഞ്ചേഴ്സ്: എൻഡ്ഗെയിം തുടങ്ങിയ സിനിമകളുടെ മോഷൻ ക്യാപ്ചർ പെർഫോമറും സ്റ്റണ്ട് കോ-ഓർഡിനേറ്ററുമാണ് അദ്ദേഹം.

## ബോളിവുഡിൽ റിയൽ ബ്ലോക്ക്ബസ്റ്റർ ആയി സ്ട്രീ 2




ബോളിവുഡിൽ നീണ്ടകാല വരൾച്ചയ്ക്ക് ശേഷം ഒരു റിയൽ ബ്ലോക്ബസ്റ്റർ ഉണ്ടായിരിക്കുകയാണ്. സ്ട്രീ 2 റിലീസ് ചെയ്ത് രണ്ടാഴ്ച തികയും മുൻപേ ഇന്ത്യയിൽ 400 കോടി രൂപ കളക്ഷൻ നേടിയതായി സാക്നിൽക്.കോം റിപ്പോർട്ട് ചെയ്യുന്നു.രാജ്കുമാർ റാവുവും ശ്രദ്ധ കപൂറും അഭിനയിച്ച ചിത്രം നിരൂപകരുടെയും പ്രേക്ഷകരുടെയും പ്രശംസ പിടിച്ചുപറ്റി. റിലീസ് ചെയ്ത് 10 ദിവസം പിന്നിടുമ്പോൾ ചിത്രം ആഗോളതലത്തിൽ 500 കോടി ക്ലബ്ബിൽ പ്രവേശിച്ചു. ഹൊറർ-കോമഡി വിഭാഗത്തിലേക്ക് വരുന്ന സ്ട്രീ 2 രാജ്കുമാർ റാവുവിന്റെയും ശ്രദ്ധയുടെയും കരിയറിലെ ഏറ്റവും മികച്ച ഓപ്പണിംഗ് ആണ് നേടിയത്. രാജ്കുമാർ റാവു പങ്കുവെച്ച ചില ചിത്രങ്ങളും ആരാധകരെ ചിരിപ്പിച്ചു. സിനിമയിൽ നിന്നും ഒഴിവാക്കപ്പെട്ട ഒരു സീനിന്റെ സ്റ്റില്ലുകളാണ് നടൻ പുറത്തുവിട്ടിരിക്കുന്നത്. സ്ത്രീവേഷത്തിൽ നിൽക്കുന്ന രാജ്കുമാർ റാവു ആണ് ചിത്രത്തിലുള്ളത്. ഈ വേഷത്തിൽ സംവിധായകൻ അമർ കൗശികനൊപ്പം നിൽക്കുന്ന ചിത്രവും രാജ്കുമാറിന്റെ പോസ്റ്റിലുണ്ട്.'ഫൈനൽ കട്ടിൽ ഇടം പിടാക്കാനാകാത്ത ഈ സീനാണ് ചിത്രത്തിലെ എനിക്ക് ഏറ്റവും പ്രിയപ്പെട്ട സീനുകളിലൊന്ന്. സിനിമയിൽ ഈ സീൻ കാണണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ടോ? അമർ കൗശികിനോട് പറയൂ,' എന്നാണ് ചിത്രങ്ങൾ പങ്കുവെച്ചുകൊണ്ട് നടൻ കുറിച്ചിരിക്കുന്നത്.ഇന്ത്യയിൽ നിന്ന് മാത്രമായി 426 കോടിയാണ് സ്ട്രീ 2 നേടിയത്. 78.5 കോടിയാണ് സിനിമയുടെ ഓവർസീസ് കളക്ഷൻ.

## അടിയുടെ പൂരമൊരുക്കാൻ അജഗജാന്തരം 2 ' വരുന്നു



ആന്റണി വർഗീസ് പെപെ നായകനായി എത്തി തീയേറ്ററുകളിൽ തരംഗം തീർത്ത സിനിമയാണ് അജഗജാന്തരം. ഇപ്പോൾ ഇതാ ഈ സിനിമക്ക് സെക്കന്റ് പാർട്ട് ഒരുങ്ങുകയാണ്. ചിത്രത്തിന് തിരക്കഥ എഴുതിയ കിച്ചു ടെല്ലസും വിനീത് വിശ്വവും ഒന്നിച്ച് നിൽക്കുന്ന ചിത്രം സോഷ്യൽ മീഡിയയിലൂടെ പങ്കുവച്ചാണ് ഈ കാര്യം ഔദ്യോഗികമായി പ്രഖ്യാപിച്ചത്. ആക്ഷൻ സീനുകൾക്ക് ഏറെ പ്രാധാന്യം നൽകികൊണ്ടുള്ള ചിത്രമാണ് അജഗജാന്തരം.ചിത്രത്തിൽ മറ്റൊരു കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിച്ചത് അർജുൻ അശോകനാണ്.24 മണിക്കൂറിൽ നടക്കുന്ന ആവേശഭരിതമായ രംഗങ്ങളാണ് ചിത്രത്തിന്റെ ഇതിവൃത്തം.2022 ൽ തീയേറ്ററുകളിൽ വൻ വിജയമായിരുന്നു അജഗജാന്തരം. രണ്ടാം ഭാഗവും അങ്ങനെ തന്നെ ആവുമെന്നാണ് നിർമാതാക്കൾ പ്രതീഷിക്കുന്നത്.സിൽവർ ബേ പ്രൊഡക്ഷന്റെ ബാനറിൽ ഇമ്മാനുവേൽ ജോസഫും അജയ് തലാപ്പിള്ളിയും ചേർന്നാണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്. രണ്ടാം ഭാഗ വാർത്ത ആരാധകരിൽ കോളിളക്കം സൃഷ്ടിച്ചിട്ടുണ്ട്.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

129

Movie Ulkadal (1979)
Director KG George
Lyrics ONV Kurup
Music MB Sreenivasan
Singers KJ Yesudas, Selma George

എന്റെ കടിഞ്ഞൂൽ പ്രണയകഥയിലെ
പെൺകൊടീ.. നിന്നെയും തേടി..ആ..ആ.
എൻ പ്രിയ സ്വപ്നഭൂമിയിൽ
വീണ്ടും സന്ധ്യകൾ തൊഴുതുവരുന്നൂ വീണ്ടും
സന്ധ്യകൾ തൊഴുതു വരുന്നൂ
(എന്റെ കടിഞ്ഞൂൽ...)

നിൻ ചുടുനിശ്വാസധാരയാം വേനലും
നിർവൃതിയായൊരു പൂക്കാലവും
നിൻ ജലക്രീഡാലഹരിയാം വർഷവും
നിൻ കുളിർ ചൂടിയ ഹേമന്തവും
വന്നു തൊഴുതു മടങ്ങുന്നു പിന്നെയും പിന്നെയും!
നീ മാത്രമെങ്ങു പോയീ!
നീ മാത്രമെങ്ങു പോയീ!



നിൻ ചുരുൾവെറ്റില തിന്നു തുടുത്തൊരു
പൊന്നുഷഃകന്യകൾ വന്നുപോകും
നിൻ മുടിച്ചാർത്തിലെ സൗരഭമാകേ
പണ്ടേതോ കവർന്നൊരീ പൂക്കൈതകൾ
പൊന്നിതൾച്ചെപ്പു തുറക്കുന്നു
പിന്നെയും പിന്നെയും!
നീ മാത്രമെങ്ങു പൊയീ !
നീ മാത്രമെങ്ങു പൊയീ !

ഡൽഹി ഡെർബാർ

# ഇഡിക്ക് സുപ്രീം കോടതിയുടെ ശാസന: ഒടുവിൽ കവിതയ്ക്ക് ജയിൽ മോചനം..!

**2024 മാർച്ച് 16ന് കെ. കവിതയെ ഇഡി അറസ്റ്റ് ചെയ്യുന്നു. മാർച്ച് 19ന് അറസ്റ്റിൽ നിന്നും സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് അരവിന്ദ് കെജരിവാൾ ഹൈക്കോടതിയെ സമീപിക്കുന്നു. ഹർജി ഡൽഹി ഹൈക്കോടതി തള്ളി. തുടർന്ന് ചോദ്യം ചെയ്യലിനൊടുവിൽ കെജരിവാളിനെ ഇഡി അറസ്റ്റ് ചെയ്യുന്നു. അങ്ങിനെ ഇഡിയുടെ അഴിഞ്ഞാട്ടമാണ് കഴിഞ്ഞ നാളുകളിൽ കണ്ടത്.**



2024 മാർച്ച് 16ന് കെ.കവിതയെ ഇ.ഡി അറസ്റ്റ് ചെയ്യുന്നു. മാർച്ച് 19ന് അറസ്റ്റിൽ നിന്നും സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് അരവിന്ദ് കെജ്‌രിവാൾ ഹൈക്കോടതിയെ സമീപിക്കുന്നു. ഹർജി ഡൽഹിഹൈക്കോടതി തള്ളി. തുടർന്ന് ചോദ്യം ചെയ്യലിനൊടുവിൽ കെജ്‌രിവാളിനെ ഇ.ഡി അറസ്റ്റ് ചെയ്യുന്നു. അങ്ങിനെ ഇഡിയുടെ അഴിഞ്ഞാട്ടമാണ് കഴിഞ്ഞ നാളുകളിൽ കണ്ടത്. ഒടുവിൽ കവിതയ്ക്ക്ജാമ്യം ലഭിച്ചു. അതേ, തെലങ്കാന മുൻ മുഖ്യമന്ത്രിയുടെ മകൾ കെ. കവിത ഡൽഹി മദ്യഅഴിമതിക്കേസിൽ അഴിക്കുള്ളിലായിട്ട് മാസങ്ങളോളമായിരുന്നു. നിങ്ങൾക്ക് തോന്നുന്നവരെയാണോ പ്രതിയാക്കുന്നത് എന്ന കടുത്ത വിമർശനമാണ് സുപ്രീകോടതിയുടെ ഭാഗത്ത്നിന്നും ഉണ്ടായത്.

2024 മാർച്ച് 16ന് കെ. കവിതയെ ഇ.ഡി അറസ്റ്റ് ചെയ്യുന്നു. മാർച്ച് 19ന് അറസ്റ്റിൽ നിന്നും സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് അരവിന്ദ് കെജ്‌രിവാൾ ഹൈക്കോടതിയെ സമീപിക്കുന്നു. ഹർജി ഡൽഹി ഹൈക്കോടതി തള്ളി. തുടർന്ന് ചോദ്യം ചെയ്യലിനൊടുവിൽ കെജ്‌രിവാളിനെ ഇ.ഡി അറസ്റ്റ് ചെയ്യുന്നു. അങ്ങിനെ ഇ.ഡിയുടെ അഴിഞ്ഞാട്ടമാണ് കഴിഞ്ഞ നാളുകളിൽ കണ്ടത്. മദ്യനയ അഴിമതിക്കേസിൽ കവിതയ്ക്ക് പങ്കുണ്ടെന്ന് വ്യക്തമാക്കുന്ന തെളിവ് ഹാജരാക്കാൻ ജസ്റ്റിസുമാരായ ബി.ആർ.ഗവായ്, കെ.വി.വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ച് ഇ.ഡിയോടും സി.ബി.ഐയോടും വാദത്തിനിടെ ആവശ്യപ്പെട്ടു. മുതിർന്ന അഭിഭാഷകൻ മുകുൾ റോഹ്തഗിയാണ് കവിതക്കായി കോടതിയിൽ ഹാജരായത്.

2021 നവംബറിലാണ് ഡൽഹി സർക്കാർ പുതിയ മദ്യനയം നടപ്പാക്കുന്നത്. പുതുക്കിയ മദ്യനയം അനുസരിച്ച് സർക്കാർ മദ്യവിൽപനയിൽ നിന്നും പൂർണമായും പിന്മാറുന്നു. ഇത് മറ്റു കമ്പനികൾക്ക് നൽകുന്നു. ഡൽഹിയെ 32 സോണുകളാക്കി തിരിച്ച് ഓരോ സോണിലും 27 കടകൾ വീതം 864 ഔട്ട്ലെറ്റുകൾക്ക് ടെൻഡർ വിളിച്ചാണ് അനുമതി നൽകിയത്. വിചിത്രമെന്നു പറയട്ടെ, അഴിമതിക്കെതിരെ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഉദിച്ചുയർന്ന നക്ഷത്രമാണ് ഒടുവിൽ അഴിമതി കേസിൽ തന്നെ അറസ്റ്റിൽ ആകുന്നത്. ആം ആദ്മി പാർട്ടിയുടെ രണ്ടാമൻ മനീഷ് സിസോദിയ്ക്ക് പിന്നാലെ ഒന്നാമനായ അരവിന്ദ് കെജ്‌രിവാളിനെ കൂടി അറസ്റ്റ് ചെയ്തോടെ കേന്ദ്ര സർക്കാർ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ പ്രഹരശേഷി എതിരാളികൾക്ക് കൃത്യമായി മനസ്സിലായി.

എന്താണിമദ്യനയക്കേസ്എന്ന്നോക്കാം. 2021 നവംബർ മുതലാണ് പുതിയ മദ്യനയം ദില്ലി സർക്കാർ നടപ്പാക്കി തുടങ്ങിയത്. പുതുക്കിയ മദ്യനയ പ്രകാരം സർക്കാർ മദ്യ വിൽപ്പനയിൽ നിന്ന് പൂർണമായും പിന്മാറി. ദില്ലിയെ 32 സോണുകളാക്കി തിരിച്ച് ഓരോ സോണിലും 27 കടകൾ വീതം 864 ഔട്ട്ലെറ്റുകൾക്ക് ടെൻഡർ വിളിച്ച് അനുമതി നൽകി. സ്വകാര്യ ഔട്ട്ലെറ്റിലൂടെ മത്സരിച്ച് മദ്യ വിൽപ്പന തുടങ്ങിയതോടെ മദ്യത്തിൽ ഗുണനിലവാരത്തിൽ വ്യാപക പരാതികൾ ഉയർന്നു. മദ്യനയം നടപ്പാക്കിയ രീതിയിൽ അഴിമതിയുണ്ടെന്ന സംശയവും ശക്തമായി.

ബിജെപി ദില്ലി അധ്യക്ഷനും എം.പിയും ആയിരുന്ന മനോജ് തിവാരി ലഫ്. ഗവർണർക്കും സി.ബി.ഐക്കും കത്ത് നൽകി. മദ്യനയം നടപ്പാക്കിയതിൽ ചട്ടങ്ങൾ ലംഘിക്കപ്പെട്ടതായി ചീഫ് സെക്രട്ടറിതല അന്വേഷണത്തിൽ തെളിഞ്ഞു. ലൈസൻസ് ഫീയിൽ നൽകിയ 144.36 കോടിയുടെ ഇളവ് സർക്കാരിന് നഷ്ടമുണ്ടാക്കിയെന്ന് കണ്ടെത്തൽ.

ലഫ്. ഗവർണറുടെ അനുമതിയില്ലാതെയാണ് മദ്യനയം നടപ്പാക്കിയതെന്ന് ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട്. പിന്നാലെ സി.ബി.ഐ അന്വേഷണത്തിന് നിർദേശം നൽകി ഗവർണർ. 2022 ജൂലൈ 30ന് ദില്ലി സർക്കാർ മദ്യനയത്തിൽ നിന്ന് പിന്മാറി. ഓഗസ്റ്റ് മുതൽ പഴയ മദ്യനയം നടപ്പാക്കാൻ ദില്ലി സർക്കാർ തീരുമാനിച്ചു. മനീഷ് സിസോദിയ അടക്കം 15 പേരെ പ്രതികളാക്കി സി.ബി.ഐ എഫ്.ഐ.ആർ സമർപ്പിക്കുന്നു. 2023 മാർച്ച് 9ന് ദില്ലി ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയെ സി.ബി.ഐ അറസ്റ്റ് ചെയ്തു. മദ്യനയ അഴിമതിയിലെ കള്ളപ്പണക്കേസ് അന്വേഷണം ഏറ്റെടുത്ത് ഇ.ഡി. 2023 ഒക്ടോബർ നാലിന് ആപ്പ് എം.പി സഞ്ജയ് സിങ് അറസ്റ്റിൽ. പിന്നാലെ ബി.ആർ.എസ് നേതാവ് കെ. കവിത ഒടുവിൽ ദില്ലി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ എന്നിവരേയും ഇ.ഡി അറസ്റ്റ് ചെയ്തു. 2022 ഓഗസ്റ്റ് 17ന് വഞ്ചന, കൈക്കൂലി എന്നീ കുറ്റങ്ങൾ ചുമത്തി സിസോദിയക്കും എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർക്കും വ്യവസായികൾക്കുമെതിരെ സി.ബി.ഐ കേസ് രജിസ്റ്റർ ചെയ്തു. ഓഗസ്റ്റ് 19ന് സിസോദിയയുടെയും ആം ആദ്മി പാർട്ടിയിലെ മറ്റ് മൂന്ന് അംഗങ്ങളുടെയും വസതിയിൽ സി.ബി.ഐ റെയ്ഡ് നടത്തി. 2022 ഓഗസ്റ്റ് 22ന് സി.ബി.ഐയിൽനിന്ന് ഇ.ഡി കേസിന്റെ വിശദാംശങ്ങൾ ആരായുന്നു.

തുടർന്ന് മദ്യനയവുമായി ബന്ധപ്പെട്ട് കള്ളപ്പണം വെളുപ്പിക്കലിന് ഇ.ഡി കേസെടുത്തു. ഓഗസ്റ്റ് 30ന് ഗാസിയാബാദിലെ പഞ്ചാബ് നാഷണൽ ബാങ്ക് ശാഖയിൽ സി.ബി.ഐ ഉദ്യോഗസ്ഥർ സിസോദിയയുടെ ബാങ്ക് ലോക്കറുകൾ പരിശോധിച്ചു. തുടർന്ന് സെപ്തംബർ ആറ് മുതൽ 16 വരെ രാജ്യത്തുടനീളം 35 സ്ഥലങ്ങളിൽ ഇ.ഡിയുടെ റെയ്ഡ്. പിന്നാലെ സെപ്തംബർ 27ന് എ.എ.പി കമ്യൂണിക്കേഷൻ ഇൻചാർജായ മലയാളി വിജയ് നായരെ ഇ.ഡി അറസ്റ്റ് ചെയ്തു. കേസിലെ ആദ്യ അറസ്റ്റ് കൂടിയാണിത്. 2022 സെപ്തംബർ 28ന് മദ്യവ്യാപാരി സമീർ മഹേന്ദ്രു അറസ്റ്റിലായി. ഒക്ടോബർ 10ന് ഇടനിലക്കാരൻ അഭിഷേക് ബോയിൻപള്ളിയെ സി.ബി.ഐ അറസ്റ്റ് ചെയ്തു. നവംബർ 24ന് വിജയ് നായർ, അഭിഷേക് ബോയിൻപള്ളി എന്നിവരുൾപ്പെടെ ഏഴുപേരെ പ്രതികളാക്കി സിബിഐ ആദ്യ കുറ്റപത്രം സമർപ്പിച്ചു. നവംബർ 30ന് ഗുരുഗ്രാം ആസ്ഥാനമായ ബഡ്ഡി റീട്ടെയിലിന്റെ ഡയറക്ടറും സിസോദിയയുടെ അടുത്ത അനുയായിയുമായ അമിത് അറോറയെ ഇ.ഡി അറസ്റ്റ് ചെയ്തു. തെലങ്കാന മുൻ മുഖ്യമന്ത്രി കെ. ചന്ദ്രശേഖർ റാവുവിന്റെ മകൾ കവിതയെ ഇ.ഡി അഴിമതി ക്കേസിൽ ഉൾപ്പെടുത്തി.

2023 ഫെബ്രുവരി 9ന് സ്വകാര്യ പരസ്യ സ്ഥാപനത്തിലെ രാജേഷ് ജോഷിയെ ഇ.ഡി അറസ്റ്റ് ചെയ്തു. ഗോവ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ആം ആദ്മി പാർട്ടി ഇദ്ദേഹത്തെ ഉപയോഗിച്ചെന്ന് ആരോപിച്ചായിരുന്നു അറസ്റ്റ്. 2023 ഫെബ്രുവരി 26ന് ചോദ്യംചെയ്യലിന് വിളിച്ചുവരുത്തിയ മനീഷ് സിസോദിയയെ അറസ്റ്റ് ചെയ്തു. 2023 ഒക്ടോബർ നാലിന് എ.എ.പി നേതാവും രാജ്യസഭാ എം.പിയുമായ സഞ്ജയ് സിങിനെ ഇ.ഡി അറസ്റ്റ് ചെയ്തു. പത്തു മണിക്കൂറോളം നീണ്ടു നിന്ന ചോദ്യം ചെയ്യലിന് ശേഷമായിരുന്നു അറസ്റ്റ്. കേസിൽ അറസ്റ്റിലായ ദിനേശ് അറോറ നടത്തിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലായിരുന്നു നടപടി. മനീഷ് സിസോദിയയെ പരിചയപ്പെടുന്നത് സഞ്ജയ് സിങ് വഴിയാണെന്നായിരുന്നു അറോറയുടെ മൊഴി. കെജ്‌രിവാളുമായികൂടിക്കാഴ്ചനടത്താനും സഞ്ജയ് സിങാണ് വഴിയൊരുക്കിയതെന്നും ദിനേശ് അറോറ മൊഴി നൽകിയിരുന്നു. 2024 ആയിരുന്നുവല്ലോ കവിതയെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കസ്റ്റഡിയിലെടുത്തത്.

*എമ എൽസ എൽവിൻ*

# മുകേഷ് അംബാനിക്കേറ്റ ഷോക്ക് !

മുകേഷ് അംബാനിക്ക് വൻ തിരിച്ചടി. ലോകത്തെ ഏറ്റവും വലിയ സമ്പന്നരുടെ പട്ടികയിൽ താഴെയ്ക്ക് വീണ് കോടിശ്വരൻ. വ്യക്തികളിൽ ഒരു സ്ഥാനം പിന്നോട്ട് പോയിരിക്കുകയാണ് മുകേഷ് അംബാനി. ഏഷ്യയിലെ ഏറ്റവും സമ്പന്നനായ വ്യക്തിയെന്ന നേട്ടവും അദ്ദേഹത്തിന് സ്വന്തമായിട്ടുണ്ട്. റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാനായ മുകേഷ് അംബാനി നേരത്തെ ലോക കോടീശ്വരൻമാരിൽ പതിനൊന്നാം സ്ഥാനത്തായിരുന്നു.



ഇപ്പോൾ പന്ത്രണ്ടാം സ്ഥാനത്തേക്കാണ് അദ്ദേഹം വീണിരിക്കുന്നത്. അമേരിക്കൻ എഐ ചിപ്മേക്കറായ എൻവിഡിയയുടെ സിഇഒയും സ്ഥാപകനുമായ ഹുവാങ് മുകേഷ് അംബാനിയെ സമ്പന്നരുടെ പട്ടികയിൽ മറികടന്നിരിക്കുകയാണ്. ബ്ലൂംബർഗ് ബില്യണേഴ്സ് ഇൻഡക്സിലാണ് മുകേഷ് അംബാനി പിന്നിലേക്ക് പോയിരിക്കുന്നത്.

മുകേഷ് അംബാനിക്കും ഹുവാങിനും 113 ബില്യണാണ് സമ്പത്തുള്ളത്. എന്നാൽ ചില പോയിന്റുകളുടെ അടിസ്ഥാനത്തിലാണ് ഹുവാങ് പതിനൊന്നാം സ്ഥാനത്തെത്തിയത്. ഇക്കഴിഞ്ഞ വെള്ളിയാഴ്ച്ച ഹുവാങിന്റെ ആസ്തിയിൽ 4.73 ബില്യണിന്റെ വർധനവാണ് ഉണ്ടായിരിക്കുന്നത്. അംബാനിയുടേത് 12.1 മില്യൺ യുഎസ് ഡോളർ മാത്രമാണ് ഉയർന്നത്.

എൻവിഡിയയുടെ ഓഹരികളിലും വൻ കുതിപ്പാണ് ഈ വർഷമുണ്ടായിരിക്കുന്നത്. അതോടെ ഈ വർഷം ഏറ്റവും കൂടുതൽ സമ്പത്ത് വർധിപ്പിച്ച ശതകോടീശ്വരനായും ഇതോടെ ഹുവാങ് മാറി. ഈ വർഷം മാത്രം 69.3 ബില്യണാണ് ഹുവാങ്ങിന്റെ ആസ്തി ഉയർന്നിരിക്കുന്നത്. ഇത് സർവകാല നേട്ടങ്ങളിൽ ഒന്നാണ്. തൊട്ടുപിന്നിലായി മെറ്റ സിഇഒ മാർക്ക് സക്കർബർഗുമുണ്ട്.

അതേസമയം സക്കർബർഗിന്റെ ആസ്തി 59.5 ബില്യണായിട്ടാണ് ഈ വർഷം വർധിച്ചിരിക്കുന്നത്. ആഗോള സമ്പന്നരിൽ സക്കർബർഗ് നാലാം സ്ഥാനത്താണ്. 188 ബില്യണാണ് സക്കർബർഗിന്റെ ആകെ ആസ്തി. വെള്ളിയാഴ്ച്ച പക്ഷേ സക്കർബർഗ് ആസ്തിയുടെ കാര്യത്തിൽ തിരിച്ചടി നേരിട്ടിരക്കുകയാണ്. 1.38 ബില്യണാണ് അദ്ദേഹത്തിന് നഷ്ടമായിരിക്കുന്നത്.

മുകേഷ് അംബാനിയുടെ ആസ്തി ഈ വർഷം 16.3 ബില്യണാണ് ഉയർന്നത്. ഒന്നാം സ്ഥാനത്ത് ടെസ്ല സ്ഥാപകൻ ഇലോൺ മസ്ക് തന്നെയാണ്. 244 ബില്യണാണ് അദ്ദേഹഹത്തിന്റെ ആസ്തി. 6.91 ബില്യണാണ് മസ്ക് ഈ വർഷം ആസ്തിയിൽ വർധനവുണ്ടാക്കിയത്.

ഫ്രഞ്ച് ബിസിനസുകാരനായ ബെർനാർഡ് അർനോൾഡ് ആണ് രണ്ടാം സ്ഥാനത്ത്. 201 ബില്യണാണ് അദ്ദേഹത്തിന്റെ ആസ്തി.

ഇന്ത്യയിൽ നിന്ന് ആരും ആദ്യ പത്തിൽ ഇല്ല. ജെഫ് ബെസോസ്, ബിൽ ഗേറ്റ്സ്, ലാറി പേജ് എന്നിവർ ആദ്യ അഞ്ച് സ്ഥാനങ്ങളിലുണ്ട്. ഇന്ത്യയിൽ നിന്നുള്ള ഗൗതം അദാനി പട്ടികയിൽ പതിനഞ്ചാം സ്ഥാനത്താണ്. 104 ബില്യണാണ് അദ്ദേഹത്തിന്റെ ആസ്തി. 19.6 ബില്യണാണ് ഈ വർഷം അദാനി സ്വത്തിൽ വർധനവുണ്ടാക്കിയത്.

# സഹീർ ഖാൻ ഇനി ലഖ്നൗ സൂപ്പർ ജയന്റ്സിനൊപ്പം



ലഖ്നൗ: മുൻ ഇന്ത്യൻ പേസർ സഹീർ ഖാനെ ഐപിഎല്ലിൽ ലഖ്നൗ സൂപ്പർ ജയന്റ്സിന്റെ മെന്ററായി നിയമിച്ചു. ലഖ്നൗ ടീമിന്റെ മുൻ മെന്ററായിരുന്ന ഗൗതം ഗംഭീർ കഴിഞ്ഞ സീസണിൽ കൊൽക്കത്തയുടെ മെന്ററായി പോയിരുന്നു.പിന്നീട് ഗംഭീർ ഇന്ത്യയുടെ പരിശീലകനായി. ഗംഭീർ കൊൽക്കത്തയിലേക്ക് പോയപ്പോൾ പകരം ഉപദേശകനായി ആരെയും ലഖ്നൗ തിരഞ്ഞെടുത്തിരുന്നില്ല. എന്നാൽ ഇന്ന് ടീം ആസ്ഥാനത്ത് നടന്ന വാർത്താ സമ്മേളനത്തിൽ ടീം ഉടമ സഞ്ജീവ് സഹീറിനെ ഉപദേശകനായി പ്രഖ്യാപിച്ചു. കളിക്കാരുടെ മേൽനോട്ട ചുമതല ഗംഭീറിനായിരിക്കുമെന്നും സഞ്ജീവ് ഗോയങ്ക വ്യക്തമാക്കി. ലഖ്നൗ ടീമിന്റെ ബൗളിംഗ് പരിശീലകനായിരുന്ന മോർണി മോർക്കലിനെ ഇന്ത്യയുടെ ബൗളിംഗ് പരിശീലകനായി നിയമിച്ചതിനാൽ സഹീറിന്റെ സാന്നിധ്യം ടീമിന്റെ മൂല്യം വർദ്ധിപ്പിക്കുമെന്നാണ് മാനേജ്മെന്റ് പ്രതീക്ഷിക്കുന്നത്.മുംബൈ ഇന്ത്യൻസിൻറെ മുൻ ടീം ഡയറക്ടർ കൂടിയായ സഹീറിനെ മെഗാ താരലേലത്തിന് മുമ്പ് മെൻററാക്കുന്നത് ടീമിന് ഗുണം ചെയ്യും. അതിനിടെ ടീം നായകനായ കെ എൽ രാഹുലിനെ ഈ സീസണിൽ നിലനിർത്താനിടയില്ലെന്നും രാഹുൽ തൻറെ പഴയ ടീമായ റോയൽ ചലഞ്ചേഴ്സ് ബെംഗലൂരുവിലേക്ക് മടങ്ങുമെന്നും റിപ്പോർട്ടുകളുണ്ട്. കഴിഞ്ഞ സീസണിൽ സൺറൈസേഴ്സ് ഹൈദരാബാദിനെതിരായ കനത്ത തോൽവിക്ക് ശേഷം ലഖ്നൗ ടീം ഉടമ സഞ്ജീവ് ഗോയങ്ക ഗ്രൗണ്ടിൽവെച്ച് ക്യാപ്റ്റൻ കെ എൽ രാഹുലിനെ പരസ്യമായി ശാസിച്ചത് വിവാദമായിരുന്നു.ഐപിഎൽ മെഗാ താരലേലത്തിന് മുമ്പ് ഏതൊക്കെ താരങ്ങളെയാവും ലഖ്നൗ നിലനിർത്തുക എന്ന കാര്യത്തിലും തീരുമാനമെടുത്തിട്ടില്ല.

## മെഡൽ തേടി 84 അംഗ ഇന്ത്യൻ സംഘം; പാരാലിമ്പിക്സിന് തുടക്കം

പാരിസിൽ പാരാലിമ്പിക്സിന് കൊടിയേറുന്നു. 11 ദിവസം നീണ്ടുനിൽക്കുന്ന പാരാലിമ്പിക്സിൽ 4,400ഓളം താരങ്ങളാണ് മാറ്റുരയ്ക്കുന്നത്. 22 വിഭാഗങ്ങളിലായി 549 മെഡലുകൾക്കു വേണ്ടിയാകും മത്സരം. ഒളിമ്പിക്സിൽ നിരവധി മത്സരങ്ങൾക്ക് വേദിയായ പ്ലേസ് ഡി കോൺകോഡിലാകും ഉദ്ഘാടന ചടങ്ങുകൾ നടക്കുക. ചാറ്റ്യൂ ഡടി വെഴ്സായ്, ഗ്രാൻഡ് പാലസ് തുടങ്ങിയവയും വേദികളാകും. ടോക്യോ ഒളിമ്പിക്സിനേതിനെക്കാൾ 10 ഇനങ്ങൾ കൂടി ഇത്തവണ അധികമുണ്ടാകുമെന്നാണ് വിവരം. ലണ്ടൻ പരിസരമായ സ്റ്റോക് മാൻഡവിൽ ശനിയാഴ്ച കൊളുത്തിയ പാരാലിമ്പിക് ദീപശിഖ ഇംഗ്ലീഷ് ചാനൽ കടന്ന് ഫ്രാൻസിലെ പ്രധാന നഗരങ്ങളെല്ലാം ചുറ്റി ബുധനാഴ്ച ഉദ്ഘാടന വേദിയിലെത്തും. മെഡൽ പോരാട്ടങ്ങൾ വ്യാഴാഴ്ചയാണ് തുടക്കമാകുക. പാരാ തൈക്വാൻഡോ, പാരാ ടേബ്ൾ ടെന്നിസ്, പാരാ നീന്തൽ, പാരാ സൈക്ലിങ് ഇനങ്ങളിലാണ് ആദ്യ ദിനത്തിൽ ഫൈനൽ പോരാട്ടങ്ങൾ നടക്കുക. കാഴ്ച പരിമിതരുടെ സോക്കറിൽ 2004 മുതൽ അപരാജിതരായി തുടരുന്ന ബ്രസീലിന് തന്നെയാകും ഇത്തവണയും സ്വർണ പ്രതീക്ഷ. സെപ്റ്റംബർ ഒന്നിന് തുർക്കിക്കെതിരെയാണ് ടീമിന്റെ ആദ്യ മത്സരം. കഴിഞ്ഞ വർഷം സ്നോർകലിങ്ങിനിടെ സ്രാവിന്റെ ആക്രമണത്തിൽ കാൽ നഷ്ടമായ അമേരിക്കൻ നീന്തൽ താരം അലി ട്രൂവിറ്റ് ആദ്യമായി പാരാലിമ്പിക്സിനെത്തുന്നുണ്ട്. ടോക്യോ ഒളിമ്പിക്സിൽ ഇന്ത്യ അഞ്ച് സ്വർണം, എട്ട് വെള്ളി, ആറ് വെങ്കലം എന്നിവയടക്കം 19 മെഡലുകളുമായി മികച്ച പ്രകടനം കാഴ്ചവെച്ചിരുന്നു. മെഡൽ പട്ടികയിൽ 24മതായിരുന്നു ഇന്ത്യയുടെ സ്ഥാനം.52 പുരുഷന്മാരും 32 വനിതകളുമടക്കം 84 അത്‌ലറ്റുകളാണ് ഇത്തവണ ഇന്ത്യയെ പ്രതിനിധീകരിക്കുന്നത്. കഴിഞ്ഞ തവണ ഇത് 54 ആയിരുന്നു.

## റൊണാൾഡോ അല്ല, കളിക്കളത്തിലെ ചീറ്റപ്പുലി മെസ്സിയെന്ന് ഐക്കർ കസിയസ്



ഫുട്ബോളിലെ രണ്ട് ഇതിഹാസങ്ങളാണ് ക്രിസ്റ്റ്യാനോ റൊണാൾഡോയും ലയണൽ മെസ്സിയും. ഇരുവരിൽ ആരാണ് മികച്ചത് എന്ന തർക്കങ്ങളും ചർച്ചകളും എപ്പോഴും സജീവമാണ്. ഗോട്ട് ഡിബേറ്റിൽ ഏറ്റവും മികച്ച കളിക്കാരൻ ഏതെന്ന് തുറന്ന് പറഞ്ഞിരിക്കുകയാണ് സ്പാനിഷ് ഇതിഹാസ ഗോൾകീപ്പർ ഇക്കർ കാസിയസ്. പോർച്ചുഗീസ് ഇതിഹാസം റൊണാൾഡോയെ മറികടന്ന് സ്പാനിഷ് ഗോൾകീപ്പർ മെസ്സിയെയാണ് മികച്ച താരമായി തിരഞ്ഞെടുത്തത്. 'ഫുട്ബോളിലെ ഏറ്റവും മികച്ച കളിക്കാരനാണ് മെസ്സി. റൊണാൾഡോയുമായി താരതമ്യപ്പെടുത്തുമ്പോൾ കാര്യമായ വ്യത്യാസങ്ങളുണ്ട്. ആളുകൾ എപ്പോഴും മെസ്സിയെയും റൊണാൾഡോയെയും കുറിച്ച് സംസാരിക്കാറുണ്ട്. കളിക്കളത്തിലെ ഏറ്റവും വേഗതയേറിയ കളിക്കാരനാണ് അദ്ദേഹം. മെസ്സിയുടെ ഷോട്ടുകളെല്ലാം മികച്ചതാണ്. അതുകൊണ്ട് റൊണാൾഡോയ്ക്ക് പകരം മെസ്സിയെ ഞാൻ തിരഞ്ഞെടുക്കും,' ഡയറക്റ്റോ ഗോളിന് നൽകിയ അഭിമുഖത്തിൽ ഐകർ കാസിയസ് പറഞ്ഞു.സ്പാനിഷ് വമ്പൻമാരായ ബാഴ്സലോണയിൽ അവിസ്മരണീയമായ ഫുട്ബോൾ കരിയർ സൃഷ്ടിച്ച മെസ്സി പിന്നീട് ഫ്രഞ്ച് വമ്പൻമാരായ പാരീസ് സെന്റ് ജെർമെയ്നിനായി കളിച്ചു. മെസ്സി നിലവിൽ മേജർ ലീഗ് സോക്കർ ക്ലബ്ബായ ഇന്റർ മിയാമിയിൽ കളിക്കുന്നു. വിവിധ ലീഗുകളിലായി വിവിധ ടീമുകൾക്കായി 904 മത്സരങ്ങളിൽ നിന്നായി 735 ഗോളുകൾ മെസ്സി നേടിയിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിൽ അർജന്റീനയ്ക്ക് വേണ്ടി ഒരുപിടി മികച്ച സംഭാവനകൾ നൽകാനും മെസ്സിക്ക് കഴിഞ്ഞിട്ടുണ്ട്. അർജന്റീനയ്ക്കായി 187 മത്സരങ്ങൾ കളിച്ച താരം 109 തവണ സ്കോർ ചെയ്തു. അർജന്റീനയുടെ സമീപകാല കിരീട വിജയങ്ങളിൽ മെസ്സിക്ക് വലിയ പങ്കുണ്ട്. അർജന്റീന സമീപകാലങ്ങളിൽ നേടിയ കിരീടനേട്ടങ്ങളിൽ മെസി വഹിച്ച പങ്ക് വളരെ വലുതായിരുന്നു.രണ്ട് കോപ്പ അമേരിക്ക, ലോകകപ്പ്, ഫൈനൽസീമ എന്നീ കിരീടങ്ങളാണ് സമീപകാലങ്ങളിൽ അർജന്റീന മെസിയുടെ നേതൃത്വത്തിൽ നേടിയത്.

# രാഹുൽ ലഖ്നൗവിൽ തുടരും



ഐപിഎല്ലിൽ കെ.എൽ.രാഹുൽ ലഖ്നൗ സൂപ്പർ ജയന്റ്സിൽ തുടരും. നിലവിൽ ലഖ്നൗവിന്റെ നായകനാണ് രാഹുൽ. അടുത്ത വർഷത്തെ ഐപിഎല്ലിനു മുന്നോടിയായി മെഗാ താരലേലം നടക്കുന്നതിനാൽ രാഹുലിനെ ലഖ്നൗ നിലനിർത്തില്ലെന്ന് നേരത്തെ റിപ്പോർട്ടുകളുണ്ടായിരുന്നു. എന്നാൽ രാഹുലിനെ നിലനിർത്താനാണ് ലഖ്നൗവിന്റെ തീരുമാനം.' കെ.എൽ.രാഹുലിനെ ലേലത്തിൽ വിടുമോ നിലനിർത്തുമോ തുടങ്ങിയ ചോദ്യങ്ങളോടു എനിക്ക് പ്രത്യേകിച്ച് ഒന്നും പറയാനില്ല. രാഹുൽ ഞങ്ങളുടെ കുടുംബത്തിന്റെ ഭാഗമായിരിക്കും എന്നു മാത്രമാണ് ഇപ്പോൾ നടക്കുന്ന ചർച്ചകളോടു എനിക്ക് പ്രതികരിക്കാനുള്ളത്. സൂപ്പർ ജയന്റ്സ് കുടുംബത്തിൽ വളരെ പ്രധാനപ്പെട്ടതും നിർണായകവുമായ ഉത്തരവാദിത്തമാണ് രാഹുലിന് ഉള്ളത്,' ലഖ്നൗ ഫ്രാഞ്ചൈസി ഉടമ സഞ്ജീവ് ഗോയങ്ക പറഞ്ഞു.അതേസമയം രാഹുലിനെ നിലനിർത്തിയാലും നായകസ്ഥാനത്ത് തുടരില്ലെന്നാണ് റിപ്പോർട്ട്. നായകസ്ഥാനത്തു നിന്ന് മാറിനിൽക്കാൻ രാഹുൽ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ബാറ്റിങ്ങിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു വേണ്ടിയാണ് രാഹുൽ നായകസ്ഥാനം ഒഴിയുന്നത്. ക്രുണാൽ പാണ്ഡ്യയോ നിക്കോളാസ് പൂറാനോ ആയിരിക്കും ഇനി ലഖ്നൗ നായകസ്ഥാനത്തേക്കു എത്തുക.

# റൊണാൾഡോയുടെ യൂട്യൂബ് വരുമാനം എത്രയെന്ന് അറിയാമോ?

പോർച്ചുഗലിന്റെ ഫുട്ബോൾ ഇതിഹാസം ക്രിസ്റ്റ്യാനോ റൊണാൾഡോ കളിക്കളത്തിൽ മാത്രമല്ല പുറത്തും ലോക റെക്കോർഡുകൾ തകർക്കുന്നതിൽ പ്രധാനിയാണ്. ലോകം കണ്ട എക്കാലത്തെയും മികച്ച ഫുട്ബോൾ താരങ്ങളിൽ ഒരാളായ റൊണാൾഡോയ്ക്ക് ലോകമെമ്പാടും ദശലക്ഷക്കണക്കിന് ആരാധകരുണ്ട്. താരം പുതിയ യൂട്യൂബ് ചാനൽ ആരംഭിച്ചപ്പോൾ, പിന്തുടരുന്നവരുടെ എണ്ണത്തിലും വരുമാനത്തിലും പുതിയ റെക്കോർഡുകൾ പിറന്നു.ഏതാനും ദിവസം മുമ്പാണ് ക്രിസ്റ്റ്യാനോ പുതിയ യൂട്യൂബ് ചാനൽ തുടങ്ങിയത്. 'UR Cristiano' എന്ന പേരിൽ ആരംഭിച്ച ചാനൽ മിനിറ്റുകൾക്കുള്ളിൽ ആരാധകർ ഏറ്റെടുക്കുകയും ചെയ്തു. നാല് ദിവസം കൊണ്ട് 45 മില്യൺ ഫോളോവേഴ്സ് അഥവാ 96 മണിക്കൂറിൽ 4.5 കോടി ആളുകളാണ് ചാനൽ സബ്സ്ക്രൈബ് ചെയ്തത്. യൂട്യൂബിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ഫാൻ ഫോളോയിങ് ആണിതെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. മൂന്ന് ദിവസത്തിനിടെ 20 വീഡിയോകളാണ് ക്രിസ്റ്റ്യാനോ പോസ്റ്റ് ചെയതത്. വ്യക്തി ജീവിതം, കരിയർ, അനുഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടവയാണിവ.20 വീഡിയോ കോടിക്കണക്കിന് പേർ കണ്ടതിനാൽ അദ്ദേഹത്തിന്റെ ചാനൽ 12 ലക്ഷം ഡോളറിനും 60 ലക്ഷം ഡോളറിനുമിടയിൽ പരസ്യത്തിൽ നിന്ന് മാത്രംവരുമാനം ഉണ്ടാക്കിയിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്.ചാനൽ തുടങ്ങി 72 മണിക്കൂറിനകം പരസ്യ വരുമാനത്തിലൂടെയും സ്പോൺസർഷിപ്പുകളിലൂടെയും മാത്രം 10 കോടി ഡോളർ ലഭിച്ചുവെന്നാണ് ഏകദേശ കണക്ക്. ക്രിസ്റ്റ്യാനോയ്ക്ക് സമൂഹമാധ്യമ പ്ലാറ്റ്ഫോമുകളായ ഇൻസ്റ്റഗ്രാമിൽ 636 മില്യണും ഫെയ്സ്ബുക്കിൽ 170 മില്യണും എക്സിൽ (പഴയ ട്വിറ്റർ) 112.5 മില്യണും ഫോളോവേഴ്സുണ്ട്.

## വിരമിക്കൽ പദ്ധതികൾ വെളിപ്പെടുത്തി റൊണാൾഡോ

ലിസ്ബൺ: തന്റെ വിരമിക്കലിനെ കുറിച്ച് തുറന്ന് പറഞ്ഞ് ക്രിസ്റ്റ്യാനോ റൊണാൾഡോ. പോർച്ചുഗീസ് മാധ്യമമായ 'നൗ'വിന് നൽകിയ അഭിമുഖത്തിലാണ് റൊണാൾഡോ തന്റെ തീരുമാനം വിശദീകരിച്ചത്.ദേശീയ ടീമിനെ വരാനിരിക്കുന്ന മത്സരങ്ങളിൽ സഹായിക്കാനാകുമെന്ന് ഞാൻ കരുതുന്നത്. വരാനിരിക്കുന്ന യുവേഫ നേഷൻസ് ലീഗിൽ കളിക്കാനാകുമെന്നാണ് വിചാരിക്കുന്നത്. ആരോടും മുൻകൂട്ടി പറയാതെ ഞാൻ ദേശീയ ടീം വിടും. അത് വളരെ ആലോചിച്ചാകും ചെയ്യുകയെന്നും റൊണാൾഡോ വ്യക്തമാക്കി.നിലവിൽ ടീമിനെ പരിശീലിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. അത്തരം കാര്യങ്ങൾ ഞാൻ കാര്യമാക്കുന്നില്ല. പക്ഷേ, പദ്ധതികൾ എന്താണെന്ന് ദൈവത്തിന് മാത്രമേ അറിയൂ', വിരമിച്ച ശേഷം എന്തുചെയ്യുമെന്ന ചോദ്യത്തിന് താരം മറുപടി പറഞ്ഞു.നിലവിൽ സൗദി ക്ലബ് അൽ നാസറിലാണ് താരം കളിക്കുന്നത്. ഈ സീസൺ അവസാനത്തോടെ അൽ നാസറിന്റെ കരാർ അവസാനിക്കും.




# രോഹിത് ശർമ മുംബൈ ഇന്ത്യൻസ് വിട്ടേക്കും; റാഞ്ചാൻ മൂന്ന് ക്ലബ്ബുകൾ




ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ രോഹിത് ശർമ്മ മുംബൈ ഇന്ത്യൻസ് വിടുമെന്ന് അഭ്യൂഹങ്ങൾ. ഐപിഎൽ 2025ലെ താരലേലത്തിൽ ഇന്ത്യയുടെ ഹിറ്റ്മാനെ പഞ്ചാബ് കിംഗ്സ് സ്വന്തമാക്കിയേക്കുമെന്ന് ഇന്ത്യൻ ടീമിന്റെ മുൻ ബാറ്റിംഗ് പരിശീലകനും പിബികെഎസ് ക്രിക്കറ്റ് ഡെവലപ്മെന്റ് മേധാവിയുമായ സഞ്ജയ് ബംഗാർ വെളിപ്പെടുത്തി.2025ലെ ഐപിഎൽ സീസണിൽ രോഹിത്തിന് ക്യാപ്റ്റൻസി നൽകാൻ മൂന്ന് ഫ്രാഞ്ചൈസികൾ തയ്യാറാണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പഞ്ചാബ് കിംഗ്സിന് പുറമെ ലഖ്നൗ സൂപ്പർ ജയന്റ്സും ഡൽഹി ക്യാപിറ്റൽസുമാണത്. മുംബൈ ഇന്ത്യൻസിന്റെ ക്യാപ്റ്റനെന്ന നിലയിൽ രോഹിത് അഞ്ച് ഐപിഎൽ ചാമ്പ്യൻഷിപ്പുകൾ നേടിയിട്ടുണ്ട്.തന്റെ യൂട്യൂബ് പോഡ്കാസ്റ്റായ ദ റാവു പോഡ്കാസ്റ്റിലാണ് രോഹിതിന്റെ വരവിനെക്കുറിച്ചുള്ള ബംഗറിന്റെ വെളിപ്പെടുത്തൽ. പൃഥീഷ് റാവു അവതാരകനായ ഷോയുടെ ആദ്യ എപ്പിസോഡായിരുന്നു അത്. നിലവിലെ ടീമിലെ താരങ്ങളെ നിലനിർത്തുന്നത് സംബന്ധിച്ച് 2025ലെ ഐപിഎൽ ലേല നിയമങ്ങൾ വ്യക്തമായതിന് ശേഷം മാത്രമേ തീരുമാനങ്ങളെടുക്കാനാകൂ എന്നും അദ്ദേഹം വിശദീകരിച്ചു.രോഹിതിനെ എംഐ ലേലത്തിൽ വച്ചാൽ വളരെ ഉയർന്ന വിലയ്ക്ക് ക്ലബ്ബുകൾ റാഞ്ചുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അന്താരാഷ്ട്ര മൽസരങ്ങളിൽ വലിയ പരിചയ സമ്പത്തുള്ള രോഹിത് ഐപിഎല്ലിൽ മാത്രം എംഐയെ 158 ഗെയിമുകളിൽ നയിച്ചു. ഒരു ദശാബ്ദത്തിലേറെയായി അദ്ദേഹം ക്യാപ്റ്റനായിരുന്നു.

# യുഎസ് ഓപ്പൺ; രണ്ടാം റൗണ്ടിലേക്ക് യോഗ്യത നേടി സബലെങ്കയും ജോക്കോവിച്ചും



2024 യുഎസ് ഓപ്പൺ രണ്ടാം റൗണ്ടിലെത്തി ബെലാറഷ്യൻ ടെന്നീസ് താരം അരിന സബലെങ്കയും നിലവിലെ ചാമ്പ്യൻ സെർബിയയിൽ നിന്നുള്ള നൊവാക് ജോക്കോവിച്ചും. വനിതാ സിംഗിൾസിലെ യുഎസ് ഓപ്പൺ ഫേവറിറ്റുകളിലൊന്നായ സബലെങ്ക ന്യൂയോർക്ക് സിറ്റിയിൽ നടന്ന ആദ്യ റൗണ്ട് മത്സരത്തിൽ ഓസ്ട്രേലിയൻ ക്വാളിഫയർ പ്രിസില്ല ഹോണിനെ 6-3, 6-3 ന് കീഴടക്കി അടുത്ത ഘട്ടത്തിലേക്ക് യോഗ്യത നേടി. രണ്ടാം റൗണ്ടിൽ, 2023 യുഎസ് ഓപ്പണിൽ ഫൈനൽ കളിച്ച രണ്ടാം നമ്പർ സീഡ് സബലെങ്ക ഇറ്റലിയുടെ ലൂസിയ ബ്രോൺസെറ്റിയെ നേരിടും.പുരുഷ സിംഗിൾസിൽ നിലവിലെ യുഎസ് ഓപ്പൺ ചാമ്പ്യൻ, 37 കാരനായ നൊവാക് ജോക്കോവിച്ച് റെക്കോർഡ് 25-ാം ഗ്രാൻഡ് സ്ലാം കിരീടം പിന്തുടരുന്നു.മോൾഡോവയുടെ റാഡു ആൽബോട്ടിനെ നേരിട്ടുള്ള സെറ്റുകൾക്ക് തോൽപിച്ച് സെർബിയൻ സൂപ്പർ താരം; 6-2, 6-2, 6-4 ന് ന്യൂയോർക്കിൽ രണ്ടാം റൗണ്ടിൽ തന്റെ സ്ഥാനം ഉറപ്പിച്ചു.

# ഡേവിഡ് മലാൻ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിച്ചു



മുൻ ലോക ടാന്റി20 ബാറ്റ്സ്മാൻ ഡേവിഡ് മലൻ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു.ഇംഗ്ലണ്ടിനായി 22 ടെസ്റ്റുകളും 30 ഏകദിനങ്ങളും 62 ടി20 മത്സരങ്ങളും കളിച്ചിട്ടുള്ള മലാൻ, മൂന്ന് അന്താരാഷ്ട്ര ഫോർമാറ്റുകളിലും സെഞ്ചറി നേടിയ രണ്ട് ഇംഗ്ലണ്ട് പുരുഷ ബാറ്റ്സ്മാൻമാരിൽ ഒരാളാണ്. കഴിഞ്ഞ വർഷം ഇന്ത്യയിൽ നടന്ന 50 ഓവർ ലോകകപ്പിന് ശേഷം അദ്ദേഹം ഇംഗ്ലണ്ട് ടീമിൽ ഇടം നേടിയിരുന്നില്ല. ഓസ്ട്രേലിയയ്ക്കെതിരായ വരാനിരിക്കുന്ന വൈറ്റ്-ബോൾ പരമ്പരയിൽ നിന്ന് പുറത്തായതിന് പിന്നാലെ ആണ് അദ്ദേഹം തന്റെ വിരമിക്കൽ തീരുമാനം സ്ഥിരീകരിച്ചത്.

# ഹൃദയം തൊട്ട് പല്ല് വരെ; സമ്മർദ്ദം ശരീരത്തിന്റെ ഓരോ ഭാഗത്തേയും തകരാറിലാക്കും

ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന ഒരു അവസ്ഥയാണ് സമ്മർദ്ദം. എന്നാൽ ഈ അവസ്ഥകൾ പലപ്പോഴും നമ്മുടെ ശരീരത്തിന്റെ ഓരോ ഭാഗത്തെയും എങ്ങനെ ബാധിക്കുന്നു എന്ന് പലർക്കും അറിയില്ല.

മാനസിക സമ്മർദ്ദം അല്ലെങ്കിൽ ശാരീരിക സമ്മർദ്ദം നിങ്ങളുടെ ആരോഗ്യത്തെ വളരെ മോശമായി ബാധിക്കുന്നു. നിങ്ങൾക്ക് അസ്വസ്ഥത അനുഭവപ്പെടുമ്പോഴെല്ലാം അത് ശരീരത്തിന്റെ പ്രവർത്തനങ്ങളെയും ബാധിക്കും. സ്ട്രെസ് ഹോർമോണുകളുടെ വർദ്ധനവിന്റെ ഫലമായി, ഇത് വേഗത്തിലുള്ള ശ്വസനത്തിനും ഹൃദയമിടിപ്പിനും കാരണമാകുന്നു. ഓരോ ദിവസവും സമ്മർദ്ദം വർധിപ്പിക്കുന്ന സാഹചര്യങ്ങൾ നമുക്ക് ചുറ്റും ഉണ്ടാകാം. എന്നാൽ ഇത് ശരീരത്തെ എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ച് കൂടുതൽ അറിയാം.



### ഹൃദയവും ശ്വാസകോശവും

സമ്മർദ്ദം ഹൃദയാരോഗ്യത്തിൽ കാര്യമായ സ്വാധീനം ചെലുത്തുന്നു. ഉയർന്ന സമ്മർദ്ദം പലപ്പോഴും നിങ്ങളുടെ ശ്വാസകോശം, ഹൃദയ സംബന്ധമായ ആരോഗ്യത്തെ വലിയ രീതിയിൽ ബാധിക്കുന്നു. പലപ്പോഴും മാനസിക പിരിമുറുക്കം വർദ്ധിക്കുമ്പോൾ, ശരീരത്തിന് ആവശ്യമായ ഓക്സിജൻ നൽകുന്നതിന് വേണ്ടി വേഗത്തിൽ ശ്വസിക്കുന്നു. അത് പലപ്പോഴും കൂടുതൽ ബുദ്ധിമുട്ടുകൾ ശരീരത്തിനുണ്ടാക്കുന്നു. ആസ്ത്മ പോലുള്ള ശ്വാസതടസ്സമുള്ള ആളുകൾക്ക് ഇത് പലപ്പോഴും ബുദ്ധിമുട്ടാണ്. നിങ്ങളുടെ ഹൃദയവും വേഗത്തിൽ രക്തം പമ്പ് ചെയ്യാൻ തുടങ്ങും. ഇത് പലപ്പോഴും നിങ്ങളുടെ രക്തക്കുഴലുകളെ പരിമിതപ്പെടുത്തുകയും നിങ്ങളുടെ പേശികളിലേക്ക് കൂടുതൽ ഓക്സിജൻ നൽകുകയും ചെയ്യുന്നു. ഇത് രക്തസമ്മർദ്ദം വർദ്ധിപ്പിക്കുന്നു.

### പല്ലുകൾ

സമ്മർദ്ദം കൂടുന്നത് പലപ്പോഴും പല്ലിന്റെ ആരോഗ്യത്തിന് പല വെല്ലുവിളികളും ഉണ്ടാക്കും. കാരണം ചിലരിൽ ഇത് പല്ല് പൊടിയുന്നതിനും അസ്വസ്ഥതയ്ക്കും കാരണമാകുന്നു. ഇത് സാധാരണയായി ഉറക്കത്തിലാണ് സംഭവിക്കുന്നത്. ഇത് പലപ്പോഴും മുഖത്തെ വീക്കത്തിലേക്ക് നയിക്കുന്ന താടിയെല്ല് വേദനയ്ക്കും കാരണമാകുന്നു.

### ലൈംഗികതയും പ്രത്യുൽപാദന വ്യവസ്ഥയും

സമ്മർദ്ദം നിങ്ങളുടെ മനസ്സിനെ ക്ഷീണിപ്പിക്കുക മാത്രമല്ല, നിങ്ങളുടെ ലൈംഗിക, പ്രത്യുൽപാദന ആരോഗ്യത്തെയും വളരെ മോശമായി ബാധിക്കുകയും ചെയ്യുന്നു. തൽഫലമായി, പുരുഷന്മാർക്ക് ടെസ്റ്റോസ്റ്റിറോൺ എന്ന ഹോർമോണിന്റെ ഉത്പാദനം കുറയ്ക്കാൻ കഴിയും. ഇത് ബീജ ഉൽപാദനത്തെ തടസ്സപ്പെടുത്തുകയും ഉദ്ധാരണക്കുറവ് അല്ലെങ്കിൽ ബലഹീനത പോലുള്ള അവസ്ഥകളിലേക്ക് നയിക്കുകയും ചെയ്യുന്നു. വിട്ടുമാറാത്ത സമ്മർദ്ദം പലപ്പോഴും പ്രോസ്റ്റേറ്റ്, ടെസ്റ്റിക്കുലാർ അണുബാധയ്ക്കുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

### വയറിന്റെയും ദഹനത്തിന്റെയും ആരോഗ്യം

ആരോഗ്യത്തിന്റെ കാര്യത്തിൽ വയർ എപ്പോഴും പല പ്രശ്നങ്ങളും അഭിമുഖീകരിക്കുന്നു. അമിതവണ്ണവും കുടവയറും കൂടുന്നതും കുറയുന്നതും എല്ലാം വെല്ലുവിളി ഉയർത്തുന്നതാണ്. പലപ്പോഴും ഈ സമയം വളരെയധികം കോർട്ടിസോളുകൾ പുറത്ത് വിടുന്നു. സ്ട്രെസ് ഹോർമോൺ, വളരെ വേഗത്തിലാണ് ഇത്തരത്തിൽ പ്രവർത്തിക്കുന്നത്. വയറിളക്കം, വയറുവേദന തുടങ്ങിയ ലക്ഷണങ്ങളോടെ ദഹനപ്രശ്നങ്ങൾ കൂടുതലായി കാണപ്പെടുന്നു. വിട്ടുമാറാത്ത സമ്മർദ്ദം പലപ്പോഴും നിങ്ങളിൽ ദഹനപ്രശ്നങ്ങളിലേക്ക് നയിക്കുന്നു. പലപ്പോഴും പല തരത്തിലുള്ള രോഗങ്ങളും ഇതിന്റെ ഫലമായി ഉണ്ടാകാറുണ്ട്.

### ആർത്തവ ചക്രത്തിലെ പ്രശ്നങ്ങൾ

സമ്മർദ്ദം പലപ്പോഴും സ്ത്രീകളിൽ ആർത്തവ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. സ്ത്രീകളെ സംബന്ധിച്ചിടത്തോളം, സമ്മർദ്ദത്തിന്റെ ഫലമായി ഉണ്ടാകുന്ന ഹോർമോൺ മാറ്റങ്ങൾ നിങ്ങൾക്ക് പല തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കും. കൂടാതെ പേശി വേദനയും അസ്വസ്ഥതയും വർദ്ധിക്കുന്നു. കഴുത്തിലെ പേശികളിൽ പിരിമുറുക്കം വർദ്ധിക്കുകയും അത് സ്ഥിരമായ തലവേദന പോലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

# മലബന്ധം നിസ്സാരമാക്കരുതേ.. ഹൃദയപ്രവർത്തനങ്ങൾ താളം തെറ്റും

മലബന്ധം പലരും അനുഭവിക്കുന്ന സാധാരണമായ ഒരു അവസ്ഥയാണ്. പലപ്പോഴും ഈ അവസ്ഥയെ മറികടക്കാൻ പലരും പല വീട്ടുവൈദ്യങ്ങളും പരീക്ഷിക്കാറുണ്ട്. എന്നാൽ മലബന്ധം പലപ്പോഴും ഗുരുതരമായ ആരോഗ്യ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതായി സമീപകാല പഠനങ്ങൾ സൂചിപ്പിക്കുന്നു. അതിനർത്ഥം ഇത് നിങ്ങളെ ഹൃദയസംബന്ധമായ പ്രശ്നങ്ങൾക്ക് വിധേയമാക്കുന്നു എന്നാണ്.



മലബന്ധം പോലുള്ള അവസ്ഥകൾ നിങ്ങളുടെ ഹൃദയാരോഗ്യത്തെ എത്രത്തോളം ബാധിക്കുന്നു എന്നതിനെക്കുറിച്ച് എല്ലാവരും അറിഞ്ഞിരിക്കേണ്ടത് പ്രധാനമാണ്. ഈ അവസ്ഥകൾ പലപ്പോഴും പക്ഷാഘാതം, ഹൃദയാഘാതം, ഹൃദയ സംബന്ധമായ മറ്റ് പ്രശ്നങ്ങൾ എന്നിവയ്ക്ക് കാരണമാകും.

### സമ്മർദ്ദം വർദ്ധിക്കുന്നു

നിങ്ങൾ മലബന്ധമുള്ള ആളാണെങ്കിൽ, മലവിസർജ്ജന സമയത്ത് അവർ നിങ്ങളുടെ ശരീരത്തിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുന്നു. ഇത് നിങ്ങളുടെ വയറ്റിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുന്നു. ഇത് നിങ്ങളുടെ വയറിനുള്ളിലാണ് സമ്മർദ്ദം കൂടുതൽ നൽകുന്നത്. ഈ മർദ്ദം പലപ്പോഴും ഹൃദയത്തിന്റെ പ്രവർത്തനങ്ങളെ ബാധിക്കുകയും അതുവഴി നിരന്തരമായ സമ്മർദ്ദം ഉണ്ടാക്കുകയും ചെയ്യുന്നു. നിങ്ങൾക്ക് ഹൃദയസംബന്ധമായ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ഈ അവസ്ഥകൾ അധിക വെല്ലുവിളികൾ ഉയർത്തുന്നു.

### മലബന്ധവും ഉയർന്ന രക്തസമ്മർദ്ദവും

സ്ഥിരമായ മലബന്ധം ഉള്ള ആളുകൾക്ക് പലപ്പോഴും ഉയർന്ന രക്തസമ്മർദ്ദം ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. പല പഠനങ്ങളിലും ഇത് തെളിയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നതെന്ന് വ്യക്തമല്ല. മലബന്ധത്തിന്റെ ഫലമായി നിങ്ങൾക്ക് പലപ്പോഴും അനുഭവപ്പെടുന്ന അസ്വസ്ഥതകളും ഇതിനുള്ള ഒരു കാരണം ആകാം. ഉയർന്ന രക്തസമ്മർദ്ദമാണ് പലപ്പോഴും ഹൃദ്രോഗത്തിന്റെ പ്രധാന കാരണം. മലബന്ധവും ഇതിനൊരു പ്രധാന കാരണമാണ്.

### വീക്കം ഉണ്ടാക്കുന്നു

മലബന്ധം പലപ്പോഴും ശരീരത്തിൽ വീക്കം ഉണ്ടാക്കുന്നു. രക്തപ്രവാഹം തടസ്സപ്പെടുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്താൻ സാധ്യതയുണ്ട്. വിട്ടുമാറാത്ത മലബന്ധം ദഹനവ്യവസ്ഥയ്ക്കും ശരീരത്തിൽ നിന്ന് വിഷവസ്തുക്കളെ നീക്കം ചെയ്യുന്നതിനും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. പലപ്പോഴും ഇത് ദഹനവ്യവസ്ഥയിൽ വിഷവസ്തുക്കളും മാലിന്യങ്ങളും അടിഞ്ഞുകൂടുന്നതിലേക്ക് നയിക്കുന്നു. ഇത് ശരീരത്തിൽ വീക്കം ഉണ്ടാക്കുന്നു. തൽഫലമായി, ഹൃദയാരോഗ്യം പലപ്പോഴും തകരാറിലായേക്കാം.

### ജീവിതശൈലി മാറ്റങ്ങൾ

ജീവിതശൈലിയിലെ മാറ്റങ്ങൾ പലപ്പോഴും അധിക വെല്ലുവിളികൾ ഉയർത്തുന്നു. ഇവയെല്ലാം ഹൃദയാരോഗ്യത്തെയും ബാധിക്കുന്നു. എന്നാൽ തെറ്റായ ഭക്ഷണക്രമം, വ്യായാമക്കുറവ്, ആവശ്യത്തിന് വെള്ളം കുടിക്കാത്തത് എന്നിവയെല്ലാം പലപ്പോഴും നിങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നു. ഇത് മലബന്ധം വർദ്ധിപ്പിക്കുകയും അതുവഴി ഹൃദയ സംബന്ധമായ തകരാറുകൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ ഭക്ഷണത്തിൽ ധാരാളം വെള്ളം, നാരുകൾ, പ്രോട്ടീൻ എന്നിവ ഉൾപ്പെടുത്തുക എന്നതാണ് പ്രതിവിധി.

### ശരീരത്തിൽ ജലാംശം നിലനിർത്തുക

ശരീരത്തിലെ ജലാംശം നിലനിർത്തുക എന്നതാണ് പ്രധാനം. ധാരാളം വെള്ളം കുടിക്കുന്നത് അതിന് സഹായിക്കും. ആരോഗ്യകരമായ മലവിസർജ്ജനത്തിനും മൊത്തത്തിലുള്ള ഹൃദയാരോഗ്യത്തിനും ഇത് സഹായിക്കുന്നു. കൂടാതെ ക്രമമായ ശാരീരിക പ്രവർത്തനങ്ങൾ ആരോഗ്യകരമായ ദഹനത്തെ പ്രോത്സാഹിപ്പിക്കുന്നു. ഉയർന്ന രക്തസമ്മർദ്ദം ചികിത്സിക്കുന്നതിനും ഇത് സഹായിക്കുന്നു. കൂടാതെ, നിങ്ങൾക്ക് വിട്ടുമാറാത്ത മലബന്ധം അനുഭവപ്പെടുകയോ ഹൃദയാരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുകയോ ചെയ്താൽ ഡോക്ടറെ സമീപിക്കാൻ മടിക്കരുത്.

# തൈര് കൊളസ്ട്രോളിന്റെ അളവ് കൂട്ടുമോ?

ദിവസവും തൈര് കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണ്. തുടർച്ചയായുള്ള തൈരിന്റെ ഉപയോഗത്തിലൂടെ പല ആരോഗ്യ പ്രശ്നങ്ങളും നമുക്ക് പരിഹാരം കാണാവുന്നതാണ്. ഇതിൽ ധാരാളം കാൽസ്യവും വിറ്റാമിൻ ഡിയും അടങ്ങിയിട്ടുണ്ട്. എല്ലുകളുടെ ഉറപ്പും ആരോഗ്യവും നിലനിർത്തുന്നതിന് വളരെയധികം സഹായിക്കുന്നു. എന്നാൽ കൊളസ്ട്രോൾ കൂടുമെന്ന് കരുതി തൈര് മാറ്റി നിർത്തുന്നവരുമുണ്ട്. യഥാർത്ഥത്തിൽ കൊളസ്ട്രോൾ അളവ് കൂടിയവർക്ക് തൈര് കഴിക്കാമോ?



രണ്ട് തരം കൊളസ്ട്രോൾ ഉണ്ട്. ലോ ഡെൻസിറ്റി ലിപ്പോപ്രോട്ടീൻ (എൽഡിഎൽ), ഹൈ ഡെൻസിറ്റി ലിപ്പോപ്രോട്ടീൻ (എച്ച്ഡിഎൽ) എന്നിവ യഥാക്രമം ചീത്ത കൊളസ്ട്രോൾ എന്നും നല്ല കൊളസ്ട്രോൾ എന്നും അറിയപ്പെടുന്നു. ഉയർന്ന അളവിലുള്ള എൽഡിഎൽ ഹൃദയധമനികളിൽ പ്ലാക്ക് അടിഞ്ഞുകൂടാൻ ഇടയാക്കും. ഇത് ഹൃദയാഘാതം, പക്ഷാഘാതം എന്നിവയ്ക്കുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. മറുവശത്ത്, എച്ച്ഡിഎൽ കൊളസ്ട്രോൾ രക്തത്തിൽ നിന്ന് ചീത്ത കൊളസ്ട്രോൾ നീക്കം ചെയ്യാനും അപകടസാധ്യത കുറയ്ക്കാനും സഹായിക്കുന്നു.

ആഗോളതലത്തിൽ ഹൃദ്രോഗം മരണത്തിന്റെ പ്രധാന കാരണമായിരിക്കെ അതിലേക്കു നയിക്കുന്നതിൽ ഒന്നായ കൊളസ്ട്രോൾ കുറയ്ക്കുന്ന ഭക്ഷണക്രമം തിരഞ്ഞെടുക്കേണ്ടത് പ്രധാനമാണ്. അതുകൊണ്ടുതന്നെ തൈര് കൊളസ്ട്രോളിനെ എങ്ങനെ ബാധിക്കുന്നുവെന്ന് അറിഞ്ഞിരിക്കേണ്ടതുണ്ട്. പാലിലെ പ്രത്യേക ബാക്ടീരിയൽ കൾച്ചറിൽ നിന്ന് ഉണ്ടാക്കുന്ന പുളിപ്പിച്ച പാൽ ഉൽപന്നമാണ് തൈര്. ഇത് പാലിൽ ലാക്ടോസിനെ പുളിപ്പിച്ച് ലാക്റ്റിക് ആസിഡ് ഉണ്ടാക്കുന്നു.

ലാക്റ്റിക് ആസിഡാണ് തൈരിന് അതിന്റെ സ്വാദും കട്ടിയുള്ള ഘടനയും നൽകുന്നത്. പ്രോട്ടീൻ, കാൽസ്യം, വിറ്റാമിനുകൾ, പ്രോബയോട്ടിക്സ് എന്നിവയാൽ സമ്പന്നമായ തൈരിൽ കുടലിന്റെ ആരോഗ്യത്തെ സഹായിക്കുന്ന ഗുണം ചെയ്യുന്ന ബാക്ടീരിയകൾ അടങ്ങിയിട്ടുണ്ട്. തൈര് ഉണ്ടാക്കാൻ ഉപയോഗിക്കുന്ന പാലിനെ ആശ്രയിച്ച് ഗുണങ്ങളും വ്യത്യാസപ്പെടുന്നു. പൂരിത കൊഴുപ്പുള്ള തൈര് ഉയർന്ന എൽഡിഎൽ കൊളസ്ട്രോളുമായി ബന്ധപ്പെട്ടിരിക്കുന്നു.

കൊഴുപ്പ് കുറഞ്ഞ തൈര് കൊളസ്ട്രോളിന്റെ അളവ് കുറയ്ക്കാൻ സഹായിക്കുമെന്ന് ചില പഠനങ്ങൾ സൂചിപ്പിക്കുന്നു,മറ്റ്പഠനങ്ങൾസൂചിപ്പിക്കുന്നത്തൈര് കൊളസ്ട്രോളിന്റെ അളവിൽ കാര്യമായ വ്യത്യാസം വരുത്തുന്നില്ല എന്നാണ്. 2012ൽ ബ്രിട്ടീഷ് ജേണൽ ഓഫ് ന്യൂട്രീഷനിൽ പ്രസിദ്ധീകരിച്ച പഠനം പറയുന്നത് ദിവസവും പ്രോബയോട്ടിക് തൈര് കഴിക്കുന്നത് ചീത്ത കൊളസ്ട്രോൾ നാല് മുതൽ അഞ്ച് ശതമാനം വരെ കുറയ്ക്കുമെന്നാണ്.

തൈര് കൊളസ്ട്രോളിന് നല്ലതാണെന്ന് കരുതുന്ന പ്രധാന കാരണങ്ങളിലൊന്ന് അതിലെ പ്രോബയോട്ടിക് ആണ്. ദഹനവ്യവസ്ഥയ്ക്ക് ഗുണം ചെയ്യുന്ന ലൈവ് ബാക്ടീരിയകളാൽ സമ്പന്നമാണ് പ്രോബയോട്ടിക്സ്. തൈരിലെ പ്രോബയോട്ടിക്സ് കൊളസ്ട്രോളിന്റെ അളവ് കുറയ്ക്കുമെന്ന് നിരവധി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

ന്യൂട്രീഷൻ, മെറ്റബോളിസം ആൻഡ് കാർഡിയോവാസ്കുലാർ ഡിസീസസിൽ 2013ൽ പ്രസിദ്ധീകരിച്ച ഒരു പഠനം പറയുന്നത് സാധാരണ തൈര് കഴിക്കുന്നവരുമായി താരതമ്യം ചെയ്യുമ്പോൾ പ്രോബയോട്ടിക് തൈര് കഴിക്കുന്നവരിൽ ടോട്ടൽ കൊളസ്ട്രോൾ, എൽഡിഎൽ എന്നിവയിൽ കാര്യമായ വ്യത്യാസം ഉണ്ടായി എന്നാണ്.

ദ അമേരിക്കൻ ജേണൽ ഓഫ് ക്ലിനിക്കൽ ന്യൂട്രീഷനിൽ പ്രസിദ്ധീകരിച്ച 2016 ലെ ഒരു പഠനത്തിൽ, തൈര് ഉൾപ്പെടെയുള്ള കൊഴുപ്പ് നിറഞ്ഞ പാലുൽപ്പന്നങ്ങൾ ഹൃദ്രോഗ സാധ്യതയുമായി ബന്ധമില്ലെന്ന് കണ്ടെത്തി. കാൽസ്യം, പ്രോട്ടീൻ, ചില ഫാറ്റി ആസിഡുകൾ തുടങ്ങിയ ഫുൾ ഫാറ്റ് ഡയറിയിലെ മറ്റ് ഘടകങ്ങൾ പൂരിത കൊഴുപ്പിന്റെ പ്രതികൂല ഫലങ്ങളെ പ്രതിരോധിച്ചേക്കാമെന്നും പഠനം പറയുന്നു.

# കുടിവെള്ളത്തിൽ ഫ്ളൂറൈഡ് കൂടുന്നത് കുട്ടികളുടെ ഐക്യു ലെവൽ കുറയ്ക്കുമെന്ന് പഠനം

ഫ്ളൂറൈഡിന്റെ അംശം കൂടിയ വെള്ളം കുടിക്കുന്നത് കുട്ടികളിലെ ഐക്യു നിലവാരം കുറയ്ക്കുമെന്ന് പഠനം. ഒരു ലിറ്ററിന് 1.5 മില്ലിഗ്രാമിൽ കൂടുതൽ ഫ്ളൂറൈഡ് അടങ്ങിയ ജലം കുട്ടികളിലെ കുറഞ്ഞ ഐക്യുവിന് കാരണമാകുമെന്ന് യുഎസ് സർക്കാർ റിപ്പോർട്ട് കണ്ടെത്തി.



കാനഡ, ചൈന, ഇന്ത്യ, ഇറാൻ, പാകിസ്ഥാൻ, മെക്സിക്കോ എന്നിവിടങ്ങളിൽ നടത്തിയ പഠനങ്ങൾ അവലോകനം ചെയ്താണ് ആരോഗ്യമനുഷ്യ സേവന വകുപ്പിന്റെ ഭാഗമായ നാഷണൽ ടോക്സിക്കോളജി പ്രോഗ്രാമിന്റെ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

കുടിവെള്ളത്തിലൂടെ ഫ്ളൂറൈഡ് ഉയർന്നതോതിൽ ലഭിക്കുന്ന കുട്ടികളിൽ ഐക്യു രണ്ടു മുതൽ അഞ്ച് വരെ പോയിന്റ് കുറവാണെന്നാണു റിപ്പോർട്ടിൽ അവലോകനം ചെയ്ത ചില പഠനങ്ങൾ സൂചിപ്പിക്കുന്നത്. പല്ലുകളെ ബലപ്പെടുത്തുന്ന ഫ്ളൂറൈഡ്, സാധാരണ തേയ്മാനത്തിലൂടെ നഷ്ടപ്പെടുന്ന ധാതുക്കൾക്കു പകരമാകുന്നതുവഴി പോടുകൾ സംഭവിക്കുന്നതു കുറയ്ക്കുന്നുവെന്നാണ് യുഎസ് സെന്റേഴ്സ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ പറയുന്നത്.

യുഎസ് ഫെഡറൽ ഹെൽത്ത് ഉദ്യോഗസ്ഥർ 2015 മുതൽ ശുപാർശ ചെയ്യുന്ന പരിധി ഒരു ലിറ്റർ വെള്ളത്തിന് 0.7 മില്ലിഗ്രാം ഫ്ളൂറൈഡാണ്. അതേസമയം, ലിറ്ററിന് 1.5 മില്ലി ഗ്രാമാണ് ലോകാരോഗ്യ സംഘടന സുരക്ഷിതമായ പരിധിയായി നിശ്ചയിച്ചിരിക്കുന്നത്.

യുഎസ് ജനസംഖ്യയുടെ ഏകദേശം 0.6 ശതമാനം അതായത് ഏകദേശം 19 ലക്ഷം പേർ 1.5 മില്ലിഗ്രാമോ അതിൽ കൂടുതലോ സ്വാഭാവികമായി ഫ്ളൂറൈഡിന്റെ അളവുള്ള കുടിവെള്ളം ഉപയോഗിക്കുന്നവരാണെന്നാണ് റിപ്പോർട്ട് വ്യക്തമാക്കുന്നത്.

## വിങ്ക്മ്യൂസിക് അടച്ചുപൂട്ടാൻ എയർടെൽ

# ആപ്പിളുമായി കൈകോർത്ത് വമ്പൻ പദ്ധതി വരുന്നു




പ്രമുഖ മ്യൂസിക് ആപ്പായ വിങ്ക് മ്യൂസിക് (Wynk Music) അടച്ചു പൂട്ടാനൊരുങ്ങി ഭാരതി എയർടെൽ. വീഡിയോ, മ്യൂസിക് സ്ട്രീമിംഗ് സേവനങ്ങൾ മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ട് ആപ്പിളുമായി സഹകരിക്കുമെന്ന് പ്രഖ്യാപിച്ചതിന് പിന്നലെയാണ് വിങ്ക് മ്യൂസിക് അടച്ചുപൂട്ടുന്ന വിവരം പങ്കുവച്ചത്.

വിങ്ക് മ്യൂസിക്കുമായി ബന്ധപ്പെട്ട ജീവനക്കാരെ കമ്പനി ഏറ്റെടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഐഫോൺ ഉപയോക്താക്കൾക്ക് പ്രത്യേക ഓഫറുകളോടെ ആപ്പിൾ മ്യൂസിക്ക് ഉപയോഗിക്കാൻ കമ്പനി ആപ്പിളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

ഈ പങ്കാളിത്തത്തിന്റെ ഭാഗമായി എയർടെൽ ഉപയോക്താക്കൾക്ക് ആപ്പിൾ മ്യൂസിക്കിലേക്ക് ആക്സസ് ഉണ്ടാകും. വിങ്ക് പ്രീമിയം വരിക്കാർക്ക് എയർടെല്ലിൽ നിന്ന് പ്രത്യേക പ്രമോഷനുകൾ ലഭിക്കും. 2014ലാണ് എയർടെൽ വിങ്ക് മ്യൂസിക് ആരംഭിച്ചത്. ഇതുവരെ 100 ദശലക്ഷത്തിലധികം സബ്സ്ക്രൈബഴ്സാണ് മ്യൂസിക് ആപ്പിനുള്ളത്.

ആപ്പിളിന്റെ വീഡിയോ പ്ലാറ്റ്ഫോമായ Apple TV+ എക്സ് സ്ട്രീമിംഗിലൂടെ ലഭ്യമാകുമെന്ന് എയർടെൽ പ്രഖ്യാപിച്ചിരുന്നു. ആകർഷകമായ ഓഫറുകൾ പ്രഖ്യാപിക്കുമെന്ന് ഉപയോക്താക്കൾക്ക് പ്രതീക്ഷിക്കാം.

എയർടെൽ വിങ്ക്, എയർടെൽ താങ്ക്സ്, എയർടെൽ എക്സ്ട്രീം എന്നിവയിലൂടെ ഭാരതി എയർടെല്ലിന് 220 ദശലക്ഷത്തിലധികം ഉപയോക്താക്കളുണ്ട്.

# യൂട്യൂബ് കാണാൻ ചെലവേറും; പ്രീമിയം സബ്സ്ക്രിപ്ഷന് വില കൂടും

ഗൂഗിൾ ഇന്ത്യയിൽ യൂട്യൂബ് പ്രീമിയം സബ്സ്ക്രിപ്ഷൻ നിരക്കുകൾ വർധിപ്പിച്ചു. സ്റ്റുഡന്റ്, ഇൻഡിവീജ്വൽ, ഫാമിലി പ്ലാനുകളുടെ വിലകൾ വർദ്ധിച്ചു. പുതിയ വിലകൾ ഇതിനകം തന്നെ പ്രാബല്യത്തിലും ഉണ്ട്.

നിലവിലെ ഉപയോക്താക്കൾക്ക് വില വർദ്ധനവിനെക്കുറിച്ച് യൂട്യൂബ് ഇമെയിലുകൾ അയയ്ക്കാൻ തുടങ്ങി, ഈ സാഹചര്യത്തിൽ സബ്സ്ക്രിപ്ഷൻ തുടരുന്നതിന് ഉപയോക്താക്കൾ പുതിയ വിലകൾ അംഗീകരിക്കേണ്ടതുണ്ട്.

യൂട്യൂബ് പ്രീമിയത്തിന്റെ പ്രതിമാസ സ്റ്റുഡന്റ് പ്ലാൻ 12.6 ശതമാനം ഉയർന്ന് 79 രൂപയിൽ നിന്ന് 89 രൂപയായി. വ്യക്തിഗത പ്രതിമാസ പ്ലാൻ 129 രൂപയിൽ നിന്ന് 15 ശതമാനം ഉയർന്ന് 149 രൂപയായി. പ്രതിമാസ ഫാമിലി പ്ലാൻ 189 രൂപയിൽ നിന്ന് കുത്തനെ ഉയർന്നു. 299 രൂപ.

കൂടാതെ ഒരൊറ്റ സബ്സ്ക്രിപ്ഷനിൽ ഈ പ്ലാൻ അഞ്ച് അംഗങ്ങൾക്ക് വരെ യൂട്യൂബ് പ്രീമിയം ഉപയോഗിക്കാൻ അനുവദിക്കുന്നു. ഇൻഡിവീജ്വൽ മന്ത്‌ലി, ക്വാർട്ടർലി, വാർഷിക പ്രീപെയ്ഡ് പ്ലാനുകൾക്കും ഇപ്പോൾ യഥാക്രമം 159 രൂപ, 459 രൂപ, 1,490 രൂപ എന്നിങ്ങനെ വില വർദ്ധന ഉണ്ടായി. ഈ പുതിയ വിലകൾ പുതിയ വരിക്കാർക്ക് മാത്രമല്ല നിലവിലുള്ള പ്രീമിയം ഉപയോക്താക്കൾക്കും ബാധകമാണ്.




യൂട്യൂബ് പ്രീമിയം സബ്സ്ക്രിപ്ഷൻ പരസ്യരഹിത സ്ട്രീമിംഗ്, 1080pൽ ഉയർന്ന ബിറ്റ്റേറ്റ് സ്ട്രീമിംഗ്, ഓഫ്‌ലൈൻ ഡൗൺലോഡ്, ബാക്ക്ഗ്രൗണ്ട് പ്ലേബാക്ക്, യൂട്യൂബ് മ്യൂസിക്കിൽ പരസ്യരഹിത സ്ട്രീമിംഗ് എന്നിവ പോലുള്ള ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്നു.

കൂടാതെ, നിങ്ങൾക്ക് ബാക്ക്ഗ്രൗണ്ട് വീഡിയോ പ്ലേബാക്ക് പോലുള്ള ഫീച്ചറുകളും ലഭിക്കുന്നു. അതായത് വീഡിയോകൾ കാണുന്നതിനും കേൾക്കുന്നതിനും നിങ്ങൾക്ക് യൂട്യൂബ് സ്ക്രീൻ ഓണാക്കേണ്ടതില്ല എന്നാണ്. ആൻഡ്രോയിഡ് അല്ലെങ്കിൽ ഐഒഎസ് ഉപയോക്താക്കൾക്കുള്ള സ്പോട്ടിഫൈ, ആപ്പിൾ മ്യൂസിക് എന്നിവയ്ക്ക് ആൾട്ടർനേറ്റിവ് ആയി യൂട്യൂബ് മ്യൂസിക്ക് ആക്സസ് പ്രീമിയം സബ്സ്ക്രിപ്ഷൻ അൺലോക്ക് ചെയ്യുന്നു. നിങ്ങളുടെ ഡെസ്ക്ടോപ്പിലെ വെബ് പതിപ്പിനും പ്രീമിയം ഓഫർ ബാധകമാണ്.

# തടസമില്ലാതെ പണം കൈമാറാം; ക്രെഡിറ്റ് ലൈനുമായി ഫോൺപേ

ഡിജിറ്റൽ പേയ്മെന്റ് ആപ്പായ ഫോൺപേ, യുപിഐയിൽ ക്രെഡിറ്റ് ലൈൻ അവതരിപ്പിക്കുന്നു. ഇതോടെ, ഉപയോക്താക്കൾക്ക് അവരുടെ ക്രെഡിറ്റ് ലൈനുകൾ യുപിഐയുമായി ലിങ്ക് ചെയ്യാനും പരിധിയില്ലാതെ പണം കൈമാറാനും കഴിയും.

ക്രെഡിറ്റ് ലൈനുകൾ ഉൾപ്പെടുത്തുന്നതിനായി യുപിഐ ആപ്പുകളുടെ യൂട്ടിലിറ്റി വിപുലീകരിക്കാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അടുത്തിടെ തീരുമാനിച്ചിരുന്നു. ഫോൺപേയുമായി ക്രെഡിറ്റ് ലൈനുകൾ ലിങ്ക് ചെയ്യുന്നതിലൂടെ, പേയ്മെന്റുകൾ കൂടുതൽ സുതാര്യമായി നടത്താം. ഫോൺപേ പേയ്മെന്റ് ഗേറ്റ്‌വേയിലെ വ്യാപാരികൾക്ക് ചെക്ക് ഔട്ട് ചെയ്യുന്നതിന് മുമ്പ് ഉപയോക്താക്കൾക്ക് അധിക പേയ്മെന്റ് ഓപ്ഷനുകളും നൽകാനാകും.







**യുപിഐയിൽ ക്രെഡിറ്റ് ലൈൻ എങ്ങനെ ഉപയോഗിക്കാം**

1. ഫോൺപേ ആപ്ലിക്കേഷൻ തുറന്നശേഷം ഇടത് മൂലയിലുള്ള പ്രൊഫൈൽ സെക്ഷനിൽ ക്ലിക്ക് ചെയ്യുക
2. നിങ്ങളുടെ ക്രെഡിറ്റ് ലൈൻ ലഭ്യമായിട്ടുള്ള ബാങ്ക് തിരഞ്ഞെടുക്കുക
3. ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ചിട്ടുള്ള ഫോൺ നമ്പറും ഇതിനായി ഉപയോഗിക്കേണ്ടതുണ്ട്
4. ലിങ്ക് ചെയ്തശേഷം യുപിഐ പിൻ സെറ്റ് ചെയ്യുക. ഇതോടെ പെയ്മെന്റ് ഓപ്ഷനായി ക്രെഡിറ്റ് ലൈൻ ആക്ടീവാകും
5. ആക്ടീവായിക്കഴിഞ്ഞാൽ പെയ്മെന്റ് ഓപ്ഷനുകളുടെ കൂടെ ക്രെഡിറ്റ് ലൈനും ദൃശ്യമാകും



## കാത്തിരിപ്പ് അവസാനിക്കുന്നു; ഐഫോൺ 16 സിരീസ് ലോഞ്ചിന്റെ തിയതി പുറത്ത്

ആപ്പിളിന്റെ ഐഫോൺ 16 സിരീസിന്റെ അവതരണം സെപ്തംബർ 9ന്. 'ആപ്പിൾ ഇവന്റ്' കമ്പനി സ്ഥിരീകരിച്ചു. സെപ്തംബർ 10-ാം തിയതിയാണ് ഐഫോൺ 16 സിരീസും മറ്റ് ഗാഡ്ജറ്റുകളും പുറത്തിറക്കുന്ന തിയതി എന്നായിരുന്നു മുൻ റിപ്പോർട്ടുകൾ.

സെപ്തംബർ 9ന് നടക്കുന്ന ആപ്പിൾ ഇവന്റിനായി ഔദ്യോഗിക ക്ഷണക്കത്ത് ലോകമെമ്പാടുമുള്ള ടെക് പ്രമികൾക്ക് അയച്ചിരിക്കുകയാണ് ആപ്പിൾ കമ്പനി. ഐഫോൺ 16 സിരീസിൽപ്പെട്ട നാല് മോഡലുകൾ ഈ ദിവസം പുറത്തിറക്കും.

ഐഫോൺ 16, ഐഫോൺ 16 പ്ലസ്, ഐഫോൺ 16 പ്രോ, ഐഫോൺ 16 പ്രോ മാക്സ് എന്നിവയാണിത്. ഐഫോൺ 16 പ്രോ മോഡലുകളിൽ ഡിസ്പ്ലെയുടെ വലിപ്പത്തിൽ മാറ്റം പ്രതീക്ഷിക്കുന്നുണ്ട്. ആപ്പിളിന്റെ സ്വന്തം ആർട്ടിഫിഷ്യൽ ഇന്റലിജൻസായ ആപ്പിൾ ഇന്റലിജൻസ് വരുമെന്നതാണ് ഐഫോൺ 16 സിരീസിനെ ഏറ്റവും ശ്രദ്ധേയമാക്കുക.

ലോഞ്ചിന് ശേഷം നടക്കുന്ന സോഫ്റ്റ്‌വെയർ അപ്ഡേറ്റിലൂടെയേ ആപ്പിൾ ഇന്റലിജൻസ് സേവനങ്ങൾ ലഭിക്കുകയുള്ളൂ എന്നാണ് സൂചന. ഐഫോൺ 16 സിരീസിനൊപ്പം വാച്ച് സിരീസ് 10, വാച്ച് അൾട്രാ 3, ആപ്പിൾ വാച്ച് എസ്ഇ, രണ്ടാം ജനറേഷൻ എയർപോഡ്സ് മാക്സ്, പുതിയ രണ്ട് എയർപോഡ്സ് മോഡലുകൾ, ഐഒഎസ് 18 എന്നിവയുടെ അവതരണവും ആപ്പിൾ ഇവന്റിൽ പ്രതീക്ഷിക്കാം.

## സ്പാം കോളുകൾ തടയാൻ വാട്ട്സ്ആപ്പിൽ പുതിയ 'സെക്യൂരിറ്റി പിൻ' ഫീച്ചർ

പുതിയ ഫീച്ചറുമായി വാട്ട്സ്ആപ്പ്. സ്പാം സന്ദേശങ്ങളിൽ നിന്ന് ഉപയോക്താക്കളെ സംരക്ഷിക്കുന്നതിനായി വാട്ട്സ്ആപ്പ് മറ്റൊരു സ്വകാര്യത ഫീച്ചർ അവതരിപ്പിച്ചു.

യൂസർ നെയിം പിൻ എന്നാണ് ഫീച്ചറിന്റെ പേര്. പരീക്ഷണാടിസ്ഥാനത്തിൽ അവതരിപ്പിച്ച പുതിയ ഫീച്ചർ ഉപയോക്തൃ സുരക്ഷ മെച്ചപ്പെടുത്താനും അനാവശ്യ സന്ദേശങ്ങൾ തടയാനും ലക്ഷ്യമിടുന്നു.

സുരക്ഷ ഉറപ്പാക്കാൻ യൂസർനെയിമനോട് ചേർന്ന് നാലക്ക പിൻ സജ്ജീകരിക്കാൻ അനുവദിക്കുന്നതാണ് പുതിയ ഫീച്ചർ. ഈ നടപടി സ്പാം ഗണ്യമായി കുറയ്ക്കാൻ സഹായിക്കുമെന്ന് വാട്ട്സ്ആപ്പ് വിലയിരുത്തുന്നു.




മുമ്പ് സന്ദേശങ്ങൾ അയക്കാത്ത ഉപയോക്താക്കൾക്ക് യൂസർനെയിം മാത്രം അറിഞ്ഞ് കൊണ്ട് സന്ദേശം അയക്കാൻ സാധിക്കില്ല. മറിച്ച് സുരക്ഷയുടെ ഭാഗമായി ഉപയോക്താവ് സെറ്റ് ചെയ്ത നാലക്ക പിൻ കൂടി അറിഞ്ഞാൽ മാത്രമേ സന്ദേശം അയക്കാൻ സാധിക്കൂ.

ഒരു അജ്ഞാത വ്യക്തിയിൽ നിന്നുള്ള അനാവശ്യ സന്ദേശങ്ങൾ തടയാൻ ലക്ഷ്യമിട്ടുള്ള ഒരു അധിക സുരക്ഷാ സവശേഷതയാണ് യൂസർ നെയിം പിൻ.

# ഓസ്ട്രേലിയൻ സ്വപ്നങ്ങൾക്ക് തിരിച്ചടി; രാജ്യാന്തര വിദ്യാർഥികളുടെ എണ്ണം പരിമിതപ്പെടുത്തുന്നു



കാൻബറ: കാനഡയ്ക്ക് പിന്നാലെ ഓസ്ട്രേലിയയും അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ എണ്ണം പരിമിതപ്പെടുത്താനൊരുങ്ങുന്നു. അടുത്ത വർഷം മറ്റ് രാജ്യങ്ങളിൽ നിന്നുള്ള 2.7 ലക്ഷം വിദ്യാർത്ഥികൾക്ക് മാത്രമേ വിസ അനുവദിക്കൂവെന്ന് ഓസ്ട്രേലിയ അറിയിച്ചു. കുടിയേറ്റം കുറയ്ക്കുന്നതിന്റെ ഭാഗമായാണ് തീരുമാനം.വരുന്ന ഫെബ്രുവരി ബാച്ചിൽ ഉന്നത വിദ്യാഭ്യാസത്തിനായി ഓസ്ട്രേലിയയിലേക്ക് പോകാൻ തയ്യാറെടുക്കുന്ന ആയിരക്കണക്കിന് ഇന്ത്യൻ വിദ്യാർത്ഥികളെ ഈ നീക്കം ബാധിക്കും. ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് രാജ്യത്ത് നിന്നുള്ള 1.22 ലക്ഷം വിദ്യാർത്ഥികൾ ഓസ്ട്രേലിയയിൽ പഠിക്കുന്നുണ്ട്. കാനഡയും യുഎസും യുകെയും കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഇന്ത്യൻ വിദ്യാർത്ഥികൾ പഠിക്കുകയും പോകാൻ ആഗ്രഹിക്കുകയും ചെയ്യുന്ന വിദേശ രാജ്യമാണ് ഓസ്ട്രേലിയ.ഇവരിൽ ഭൂരിഭാഗവും പഞ്ചാബ്, ഹരിയാന സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. ഓസ്ട്രേലിയ കഴിഞ്ഞ കുറച്ച് വർഷങ്ങളായി രാജ്യത്തേക്ക് വരുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറയ്ക്കുകയാണ്. 2022 ജൂണിൽ 5.10 ലക്ഷം വിദേശ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചു. 2023ൽ ഇത് 3.75 ലക്ഷമായി കുറഞ്ഞു. 2025 ൽ അനുവദിക്കുന്ന 2.7 ലക്ഷം വിസകൾ യൂണിവേഴ്സിറ്റികൾക്ക് രാജ്യങ്ങളും സംസ്ഥാനങ്ങളും തിരിച്ച് നൽകാമെന്ന് ഓസ്ട്രേലിയയിലെ മൈഗ്രേഷൻ ഏജന്റ്സ് രജിസ്ട്രേഷൻ അതോറിറ്റി അംഗം സുനിൽ ജഗ്ഗി പറഞ്ഞു. കുടിയേറ്റം കുറക്കുന്നതിനായി വിദേശ വിദ്യാർഥികൾക്കുള്ള വിസ ഫീസും വർദ്ധിപ്പിച്ചിട്ടുണ്ട്.ജനസംഖ്യാ വളർച്ചയും തൊഴിലില്ലായ്മയും കാരണം കാനഡയും മറ്റ് രാജ്യങ്ങളും വിദ്യാർത്ഥികളുടെയും താൽക്കാലിക തൊഴിലാളികളുടെയും എണ്ണം പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഇന്ത്യക്കാരെ വലിയ തോതിൽ ബാധിക്കുന്ന നയം സെപ്റ്റംബർ 26 മുതൽ പ്രാബല്യത്തിൽ വരുമെന്ന് കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ അറിയിച്ചു.



## നെതന്യാഹുവിന്റെ മകനെ സ്കെച്ചിട്ട് ഇറാൻ; പഴുതടച്ച സുരക്ഷയൊരുക്കാൻ ഉത്തരവ്

ടെൽ അവീവ്: ഹമാസ് നേതാവ് ഇസ്മായിൽ ഹനിയയെ കൊലപ്പെടുത്തിയതിന് ഇറാൻ തിരിച്ചടിക്കുമെന്ന ആശങ്കയ്ക്കിടെ മകന് കൂടുതൽ സുരക്ഷ നൽകണമെന്ന് ബെഞ്ചമിൻ നെതന്യാഹു. ഫ്ളോറിഡയിലുള്ള മകൻ യായിർ നെതന്യാഹുവിന് കൂടുതൽ സംരക്ഷണം നൽകണമെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ആവശ്യപ്പെട്ടു. കഴിഞ്ഞ മാസം അവസാനം ഇറാന്റെ തലസ്ഥാനമായ ടെഹ്റാനിലെ ഗസ്റ്റ് ഹൗസിലായിരുന്നു ഹനിയ്യ കൊല്ലപ്പെട്ടത്.ഹനിയയുടെ രക്തത്തിന് പകരമായി ഇസ്രയേലിലെ ഉന്നതരായ വ്യക്തികളെ ഇറാൻ നോട്ടമിടുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിലാണ് നെതന്യാഹു ഇത്തരമൊരു ആവശ്യം ഉന്നയിച്ചതെന്ന് 'ടൈംസ് ഓഫ് ഇസ്രായേൽ' റിപ്പോർട്ട് ചെയ്തു.2023 ഏപ്രിൽ മുതൽ ഫ്ളോറിഡയിലെ മയാമിയിലാണ് 33കാരനായ യായിർ നെതന്യാഹു കഴിയുന്നത്. ഇദ്ദേഹത്തിന്റെ സുരക്ഷാ ചെലവ് നേരത്തെയും ഇസ്രായേലിൽ വലിയ വിവാദത്തിനിടയാക്കിയിരുന്നു. പ്രതിവർഷം ഇദ്ദേഹത്തിന്റെ സുരക്ഷയ്ക്കു മാത്രമായി 25 ലക്ഷം ഇസ്രായേൽ ഷെകൽ(ഏകദേശം 5.72 കോടി രൂപ) ആണു സർക്കാർ ഖജനാവിൽനിന്നു ചെലവിടുന്നത്. ഓരോ മാസവും രണ്ടു ലക്ഷം ഷെകൽ(ഏകദേശം 45 ലക്ഷം രൂപ) ആണ് ചെലവാകുന്നത്.പേഴ്സനൽ സെക്യൂരിറ്റി വിഭാഗത്തിലെ ഉപദേശക സമിതിക്കു മുന്നിൽ നെതന്യാഹുവിന്റെ ഓഫിസ് ചുമതലയുള്ള ഡയരക്ടർ ജനറൽ യോസി ഷെല്ലിയാണ് മകന്റെ സുരക്ഷ കൂട്ടാൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ഇറാൻ ആക്രമണം തന്നെയാണ് അപേക്ഷയിൽ കാരണമായി ചൂണ്ടിക്കാട്ടിയിരിക്കുന്നത്.വിദേശത്തുള്ള ഇസ്രയേലികളുടെ സുരക്ഷയുടെ ചുമതലയുള്ള രഹസ്യാന്വേഷണ ഏജൻസിയായ ഷിൻ ബെറ്റിന്റെ സംരക്ഷണത്തിലാണ് യായിർ നെതന്യാഹു. അതേസമയം യായിറിനെതിരെ നിലവിൽ പ്രത്യക്ഷമായ ഭീഷണികളൊന്നുമില്ലാത്തതിനാൽ സുരക്ഷ വർധിപ്പിച്ചേക്കില്ലെന്ന് ഒരു ഉദ്യോഗസ്ഥൻ ഇസ്രായേലി മാധ്യമ ചാനലായ 'ചാനൽ 12'നോട് പറഞ്ഞു. നെതന്യാഹുവിന്റെ ഭാര്യ സാറയുടെയും മറ്റൊരു മകനായ ആവ്നറിന്റെയും സുരക്ഷയും കൂട്ടിയിട്ടുണ്ട്.

## ജർമ്മനി സന്ദർശനം പൂർത്തിയാക്കി യുകെ പ്രധാനമന്ത്രി കെയർ സ്റ്റാർമർ



യുകെ പ്രധാനമന്ത്രി കെയർ സ്റ്റാർമർ ജർമ്മനി സന്ദർശനം പൂർത്തിയാക്കി. അദ്ദേഹം ഇപ്പോൾ പാരീസിലേക്ക് പോകുകയാണ്. അവിടെ വ്യാഴാഴ്ച ഫ്രാൻസിന്റെ ഇമ്മാനുവൽ മാക്രോണുമായി കൂടിക്കാഴ്ച നടത്തും എന്നാണ് പുറത്തു വരുന്ന വിവരം.യുകെയും ജർമ്മനിയും അടുത്ത വർഷത്തിന്റെ തുടക്കത്തോടെ ഒരു പുതിയ ഉഭയകക്ഷി ഉടമ്പടിയിൽ ഒപ്പുവെക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംയുക്ത പ്രഖ്യാപനം അനുസരിച്ച് ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ആഴത്തിലാക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യും എന്ന് യോഗത്തിന് ശേഷം വ്യക്തമായി എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. യൂറോപ്യൻ യൂണിയനുമായുള്ള ബന്ധത്തിന്റെ വിശാലമായ പുനഃസജ്ജീകരണത്തിന്റെ ഭാഗമാണ് പദ്ധതികളെന്ന് സ്റ്റാർമർ വ്യക്തമാക്കി. എന്നാൽ ഉടമ്പടിയുടെ അർത്ഥം ഏക വിപണിയിലേക്ക് വീണ്ടും പ്രവേശിക്കുക എന്നല്ല എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## റഷ്യയുടെ ഉക്രെയിൻ ആക്രമണത്തെ അപലപിച്ച് നാറ്റോ



ബ്രസൽസ്: യുദ്ധത്തിൽ തകർന്ന ഉക്രെയ്നിലുടനീളം വിവേചനരഹിതമായ രീതിയിൽ ആവർത്തിക്കുന്ന റഷ്യൻ ആക്രമണങ്ങളെ നാറ്റോ രാജ്യങ്ങൾ ബുധനാഴ്ച അപലപിച്ചു. ബ്രസൽസിൽ നടന്ന നാറ്റോ-ഉക്രെയ്ൻ കൗൺസിലിന്റെ യോഗത്തിന് ശേഷം പാശ്ചാത്യ സൈനിക സഖ്യം മാധ്യമങ്ങളോട് പറഞ്ഞു.തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ റഷ്യ ഉക്രെയ്നിൽ ഡ്രോണുകളും മിസൈലുകളും പ്രയോഗിച്ച് ആക്രമണം നടത്തിയിരുന്നു. ആക്രമണത്തിൽ കുറഞ്ഞത് 11 പേരെങ്കിലും കൊല്ലപ്പെടുകയും രാജ്യത്തിന്റെ ഇതിനകം തന്നെ ദുർബലമായ ഊർജ്ജ ഗ്രിഡിനെ തകർക്കുകയും ചെയ്തു.കീവിന്റെ അഭ്യർത്ഥന പ്രകാരം ഉക്രേനിയൻ ഉദ്യോഗസ്ഥരുമായി അംബാസഡർമാരുടെ കൂടിക്കാഴ്ചയ്ക്ക് ശേഷം നാറ്റോ അംഗങ്ങൾ ഉക്രെയ്നിനുള്ള സൈനിക സഹായം വർദ്ധിപ്പിക്കുന്നതിനുള്ള ആവശ്യകത ആവർത്തിച്ച് വ്യക്തമാക്കി.

## ആനകളെയും ഹിപ്പോകളെയും ഇറച്ചിക്കായി കൊല്ലാൻ അനുമതി നൽകി നമീബിയ

വരൾച്ച നേരിടുന്ന ദക്ഷിണാഫ്രിക്കൻ രാജ്യത്ത് ജനങ്ങൾക്ക് ഭക്ഷണം നൽകാനുള്ള പദ്ധതിയുടെ ഭാഗമായി ആനകൾ ഉൾപ്പെടെ നൂറുകണക്കിന് മൃഗങ്ങളെ കൊല്ലാൻ നമീബിയ അനുമതി നൽകിയതായി റിപ്പോർട്ട്. നമീബിയയിലെ ജനസംഖ്യയുടെ പകുതിയോളം പേരും കടുത്ത ഭക്ഷ്യ അരക്ഷിതാവസ്ഥ അനുഭവിക്കുന്നുണ്ടെന്ന് ഐക്യരാഷ്ട്രസഭ കഴിഞ്ഞ മാസം വ്യക്തമാക്കിയിരുന്നു.നമീബിയയിൽ ധാന്യ ഉൽപാദനത്തിൽ 53% കുറവും വരൾച്ചയ്ക്കിടയിൽ അണക്കെട്ടിലെ ജലനിരപ്പിൽ 70% കുറവും ഉണ്ടായതായി ഐക്യരാഷ്ട്രസഭ അറിയിച്ചു. മെയ് 22 ന് ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. 30 ഹിപ്പോകൾ, 60 എരുമകൾ, 50 ഇംപാലകൾ, 100 നീല കാട്ടുപോത്ത്, 300 സീബ്രകൾ, 83 ആനകൾ, 100 എലാൻഡുകൾ എന്നിവയെ കൊല്ലാനാണ് പദ്ധതി.വരൾച്ച തുടരുന്നതിനാൽ മേച്ചിൽ സ്ഥലങ്ങൾക്കും വെള്ളത്തിനും വേണ്ടി മത്സരിക്കുന്ന വന്യമൃഗങ്ങളുടെ സംരക്ഷണത്തിൽ വരൾച്ചയുടെ പ്രതികൂല ആഘാതം കുറയ്ക്കുന്നതിനൊപ്പം ആളുകൾക്ക് മാംസം നൽകുമെന്നും ഉദ്യോഗസ്ഥർ പറഞ്ഞു.



# ബംഗ്ലാദേശിലെ പ്രമുഖ മാദ്ധ്യമ പ്രവർത്തകയുടെ മൃതദേഹം തടാകത്തിൽ

ധാക്ക : ബംഗ്ലാദേശിലെ പ്രമുഖ മാദ്ധ്യമ പ്രവർത്തകയുടെ മൃതദേഹം തടാകത്തിൽ നിന്ന് കണ്ടെത്തി. ബംഗ്ലാദേശിലെ പ്രമുഖ ടെലിവിഷൻ ചാനലായ ഗസി ടിവിയിലെ മാദ്ധ്യമ പ്രവർത്തകയായ സാറാ രഹനുമയുടെ മൃതദേഹമാണ് ധാക്കയിലെ ഹതിർജീൽ തടാകത്തിൽ നിന്ന് കണ്ടെത്തിയത്.ഉടൻ തന്നെ ആശുപത്രിയിലേക്ക് കൊണ്ടുപോയെങ്കിലും മരണം സംഭവിച്ചിരുന്നതായി ഡോക്ടർമാർ സ്ഥിരീകരിച്ചു. സാറയുടെ മൃതദേഹം മോർച്ചറിയിലേക്ക് മാറ്റി. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.രാജ്യത്തെ അഭിപ്രായ സ്വാതന്ത്ര്യത്തിനുമേലുള്ള മറ്റൊരു ക്രൂരമായ ആക്രമണമാണ് സാറാ രഹനുമയുടെയുടെ മരണമെന്ന് ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ മകൻ സജീബ് വസെദ് പ്രതികരിച്ചു. മതേതരത്വം പുലർത്തുന്ന വാർത്താ ചാനലാണ് ഗസി ടിവിയെന്നും അതിന്റെ ഉടമ ഗോലം ദസ്തഗിർ ഗസി അറസ്റ്റിലായെന്നും അദ്ദേഹം എക്സിൽ കുറിച്ചു. അതേസമയം മരിച്ചതിന് തുല്യമായി ജീവിക്കുന്നതിനേക്കാൾ നല്ലത് മരിക്കുന്നതാണെന്ന് കഴിഞ്ഞ ദിവസം സാറ രഹനുമ ഫെയ്സ്ബുക്കിൽകുറിച്ചിരുന്നു.

# ക്രിമിനൽ അന്വേഷണം: ടെലിഗ്രാം മേധാവി ഫ്രാൻസ് വിടുന്നതിന് വിലക്ക്




പാരീസ്: മെസേജിംഗ് ആപ്പിലെ സംഘടിത കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിന്റെ ഭാഗമായി ടെലിഗ്രാം മേധാവിയും സ്ഥാപകനുമായ പാവൽ ദുറോവിനെ ഫ്രാൻസിൽ അന്വേഷണത്തിന് വിധേയമാക്കിയതായിപാരീസ് പ്രോസിക്യൂട്ടർമാർ. 39 കാരനായ ദുറോവിനെ കസ്റ്റഡിയിൽ റിമാൻഡ് ചെയ്തിട്ടില്ല. പക്ഷേ ജുഡീഷ്യൽ മേൽനോട്ടത്തിൽ പാർപ്പിച്ചിരിക്കുകയാണ്. കൂടാതെ 5 മില്യൺ യൂറോ (4.2 മില്യൺ; 5.6 മില്യൺ ഡോളർ) ഡെപ്പോസിറ്റ് നൽകണം.ഫ്രഞ്ച് പൗരൻ കൂടിയായ റഷ്യൻ വംശജനായ കോടീശ്വരൻ ആഴ്ചയിൽ രണ്ടുതവണ ഫ്രഞ്ച് പൊലീസ് സ്റ്റേഷനിൽ ഹാജരാകണം, ഫ്രഞ്ച് പ്രദേശം വിട്ടുപോകാനും അനുവാദമില്ല. ആപ്പുമായി ബന്ധപ്പെട്ട കുറ്റങ്ങൾക്ക് വാറണ്ട് പ്രകാരം കഴിഞ്ഞ ശനിയാഴ്ച പാരീസിന് വടക്കുള്ള ലെ ബർഗെറ്റ് വിമാനത്താവളത്തിൽ എത്തിയപ്പോഴാണ് ദുറോവിനെ ആദ്യം തടഞ്ഞത്.



# പുതിയ റോക്കറ്റ് ലോഞ്ചർ പരീക്ഷണം നടത്തി ഉത്തരകൊറിയ

സോൾ: അമേരിക്കയും ദക്ഷിണ കൊറിയയുമായുള്ള വർദ്ധിച്ചുവരുന്ന സംഘർഷങ്ങൾക്കിടയിൽ 240 എംഎം റോക്കറ്റ് ലോഞ്ചർ പരീക്ഷണവുമായി ഉത്തരകൊറിയ. പരീക്ഷണത്തിൽ ഉത്തരകൊറിയൻ ഭരണാധികാരി കിം ജോങ് ഉൻ പങ്കെടുത്തു.ഈ ആഴ്ച ആദ്യം, കിം പുതിയ സൂയിസൈഡ് ഡ്രോണുകളുടെ പരിശോധനകൾ നിരീക്ഷിക്കുകയും ആളില്ലാ വാഹനങ്ങൾക്കായി കൃത്രിമബുദ്ധി വികസിപ്പിക്കാൻ ഗവേഷകരോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. തന്ത്രപ്രധാനമായ കാലാൾപ്പട, പ്രത്യേക ഓപ്പറേഷൻ യൂണിറ്റുകൾ, തന്ത്രപരമായ നിരീക്ഷണം, മൾട്ടി പർപ്പസ് ആക്രമണ ഡ്രോണുകൾ എന്നിവ ഉപയോഗിച്ച് വിന്യസിക്കാൻ കഴിയുന്ന വിവിധ തരം ഡ്രോണുകൾ വികസിപ്പിക്കാനും നിർമ്മിക്കാനും കിം ഗവേഷകരോട് അഭ്യർത്ഥിച്ചു. ഇത്തരം ഡ്രോണുകൾക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അവതരിപ്പിക്കണമെന്നും കിം ജോങ് ഉൻ ആവശ്യപ്പെട്ടു.ഉക്രെയ്നിനെതിരായ യുദ്ധത്തിൽ സമീപ മാസങ്ങളിൽ റഷ്യയ്ക്ക് പീരങ്കി ഷെല്ലുകളും മിസൈലുകളും മറ്റ് ഉപകരണങ്ങളും ഉത്തരകൊറിയ നൽകിയതായി യുഎസ്, ദക്ഷിണ കൊറിയൻ ഉദ്യോഗസ്ഥർ ആരോപിച്ചിരുന്നു. കഴിഞ്ഞ വർഷം മുതൽ ഓഗസ്റ്റ് 4 വരെ ഉത്തര കൊറിയ റഷ്യയിലേക്ക് 12,000 കണ്ടെയ്നറുകൾ അയച്ചിട്ടുണ്ട്. മോസ്കോയും പ്യോങ്യാങ്ങും ആയുധ കൈമാറ്റ ആരോപണങ്ങൾ നിഷേധിച്ചെങ്കിലും സൈനിക ബന്ധം കൂടുതൽ ആഴത്തിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

## 102 വയസിൽ സ്കൈഡൈവിങ് നടത്തി മുത്തശ്ശി; വൈറൽ ആയി വീഡിയോ



പിറന്നാൾ നമ്മളിൽ ഭൂരിഭാഗംപേർക്കും ഏറെ പ്രത്യേകതയുള്ള ദിവസമാണ്. അന്ന് വ്യത്യസ്തമായി ആഘോഷിക്കാൻ ആണ് നാം ഓരോരുത്തരും ആഗ്രഹിക്കുന്നത്. യുകെയിലെ 102 വയസ്സുകാരിയായ മുത്തശ്ശി തൻറെ പിറന്നാളാഘോഷിച്ചത് ആകാശത്ത് ആണെന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. മെനെറ്റ് ബെയ്‌ലി എന്ന മുത്തശ്ശി ആണ് സ്കൈഡൈവിങ് നടത്തി തൻറെ 102-ാം പിറന്നാൾ ആഘോഷമാക്കിയത്. ഏഴായിരം അടി ഉയരത്തിൽ നിന്ന് സ്കൈഡൈവിങ് ചെയ്ത് ബ്രിട്ടന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും പ്രായമേറിയ സ്കൈഡൈവർ ആയി മാറിയിരിക്കുകയാണ് ഇപ്പോൾ മെനെറ്റ്. ഇതിൻറെ വീഡിയോ ഡെയ്‌ലി മെയിലാണ് ഇൻസ്റ്റഗ്രാമിലൂടെ പങ്കുവച്ചത്. ഇൻസ്ട്രക്ടർക്കൊപ്പം മെനറ്റ് വിമാനത്തിൽ നിന്ന് ചാടുന്നതും കുറച്ചുകഴിഞ്ഞ് ഭൂമിയിൽ ലാൻഡ് ചെയ്യുന്നതും വീഡിയോയിൽ കാണാം. എങ്ങനെയുണ്ടായിരുന്നു അനുഭവം എന്ന ചോദ്യത്തിന് 'മനോഹരമായിരുന്നു' എന്നാണ് മുത്തശ്ശി യുടെ മറുപടി.








Mortgage interest rates
MORTGAGE
MADE EASY
CONTACT Pramod Zacharias
Loan Officer NMLS # 224701
Afreen Sayeed
Loan Officer NMLS # 1904253
Cell: 630-344-9859
Fax: 630-388-5663
1001 E. Chicago Ave. Ste.151
Naperville, Illinois 60540
ABS Home Mortgage, Inc.
DBA - ABS Funding
NMLS # 209985
An Illinois Residential Mortgage Licensee MB.0006713
1730 Park St, suite 119, Naperville, IL 60563
Phone: +1 630-357-1600
EQUAL HOUSING LENDER
loan@greatwaysinc.com/ www.greatwaysinc.com